# മുതലാളിത്തം മതം മാർക്സിസം

എം.എം. അക്ബർ

# മുതലാളിത്തം മതം മാർക്സിസം

നിച്ച് ഓഫ് ട്രൂത്ത്

muthalalitham madam marxism
(malayalam)
author:
m.m. akbar
first edition: july 1992
second edition: november 2002
publishers:
niche of truth,
kalabhavan road,
kochi-18.
cover page:
yoonus.k.k
type setting:
creative media
printing:
screen offset, cochin-18

**Rs: 60**

ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് -നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് നിച്ച് ഓഫ് ട്രൂത്ത്.

നാഥാ... സത്യമത സന്ദേശ പ്രചാരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിന്റെ നിർവഹണത്തിനുവേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

ഡയറക്ടർ

# താളുകളിൽ...


| | | |
|---|---|---|
| 1. | വിമോചനം: ആത്മാവിൻെറ വിളി | 11 |
| 2. | മാർക്സിസത്തിൻെറ പരാജയം | 33 |
| 3. | മുതലാളിത്തത്തിൻെറ പരാജയം | 59 |
| 4. | 'മത'ങ്ങളുടെ പരാജയം | 66 |
| 5. | മനുഷ്യൻെറ സവിശേഷാസ്തിത്വം | 78 |
| 6. | വിമോചനമെന്നാൽ....... | 96 |
| 7. | മനുഷ്യനാവുക! | 106 |
| 8. | മോചനത്തിൻെറ മാർഗം | 115 |

# ഒന്ന്

## വിമോചനം: ആത്മാവിന്റെ വിളി

1516ലാണ് 'ഉട്ടോപിയ' ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്. സർ തോമസ് മൂർ എന്ന ഇംഗ്ലീഷ് രാജ്യതന്ത്രജ്ഞന്റെ സൃഷ്ടിയായ പ്രസ്തുത നോവൽ 'ഏറ്റവും നല്ല കോമൺവെൽത്ത് രാഷ്ട്രത്തെ സംബന്ധിച്ച ഒന്നാമത്തെ ഗ്രന്ഥം' എന്നാണ് അറിയപ്പെട്ടിരുന്നത്.

കമ്പിളി നൂൽനൂൽപ്പിന്റെ വികാസം ഇംഗ്ലണ്ടിലെ കൃഷിക്കളങ്ങളെ മേച്ചിൽ സ്ഥലങ്ങളാക്കി മാറ്റുകയും കർഷകർ കൃഷിഭൂമിയിൽനിന്ന് ആട്ടിയോടിക്കപ്പെടുന്ന അവസ്ഥ സംജാതമാക്കുകയും ചെയ്തു. പാപ്പരായ കർഷകരുടെ ഉപജീവനമാർഗം തേടിയുള്ള അലഞ്ഞുതിരിയലിന്റെ വേദനാജനകമായ സാഹചര്യത്തിലാണ് 'ഉട്ടോപ്പിയ'യെന്ന സ്വപ്നവുമായി തോമസ് മൂർ കടന്നുവന്നത്. സമത്വസുന്ദരമായ ഒരു ലോകമെന്ന മനുഷ്യധിഷണയുടെ തേട്ടത്തിന്റെ സാഫല്യമാണ് നോവലിന്റെ ഇതിവൃത്തം. 'ഉട്ടോപ്പിയ'യെന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം 'നിലവിലില്ലാത്ത ഒരു സ്ഥലം' എന്നായിരുന്നിട്ടുപോലും മൂറിന്റെ നോവലിൽ പറയുന്ന രീതിയിലുള്ള ഒരു പ്രദേശം നിലനിൽക്കുന്നുണ്ടെന്ന് അക്കാലത്ത് പലരും വിശ്വസിച്ചുവെന്ന വസ്തുത, നോവലിസ്റ്റിന്റെ രചനാപാടവത്തെ മാത്രമല്ല, നീതിയുക്തമായ ഒരു ലോകമെന്ന മനുഷ്യന്റെ സ്വപ്നം എത്രത്തോളം രൂഢമൂലമാണെന്ന വസ്തുതയെക്കൂടി വ്യക്തമാക്കുന്നു.

റഫായേൽ ഹിത്‌ലോഡയെന്ന സഞ്ചാരി പറയുന്ന യാത്രാവിവരണത്തിന്റെ രൂപത്തിലാണ് തോമസ്മൂർ 'ഉട്ടോപ്പിയ'യെന്ന

സാങ്കൽപികദ്വീപിന്റെ കഥ പറയുന്നത്. തിന്മയുടെ ഉറവിടമെന്ന് മൂർ കരുതിയ സ്വകാര്യസ്വത്ത് സമ്പ്രദായം തീരെയില്ലെന്നതാണ് ഉട്ടോപ്പിയൻ സമൂഹത്തിന്റെ സവിശേഷത. സാർവ്വത്രികസമത്വമാണ് ആ ദ്വീപിൽ നിലനിൽക്കുന്നത്. പൊതുകാര്യനടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവരും പണ്ഡിതന്മാരുമൊഴിച്ച് ബാക്കിയെല്ലാ പൗരന്മാരും കഠിനാധ്വാനം ചെയ്യണമവിടെ. സമുദായത്തിലെ സാമ്പത്തികയൂനിറ്റായ ഓരോ കുടുംബവും ഏതെങ്കിലും ഒരു കൈത്തൊഴിലിൽ വ്യാപൃതരാണ്. ഇതുകൂടാതെ ഒന്നിടവിട്ട വർഷങ്ങളിൽ അവർ ഭൂമിയിൽ കൃഷിയിറക്കുകയും ചെയ്യുന്നു. എല്ലാ ഉൽപന്നങ്ങളും പൊതുസംഭരണശാലയിൽ കൊണ്ടുവന്ന് രജിസ്റ്റർ ചെയ്യപ്പെടുന്നു. ഇതിനുശേഷം ഓരോരുത്തരുടെയും ആവശ്യത്തിനനുസരിച്ച് അവ വിതരണം ചെയ്യപ്പെടുന്നു. ആഡംബരവും ദുർവ്യയവും ഇഷ്ടപ്പെടാത്ത ഉട്ടോപ്യൻ ജനതയുടെ ന്യായമായ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടാൻ ഇങ്ങനെ വിതരണം ചെയ്യപ്പെടുന്ന ഉൽപന്നങ്ങൾ തന്നെ ധാരാളമായിരുന്നു.

വിശിഷ്ടമായ ഈ സമുദായത്തിന്റെ നിലനിൽപ്പിന് കാരണം 'ഉട്ടോപ്പസ്' രാജാവ് നടപ്പിലാക്കിയ നിയമങ്ങളാണ്. ഈ നോവൽ വായിച്ച പതിനാറാം നൂറ്റാണ്ടിലെ പലരും ഇത്തരമൊരു ദ്വീപ് നിലനിൽക്കുന്നുണ്ടെന്ന് വിശ്വസിച്ചു. 'തങ്ങളുടെ നാട്ടിനും ഒരു ഉട്ടോപ്പസ് രാജാവിനെ കിട്ടിയെങ്കിൽ' എന്ന ആശ തോമസ്മൂർ ജനങ്ങളിലുണ്ടാക്കി. എങ്കിലും ഉട്ടോപ്പിയാദ്വീപ് വെറും സാങ്കൽപികം മാത്രമാണെന്ന് ഏറെ താമസിയാതെ ജനങ്ങൾക്ക് മനസ്സിലായി.

ഒരിക്കലും യാഥാർത്ഥ്യമാക്കാൻ കഴിയാത്ത ഒരു സുന്ദരസ്വപ്നത്തിന്റെ പര്യായമായി 'ഉട്ടോപ്പിയ'യെന്ന പദം ഇന്നും ഉപയോഗിക്കപ്പെടുന്നു.

അക്രമവും അനീതിയുമില്ലാത്ത ഒരു ലോകമെന്ന മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹത്തിന്റെ ആവിഷ്ക്കാരമായിരുന്നു മൂർ തന്റെ നോവലിയൂടെ നിർവ്വഹിച്ചത്. ഈ നോവലിനുശേഷം സമത്വസുന്ദരമായ ലോകത്തെക്കുറിച്ച രചനകൾ ഒട്ടേറെയുണ്ടായി. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് തോമസ്സോ കംപെനല്ലായുടെ 'ദ സിറ്റി ഓഫ് ദി സൺ' അഥവാ 'സൂര്യന്റെ നഗരം'. ഇറ്റാലിയൻ തത്വചിന്തകനായിരുന്ന കംപനല്ലായുടെ കൃതി വെളിച്ചം കണ്ടത് 1623ലായിരുന്നു. ലോകം മുഴുവൻ ചുറ്റിസഞ്ചരിക്കുന്നതിനിടയിൽ ഇന്ത്യാ സമുദ്രത്തിൽ കണ്ടെത്തിയ തപ്റോബാനെ എന്ന സാങ്കൽപ്പികദ്വീപ് സന്ദർശിക്കാൻ അവസരം ലഭിച്ച ഒരു സഞ്ചാരിയുടെ കുറിപ്പുകളാണ് ഈ നോവലിന്റെ ഇതിവൃത്തം.



തപ്റോബാനദ്വീപിലാണ് മനോഹരമായ സൂര്യന്റെ നഗരം സ്ഥിതിചെയ്യുന്നത്. അവിടെയുള്ളവർക്ക് സ്വകാര്യസ്വത്തെന്താണെന്ന് അറിയുകപോലുമില്ല. സ്നേഹസമ്പന്നരും സൽസ്വഭാവികളും സദ്വൃത്തരുമാണ് സൂര്യനഗരനിവാസികൾ. ഭക്ഷ്യപദാർത്ഥങ്ങൾ സുലഭം. അധ്വാനം ഒരു കടമയായി കരുതുന്ന മനുഷ്യർ. എല്ലാ തൊഴിലുകളെയും ആദരിക്കുന്ന സമൂഹം. സ്വാഭാവികമായും ഭാരം കുറഞ്ഞ ജോലികൾ ചെയ്യുന്ന സ്ത്രീകൾപോലും അവകാശങ്ങളുടെ കാര്യത്തിൽ തുല്യത അനുഭവിക്കുന്നു. എന്തുകൊണ്ടും മാതൃകാപരമായ സമൂഹം!

ഇത്തരമൊരു സമൂഹം നിലവിലില്ലല്ലോയെന്ന വ്യസനത്തോടുകൂടി തന്റെ രചന ഉപസംഹരിക്കുന്ന കാംപെനല്ലായുടെ പരിദേവനത്തിൽ നമ്മളും പങ്കുചേരുക. മനുഷ്യരെന്ന നിലയ്ക്ക് അത്തരമൊരു ലോകമെന്ന സ്വപ്നം നമ്മുടെയെല്ലാം ഹൃദയങ്ങളിലും കുടികൊള്ളുന്നുണ്ടല്ലോ. ഏതൊരു സ്വേഛാധിപതിയുടെയും ആത്മാവിന്റെ അടിത്തട്ടിലെങ്കിലും ഒളിഞ്ഞിരിക്കുന്ന, സമൂഹത്തിലെ സകലരുമായും സമ്പർക്കം പുലർത്താനുള്ള 'ഹൃദയത്തിന്റെ വിളി' (പ്രയോഗത്തിന് കാംപെനല്ലയോട് കടപ്പാട്) കേൾക്കാത്തവരായി നമ്മളിൽ ആരെങ്കിലുമുണ്ടോ?'

'ഇല്ല'യെന്ന സത്യം നമ്മളെല്ലാം അംഗീകരിച്ചേ മതിയാകൂ. അല്ലെങ്കിൽ നമ്മുടെ മനസുതന്നെ 'നീ കളവ് പറയുന്നു'വെന്ന് നമ്മെ കുറ്റപ്പെടുത്തും, തീർച്ച!

ഈ 'ആത്മാവിന്റെ വിളി'യാണ് സമത്വസുന്ദരമായ ഒരു ലോകമെന്ന സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി സ്വയം ബലിയാടുകളാവാൻ ആയിരക്കണക്കിന് മനുഷ്യർക്ക് പ്രേരണ നൽകിയത്. ഇതാണ് മാർക്സിനെയും ഏംഗൽസിനെയും ലെനിനെയും എന്തിനധികം, കയ്യൂരിലെയും വയലാറിലെയും രക്തസാക്ഷികളെപ്പോലും സൃഷ്ടിച്ചതെന്ന് നാം മനസ്സിലാക്കണം. തങ്ങളെ തങ്ങളാക്കിയ ഈ ആത്മാവിനെ കണ്ടെത്താൻ കഴിയാത്തതായിരുന്നു അവരുടെയെല്ലാം ഏറ്റവും വലിയ തെറ്റും അവർ എന്തിനു

വേണ്ടി പരിശ്രമിച്ചുവോ അതെല്ലാം വൃഥാവിലാകുവാനുള്ള കാരണവുമെന്നുകൂടി മനസ്സിലാക്കുമ്പോഴേ നമ്മുടെ പഠനം പൂർണ്ണതയുടെ ആദ്യപടിയിലെങ്കിലും എത്തിയെന്ന് പറയാൻ കഴിയൂ.

ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യപകുതി ഭൗതികപ്രത്യയശാസ്ത്രങ്ങളുടെ അഭൂതപൂർവ്വമായ എണ്ണം പെരുകലിനും വളർച്ചക്കുമാണ് സാക്ഷ്യം വഹിച്ചതെങ്കിൽ അവസാനത്തെ പകുതി അവയുടെയെല്ലാം തകർച്ചക്കും തളർച്ചക്കുമാണ് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ശാസ്ത്രരംഗത്തും പ്രത്യയശാസ്ത്രത്തിനുണ്ടായ ഈ ഗതിപരിണാമം സംഭവിച്ചിട്ടുണ്ടെന്നതാണ് വസ്തുത. 'പദാർത്ഥം തരൂ..... അതിൽനിന്ന് പ്രപഞ്ചം എങ്ങനെയുണ്ടായിയെന്ന് ഞാൻ പറഞ്ഞുതരാം' എന്ന് നെഞ്ചുയർത്തി പ്രഖ്യാപിച്ച കെൻറിൻെറ അനന്തിരവന്മാർ 'പദാർത്ഥത്തെ നമുക്കൊരിക്കലും മനസ്സിലാക്കാൻ കഴിയില്ല'യെന്ന സിദ്ധാന്തത്തിനുള്ളിൽ അഭയം തേടുകയാണിന്ന്.'ജലം, രാസപദാർത്ഥങ്ങൾ, സമയം എന്നിവ ലഭിച്ചാൽ മനുഷ്യനെ സൃഷ്ടിക്കാം' എന്ന് പറഞ്ഞവരുടെ പിൻഗാമികൾ 'ഒരു ക്രോമോസോമിനെ പൂർണ്ണമായി മനസിലാക്കാൻപോലും മനുഷ്യനാവുന്നില്ലല്ലോ' എന്ന വേവലാതിയിലാണ്. ഭൗതികത്തിൽ ഡോക്ടറേറ്റ് നേടിയവർ തന്നെ 'ഭൗതികത്തിൻെറ പ്രതിസന്ധി' (The crisis in Physics) യെക്കുറിച്ച നീണ്ട ലേഖനങ്ങളെഴുതാനും ഭൗതികലോകം തന്നെ മിഥ്യയാണെന്ന മിസ്റ്റിക്ക്വാദത്തിൻെറ പ്രബോധകരാകാനും തുടങ്ങിയിരിക്കുന്നു. ഐൻസ്റ്റയിനിൻെറ ആപേക്ഷികതാസിദ്ധാന്തത്തിനോ മാത്രാസിദ്ധാന്തത്തിനോ പ്രപഞ്ചത്തെ പൂർണ്ണമായി വിശദീകരിക്കാനാവില്ലെന്ന് ശാസ്ത്രജ്ഞന്മാർ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. പരിണാമവാദത്തിന് ചുരുങ്ങിയത് മനുഷ്യൻെറ സാംസ്ക്കാരികവും ധാർമ്മികവുമായ പുരോഗതിയെയെങ്കിലും വിശദീകരിക്കാൻ കഴിയില്ലെന്ന് ഇന്ന് ഒരു വിധമെല്ലാ പരിണാമവാദികളും സമ്മതിക്കുന്നുണ്ടെന്നതാണ് വസ്തുത; അവരിൽ പലർക്കും അത് പുറത്ത് പറയാൻ വൈമനസ്യമുണ്ടെങ്കിലും.

ശാസ്ത്രദർശനരംഗത്തുണ്ടായ ഈ അധോഗതിയും പ്രത്യയശാസ്ത്രരംഗത്തെ പ്രതിസന്ധിയും തമ്മിൽ എങ്ങനെ ബന്ധപ്പെടുന്നുവെന്ന് സംശയിക്കുന്നവരുണ്ടാകാം. അതിനെക്കുറിച്ച് നാം ചർച്ച ചെയ്യാനിരിക്കുന്നതേയുള്ളൂ. ഇപ്പോൾ ഇത്രയും മനസിലാക്കുക: ശാസ്ത്രദർശനത്തിൻെറ ലക്ഷ്യം പദാർത്ഥത്തെയും മനുഷ്യനും അതും



തമ്മിലുള്ള ബന്ധത്തെയും കുറിച്ചറിയുകയെന്നതാണ്. പ്രത്യയശാസ്ത്രം തൻെറ 'അസംസ്കൃതപദാർത്ഥ'മായ മനുഷ്യനെ മനസിലാക്കാൻ ശാസ്ത്രദർശനത്തെയാണ് സമീപിച്ചത്. മനുഷ്യനെന്താണെന്ന ചോദ്യത്തിന് ശാസ്ത്രം ഇന്നലെ കൊടുത്ത ഉത്തരങ്ങൾ ചുരുങ്ങിയത് പരിമിതങ്ങളെങ്കിലുമായിരുന്നുവെന്ന് ശാസ്ത്രദാർശനികന്മാരിൽ എല്ലാവരും ഇന്ന് സമ്മതിക്കുന്നുണ്ട്. പരിമിതമായ അല്ലെങ്കിൽ പരമാബദ്ധമായ ഒരു മനുഷ്യപരികൽപനയിൽ നിന്നുകൊണ്ട് മനുഷ്യൻെറ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുമ്പോൾ അബദ്ധങ്ങളുണ്ടാവുക സ്വാഭാവികമാണല്ലോ; തെറ്റ് അടിസ്ഥാനപരമാണെന്നതുകൊണ്ട് മുകളിലെഴുതിയ വാചകത്തിൻെറ വാൽക്കഷണം ഇങ്ങനെ തിരുത്തിവായിക്കേണ്ടിവരുമെന്ന് തോന്നുന്നു; 'അതിൽ സുബദ്ധങ്ങളുണ്ടാവാനുള്ള സാധ്യത വിരളമാണല്ലോ!'

ഭൗതികപ്രത്യയശാസ്ത്രങ്ങളുടെ തകർച്ച, യഥാർത്ഥത്തിൽ സ്വാഭാവികവും നിർബന്ധിതവുമായ പരിണതി മാത്രമാകുന്നു. ഈ നൂറ്റാണ്ടിൽ സ്വാധീനം നേടിയ ഭൗതികപ്രത്യയശാസ്ത്രങ്ങളിൽ പ്രഥമഗണനീയമായ മാർക്സിസത്തിനുണ്ടായ പതനത്തോടനുബന്ധിച്ച് ആ പ്രത്യയശാസ്ത്രത്തെയും അതിൻെറ പ്രായോഗികവും സൈദ്ധാന്തികവുമായ ഉത്ഥാനപതനങ്ങളെയും സംബന്ധിച്ച ഒട്ടനവധി ചർച്ചകൾ ബുദ്ധിജീവിമണ്ഡലം മുതൽ അടിസ്ഥാനവർഗ്ഗം വരെയുള്ളവരിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടിന്ന്. ഈ തകർച്ചയെക്കുറിച്ച ചർച്ചകളിൽ നിന്ന് ഉരുത്തിരിയുന്നത് വ്യത്യസ്തവും വിരുദ്ധവുമായ അഭിപ്രായങ്ങളാവാം. പക്ഷെ, പലപ്പോഴും ഇവ 'പതനം എന്തുകൊണ്ട്'?' എന്നും 'ആയിരക്കണക്കിന് മനുഷ്യരുടെ രക്തം എന്തിനുവേണ്ടിയവർ സ്വയം സമർപ്പിച്ചു?'വെന്നുമുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താതെ അതിൻെറ പതനത്തെക്കുറിച്ച് മാത്രം വാചാടോപം നടത്തുന്നത് രാഷ്ട്രീയക്കാരൻെറ കവലക്കോലാഹലങ്ങൾക്ക് മാത്രം ചേർന്നതാണെന്ന് സൂചിപ്പിക്കട്ടെ.

ഒരു നാണയത്തെക്കുറിച്ച് പഠിക്കുമ്പോൾ അതിൻെറ രണ്ട് വശങ്ങളെയും കുറിച്ച് മനസിലാക്കണമെങ്കിൽ ഒരു തത്വശാസ്ത്രത്തെക്കുറിച്ച് പഠിക്കുമ്പോൾ അതിൻെറ വളർച്ചയെയും തളർച്ചയെയും കുറിച്ച് മനസിലാക്കൽ നിർബന്ധമാണ്.

മാർക്സിസമെന്നല്ല, വിമോചനമെന്ന സ്വപ്നവുമായി വന്ന ഏതൊരു പ്രത്യയശാസ്ത്രത്തിൻെറയും ഉത്ഥാനത്തിന് പിന്നിൽ

നേരത്തെ പറഞ്ഞ 'ആത്മാവിന്റെ വിളി'യാണെന്ന് കാണാൻ പ്രയാസമില്ല. സമത്വസുന്ദരമായ ലോകമെന്ന മനുഷ്യാസ്തിത്വത്തിന്റെ സ്വാഭാവികമായ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി ചെലവഴിക്കപ്പെട്ട സമ്പത്ത് എത്ര? സാഹസങ്ങൾ എത്ര? ഊർജം എത്ര? ചിന്തിയ ചോരയും ഒഴുക്കിയ വിയർപ്പും എത്ര?

**മാർക്സിനുമുമ്പ്:**

മാർക്സിനും നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഈ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി മനുഷ്യധിഷണ അന്വേഷണമാരംഭിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പെന്നുപറഞ്ഞാൽ ഏറെ നൂറ്റാണ്ടുകൾക്ക് മുമ്പ്....... സെമിറ്റിക് പ്രവാചകന്മാരുടെ കാലം (ബൈബിളിൽ പേരുപറഞ്ഞ പ്രവാചകന്മാർ എന്ന് വിവക്ഷ) തൊട്ടുതന്നെ.... അല്ല, അതിനുംമുമ്പ്.... മനുഷ്യസൃഷ്ടിയുടെ ആരംഭംമുതൽ തന്നെ ഈ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മനുഷ്യനെ മനുഷ്യനാക്കിയതുതന്നെ ഈ അന്വേഷണമാണല്ലോ. ഈ അന്വേഷണത്തിന്റെ കഥാരൂപമാണ് തോമസ്മൂറിന്റെയും തോമസ്സോ കംപെനെല്ലയുടെയും രചനകളിൽ നാം കാണുന്നത്. ഇത് എങ്ങനെ പ്രയോഗവൽക്കരിക്കാമെന്നതിനെക്കുറിച്ച ചിന്തകളും സിദ്ധാന്തങ്ങളുമാണ് മാർക്സിന്റെയും ഏംഗൽസിന്റെയും കൃതികളിൽ നമുക്ക് ദർശിക്കാനാവുന്നതെങ്കിൽ അത് പ്രയോഗവൽക്കരിക്കുവാനുള്ള ശ്രമങ്ങളുടെ കഥയാണ് ഒക്ടോബർ വിപ്ലവത്തിൽ മുതൽക്കിങ്ങോട്ട് കേരളത്തിലെ കർഷക സമരങ്ങളിൽവരെ മരിച്ചുവീണവരുടെ ഓരോ ചോരത്തുള്ളികൾക്കും പറയാനുള്ളത്. അവസാനം, ടിയാനെൻമെൻ സ്ക്വയറിൽ പിടഞ്ഞുവീണ ആയിരങ്ങളും 'സ്വതന്ത്രമായൊരു ലോകം' എന്ന മനുഷ്യാത്മാവിന്റെ ദാഹം തീർക്കുവാനാണ് ശ്രമിച്ച് പരാജയപ്പെട്ടത്.

പതിനേഴാം നൂറ്റാണ്ടിൽ 'ദ് ലോ ഓഫ് ഫ്രീഡം' എന്ന പുസ്തകത്തിലൂടെ ഗെറാൾഡ് വിൻസ്റ്റൺലി, സ്വകാര്യസ്വത്തും കച്ചവടങ്ങളും കമ്പോളങ്ങളുമില്ലാത്ത ഒരു ലോകത്തെക്കുറിച്ച സങ്കൽപം അവതരിപ്പിക്കുകയും അതിനുവേണ്ടി 'ഡിഗ്ഗേഴ്സ്' എന്ന ഒരു സംഘമുണ്ടാക്കി അത്തരമൊരു ലോകത്തിന്റെ സൃഷ്ടിക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്തുവെങ്കിലും ആ സിദ്ധാന്തവും പ്രയോഗവുമെല്ലാം വെറും 'നേരമ്പോക്കുകൾ' മാത്രമായി അവശേഷിക്കുകയാണ് ചെയ്തത്. സമൂഹത്തിലെ സകലരും അധ്വാനിക്കുകയും പൊതു ഉടമസ്ഥതാ സമ്പ്രദായം നിലനിൽക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ യഥാർത്ഥ സ്വാതന്ത്ര്യവും സമത്വവുമുണ്ടാവുമെന്ന് പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജീൻ മെളിയർ, തന്റെ 'ലാ ടെസ്റ്റമെന്റ്' എന്ന ഗ്രന്ഥത്തിലൂടെ സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രമവും വെറും ജലരേഖയായി പരിണമിച്ചുവെന്നാണ് നമുക്ക് മനസ്സിലാവുന്നത്.



പതിനെട്ടാംനൂറ്റാണ്ടിന്റെ അവസാനത്തിൽ നടന്ന ഫ്രഞ്ച് വിപ്ലവവും വ്യാവസായികവിപ്ലവവും സാധാരണക്കാരുടെ ജീവിത നിലവാരത്തെ അധോഗതിയിലേക്കാണ് നയിച്ചത്. കാർഷികവൃത്തിയിലേർപ്പെട്ടിരുന്നവരെ അവ രണ്ടും പാപ്പരാക്കി. അവർ തൊഴിൽ തേടി നഗരങ്ങളിലേക്ക് പ്രവഹിക്കുന്ന അവസ്ഥയുണ്ടായി. ഫാക്ടറികളിലും പ്ലാന്റുകളിലും എല്ലുമുറിയെ പണിയെടുത്ത അവർ വിവിധങ്ങളായ ചൂഷണങ്ങൾക്ക് വിധേയരായി. തൊഴിലില്ലായ്മയും അതിന്റെ സന്തതികളായ ദാരിദ്ര്യവും പട്ടിണിയും സമൂഹത്തിലാകെ പടർന്നു. ചെറിയ കുട്ടികൾപോലും കുറഞ്ഞ വേതനത്തിനുവേണ്ടി ഭൂഗർഭഖനികളിൽ പത്തും പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യുന്ന സ്ഥിതിസംജാതമായി. ഒരു ഭാഗത്ത് മുതലാളിമാർ വീണ്ടും വീണ്ടും മുതലാളിമാരായി മാറിയപ്പോൾ മറുവശത്ത് പാവപ്പെട്ടവന്റെ പട്ടിണിക്ക് യാതൊരു പരിഹാരവുമുണ്ടായില്ല.

ഈ അവസ്ഥയുടെ മുഴുവൻ ഉത്തരവാദിത്വവും 'ഉദാരമുതലാളിത്ത'ത്തിന്റെ (liberal capitalism) ചുമലിൽ ചുമത്തുന്ന പ്രവണത എത്രമാത്രം ശരിയാണെന്ന് പരിശോധിക്കപ്പെടണം. 1776ൽ പ്രസിദ്ധീകരിക്കപ്പെട്ട ആഡം സ്മിത്തിന്റെ 'ദേശങ്ങളുടെ സമ്പത്ത്' (wealth of nations) എന്ന ഗ്രന്ഥമാണ് മുതലാളിത്തത്തിന്റെ അടിസ്ഥാന രേഖയായി അറിയപ്പെടുന്നത്. സ്വകാര്യസ്വത്ത് അവകാശം, അനന്തരാവകാശം, സാമ്പത്തിക സ്വാതന്ത്ര്യം, സ്വതന്ത്രകമ്പോള വ്യവസ്ഥ, യാഥേച്ഛികാരിതാ സിദ്ധാന്തം (laissez-faire) എന്നിവയാണ് കാപ്പിറ്റലിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ. ഇവയിൽ ഏറ്റവുമധികം വിമർശിക്കപ്പെടുന്നതും കാപ്പിറ്റലിസത്തിന്റെ ഏറ്റവും വലിയ ക്രൂരതയായി അവതരിപ്പിക്കപ്പെടുന്നതും യാഥേച്ഛികാരിതാ സിദ്ധാന്തമാണ്. നിയമസമാധാനം നിലനിർത്തുക, വൈദേശികാക്രമണത്തിൽനിന്ന് ദേശത്തെ രക്ഷിക്കുക, കരാറുകൾ നടപ്പാ

ക്കുക തുടങ്ങിയ ചുമതലകളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ട സർക്കാർ ഒരുകാരണവശാലും സാമ്പത്തികകാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്നാണ് ഈ സിദ്ധാന്തം നിഷ്കർഷിക്കുന്നത്.

ഈ സിദ്ധാന്തത്തിനുപിന്നിലും മനുഷ്യരുടെ പുരോഗതിയെന്ന ലക്ഷ്യമല്ലാതെ മറ്റൊന്നും അതിൻെറ സ്രഷ്ടാക്കൾക്കുണ്ടായിരുന്നുവെന്ന് തോന്നുന്നില്ല. മനുഷ്യനിലെ സ്വാർത്ഥതയെ ഉദ്ദീപിപ്പിക്കുന്നതിലൂടെ സമൂഹത്തിൽ ഉൽപാദനം വർദ്ധിക്കുമെന്ന വസ്തുത മനസ്സിലാക്കിയവരായിരുന്നു ഉദാരമുതലാളിത്തത്തിൻെറ വക്താക്കൾ. സമൂഹത്തിലെ ഉൽപാദനവർദ്ധനവ് മെല്ലെ മെല്ലെയെങ്കിലും പട്ടിണിയെയും മറ്റ് പ്രയാസങ്ങളെയും നിഷ്കാസനം ചെയ്യുമെന്നവർ കണക്കുകൂട്ടി. ഈ വസ്തുതയാണ് ആഡം സ്മിത്തിൻെറ രചനയിൽ നമുക്ക് കാണാൻ കഴിയുന്നത്. 'നമുക്ക് മാംസവും റൊട്ടിയും വീണ്ടും ലഭിക്കുന്നത് ഇറച്ചിവിൽപനക്കാരൻെറയോ ബേക്കറിക്കാരൻെറയോ വാറ്റുകാരൻെറയോ മഹാമനസ്കതയിൽനിന്നല്ല; പ്രത്യുത, അവരുടെ സ്വാർത്ഥതയിൽനിന്നാണ്' എന്നെഴുതിയ അദ്ദേഹം മാർക്സിനേക്കാളധികം മനുഷ്യനെക്കുറിച്ച് മനസിലാക്കിയ വ്യക്തിയായിരുന്നുവെന്ന് സമ്മതിക്കാതിരിക്കാൻ കഴിയില്ല. മനുഷ്യൻെറ ജീവിതത്തിനാവശ്യമായ വരുമാനസമ്പാദനത്തിന് അവനെ സ്വതന്ത്രമായി അനുവദിക്കണമെന്ന് ആഡംസ്മിത്ത് പറഞ്ഞപ്പോൾ അദ്ദേഹം ഉദ്ദേശിച്ചത് അങ്ങനെ ചെയ്താൽ ഓരോരുത്തരും അവനവന്ന് യോജിച്ച ഉൽപാദനസേവനപ്രവർത്തനങ്ങളിലേർപ്പെടുമെന്നും അത് അവന് വരുമാനവും മറ്റുള്ളവർക്ക് പ്രയോജനങ്ങളും ലഭിക്കാൻ കാരണമാവുകയും അതുകൊണ്ടുതന്നെ സമൂഹത്തിൻെറ സംതുലിതമായ പുരോഗതിക്ക് അത് നിദാനമാവുകയും ചെയ്യുമെന്നുമായിരുന്നു.

സർക്കാരിൻെറ നിയന്ത്രണമില്ലാത്ത കമ്പോളവ്യവസ്ഥയിൽ കൊള്ളലാഭവും ചൂഷണവും നടക്കുകയില്ലേയെന്ന ചോദ്യത്തിനും സ്മിത്തിൻെറയടുത്ത് ഉത്തരമുണ്ട്. സ്വതന്ത്രവിപണിയിൽ ശക്തമായ കിടമത്സരം നടക്കുന്നതിനാൽ അമിതവിലയും കൂലിയും ഈടാക്കാൻ കഴിയുകയില്ലെന്നും അതിനാൽ ഉൽപാദകനും ഉപഭോക്താവിനും തൊഴിലാളിക്കുമെല്ലാം സ്വീകാര്യമായ കൂലിയും വിലയും നിലനിൽക്കുമെന്നും അദ്ദേഹം കണക്കുകൂട്ടി. ഈ കണക്കുകൂട്ടലുകളെല്ലാം പിഴക്കുമെന്നും മുതലാളിമാർ സംഘടിക്കുകയും പൈശാ



ചികമായ ചൂഷണങ്ങൾക്ക് സാധാരണക്കാരെ വിധേയമാക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് തൻെറ സിദ്ധാന്തത്തിൻെറ പ്രായോഗിക പരിണതി ചെന്നെത്തുമെന്നും ദീർഘദർശനം ചെയ്യാൻ സ്മിത്തിന് കഴിഞ്ഞില്ലെന്ന കാര്യത്തിൽ നമുക്കദ്ദേഹത്തെ വേണമെങ്കിൽ കുറ്റപ്പെടുത്താം. പക്ഷെ, അദ്ദേഹത്തിൻെറ സിദ്ധാന്തരൂപീകരണത്തിന് പിന്നിലുണ്ടായിരുന്ന മനുഷ്യസ്നേഹത്തിൻെറ അംശം കാണാതിരിക്കുന്നത് ശരിയല്ല.

മനുഷ്യവിമോചനമെന്ന ആത്മാവിൻെറ വിളിക്കുള്ള ഉത്തരം നൽകാനായിരുന്നു ഉദാരമുതലാളിത്തത്തിൻെറ വക്താക്കൾ ശ്രമിച്ചത്.

നടേ സൂചിപ്പിച്ചതുപോലെ, മുതലാളിത്തവ്യവസ്ഥിതി ചൂഷണത്തിനുള്ള ഉപകരണമായി മാറിയപ്പോൾ അതിനെതിരെ ശബ്ദിക്കാൻ സഹജീവികളുമായി നല്ല രീതിയിലുള്ള സഹവർത്തിത്തമെന്ന മനുഷ്യാത്മാവിൻെറ തേട്ടം കേട്ടവരിൽ ചിലർ സന്നദ്ധരായി. അവരിൽ പലരും സിദ്ധാന്തങ്ങളാവിഷ്ക്കരിച്ചു. ചിലരെല്ലാം പ്രായോഗികമായി പരീക്ഷിക്കാൻ ശ്രമിച്ചു. പക്ഷെ, ഇവയെല്ലാം ആത്യന്തികമായി പരാജയം മാത്രമായിരുന്നു.

ഹെൻട്രി-ഡി-സെയിൻറ് സൈമൺ, ചാൾസ് ഫൗരിയർ, റോബർട്ട് ഓവെൻ, എത്തിയെണെ കാബെ..... ഇങ്ങനെ പോകുന്നു മാർക്സിനുമുമ്പ് മുതലാളിത്തത്തെ വിമർശിക്കുകയും സോഷ്യലിസ്റ്റ് സ്വർഗം സ്ഥാപിക്കാനായി പാടുപെട്ട് പരാജയപ്പെടുകയും ചെയ്തവരുടെ പട്ടിക. ഇതിൽ ചിലർ തങ്ങളുടെ സ്വപ്നത്തിൻെറ സാക്ഷാത്ക്കാരത്തിനുവേണ്ടി എത്രയാണ് പാടുപെട്ടതെന്ന് അവരുടെ പരീക്ഷണങ്ങൾ പഠിച്ചാലേ മനസ്സിലാകൂ.

1324ൽ അമേരിക്കൻ ഐക്യനാടുകളിലെ ഇൻഡ്യാനയിൽ റോബർട്ട് ഓവെൻ സ്ഥാപിച്ച 'ദ് ന്യൂ ഹാർമണി കോളനി' എന്തെന്ത് പ്രതീക്ഷകളാണ് ഉണർത്തിയത്? ഓഹിയോനദിയുടെ പോഷകനദിയായ വാബാഷിൻെറ കരയിൽ മുപ്പതിനായിരം ഏക്കർ ഫലഭൂയിഷ്ട ഭൂമിയായിരുന്നു ആ കോളനിക്കുണ്ടായിരുന്നത്. പഴത്തോട്ടങ്ങളും വർക്ക്ഷോപ്പുകളുമുള്ള ഒരു വലിയ പ്രദേശം ഓവെൻ വിലക്ക് വാങ്ങി. ജനങ്ങളെ എണ്ണൂറ് മുതൽ ആയിരത്തിഇരുനൂറ് വരെ അംഗങ്ങളുള്ള സോഷ്യലിസ്റ്റ് സമൂഹങ്ങളായി തിരിച്ചു. 1825 മെയ് ഒന്നാം തീയതി ഓവെൻ നിർദ്ദേശിച്ച പ്രാഥമികസമൂഹപ്രമാണം ദ്

ന്യൂ ഹാർമണി കോളനി അംഗീകരിക്കുകയും ഉൽപാദനോപാധികളുടെ പൊതുഉടമസ്ഥത, വേലക്കനുസരിച്ചുള്ള വിതരണം എന്നീ തത്വങ്ങൾ പ്രയോഗത്തിൽ വരുത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ സമ്പൂർണ്ണ സമത്വമെന്ന സിദ്ധാന്തം അംഗീകരിച്ചു. ശിക്ഷകളും പാരിതോഷികങ്ങളും റദ്ദാക്കി. നിയമനിർമ്മാണാധികാരം, തെരഞ്ഞെടുക്കപ്പെട്ട കൗൺസിലിനാൽ ഭരിക്കപ്പെടുന്ന അസംബ്ലിക്ക് ഏൽപിച്ചുകൊടുത്തു. പക്ഷെ, ഇവയൊന്നും ഏറെ നാൾ നിലനിന്നില്ല. കോളനിക്കകത്തുണ്ടായിരുന്ന സമൂഹങ്ങളിൽ ഛിദ്രത വളർന്നു. പല സമൂഹങ്ങളും പിരിഞ്ഞുപോയി. വെറും നാല് വർഷത്തിനുള്ളിൽ, 1828ൽ തൻെറ സംരംഭം പരാജയപ്പെട്ടുവെന്ന് സമ്മതിക്കാൻ ഓവെൻ നിർബന്ധിതനായി.

1840ൽ 'വോയേജ് ഇൻ ഇക്കാറി'യെന്ന സാമൂഹ്യ നോവൽ പ്രസിദ്ധീകരിച്ചുകൊണ്ട് പൊതുസ്വത്തും ആവശ്യമനുസരിച്ചുള്ള വിതരണവും നിലനിൽക്കുന്ന പറുദീസയായ ഇക്കാറിയായിലേക്ക് പോകൂവെന്ന് ജനങ്ങളെ ആഹ്വാനം ചെയ്ത എത്തിയെണെ കാബെ ഓവൻെറതിനേക്കാൾ അൽപംകൂടി പരിഹാസ്യമായ പതനത്തിലാണ് അവസാനം എത്തിച്ചേർന്നത്. അദ്ദേഹം സ്ഥാപിച്ച 'ഇക്കാറിയാ'യിൽ ആഭ്യന്തരകലഹം മൂത്ത് സ്വയംതന്നെ അതിൽനിന്ന് പുറത്താക്കപ്പെടുന്ന അവസ്ഥവരെയെത്തുകയുണ്ടായി.

ഈ സിദ്ധാന്തങ്ങളും പ്രയോഗങ്ങളുമെല്ലാം പരാജയത്തിൽ കലാശിച്ചുവെന്ന് നാം മനസിലാക്കുന്നതോടൊപ്പം തന്നെ ഇവയ്ക്കുപിന്നിലും പ്രവർത്തിച്ചത് മനുഷ്യമോചനമെന്ന സ്വപ്നമായിരുന്നുവെന്ന് സമ്മതിച്ചേ മതിയാകൂ.

**മാർക്സ്:**

സോഷ്യലിസ്റ്റ് സ്വർഗത്തിൻെറ സാക്ഷാത്ക്കാരത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച തൻെറ മുൻഗാമികളെയെല്ലാം 'ഉട്ടോപ്യൻ സോഷ്യലിസ്റ്റുകൾ' എന്ന് വിളിച്ചുകൊണ്ടാണ് മാർക്സ് രംഗപ്രവേശം ചെയ്തത്. സ്വന്തം സമുദായത്തിൽ മൗലികമായ മാറ്റമുണ്ടാക്കുകയെന്നത് സ്വത്വത്തിൻെറ ചരിത്രപരമായ ദൗത്യമായി കാണാൻ കെൽപ്പുള്ള ഒരു തൊഴിലാളിവർഗത്തെ സൃഷ്ടിക്കാനോ അതിനനുസരിച്ച രീതിയിലുള്ള സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കാനോ കഴിഞ്ഞില്ലെന്നതാണ് ഉട്ടോപ്യൻ സോഷ്യലിസ്റ്റുകൾക്ക് പറ്റിയ പാളിച്ചകൾക്ക് കാരണമെന്നാണ് മാർക്സിസ്റ്റ് ദാർശനികന്മാരുടെ വിലയിരുത്തൽ. പ്രമുഖ മാർക്സിസ്റ്റ് ചിന്തകനായ ഷൊളോം ഗെർമാൻ എഴുതി 'പല ഉട്ടോപ്യന്മാരുടെയും അനുഭാവം തൊഴിലാളിവർഗമുൾപ്പെടെയുള്ള സാധാരണ ജനങ്ങളോടായിരുന്നുവെന്നത് നേരാണ്. പക്ഷെ, ചൂഷണത്തിന് വിധേയരായ ഒരു വിഭാഗം എന്ന നിലയ്ക്കുമാത്രമെ തൊഴിലാളിവർഗത്തെ അവർക്ക് കാണാൻ കഴിഞ്ഞുള്ളൂ. ചരിത്രം സൃഷ്ടിക്കുന്ന വർഗമെന്നനിലയിൽ അതിനെ കാണാൻ കഴിഞ്ഞില്ല'.[1]



1818 മെയ് അഞ്ചാം തീയതി ജർമ്മനിയിലെ റിനീഷ് പ്രവിശ്യയിലെ ട്രയർ പട്ടണത്തിലാണ് കാറൽ മാർക്സ് ജനിച്ചത്. ബോൺ, ബർലിൻ എന്നീ സർവ്വകലാശാലകളിൽനിന്ന് അദ്ദേഹം നിയമം, ചരിത്രം, തത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിച്ച് ബിരുദമെടുത്തു. 1841ൽ ക്രിസ്തുവിന് മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന ഗ്രീക്ക് തത്വചിന്തകനായ എപ്പിക്യൂറസിൻെറ ഭൗതികവാദത്തെക്കുറിച്ച ഗവേഷണോപന്യാസം തൻെറ ഡോക്ടറേറ്റിന് വേണ്ടി സമർപ്പിച്ചുകൊണ്ട് അദ്ദേഹം തൻെറ സർവ്വകലാശാലാ വിദ്യാഭ്യാസം പൂർത്തിയാക്കി. ചെറുപ്പം മുതൽക്കേ വിപ്ലവവീര്യവും അധികാരസ്ഥാനങ്ങളോട് അനാദരവും പ്രകടിപ്പിച്ച മാർക്സിന് ബോൺ സർവ്വകലാശാലയിൽ ജോലി നിഷേധിക്കപ്പെട്ടു. 1842 ഒക്ടോബറിൽ 'റൈനിഷ്ചെ സീറ്റുങ്ങ്' എന്ന പ്രതിപക്ഷ പത്രത്തിൻെറ മുഖ്യപത്രാധിപരായി. വിപ്ലവചിന്താഗതികൾ പ്രചരിപ്പിച്ച പ്രസ്തുത പത്രത്തിന് ഗവൺമെൻറ് സെൻസർഷിപ്പ് ഏർപ്പെടുത്തി. എന്നിട്ടും മാർക്സ് നിർത്തുന്നില്ലെന്ന് കണ്ട സർക്കാർ, 1843 ജനുവരി ഒന്നിന് പ്രസ്തുത പത്രം നിരോധിക്കാൻ തീരുമാനിച്ചു. ആ വർഷംതന്നെ അദ്ദേഹം പാരീസിൽ പോയി, ആർനോൾഡ് റൂഷുമായി ചേർന്ന് 'ഡോയ്ചെ ഫ്രാൻസ് സ്വെസിഷ്ചെ യാഹർ ബൂക്കർ' എന്ന ഒരു പത്രം തുടങ്ങിയെങ്കിലും ഒറ്റ ലക്കം മാത്രമെ അത് വെളിച്ചം കണ്ടുള്ളൂ. 1844 സെപ്തംബറിലാണ് അദ്ദേഹം ഫ്രെഡറിക് ഏംഗൽസുമായി പരിചയപ്പെട്ടത്. അത് മാർക്സിൻെറ വിപ്ലവജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. പാരീസിലെ വിപ്ലവകാരികളോട് സഹകരിച്ചുകൊണ്ട് അവർ രണ്ടുപേരും അവിടെ കുറച്ചുകാലം നിന്നു. വിപ്ല

മായി പരിച

വത്തിലുള്ള സജീവ പങ്കാളിത്തം, അവിടെനിന്ന് അദ്ദേഹത്തെ നാടു കടത്തുന്നതിൽ കലാശിച്ചു. വളരെ അപകടകാരിയായ വിപ്ലവകാരി യെന്ന കുറ്റം ചുമത്തിക്കൊണ്ട് 1845ൽ പാരീസിൽനിന്നും അദ്ദേഹം നാടുകടത്തപ്പെട്ടു. ബ്രസൽസിലേക്കാണ് അദ്ദേഹം പോയത്. 1847ൽ മാർക്സും ഏംഗൽസും കമ്യൂണിസ്റ്റ് ലീഗ് എന്ന രഹസ്യ സംഘട നയിൽ ചേർന്നു. അതി ൻെറ രണ്ടാം കോൺഗ്രസിൻെറ നിർദ്ദേശ പ്രകാരമാണ് 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ' എന്ന പ്രസിദ്ധഗ്രന്ഥം ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്. ഇതേ മാസം തന്നെ പാരീസിലേ ക്കും അവിടെനിന്ന് അടു ത്തമാസംതന്നെ ജർമ്മനിയിലെ കൊളോ ണിലേക്കും അദ്ദേഹം പോയി. കൊളോണിൽ നിന്നാണ്, 1843 ജൂൺ ഒന്നാം തീയതി 'നോയ് റൈനീഷ് ചെസീറ്റുങ്ങ്' എന്ന ദിനപത്രത്തി ൻെറ പ്രസിദ്ധീകരണം തുടങ്ങിയത്. ഈ പത്രം 1849 മെയ് 19വരെ പുറത്തുവന്നു. അദ്ദേഹത്തിനെതിരെ കോടതി നടപടികളെടുക്കുവാ ൻ പ്രതിവിപ്ലവകാരികൾ ഒരുങ്ങി. അവസാനം അദ്ദേഹം ജർമ്മനിയി ൽനിന്ന് നാട് കടത്തപ്പെട്ടു. അങ്ങനെയദ്ദേഹം പാരീസിലേക്ക് പോ യി. ഫ്രാൻസിലെ അംഗീകരിക്കപ്പെട്ട ഭരണഘടനാ പരിഷ്ക്കാര നിയ മങ്ങളെ പ്രസിഡൻറും വൻകിട ബൂർഷ്വാസിയും ലംഘിച്ചതിനെതി രായി 1848 ജൂൺ 13ന് നടന്ന പ്രകടനത്തെ പോലീസ് മർദ്ദനങ്ങഴി ച്ചുവിട്ട് പരാജയപ്പെടുത്തി. ഇതിനോടനുബന്ധിച്ച് പാരീസിൽ നിന്ന് നാടുകടത്തപ്പെട്ട മാർക്സ് നേരെ ലണ്ടനിലേക്ക് പോയി. അവിടെ വെച്ചാണ് അദ്ദേഹം തൻെറ ഗ്രന്ഥങ്ങളിലധികവും എഴുതിയത്. 1883 മാർച്ച് 14ന് തൻെറ ചാരുകസേരയിൽ കിടന്നുകൊണ്ട് നിര്യാതനാ കുന്നതുവരെ ലണ്ടനിലാണദ്ദേഹം കഴിച്ചുകൂട്ടിയത്.

നാം മാർക്സിൻെറ ജീവിതത്തിലേക്ക് നോക്കുക. അധ്വാനിക്കുന്ന തൊഴിലാളിവർഗത്തെ ചൂഷണം ചെയ്ത് ജീവിച്ചിരുന്ന മുതലാളി ത്തത്തിനും ഭരണകൂടത്തിനുമെതിരെ സൈദ്ധാന്തികവും പ്രായോഗി കവുമായ സമരം അഴിച്ചുവിട്ട അദ്ദേഹത്തിന് ഏൽക്കേണ്ടിവന്ന കഷ് ടപ്പാടുകളെത്ര? ജയിലറകളും കോടതി വരാന്തകളും അദ്ദേഹം കയ റിയിറങ്ങേണ്ടി വന്നു. നാടുകടത്തലുകളും ആക്ഷേപശരവർഷങ്ങളും ആരോപണങ്ങളും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. ഒരു രാഷ്ട്രീയ വിപ്രവാസിയെന്ന നിലയിൽ വളരെ ക്ലേശപൂർണമായ ജീവിതം നയി ച്ചിരുന്ന അദ്ദേഹവും കുടുംബവും ഏംഗൽസിൻെറ ആത്മാർത്ഥമായ സാമ്പത്തിക സഹകരണമില്ലായിരുന്നുവെങ്കിൽ റൊട്ടി കിട്ടാതെ പട്ടി



ണി കിടക്കേണ്ട അവസ്ഥയിലായിരുന്നുവെന്ന് മാർക്സും ഏംഗൽ സും തമ്മിൽ നടത്തിയ കത്തിടപാടുകൾ വായിക്കുന്ന ഏവർക്കും ബോധ്യമാകും. മഹത്തായ മനുഷ്യസ്നേഹത്തിൻെറ ദീപം തെളിയി ക്കാൻ മാർക്സിനെ പ്രേരിപ്പിച്ച ശക്തിയെന്തായിരുന്നു? അത് നാം നടേ സൂചിപ്പിച്ച 'ആത്മാവിൻെറ വിളി' മാത്രമായിരുന്നു. അല്ലെങ്കിൽ 'നടുനിവർന്ന മൃഗം' മാത്രമായ മനുഷ്യനെന്തിനാണ് തൻെറ സഹജീ വികളുടെ ദുഃഖ നിവാരണത്തിനുവേണ്ടി സ്വന്തത്തെതന്നെ ബലിയാ ടാക്കുന്നത്? ആത്മാവിൻെറ ഈ വിളി കേട്ട മാർക്സിന് ആരാണ് തന്നിലെ മനുഷ്യനെ ഉണർത്തിയതെന്ന് മനസിലായില്ലെന്നതാണ് അദ്ദേഹത്തിന് പറ്റിയ ഏറ്റവും വലിയ തെറ്റ്.

**ലെനിൻ:**

'വേണ്ടത്ര നീളമുള്ള തുലായന്ത്രവും അത് താങ്ങുവാൻ ഒരു കുറ്റി യും എനിക്കുതന്നാൽ ഞാൻ ഭൂമിയെതന്നെ എടുത്തുയർത്താം' എന്ന് പറഞ്ഞ ആർക്കമിഡീസിനെ അനുകരിച്ചുകൊണ്ട് 'വിപ്ലവത്തി നായി ജീവിതം ഉഴിഞ്ഞുവെച്ചവരും സെൻട്രൽ കമ്മിറ്റിയുടെ കൽ പനകൾക്ക് പൂർണ്ണ വിധേയത്വവും പട്ടാളച്ചിട്ടയുമുള്ളവരും അടങ്ങിയ ഒരു പാർട്ടിയുണ്ടെങ്കിൽ റഷ്യയെ കീഴ്മേൽ മറിക്കാൻ എനിക്ക് കഴി യും' എന്നുപറഞ്ഞ ലെനിനാണ് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ രചനക്ക് എഴുപത് വർഷങ്ങൾക്കുശേഷം മാർക്സിൻെറ സ്വപ്നം സാക്ഷാത്ക്കരിക്കുവാനുള്ള പ്രായോഗികപരിപാടിയുടെ പ്രഥമപടി യെന്ന് വിശേഷിപ്പിക്കപ്പെട്ട ഒക്ടോബർ വിപ്ലവത്തിന് കടിഞ്ഞാൺ പിടിച്ചത്. എൻ. ലെനിൻ എന്നത് 1870ൽ വോൾഗാ നദീതീരത്തു ള്ള സിംബ്രിസ്കിൽ ജനിച്ച വ്ളാദിമീർ ഇല്ലിച്ച് ഉൽയാനോവ് (Vladmir Ilyich Ulyanov) എന്ന ചെറുപ്പക്കാരൻെറ തൂലികാ നാമമാ യിരുന്നു. പിന്നീടത് ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് രാ ഷ്ട്രത്തിൻെറ നായകൻെറ പേരായിത്തീർന്നു. വിദ്യാർത്ഥിയായിരി ക്കുമ്പോൾ തന്നെ മാർക്സിസ്റ്റ് സിദ്ധാന്തത്തിൽ ആകൃഷ്ടനായ അദ്ദേഹത്തിന് അക്കാരണത്താൽ തന്നെ യൂണിവേഴ്സിറ്റിയിൽനി ന്ന് ബഹിഷ്കൃതനാകേണ്ടിവന്നു. പ്രൈവറ്റായി പഠിച്ച് നിയമബി രുദം നേടിയെടുത്ത അദ്ദേഹം തൻെറ യുവത്വം മുഴുവൻ, ഏകദേശം ഇരുപത്തിയഞ്ച് വർഷത്തോളം കാലം റഷ്യൻ സാമ്രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലും ജർമ്മനി, സ്വിറ്റ്സർലാൻഡ്, ആസ്ട്രിയ, ഫ്രാൻ

സ്, ഇംഗ്ലണ്ട്, സ്വീഡൻ, ഫിൻലാൻഡ് എന്നീ രാജ്യങ്ങളിലും പരസ്യമായും രഹസ്യമായും സഞ്ചരിച്ചുകൊണ്ട് വിപ്ലവാശയം പ്രചരിപ്പിക്കാനും അനുയായികളെ സംഘടിപ്പിക്കാനും ശ്രമിച്ചുകൊണ്ടിരിക്കാനാണ് ചെലവഴിച്ചത്. മാർക്സിസ്റ്റ് ആശയങ്ങളുടെ പ്രയോഗത്തിനുവേണ്ടി സംഘടിപ്പിക്കപ്പെട്ട 'സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി' 1903ൽ രണ്ടായി പിളർന്നപ്പോൾ (ബോൾഷോവിക്, മെൻഷവിക്) ബോൾഷവിക് പാർട്ടി ലെനിൻെറ നേതൃത്വത്തിനുകീഴിൽ വന്നു. പാർട്ടിയുടെ ഉന്നതശീർഷരായ നേതാക്കന്മാർ പലരും നാടുകടത്തപ്പെട്ട് വിദേശത്ത് കഴിയുമ്പോഴാണ് ഒന്നാംലോകമഹായുദ്ധത്തിൻെറ മറവിൽ റഷ്യൻ ചക്രവർത്തിയായിരുന്ന സർ നിക്കോളാസ് രണ്ടാമൻ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടത്. ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ട റഷ്യയിൽ ലാവോഫിൻെറ നേതൃത്വത്തിൽ ഒരു താൽക്കാലിക സർക്കാർ ഭരണമേറ്റെടുക്കുകയും ജർമ്മനിക്കെതിരെയുള്ള യുദ്ധം തുടരുകയും ചെയ്തു. 1917 ജൂലൈ മാസത്തിൽ ഈ ഗവൺമെൻറ് രാജി വെച്ചതിനെ തുടർന്ന്, അലക്സാണ്ടർ കരൻസ്കിയുടെ നേതൃത്വത്തിൽ മറ്റൊരു ഗവൺമെൻറ് റഷ്യയുടെ ഭരണച്ചുമതലയേറ്റെടുത്തു. തങ്ങൾക്കെതിരെ യുദ്ധം ചെയ്യുന്ന റഷ്യയിലെ ഭരണകൂടത്തെ തകർക്കുകയെന്ന ലക്ഷ്യത്തോടുകൂടി, സ്വിറ്റ്സർലണ്ടിൽ കഴിഞ്ഞിരുന്ന ലെനിനെ ജർമ്മനി സ്വദേശത്തേക്ക് തിരിക്കാൻ സഹായിച്ചു. അങ്ങനെ 1917 നവംബർ ആറാംതീയതി രാത്രി ഒരു സൈനിക വിപ്ലവത്തിലൂടെ ലെനിൻ റഷ്യയുടെ അധികാരം പിടിച്ചെടുത്തു. ലോകത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് രാഷ്ട്രമെന്ന് വിളിക്കപ്പെട്ട റഷ്യയുടെ നാമം 'യൂനിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്' എന്നാക്കിയത് 1922ലാണ്.

ലെനിനെ ഈ പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിച്ച സംഗതിയെന്തായിരുന്നു? സാർ ഭരണകൂടത്തിൻെറ കൊള്ളരുതായ്മകളിൽനിന്നും രാജ്യത്തെ രക്ഷിക്കുകയെന്നതായിരുന്നില്ലേ അദ്ദേഹത്തിൻെറ ലക്ഷ്യം? പാവപ്പെട്ട തൊഴിലാളികളെ വീർപ്പുമുട്ടിച്ച് പണിയെടുപ്പിക്കുകയും ആ വിയർപ്പുകളിൽനിന്ന് മാളികകൾ പണിയുകയും ചെയ്തിരുന്ന ജന്മിത്വത്തിനും മുതലാളിത്തത്തിനുമെതിരെ ശക്തമായി ആഞ്ഞടിക്കുകയായിരുന്നു ലെനിൻ ചെയ്തത്. ഈ ലക്ഷ്യത്തിനു മുന്നിൽ കണ്ട പ്രതിബന്ധങ്ങളോട് അദ്ദേഹം ക്രൂരമായി പ്രതികരിച്ചുവെന്നത് സത്യമാണ്. അത് മാർക്സിസ്റ്റ് തത്വശാസ്ത്രം പ്രയോഗിക്കുമ്പോൾ അനിവാര്യമായിരുന്നുതാനും. മനുഷ്യമോചനത്തിൻെറ മന്ത്രങ്ങളൂതുന്ന, താൻ കണ്ട ഏകതത്വശാസ്ത്രം അദ്ദേഹത്തെ പഠിപ്പിച്ചത് 'ലക്ഷ്യം മാർഗത്തെ ന്യായീകരിക്കുന്നു'വെന്നായിരുന്നു. അതുകൊണ്ടുതന്നെ മോചനമെന്ന ലക്ഷ്യത്തിന് അദ്ദേഹം ഉപയോഗിച്ച മാർഗങ്ങളെല്ലാം-അതെത്രതന്നെ ക്രൂരമായിരുന്നുവെങ്കിലും-പ്രത്യയശാസ്ത്രത്തിൻെറ ദൃഷ്ടിയിൽ പരിപാവനങ്ങളായിരുന്നു. അധികാരത്തിൽനിന്നൊഴിഞ്ഞ് ആയാസത്തിലായിരുന്ന നിക്കോളാസ് രണ്ടാമനെയും കുടുംബത്തെയും ക്രൂരമായി കൊല ചെയ്ത ലെനിൻ, അവരുടെ മൃതശരീരങ്ങൾ സ്വെർഡ്ലോവ്സ്കിന് സമീപം കൊണ്ടുവന്ന് വെട്ടി വികൃതമാക്കി സൾഫ്യൂരിക് ആസിഡും ഒഴിച്ച് കുഴിച്ചുമൂടുകയാണുണ്ടായതെന്ന് 'ഗ്ലാസ്നോസ്റ്റി'നുശേഷം നടന്ന ഗവേഷണങ്ങൾ വ്യക്തമാക്കിയിരിക്കുന്നു.[1] നമ്മുടെ ഭാഷയിൽ ക്രൂരതയെന്ന് വിളിക്കാവുന്ന ഈ ചെയ്തികളെല്ലാം തന്നെ മാർക്സിയൻ വിമോചന തത്വശാസ്ത്രത്തിനുമുന്നിൽ 'മോക്ഷ'ത്തിലേക്കുള്ള മാർഗങ്ങളായിരുന്നു. 1918ലെ റഷ്യൻ സോവിയറ്റ് കോൺഗ്രസിന് മുന്നിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ ലെനിൻ പറഞ്ഞതും അതുതന്നെയായിരുന്നു. 'അക്രമം കൂടാതെ വർഗസമരത്തിൻെറ ഒരൊറ്റ പ്രശ്നംപോലും ചരിത്രത്തിൽ പരിഹരിക്കപ്പെട്ടിട്ടില്ല'.



**ഗോർബച്ചേവ്:**

കൂടുതൽ രക്തം ചൊരിയാതെ മാർക്സിനെ പ്രതിഷ്ഠിക്കാൻ കഴിഞ്ഞ റഷ്യയിൽ, അധികം ചോര ചിന്താതെ തന്നെ മാർക്സിനെ നിഷ്കാസനം ചെയ്യാനും സാധിച്ചുവെന്നത് ചരിത്രത്തിൻെറ തമാശയായിരിക്കാം. ഉൽപാദനവിതരണങ്ങളുമായി യാതൊരു ബന്ധവുമില്ലാതിരുന്ന റഷ്യൻ കർഷകരുടെയും ഒന്നു നിവർന്നുനിന്ന് ശ്വസിക്കാൻ കൊതിച്ച സാധാരണക്കാരുടെയും നിശ്വാസങ്ങൾ മനസിലാക്കി 'ഗ്ലാസ്നോസ്റ്റി'ലൂടെയും 'പെസ്ട്രോയിക്ക'യിലൂടെയും അവർക്ക് സ്വാതന്ത്ര്യത്തിൻെറ മധുരം മനസിലാക്കിക്കൊടുത്ത ഗോർബച്ചേവിൻെറ സാഹസത്തിലും നമുക്ക് കാണാൻകഴിയുന്നത് വിമോചനത്തിനുവേണ്ടിയുള്ള മനുഷ്യാത്മാവിൻെറ ദാഹമല്ലാതെ മറ്റെന്താണ്? ഗോർബിയുടെ പിൻഗാമികൾ മുതലാളിത്തത്തിൻെറ ഇരുണ്ട ഇടനാഴികകളിലൂടെയാണ് റഷ്യൻ ജനതയെ നയി

1. Moscow News 16/1989.

ക്കുന്നതെങ്കിൽ അവർ തടിക്കുമെന്നത് ശരിയായിരിക്കാം. പക്ഷെ, അവരുടെ ശരീരവും മനസും ആ ഇടനാഴികകളിലെ കരിപിടിച്ച് കറുക്കും. പിന്നെ ആ പാടുകൾ മാറ്റാൻ ഒരുപക്ഷെ, മറ്റൊരു മാർക്സ് രംഗപ്രവേശം ചെയ്യേണ്ടിവന്നേക്കാം.

മാർക്സും ഏംഗൽസും ലെനിനും മാവോയും കാസ്ട്രോയുമെല്ലാം മനുഷ്യമോചനത്തിനുവേണ്ടിയാണ് പരിശ്രമിച്ചതെങ്കിൽ ഗോർബച്ചേവും യെൽത്സിനും ലെക്വലേസയുമെല്ലാം ശ്രമിച്ചതും മനുഷ്യമോചനത്തിനുവേണ്ടിയാണ്. കമ്യൂണിസത്തിനുവേണ്ടി ചോര കൊടുത്ത ആയിരങ്ങളുടെ ലക്ഷ്യം വിമോചനമായിരുന്നുവെങ്കിൽ കമ്യൂണിസത്തെ കെട്ടുകെട്ടിക്കുവാനായി രക്തം ചിന്തിയവരുടെയും ലക്ഷ്യം വിമോചനം തന്നെയായിരുന്നു. രണ്ടുകൂട്ടരും സ്വപ്നം കണ്ടത് സ്വാതന്ത്ര്യത്തിലും സമത്വത്തിലുമധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയായിരുന്നു. തങ്ങളുടെ ചോര ചിന്തിയും സഹജീവികളെ രക്ഷിക്കണമെന്ന മനുഷ്യാത്മാവിന്റെ വിളിയാണവർ കേട്ടത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒടുക്കത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി നടന്ന മാനവമോചന സംരംഭങ്ങളെ ഏകദേശമായി നാം പരിചയപ്പെട്ടുകഴിഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ ഒടുക്കത്തിൽ നടന്ന 'പ്രത്യയശാസ്ത്ര'ത്തെ തകർത്തുകൊണ്ടുള്ള മാനവമോചന സംരംഭങ്ങളിലേക്കൊന്ന് കണ്ണോടിച്ചുനോക്കൂ.....

### ടിയാനെമെൻ സ്ക്വയർ:

1989 ജൂൺ 4- അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കണമെന്ന ആവശ്യവുമായി ചൈനയിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ടിയാനെൻമെൻ സ്ക്വയറിൽ തടിച്ചുകൂടി. ഒരു തുണ്ട് ജനാധിപത്യത്തിനുവേണ്ടി കേണുകൊണ്ട് സത്യഗ്രഹം നടത്തിയ അവർക്കുനേരെ ഡെങ്ങ് സിയാവോപെങ്ങിന്റെ നിർദ്ദേശപ്രകാരം പട്ടാളം വെടിയുണ്ടവർഷം തന്നെ നടത്തി. ആയിരക്കണക്കിന് വിദ്യാർത്ഥികൾ പിടഞ്ഞുവീണ് മരിച്ചു. ടിയാനെൻമെൻ സ്ക്വയറിൽ തടിച്ചുകൂടിയത് സി.ഐ.എയുടെ ഒത്താശയോടുകൂടി ഏതാനും പ്രതിവിപ്ലവകാരികളായിരുന്നുവെന്ന കമ്യൂണിസ്റ്റ് വിശദീകരണം ഹൃദയമുള്ളവർക്കൊന്നും ദഹിച്ചിട്ടില്ല. സി. അച്യുതമേനോൻപോലും എഴുതി 'ഇന്നത്തെ സമരം അമേരിക്കൻ ചാരസംഘടനകളുടെ പ്രേരണയിൽ ഉണ്ടായിട്ടുള്ളതാണെന്ന് ചിലർ പറയുന്നു. എനിക്കത് വിശ്വസിക്കാൻ



കഴിയുന്നില്ല...... അഭിപ്രായങ്ങൾ തുറന്നുപറയാനും അതിനുവേണ്ടി സംഘടിതമായി പ്രകടനം നടത്താനും മറ്റുമുള്ള സ്വാതന്ത്ര്യത്തിന്റെ കാര്യം. അതാണ് വിദ്യാർത്ഥികൾ ഇന്നാവശ്യപ്പെടുന്നത്'.[1]

അതെ, സ്വാതന്ത്ര്യമെന്ന മനുഷ്യാത്മാവിന്റെ ദാഹം തീർക്കാനാണ് ചൈനയിൽ പിടഞ്ഞുവീണ വിദ്യാർത്ഥികൾ അവരുടെ രക്തം കൊടുത്തത്. അടിമത്തത്തിനെതിരെയുള്ള ആ മഹാസമരത്തെ അടിച്ചമർത്താൻ ചൈനീസ് ഗവൺമെന്റിന് തൽക്കാലം കഴിഞ്ഞിട്ടുണ്ടെന്നത് ശരിതന്നെ! പക്ഷെ, സ്വതന്ത്രമായ അസ്തിത്വത്തോടും ആത്മാവോടുംകൂടി പിറന്നുവീഴുന്ന മനുഷ്യന്റെ കാലിനും കയ്യിനും നാക്കിനും ചങ്ങലയിടാൻ ശ്രമിക്കുന്ന ഒരു തത്വശാസ്ത്രത്തിനും നിലനിൽക്കാനാവില്ല. സ്വന്തം ചോരകൊണ്ടെങ്കിലും ആ ചങ്ങല മനുഷ്യർ പൊട്ടിക്കും. അല്ലെങ്കിൽ പരിണാമത്തിന്റെ വിപരീതചക്രത്തെ (reverse cycle) ഉത്തേജിപ്പിക്കാനുള്ള വല്ല ടെക്നോളജിയും ഭൗതികവാദത്തിന്റെ ഗവേഷണശാലയിൽ ആവിഷ്ക്കരിച്ച് അത് മനുഷ്യനിൽ പ്രയോഗിച്ച് അവനെ ആൾക്കുരങ്ങോ, ഒറാങ്ങ് ഒട്ടാങ്ങോ ആക്കി മാറ്റേണ്ടിവരും. എങ്കിൽ അവന്റെ ആത്മാവ് നഷ്ടപ്പെടുകയും അടിമത്തം അവന്റെ അസ്തിത്വത്തിന്റെ അനിവാര്യതയായി മാറുകയും ചെയ്യും. അല്ലാതെ, മനുഷ്യനായി നിലകൊള്ളുവാൻ അനുവദിച്ചുകൊണ്ട് അവനെക്കൊണ്ട് പാരതന്ത്ര്യത്തിന്റെ നുകം പേറിക്കാമെന്ന് കരുതുന്നത് തത്വശാസ്ത്രമായാലും വ്യക്തിയായാലും അവർ കനത്ത തിരിച്ചടിതന്നെ നേരിടേണ്ടിവരും, തീർച്ച.

### കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ

1989 നവംബർ 17–1946ലെ തെരഞ്ഞെടുപ്പിൽ മുപ്പത്തെട്ട് ശതമാനം[2] മാത്രം വോട്ടുകൾ നേടി അധികാരത്തിലെത്തിയ ചെക്കോസ്ലാവാക്യൻ കമ്യൂണിസ്റ്റ് പാർട്ടിക്കെതിരെ, നാല് പതിറ്റാണ്ടുകാലത്തെ അടിമത്തം സഹിച്ച ജനങ്ങളുടെ ശക്തമായ പ്രതിഷേധമാണ് പ്രാഗി

---

1 മാതൃഭൂമി ആഴ്ചപ്പതിപ്പ് 1–7–1989.

2. ചെക്കോസ്ലാവാക്യയിൽ അവസാനമായി തെരഞ്ഞെടുപ്പ് നടന്നത് 1946ലായിരുന്നു. ആ തെരഞ്ഞെടുപ്പിൽ ആർക്കും ഭൂരിപക്ഷമില്ലായിരുന്നുവെങ്കിലും ഏറ്റവും കൂടുതൽ വോട്ട് നേടിയത് (38 %) കമ്യൂണിസ്റ്റ് പാർട്ടിയാണ്. തുടർന്ന് കൂട്ടുകക്ഷി ഗവൺമെന്റുണ്ടായി. പക്ഷെ, തങ്ങളുടെ ഭരണപങ്കാളികളുമായി കൂടുതൽകാലം യോജിച്ചു പോകാൻ കമ്യൂണിസ്റ്റുകൾക്ക് കഴിഞ്ഞില്ല. 1948 ആയപ്പോഴേക്കും തികച്ചും ഏകാധിപത്യമായി കമ്യൂണിസ്റ്റുകൾ ഭരണം പിടിച്ചെടുത്തു.

ലെ വെൻസിലസ് സ്‌ക്വയറിൽ ലോകം കണ്ടത്. പ്രതികൂലമായ കാലാവസ്ഥയെ വകവെക്കാതെ സ്‌ക്വയറിൽ തമ്പടിച്ച പതിനായിരങ്ങൾക്കുമുമ്പിൽ മിലോസ് ജേക്ക്സിൻെറ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് ഭരണകൂടം മുട്ടുമടക്കുകതന്നെ ചെയ്തു. നീണ്ട നാൽപത്തിമൂന്ന് വർഷങ്ങൾക്കുശേഷം, 1990 ജൂൺ 8, 9 തീയതികളിൽ നടന്ന ചെക്കോസ്ലാവാക്യയിലെ തെരഞ്ഞെടുപ്പിൽ അവിടത്തെ കമ്യൂണിസ്റ്റ് പാർട്ടിയുടെ അധികാരക്കുത്തക തകർന്നു.

1989 ഡിസംബർ 25, റുമേനിയൻ പ്രസിഡൻറ് നിക്കോളാസ് ചെഷെസ്ക്യുവും പത്നിയും വധിക്കപ്പെട്ടു. നീണ്ട ഇരുപത്തിനാല് വർഷത്തെ കമ്യൂണിസ്റ്റ് ഏകാധിപത്യഭരണത്തിന് അങ്ങനെ തിരശ്ശീല വീണു. മുമ്പുണ്ടായ 1977ലെ ഖനി തൊഴിലാളികളുടെ പണിമുടക്കിനെയും '87ലെ ബ്രസോയി കലാപത്തെയും അടിച്ചമർത്തിയ അദ്ദേഹം, ബുക്കാറസ്റ്റിലെ തൻെറ കൊട്ടാരത്തിന് മുന്നിൽ സ്വാതന്ത്ര്യത്തിനുവേണ്ടി ഒരുമിച്ചുകൂടിയ ജനലക്ഷങ്ങളുടെ കലാപത്തെയും അടിച്ചമർത്താൻ ശ്രമിച്ചുനോക്കി. പാർട്ടിക്കും പ്രസിഡൻറിനുമെതിരെ അത്യുച്ചത്തിൽ മുദ്രാവാക്യം മുഴക്കിക്കൊണ്ട് മുന്നേറിയ മനുഷ്യ മഹാസമുദ്രത്തിന് നേരെ വെടിവെക്കാൻ എലിനാചെഷസ്ക്യു പട്ടാളത്തോട് ആജ്ഞാപിച്ചു. എൺപതിനായിരം മനുഷ്യമക്കൾ ബുക്കാറസ്റ്റിലെ കൊട്ടാരത്തിന് മുമ്പിൽ മരിച്ചുവീണു. പിൻമാറാതെ സമരം ചെയ്ത് മുന്നേറിയ ജനലക്ഷങ്ങൾക്ക് മുന്നിൽ പട്ടാളത്തിന് അടിയറവ് പറയേണ്ടിവന്നു. സൈന്യം തോക്ക് തിരിച്ചുപിടിച്ചു. ചെഷസ്ക്യൂവിനെയും ഭാര്യയെയും പിടിച്ചുകെട്ടി കൊട്ടാരത്തിന് തീ കൊളുത്തുകയാണ് ജനം ചെയ്തത്. നാൽപത്തിമൂന്ന് വർഷത്തെ കമ്യൂണിസ്റ്റ് കിരാത ഭരണത്തിന് ശവക്കുഴി പണിയാൻ റുമേനിയക്ക് നൽകേണ്ടിവന്നത് എൺപതിനായിരം മനുഷ്യജീവനാണ്.

1990 മാർച്ച് 25, നാലര ദശാബ്ദക്കാലം നീണ്ടുനിന്ന കമ്യൂണിസ്റ്റ് ഏകകക്ഷിഭരണമാരംഭിച്ച ശേഷം ആദ്യമായി ഹംഗറിയിൽ തെരഞ്ഞെടുപ്പ് നടന്നു. ഈ തെരഞ്ഞെടുപ്പിൽ തികഞ്ഞ കമ്യൂണിസ്റ്റ് വിരുദ്ധനായ ജോസഫ് അനറ്റോളിൻെറ നേതൃത്വത്തിലുള്ള 'കൺസർവേറ്റീവ് ഡെമോക്രാറ്റിക് ഫോറം (സി.ഡി.എഫ്)' 386ൽ 165 സീറ്റുകൾ നേടിക്കൊണ്ട് അധികാരത്തിലേറി. കമ്യൂണിസ്റ്റ് സംഘടനയായ 'ഹംഗേറിയൻ സോഷ്യലിസ്റ്റ് പാർട്ടി'ക്ക് വെറും 33 സീറ്റുകൾ നേടി നാലാം സ്ഥാനത്തെത്താനേ കഴിഞ്ഞുള്ളൂ. ഹംഗറിയിലും കമ്യൂണിസ്റ്റുകാർ ഭരണരംഗത്തേക്കുയർന്നത് ഒരു ചതി പ്രയോഗത്തിലൂടെയായിരുന്നു. സോവിയറ്റ് സൈനികസാന്നിദ്ധ്യവും കമ്യൂണിസ്റ്റ് പാർട്ടിയുടെ കടുത്ത നിയന്ത്രണവുമെല്ലാമുണ്ടായിട്ടും 1947ൽ നടന്ന തെരഞ്ഞെടുപ്പിൽ ഹംഗറിയൻ കമ്യൂണിസ്റ്റ് പാർട്ടിക്ക് വ്യക്തമായ ഭൂരിപക്ഷം കരസ്ഥമാക്കാൻ കഴിഞ്ഞില്ല. പക്ഷെ, സോവിയറ്റ്സൈന്യത്തിൻെറ ഉരുക്കുമുഷ്ടിയുടെ സഹായത്തോടുകൂടി കമ്യൂണിസ്റ്റുകാർ ഭരണരംഗം കൈക്കലാക്കി. ഇതിനുശേഷം 1956ൽ ഹംഗറിയിൽ ജനാധിപത്യത്തിനുവേണ്ടി മുന്നേറ്റം നടന്നുവെങ്കിലും അത് ദയനീയമായി അടിച്ചമർത്തപ്പെട്ടു. കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം സെക്രട്ടറിയായിരുന്ന മത്തിയാസ് റകോസിയുടെ ഏകാധിപത്യപരമായ പ്രവർത്തനങ്ങൾക്കെതിരെ ബുഡാപെസ്റ്റിലെ തെരുവീഥികളിൽ മുദ്രാവാക്യങ്ങളുയർന്നു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട മുൻ പ്രധാനമന്ത്രി ഇമ്രെ നാഗി ഒരിക്കൽകൂടി പ്രധാനമന്ത്രിയായി സ്ഥാനമേറ്റെടുക്കുകയും ജനകീയവികാരമുൾക്കൊണ്ടുകൊണ്ട് പരിഷ്ക്കരണപ്രവർത്തനങ്ങൾ നടത്താൻ തയ്യാറാവുകയും ചെയ്തു. അന്നത്തെ മുന്നേറ്റത്തിന് മറുപടി പറയാനെത്തിയത്, സോവിയറ്റ് കൂലിപട്ടാളവും ആയുധങ്ങളുമായിരുന്നു. ആയിരക്കണക്കിന് ഹംഗറിക്കാർ സോവിയറ്റ് സൈന്യത്തിൻെറ തീ തുപ്പുന്ന തോക്കുകൾക്ക് മുന്നിൽ ജീവൻ വെടിഞ്ഞു. രണ്ടുലക്ഷത്തോളമാളുകൾ സ്വരാജ്യമുപേക്ഷിച്ച് പാലായനം ചെയ്തു. പ്രധാനമന്ത്രി ഇംറെ നാഗി വധശിക്ഷക്ക് വിധിക്കപ്പെട്ടു. ആ അടിച്ചമർത്തലിന് കാൽനൂറ്റാണ്ട് തികയുന്നതിനുമുമ്പ്, 1983 മെയ് മാസത്തിലാണ് ഹംഗറിയെ തെരഞ്ഞെടുപ്പിലേക്ക് നയിച്ച സംഭവവികാസങ്ങൾ അരങ്ങേറിയത്. ബുഡാപെസ്റ്റിലെ തൊഴിലാളികൾ ഇരുമ്പുചുറ്റികയുമായി തെരുവിലേക്കിറങ്ങി. കമ്യൂണിസ്റ്റ് നേതാക്കളുടെ പ്രതിമകൾ തല്ലിയുടച്ചും ചുവന്ന നക്ഷത്രങ്ങൾ തല്ലിത്തകർത്തും തങ്ങളെ പാരതന്ത്ര്യത്തിൽ തളച്ച പ്രത്യയശാസ്ത്രത്തോടുള്ള അമർഷം അവർ പ്രകടമാക്കി. ജനോസ്കാദർ എന്ന കമ്യൂണിസ്റ്റ് ഏകാധിപതിയുടെ നിഷ്കാസനമാണ് പുതിയ തെരഞ്ഞെടുപ്പ് അനിവാര്യമാക്കിയതും അതിലൂടെ മാർക്സിസത്തിൻെറ മരണത്തിന് നിദാനമായതും.

1990 ഒക്ടോബർ മൂന്ന്-നാലര പതിറ്റാണ്ടുകാലം വിഭജിക്കപ്പെട്ടുനിന്നിരുന്ന കിഴക്കൻ ജർമ്മനിയും പടിഞ്ഞാറൻ ജർമ്മനിയും ഔദ്യോഗികമായി ഐക്യപ്പെട്ടു. രണ്ടാം ലോകമഹായുദ്ധത്തിൻെറ

സ്വാഭാവികബലിയാടായ ജർമ്മനിയെ പങ്കിട്ടെടുക്കുവാനാണ് സഖ്യ കക്ഷികൾ ആദ്യം തീരുമാനിച്ചത്. ഇതുപ്രകാരം അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ എന്നീ രാജ്യങ്ങൾ ജർമ്മനിയുടെ ഓരോ പ്രദേശങ്ങളുടെ ഭരണമേറ്റെടുത്തു. റഷ്യയുടെ കൈവശമുണ്ടായിരുന്ന ജർമനിയിൽ കമ്യൂണിസം നടപ്പാക്കാൻ തീരുമാനിക്കപ്പെട്ട സാഹചര്യത്തിലാണ് മറ്റ് മൂന്ന് കക്ഷികളും കൂടിച്ചേർന്ന് തങ്ങളുടെ അധിനിവേശ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ഒരു ജനാധിപത്യ ജർമ്മനിയുണ്ടാക്കുവാൻ തീരുമാനിച്ചത്. 1949 മെയ് മാസത്തിൽ 'ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനി' നിലവിൽവന്നു. കിഴക്കൻ ജർമ്മനിയിൽ 'സോഷ്യലിസ്റ്റ് യൂണിറ്റി പാർട്ടി'യുടെ നേതാവായ വാൾട്ടർ ഉൾബ്രിച്ചിൻെറ നേതൃത്വത്തിൽ റഷ്യൻ മാതൃകയിൽ കമ്യൂണിസം പ്രയോഗവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും 'ജർമ്മൻ ഡെമോക്രാറ്റിക് റിപ്പബ്ലിക് എന്ന് അതിന് പേരിടുകയും ചെയ്തു. കമ്യൂണിസ്റ്റ് ജർമനി, മുതലാളിത്ത ജർമ്മനിയുമായുള്ള കച്ചവടം, യാത്ര, വാർത്താവിനിമയം തുടങ്ങിയ എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചു. മുതലാളിത്ത ജർമനിയിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയരുന്നതും അവിടുത്തെ സുഖസൗകര്യങ്ങൾ വർദ്ധിക്കുന്നതും കണ്ട കമ്യൂണിസ്റ്റ് ജർമനിയിലെ ജനങ്ങൾ ഒളിഞ്ഞും തെളിഞ്ഞുമെല്ലാം പടിഞ്ഞാറൻ ജർമ്മനിയിലേക്ക് പലായനം ചെയ്യാൻ തുടങ്ങി. ഇതിനൊരു പരിഹാരമെന്ന നിലയ്ക്കാണ് വാൾട്ടർ ഉൾബ്രിച്ച് ബെർലിൻ മതിൽ നിർമിച്ചത്. നാല് മീറ്റർ ഉയരവും 167 കിലോമീറ്റർ നീളവുമുള്ള 'ബർലിൻ മതിൽ' അങ്ങനെ കമ്യൂണിസ്റ്റ് 'സ്വർഗ'ത്തെയും മുതലാളിത്ത 'നരക'ത്തെയും വേർതിരിച്ചു. പതിനായിരത്തിലേറെ അതിർത്തി ഗാർഡുകളും അറുനൂറോളം വേട്ടപ്പട്ടികളും, മതിൽചാടിക്കടക്കാൻ ശ്രമിക്കുന്നവരെ ഉടൻതന്നെ വെടിവെച്ചുകൊല്ലാൻ നിയമങ്ങളുമെല്ലാമുണ്ടായിട്ടും ബർലിൻ മതിൽ ചാടിക്കടക്കാൻ പലരും സന്നദ്ധരായി. അവരിൽ പലരും കൊല്ലപ്പെട്ടു. നീണ്ട ഇരുപത്തെട്ടുവർഷക്കാലം തങ്ങളുടെ സഹോദരന്മാരെക്കുറിച്ച് ഒന്നുമറിയാൻ സാധിക്കാതെ ആ ഭീകരമതിലിന് പുറത്ത് ഇരുപതുലക്ഷം മനുഷ്യമക്കൾശ്വാസം മുട്ടി. അവസാനം സംഭവിക്കേണ്ടത് സംഭവിച്ചു. 1989 നവംബർ ഒൻപതിന് ബർലിൻ മതിലിന് ആദ്യത്തെ തുള വീണു. ചെക്കോസ്ലാവാക്യ, തങ്ങളുടെ രാജ്യത്തിൻെറ അതിർത്തി തുറന്നുകൊടുത്തുകൊണ്ട് സ്വാതന്ത്ര്യം കൊതിക്കുന്ന കമ്യൂണിസ്റ്റ് ജർമനിക്കാർക്ക്



പടിഞ്ഞാറൻ ജർമനിയിലേക്ക് പലായനം ചെയ്യാൻ സൗകര്യമുണ്ടാക്കിക്കൊടുത്തു. തങ്ങളുടെ സർവ്വസമ്പാദ്യങ്ങളും വിറ്റുപെറുക്കി കാറുകളിൽ ജനം പടിഞ്ഞാറൻ ജർമ്മനിയിലേക്കൊഴുകി. 'ഡെത്ത് ടു കമ്യൂണിസം' എന്ന് വിളിച്ചട്ടഹസിച്ചുകൊണ്ട് ഗാനങ്ങൾ ആലപിച്ചും നൃത്തം ചവിട്ടിയും അവർ മുന്നോട്ട് നീങ്ങി. കമ്യൂണിസത്തിൻെറ കാവൽക്കാരനായിരുന്ന എറിക്ക് ഹോനേക്കർ 1989 ഒക്ടോബർ 18ന് സ്ഥാനഭ്രഷ്ടനായി; എഗോൺ ക്രെൻസ് പുതിയ നേതാവായി. നാണക്കേടിൻെറ മതിൽ എന്ന് വിളിക്കപ്പെട്ട ബെർലിൻ മതിൽ ബുൾഡോസറുകൾ കൊണ്ട് ഇടിച്ചുപൊളിച്ചു. അത് ഒരു സംഭവംതന്നെയായിരുന്നു. മതിൽ തകർന്നപ്പോൾ മനുഷ്യർ ഒന്നായി. മനുഷ്യർ ഒന്നായപ്പോൾ രാഷ്ട്രങ്ങൾ ഒന്നായി മാറി. അങ്ങനെ ഒരൊറ്റ ജർമ്മനിയെന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടു.

മനുഷ്യർ സൃഷ്ടിക്കുന്ന മതിൽക്കെട്ടുകൾ എത്രതന്നെ ബലവത്താണെങ്കിലും സ്നേഹം, സാഹോദര്യം, സ്വാതന്ത്ര്യം തുടങ്ങിയ ആത്മാവിൻെറ ആവശ്യങ്ങളെ തകർക്കുവാനോ പിളർക്കുവാനോ അവക്ക് സാധ്യമല്ലെന്നതിൻെറ പ്രതീകമായി ബർലിൻ മതിൽ ചരിത്രത്തിൽ സ്മരിക്കപ്പെടും.

**എന്തുകൊണ്ട്?**

മനുഷ്യർ മോചനം കൊതിക്കുന്നു. തങ്ങളെ വേർതിരിച്ച് നിർത്തിയിരിക്കുന്ന ശക്തികളെ അവർ വെറുക്കുന്നു. എല്ലാവരെയും ഒന്നായിക്കാണണമെന്ന് അവർ ആഗ്രഹിക്കുന്നു. അടിമത്തത്തിൻെറ ചങ്ങലക്കെട്ടുകൾ അവർക്കിഷ്ടമില്ല. താൻ ജനിച്ചത് സ്വതന്ത്രനായിട്ടാണെങ്കിൽ മരിക്കുന്നതും സ്വതന്ത്രനായിട്ടാകണമെന്ന് മനുഷ്യൻ കൊതിക്കുന്നു. അപ്പം അവൻെറ ആത്മാവിൻെറ ദാഹം തീർക്കുകയില്ല. സകലരും സാഹോദര്യത്തോടെ വർത്തിക്കുന്ന ഒരു ലോകം അവനാശിക്കുന്നു. മൂർ മുതൽ മാർക്സ് വരെയുള്ളവരുടെ രചനകളിലും ലെനിൻ മുതൽ ഗോർബച്ചോവ് വരെയുള്ളവരുടെ ചെയ്തികളിലും ഈ ആശയായിരുന്നു മുറ്റിനിന്നിരുന്നത്. അവരിൽ പലരും നിർമിച്ച പരിഹാരങ്ങൾ ഏറ്റവും വലിയ ചങ്ങലക്കെട്ടായി മാറിയെന്നത് വേറെ പ്രശ്നം.

മോചനം കൊതിക്കുന്ന മനുഷ്യാത്മാവിനെ സംതൃപ്തമാക്കാൻ ആർക്ക് കഴിയും? സമത്വസുന്ദരമായൊരു ലോകമെന്ന സ്വപ്നം

വെറും സ്വപ്നമായി അവശേഷിക്കുമോ? സാഹോദര്യമെന്ന സങ്കൽപം വെറും കടലാസിൽ മാത്രം ഒതുങ്ങുമോ?

ആത്മാവിൻെറ മോചനം മുദ്രാവാക്യമാക്കിയ 'മത'ങ്ങൾ ചൂഷണത്തിൻെറ ചട്ടുകങ്ങളായി മാറിയപ്പോഴാണല്ലോ മനുഷ്യർ ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ പിന്നാലെ പരക്കം പാഞ്ഞത്? 'മത'ങ്ങൾക്കും ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കുമൊന്നും മനുഷ്യൻെറ മോചനം സാധ്യമല്ലെന്നുവന്നാൽ പിന്നെ വിമോചനമെന്ന മനുഷ്യാത്മാവിൻെറ ദാഹം ഒരിക്കലും മാറുകയില്ലെന്നോ? അപ്പോൾ പിന്നെ മനുഷ്യാസ്തിത്വത്തിന് എന്തുവില?

'എവിടെയാണ് തെറ്റ് പറ്റിയത്? ആർക്കാണ് തെറ്റ് പറ്റിയത്?' എന്ന അന്വേഷണത്തിൻെറ പ്രസക്തി നാം മനസിലാക്കുന്നത് ഇവിടെയാണ്. ആ അന്വേഷണം മോചനത്തിൻെറ മാർഗം തുറന്നുതന്നേക്കാം.

നമുക്കന്വേഷിക്കുക-

# രണ്ട്

## മാർക്സിസത്തിൻെറ പരാജയം

'കമ്മ്യൂണിസ്റ്റ് വിപ്ലവം കണ്ട് ഭരണാധികാരിവർഗ്ഗങ്ങൾ കിടിലം കൊള്ളട്ടെ. തൊഴിലാളികൾക്ക് സ്വന്തം ചങ്ങലയല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനില്ല. നേടാനോ ഒരു ലോകവും'.

'എല്ലാ രാജ്യങ്ങളിലെയും തൊഴിലാളികളേ സംഘടിക്കുവിൻ'.

മാർക്സിസ്റ്റ് വിപ്ലവത്തിൻെറ രീതിശാസ്ത്രഗ്രന്ഥമായ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ അവസാനത്തെ വരികളാണിവ. ഈ വാക്യങ്ങളാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലമായി കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾക്ക് ആവേശം നൽകിയത്. നല്ലൊരു ലോകം നേടാനും നിലവിലുള്ള ചട്ടങ്ങൾ പൊട്ടിച്ചെറിയാനും അവർ പാട്ടുപാടി. മുദ്രാവാക്യങ്ങൾ മുഴക്കി. ചോര ചിന്തി. ചോരയിൽ മുക്കിയ കൊടിയുമായി നാടുനീളെ നടന്നു. അവർ ആവേശത്തോടെ ആഹ്വാനം ചെയ്തു.

'സർവ്വ രാജ്യത്തൊഴിലാളികളേ സംഘടിക്കുവിൻ'.

എക്കാലത്തെയും മാർക്സിസ്റ്റുകളുടെ ആവേശമായിരുന്ന ഈ വചനമായിരുന്നു, മോസ്ക്കോ നഗരത്തിൽ സ്ഥാപിക്കപ്പെട്ട മാർക്സിൻെറ പ്രതിമക്കുതാഴെ എഴുതപ്പെട്ടിരുന്നത്. പുതിയ വിപ്ലവങ്ങൾ നടന്നുകൊണ്ടിരിക്കെ ഏതോ 'ഗുരുത്വം കെട്ടവൻ' അതിങ്ങനെ മാറ്റിയെഴുതിയിരിക്കുന്നു.

'സർവ്വരാജ്യത്തൊഴിലാളികളേ..... എനിക്ക് മാപ്പ്'.

തത്വങ്ങൾ രചിച്ച ആചാര്യന് മാപ്പുകൊടുക്കാൻ സ്വാതന്ത്ര്യത്തിന്റെ പുതിയ ലോകത്തേക്ക് സഞ്ചരിക്കുന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങൾ സന്നദ്ധരാണ്. പക്ഷേ, അവ പ്രയോഗവൽക്കരിക്കാൻ ശ്രമിച്ച നേതാക്കൾക്ക് മാപ്പുകൊടുക്കാൻ അവർ തയ്യാറല്ല. 1988ൽ ബുഡാപെസ്റ്റിലെ മനുഷ്യർ സ്വാതന്ത്ര്യത്തിനുവേണ്ടി തെരുവിലിറങ്ങിയപ്പോൾ അവരുടെ ചുറ്റികകൊണ്ട് ആദ്യം തല്ലിയുടച്ചത് മഹാനായ ലെനിന്റെ പ്രതിമയായിരുന്നു. കെ.ജി.ബി. തലവനായിരുന്ന സെർഷിൻസ്കിയുടെ പ്രതിമ വലിച്ചുതാഴെയിട്ട് അതിൽനിന്ന് ഉളിയും ചുറ്റികയുമുപയോഗിച്ച് കൽക്കഷ്ണങ്ങൾ സ്മാരകമായി സൂക്ഷിക്കാൻ തല്ലിപ്പൊളിച്ചെടുക്കുന്ന ഡേവിഡ്ല്യാനോവ് ഇന്ത്യയിൽനിന്ന് ചെന്ന പത്രപ്രവർത്തകരോട് പറഞ്ഞുവത്രെ 'ഈ കല്ലുകൾ കൊണ്ടുപോയി ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളെ എറിഞ്ഞോടിക്കുക. അല്ലെങ്കിൽ, നിങ്ങളും ഞങ്ങളെപ്പോലെയാകും. മനുഷ്യർ കഷ്ടപ്പെടുന്നിടത്താണ് കമ്മ്യൂണിസ്റ്റുകൾ തഴച്ചുവളരുകയെന്ന് നിങ്ങൾക്കറിയില്ലേ'.

എവിടെയാണ് മാർക്സിസത്തിന് തെറ്റുപറ്റിയത്? അതിന്റെ സിദ്ധാന്തത്തിലാണോ? പ്രയോഗത്തിലാണോ? അതല്ല, മാർക്സിസത്തിന് തെറ്റൊന്നും പറ്റിയിട്ടില്ലെന്ന് വരുമോ? തെറ്റുപറ്റിയത് ഗോർബച്ചേവിനും യെൽറ്റ്സിനുമാണോ? റഷ്യയിലെയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും മാറ്റങ്ങളെക്കുറിച്ച ചർച്ചകൾ അങ്ങനെ നീണ്ടുപോവുകയാണ്.

'മാർക്സിസത്തെപ്പറ്റി'യെന്ന സ്വെത്ലാന മാർട്ടിൻ ചുക്ക് ക്രോഡീകരിച്ച ലെനിന്റെ ലേഖനസമാഹാരത്തിന്റെ പതിമൂന്നാം പേജിൽ വലിയ അക്ഷരത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "മാർക്സിസ്റ്റ് സിദ്ധാന്തം സർവ്വശക്തമാണ്; കാരണം അത് സത്യമാണ്".

ഇന്ന് നമുക്കറിയാം, മാർക്സിസ്റ്റ് സിദ്ധാന്തം സർവ്വശക്തമല്ലെന്ന്. അത് മനുഷ്യരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണെന്ന്. പതിറ്റാണ്ടുകൾതന്നെ അതിന്റെ പ്രയോഗവൽക്കരണത്തിന് ചെലവഴിച്ചിട്ടും സോഷ്യലിസത്തിലെത്താൻ പോലും രാഷ്ട്രങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്ന്. മാർക്സിസം വന്നാൽ സ്വർഗ്ഗമാകുമെന്ന സങ്കൽപങ്ങളിൽ കുരുങ്ങിക്കിടന്നവർ തന്നെ പുതിയ മാറ്റങ്ങളുടെ വെളിച്ചത്തിൽ എന്തോ എവിടെയോ തകരാറുണ്ടെന്ന് സമ്മതിക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന്.



'മാർക്സിസ്റ്റ് സിദ്ധാന്തം സർവ്വശക്തമാണ്; കാരണം അത് സത്യമാണ്.' എന്ന് പറഞ്ഞ ലെനിനിൽ നിന്നുതന്നെ എന്തുകൊണ്ട് മാർക്സിസം പരാജയപ്പെടുന്നുവെന്നതിന്റെ ഉത്തരം നമുക്ക് ലഭിക്കുന്നു. മാർക്സിസ്റ്റ് സിദ്ധാന്തം സർവ്വശക്തമല്ലെങ്കിൽ അത് അസത്യമാണെന്ന ധ്വനി ലെനിന്റെ വാചകത്തിൽ തന്നെയുണ്ടല്ലോ. മാർക്സിസ്റ്റ് സിദ്ധാന്തം സർവ്വശക്തമല്ലെന്ന് ഇന്നെല്ലാവർക്കുമഭിപ്രായമുണ്ട്. ഇന്ത്യയുടെ സാഹചര്യങ്ങൾക്കനുസൃതമായ രീതിയിൽ മാർക്സിയൻ സിദ്ധാന്തത്തിന്റെ പുനഃസൃഷ്ടി നടത്തുമെന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ നയവിശദീകരണത്തിന് പിന്നിലും ആ സിദ്ധാന്തം സർവ്വശക്തമല്ലെന്ന വസ്തുതയല്ലാതെ മറ്റെന്താണുള്ളത്? അപ്പോൾ ഇന്ന് നമുക്ക് ഇങ്ങനെ പറയാമെന്ന് തോന്നുന്നു: 'മാർക്സിസം സർവ്വശക്തമല്ല; കാരണം അത് അസത്യമാണ്'. ഇതാണ് വസ്തുതയും. ഈ അസത്യത്തിനുവേണ്ടി വിപ്ലവം നടത്തിയത് ലെനിന് പറ്റിയ തെറ്റ്. തികച്ചും പരമാബദ്ധമായ ഒരു സിദ്ധാന്തം പ്രയോഗവൽക്കരിക്കാനാണ് പതിറ്റാണ്ടുകളോളം റഷ്യയടക്കമുള്ള രാഷ്ട്രങ്ങൾ ശ്രമിച്ചത്. അതുകൊണ്ടുതന്നെ പരാജയം അനിവാര്യമായിരുന്നു. അസത്യത്തിന്റെ സിദ്ധാന്തങ്ങൾക്ക് ഒരിക്കലും മനുഷ്യനെ മനസ്സിലാവില്ല. അതുകൊണ്ടുതന്നെ സമൂഹത്തെ പരിവർത്തിപ്പിക്കാനുമാവില്ല.

മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ പരാജയമല്ല; പ്രത്യുത അതിന്റെ പ്രയോഗവൽക്കരണത്തിൽ വന്ന പാകപ്പിഴവുകളാണ് ഇന്നത്തെ പ്രതിസന്ധിക്ക് കാരണമെന്ന് പറയുന്നവരുണ്ട്. മുതലാളിത്തത്തിന്റെ ചരടുവലികൾക്കൊത്ത് തുള്ളുകയാണ് ഗോർബച്ചേവും യെൽത്സിനുമെല്ലാം ചെയ്തതെന്നും അതുകൊണ്ടുതന്നെ മുതലാളിത്തകുതന്ത്രത്തിന്റെ താൽക്കാലികവിജയം മാത്രമാണ് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും സോവിയറ്റ് യൂണിയനിലുമെല്ലാം ഉണ്ടായിട്ടുള്ളതെന്നും കമ്യൂണിസം പരാജയപ്പെടുകയില്ലെന്നും വിശ്വസിക്കാൻ ശ്രമിക്കുന്നവരുമുണ്ട്. സോവിയറ്റ് യൂണിയൻ നേരിട്ട പ്രതിസന്ധിയും തകർച്ചയുംപോലും സ്റ്റാലിന്റെ കാലത്തുള്ള നയവൈകല്യത്തിൽ നിന്ന് ഉടലെടുത്തതാണെന്നും തകർന്നത് കമ്മ്യൂണിസമല്ല; സ്റ്റാലിനിസമാണെന്നും പറഞ്ഞ് സമാധാനപ്പെടുന്ന ചിലരുമുണ്ട്. സർവ്വശക്തവും സത്യസമ്പൂർണ്ണവുമെന്ന് കരുതുകയും ഉരുവിട്ട്കൊണ്ടിരിക്കുകയും ചെയ്ത സിദ്ധാന്തത്തിന്റെ തകർച്ച സൃഷ്ടിച്ച

ആഘാതത്തിൽനിന്ന് അൽപമെങ്കിലും ആശ്വാസം ലഭിക്കാൻ ഈ സമാധാനപ്പെടുത്തലുകൾ സഹായകമാവുമെങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ. പക്ഷേ, വസ്തുതകൾ ഇതിൽനിന്നെല്ലാം വളരെയേറെ അകലെയാണെന്നുമാത്രം.

കമ്യൂണിസം നടപ്പാക്കാൻ ശ്രമിച്ചത് ഏതെങ്കിലും ഒരു രാജ്യമല്ലെന്ന് നമുക്കറിയാം. പന്ത്രണ്ട് രാഷ്ട്രങ്ങളിലും പന്ത്രണ്ട് രീതിയിലാണ് അത് നടപ്പാക്കാൻ ശ്രമിച്ചത്. ആ പന്ത്രണ്ട് രീതികളും തെറ്റാണെന്ന് വന്നാൽ മറ്റേത് രീതിയാണ് ഇനി മാർക്സിസം പ്രയോഗവൽക്കരിക്കാൻ അനുയോജ്യമായിത്തീരുക? മാർക്സിസത്തിൻെറ പ്രയോഗവൽക്കരണത്തിന് ലെനിൻ മുതൽ കാസ്ട്രോവരെ നൽകിയ രീതിശാസ്ത്രങ്ങളല്ലാതെ മറ്റേത് രീതിയാണ്, 'മാർക്സിസത്തിൻെറ പരാജയം സൈദ്ധാന്തികമല്ല; പ്രയോഗികമാണ് എന്ന് പറയുന്നവർക്ക് നിർദ്ദേശിക്കാനുള്ളത്? ഇല്ല- ഒരു രീതിയും നിർദ്ദേശിക്കാനില്ല. സാധിക്കുന്ന എല്ലാ രീതികളും പരീക്ഷിച്ചുനോക്കി പരാജയപ്പെട്ട് ചരിത്രത്തിൻെറ ചവറ്റുകൊട്ടയിൽ എറിയാൻ മാത്രം കൊള്ളാവുന്ന ഒരു സിദ്ധാന്തമായി മാറിയിരിക്കുന്നു മാർക്സിസം'.

സോഷ്യലിസ്റ്റ് സ്വർഗ്ഗത്തിൽ പതിറ്റാണ്ടുകളോളം ജീവിച്ച മനുഷ്യരെ മുതലാളിത്തത്തിന് ഒറ്റിക്കൊടുക്കാൻ ഒരു ഗോർബച്ചേവിനും യെൽത്സിനും സാധിച്ചുവെന്നോ? സത്യത്തിൽ കമ്യൂണിസത്തിൻെറ മരണമാഘോഷിച്ച രാജ്യങ്ങളിലൊന്നും തന്നെ ആ ആഘോഷത്തിന് കാർമ്മികത്വം വഹിച്ചത് ഭരണാധികാരികളായിരുന്നില്ല, പ്രത്യുത അവിടങ്ങളിലെ ലക്ഷക്കണക്കിന് മനുഷ്യരായിരുന്നു. മിലോസ്ജെക്ക് മുതൽ ചെഷസ്ക്യുവരെയുള്ള കമ്യൂണിസ്റ്റ് ഏകാധിപതികൾക്കെതിരെ സമരം നയിച്ചത് സാധാരണക്കാരായ ജനങ്ങളായിരുന്നു. ജനോസ്കദറെയും, എറിക്ക് ഹൊണേക്കറെയും നിഷ്കാസനം ചെയ്തത് തൊഴിലാളികളടങ്ങുന്ന സാധാരണ പൗരന്മാരായിരുന്നു. ഇവിടെയൊന്നും മുതലാളിത്തത്തിൽ ഒരു പങ്കുമാരോപിക്കാൻ പഴുതുകളില്ല. സോവിയറ്റ് യൂണിയനിലെ സ്ഥിതിയും തഥൈവ. മോചനം കൊതിക്കുന്ന മനുഷ്യമക്കളുടെ മനസ്സ് കാണാനുള്ള മനഃസ്ഥിതി പ്രകടിപ്പിക്കുകയാണ് ഗോർബച്ചേവ് ചെയ്തത്. അതുകൊണ്ടാണല്ലോ ഗോർബച്ചേവിനെ അട്ടിമറിക്കാൻ ശ്രമിച്ചവർക്ക് വെറും എഴുപത്തിരണ്ട് മണിക്കൂറിനിടക്ക് സ്ഥലം കാലിയാക്കേണ്ടി വന്നത്. നീണ്ട എഴുപത്തിമൂന്ന് വർഷക്കാലം 'സ്വർഗം' നൽകി തങ്ങളെ ഭരിച്ചു



വളർത്തിയ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിക്കാൻ സുപ്രീം സോവിയറ്റ് തീരുമാനിച്ചപ്പോൾ പ്രതിഷേധിക്കാൻ അവിടെ ആരുമില്ലാതെയിരുന്നതിൻെറ കാരണവും മറ്റൊന്നല്ല. തങ്ങളെ അടക്കി വാണിരുന്ന ഒരു വ്യവസ്ഥയെ സ്വന്തം ജീവൻ ബലിയർപ്പിച്ചും തകർക്കാൻ ഒരു നാട്ടിലെ ജനങ്ങളെല്ലാം ഒരുങ്ങിപ്പുറപ്പെട്ടാൽ അതിൻെറ അർത്ഥമെന്താണ്? ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആ തത്വശാസ്ത്രത്തിന് കഴിയില്ലെന്നുതന്നെ. മുതലാളിത്തത്തിൻെറ മുതുകത്ത് ലോകത്തിൻെറ എല്ലാ കൊള്ളരുതായ്മകളും കെട്ടിവെച്ച് ശീലിച്ചവർ, സ്വന്തം പ്രതിസന്ധിയുടെയും കാരണം മുതലാളിത്തത്തിൽ ആരോപിക്കുന്നുവെന്നത് സ്വാഭാവികം മാത്രം. 'ചൊട്ടയിലെ ശീലം ചുടലവരെ' എന്നാണല്ലോ!

ഒരുകാലത്ത് കമ്യൂണിസ്റ്റുകളുടെ ആവേശമായിരുന്നു സ്റ്റാലിൻ. മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, എന്നിവരുടെ ഫോട്ടോകൾ ഒന്നിച്ചായിരുന്നു കേരളത്തിലെ സഖാക്കളുടെ വീടുകളിൽപോലും തൂങ്ങിക്കിടന്നിരുന്നത്. ഇന്ന് എല്ലാവരും പറയുന്നു, സ്റ്റാലിൻ ക്രൂരനായിരുന്നുവെന്ന്. ദശലക്ഷക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിയ സ്റ്റാലിൻ ക്രൂരനായിരുന്നുവെന്ന സത്യം അംഗീകരിക്കപ്പെടാൻ അദ്ദേഹത്തിന് ശേഷം പതിറ്റാണ്ടുകൾതന്നെ കഴിയേണ്ടിവന്നു. സ്റ്റാലിനിസമാണ് മാർക്സിസത്തിൻെറ പ്രതിസന്ധിക്ക് കാരണമെന്ന് പറയുന്നവരോട് ഒന്ന് ചോദിക്കട്ടെ. സോവിയറ്റ് യൂണിയൻെറ ഇന്ന് കാണുന്ന പുരോഗതികളിൽ ഭൂരിഭാഗത്തിൻെറയും അടിത്തറ നിർമ്മിച്ചതാരായിരുന്നു? ഒന്നാം ലോകമഹായുദ്ധത്തോടെ തകർന്ന് തരിപ്പണമായിരുന്ന റഷ്യയെ രണ്ടാംലോകമഹായുദ്ധം കഴിഞ്ഞപ്പോഴേക്കും ശാക്തികച്ചേരികളുടെ കൂട്ടത്തിലേക്ക് കൈപിടിച്ചാനയിച്ചത് ആരായിരുന്നു? ശാസ്ത്രസാങ്കേതികരംഗങ്ങളിൽ റഷ്യയെ അമേരിക്കക്കൊപ്പം നിൽക്കാൻ പര്യാപ്തമാക്കിയതാരായിരുന്നു? ഈ ചോദ്യങ്ങൾക്കുത്തരം ജോസഫ് സ്റ്റാലിൻ എന്നാണെങ്കിൽ സ്റ്റാലിനിസം കമ്മ്യൂണിസത്തെ തകർക്കുകയാണോ, അതല്ല കമ്മ്യൂണിസം സ്റ്റാലിനിസത്തെ വളർത്തുകയാണോ ചെയ്തതെന്ന വിചിന്തനത്തിന് കമ്മ്യൂണിസ്റ്റുകൾ തയ്യാറാകേണ്ടിവരും. സ്റ്റാലിൻ കമ്മ്യൂണിസം കേടുവരുത്തിയെന്ന് പറയുന്നതിനേക്കാൾ ഉചിതം കമ്മ്യൂണിസം സ്റ്റാലിനെ ക്രൂരനാക്കിയെന്ന് പറയുന്നതാണ്. ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിൻെറ സംസ്ഥാപനത്തിനും പുരോഗ

തിക്കുമെല്ലാം, സ്റ്റാലിൻ ചെയ്ത ക്രൂരതകൾ അനിവാര്യമായിരുന്നുവെന്നുവേണം കരുതാൻ.

ഒരു കാര്യ വ്യക്തം- കമ്മ്യൂണിസത്തിൻെറ പ്രതിസന്ധി വെറും രാഷ്ട്രീയമല്ല. യൂറോപ്പിലെ പിന്നോക്ക രാഷ്ട്രങ്ങളിലൊന്നായിരുന്ന സാറിസ്റ്റ് റഷ്യയെ ലോകത്തിലെ മഹാശക്തികളിലൊന്നാക്കി മാറ്റിയതും, ശാസ്ത്രസാങ്കേതികരംഗങ്ങളിൽ അമേരിക്കയോടൊപ്പം നിൽക്കാൻ അവരെ പര്യാപ്തമാക്കിയതും, ആണവരംഗത്തെ മഹാശക്തിയായും ബഹിരാകാശഗവേഷണരംഗത്തെ മുടിചൂടാ മന്നൻമാരായും അവരെ പരിവർത്തിപ്പിച്ചതുമെല്ലാം കമ്മ്യൂണിസമായിരുന്നു. എന്നിട്ടും റഷ്യൻജനത ഒരു പാമ്പിനെ തല്ലിക്കൊന്ന് കുഴിച്ചിടുന്നതുപോലെ, കമ്മ്യൂണിസത്തെ കൊന്ന് കുഴിച്ചുമൂടി. തങ്ങളുടെ രാഷ്ട്രത്തെ ശാക്തികച്ചേരികളിലൊന്നാക്കി മാറ്റിയ മാർക്സിസ്റ്റ് സിദ്ധാന്തത്തോട് ഇത്രയും ക്രൂരമായി പെരുമാറാൻ അവരെ പ്രേരിപ്പിച്ചതെന്തായിരുന്നു? തങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ പോലും കമ്മ്യൂണിസത്തിന് കാണാൻ കഴിയുന്നില്ലെന്നതാണ് റഷ്യൻ ജനതയുടെ വേവലാതി.

അപ്പോൾ മാർക്സിസത്തിന് പറ്റിയ തെറ്റ് സൈദ്ധാന്തികമാണ്. പ്രത്യയശാസ്ത്രപരമാണ്. അതുകൊണ്ടുതന്നെ അടിസ്ഥാനപരവുമാണ്. കമ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെപ്പറ്റി അടിസ്ഥാനപരമായി മനസ്സിലാക്കുന്ന ഏതൊരു സാധാരണക്കാരനും മനസ്സിലാവും, സ്റ്റാലിനിസം മുതൽ ഇന്നുണ്ടായ പ്രതിസന്ധിവരെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിൻെറ അനിവാര്യതകളായിരുന്നുവെന്ന്.

**താത്വിക അടിസ്ഥാനങ്ങൾ:**

മാർക്സിസത്തിന് മൂന്ന് തലങ്ങളാണുള്ളത്. അതിൻെറ പ്രപഞ്ചവീക്ഷണമാണ് ഒന്നാമത്തേത്. ചരിത്രത്തെക്കുറിച്ച അതിൻെറ കാഴ്ചപ്പാടും സാമ്പത്തിക വിശകലനവുമാണ് മറ്റ് രണ്ടുതലങ്ങൾ. മാർക്സിൻെറയും ഏംഗൽസിൻെറയും കൃതികളിൽ ഈ ലേഖകന് കാണാൻ കഴിഞ്ഞിട്ടുള്ള ഏറ്റവും വലിയ സൗന്ദര്യം ഈ മൂന്ന് തലങ്ങളെയും ബന്ധിപ്പിച്ചിരിക്കുന്ന രീതിയാണ്. വളരെ ഭംഗിയായി അവരത് നിർവ്വഹിച്ചിരിക്കുന്നുവെന്ന് പറയാതിരിക്കാൻ വയ്യ. ഒന്നിൽനിന്ന് മറ്റൊന്നിനെ വേർപ്പെടുത്താൻ കഴിയാത്തവണ്ണം ഈ മൂന്ന് തലങ്ങളെയും ഒന്നിച്ചു ചേർത്താണ് അവർ വിപ്ലവ പ്രത്യയശാസ്ത്രം പണി



തിരിക്കുന്നത്. 'മാർക്സിസത്തിൻെറ ലോക വീക്ഷണത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടുതന്നെ അതിൻെറ സാമ്പത്തിക സിദ്ധാന്തത്തെ അംഗീകരിക്കുന്നവരാണ് ഞങ്ങൾ' എന്ന വിമോചന ദൈവശാസ്ത്രത്തിൻെറ വാദം അതുകൊണ്ടുതന്നെ ശുദ്ധകാപട്യമാണ്. മാർക്സിസത്തിൻെറ സാമ്പത്തിക സിദ്ധാന്തത്തെ അതിൻെറ ലോക വീക്ഷണത്തിൽനിന്ന് വേർപ്പെടുത്തി വിശകലനം ചെയ്യുക സാദ്ധ്യമല്ല.

മാർക്സിസത്തിൻെറ അടിസ്ഥാനം 'ചരിത്രപരവും വൈരുദ്ധ്യാത്മകവുമായ ഭൗതികവാദം' ആകുന്നു. ഹെഗലിൻെറ ആശയവാദത്തിൻെറയും ഫോയർബാക്കിൻെറ ഭൗതികവാദത്തിൻെറയും സമ്മിശ്രത്തിൽ നിന്നാണ് ചരിത്രപരവും വൈരുദ്ധ്യാത്മകവുമായ ഭൗതികവാദം രൂപംകൊണ്ടിട്ടുള്ളത്. അനാദിയിലേ നിലവിലുള്ള അവിഭാജ്യപരമാണുക്കളുടെ വിവിധ രീതികളിലുള്ള സമ്മിശ്രമാണ് പ്രപഞ്ചത്തിലെ വിവിധ വസ്തുക്കളുടെയും പ്രപഞ്ചത്തിൻെറ തന്നെയും ഉൽപ്പത്തിക്ക് നിദാനമായതെന്ന ക്ലാസിക്കൽ ഭൗതികവാദികളായ എപ്പിക്യൂറസിൻെറയും ഡെമോക്രാറ്റിസിൻെറയുമെല്ലാം ചിന്തകളും മാർക്സിനെ സ്വാധീനിച്ചിട്ടുണ്ട്.

ഹെഗലിൻെറ ആശവാദത്തെ ഇങ്ങനെ സംഗ്രഹിക്കാം: ചിന്ത ചലനാത്മകവും വൈരുദ്ധ്യാത്മകവുമാണ്. ഒരു വസ്തുവിനെക്കുറിച്ച് ഒരാളുടെ മനസ്സിലുണ്ടാകുന്ന ആശയം വ്യക്തമായി മനസ്സിലാകുന്നത് ആ ആശയത്തിൻെറ മറുവശംകൂടി അയാളുടെ ചിന്തക്ക് വിഷയീഭവിക്കുമ്പോഴാണ്. ചലനാത്മകമായ ചിന്തയുടെ പുരോഗതിയിലേക്കുള്ള ആരോഹണം നടക്കുന്നത് വൈരുദ്ധ്യാത്മകമായ ആശയങ്ങളുടെ സംഘട്ടനങ്ങളിലൂടെയാണ്. ഈ പ്രപഞ്ചത്തിൻെറ ഉൽപ്പത്തിക്ക് മുമ്പ് കേവലമായ ആശയം (absolute idea) മാത്രമാണുണ്ടായിരുന്നത്. ഈ കേവലമായ ആശയത്തിൻെറ നിരന്തരമായ ചലനമാണ് പ്രപഞ്ചത്തിൻെറ ഉൽപ്പത്തിക്ക് കാരണമായത്. ആശയത്തിൻെറ ഈ ചലനം വൈരുദ്ധ്യാത്മകമാണ്. എന്നും നിലനിൽക്കുന്ന ഭൗതികവസ്തു സ്വയം പരിണാമത്തിന് വിധേയമായിട്ടാണ് പ്രപഞ്ചം ഉണ്ടായതെന്ന് സിദ്ധാന്തിക്കുന്ന ക്ലാസിക്കൽ ഭൗതികവാദത്തിൽനിന്ന് വ്യത്യസ്തമായി, ആദിമാവസ്ഥയിൽ ആശയരൂപത്തിലായിരുന്ന കേവലസത്ത അതിൻെറ വിരുദ്ധ സ്വഭാവങ്ങളുടെ സംഘട്ടനങ്ങളിലൂടെ പ്രപഞ്ചമായി മാറിയെന്ന സിദ്ധാന്തമാണ് ആശയവാദം (idealism) എന്നറിയപ്പെടുന്നത്. ഈ ആശയവാദത്തിൻെറ

ആചാര്യനാണ് ഗോർഗ്‌വില്യം ഫ്രീഡ് റിക്ക് ഹെഗൽ.

ഫോയർബാക്ക് തൻെറ 'ക്രിസ്തുമതത്തിൻെറ സത്ത'[1] എന്ന പുസ്തകത്തിൽ ഹെഗലിൻെറ ആശയവാദത്തെ വിമർശിക്കുന്നുണ്ട്. ഹെഗലിയൻചിന്തയിൽ ദൈവത്തിന് കടന്നുവരാൻ പഴുതുകളുണ്ടെന്നതാണ് അദ്ദേഹത്തിൻെറ വിമർശനത്തിൻെറ സത്ത. നമ്മുടെയെല്ലാം ചിന്തക്ക് മുമ്പ് നമ്മളുണ്ടായിട്ടുണ്ട്. നാം ചിന്തയുടെ സൃഷ്ടിയല്ല. ചിന്ത നമ്മുടെ സൃഷ്ടിയാണ്. നാം പ്രപഞ്ചത്തിൻെറ ഭാഗമാണ്. പ്രപഞ്ചത്തിൻെറ ഭാഗമായ മനുഷ്യരുടെ മസ്തിഷ്കത്തിൻെറ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ആശയം രൂപംകൊള്ളുന്നത്. അപ്പോൾ ആശയമാണോ മസ്തിഷ്കമാണോ ആദ്യമുണ്ടായത്? മസ്തിഷ്കം. എന്താണ് മസ്തിഷ്കം? പദാർത്ഥത്തിൻെറ രൂപഭേദം മാത്രം. എങ്കിൽ ആശയങ്ങളാണ് ആദ്യമുണ്ടായതെന്ന് പറയുന്നതെങ്ങിനെ? ആശയങ്ങളും ചിന്തയും ബുദ്ധിയുമെല്ലാം ഭൗതികവസ്തുവിൻെറ സൃഷ്ടികളത്രെ. ഇങ്ങനെയാണ് ഫോയർബാക്ക് സമർത്ഥിക്കുന്നത്.

മാർക്സും ഏംഗൽസുമെല്ലാം ആദ്യം 'ഫോയർബാക്കിയൻ'മാരായിരുന്നു. ഇക്കാര്യം ഏംഗൽസ് തൻെറ 'ലുഡ്‌വിംഗ് ഫോയർബാക്ക്'[2] എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. പിന്നീട് ക്ലാസിക്കൽ ഭൗതികവാദത്തിൻെറതുപോലെതന്നെ ഫോയർബാക്കിയൻ ഭൗതികവാദത്തിനും അതിൻേറതായ പരിമിതികളുണ്ടെന്ന് അവർ മനസ്സിലാക്കി. പ്രകൃതിയുടെ പ്രക്രിയ തന്നെ യാന്ത്രികമാണെന്ന സങ്കൽപം ഫോയർബാക്കിൻെറ സിദ്ധാന്തത്തിൻെറയും അടിസ്ഥാനമായി വർത്തിക്കുന്നുവെന്നായിരുന്നു ഒരു ന്യൂനത. മനുഷ്യനെ മൂർത്തമായും ചരിത്രപരമായും നിർണയിക്കപ്പെട്ട സാമൂഹിക ബന്ധങ്ങളുടെയെല്ലാം ഒരു സാകല്യമായി കാണുന്നതിൽ അത് പരാജയപ്പെട്ടുവെന്നതായിരുന്നു മറ്റൊരു തകരാറ്. ലോകത്തെ വ്യഖ്യാനിക്കാൻ ശ്രമിച്ച ഫോയർബാക്കിന് ലോകത്തെ മാറ്റുന്നതെങ്ങനെയെന്ന് വിശദീകരിക്കാൻ സാധിച്ചില്ലെന്നതാണ് അദ്ദേഹത്തിൻെറ പരിമിതി. ഹെഗലിൻെറ ആശയവാദത്തെയും ഫോയർബാക്കിൻെറ ഭൗതികവാദത്തെയും സമന്വയിപ്പിച്ചുകൊണ്ട്, ചരിത്രപരവും വൈരുദ്ധ്യാത്മകവുമായ ഭൗതികവാദത്തിന് മാർക്സും ഏംഗൽസും അടിത്തറ പണിയുന്നത്

1. Ludwing Feuerbach: Essence of Christianity
2. Engels; Ludwing Feuer Bach



'ജർമ്മൻ പ്രത്യയശാസ്ത്രം'[1] എന്ന ഗ്രന്ഥത്തിലൂടെയാണ്. ഏംഗൽസിൻെറ 'ഫോയർബാക്കും ക്ലാസിക്കൽ ജർമ്മൻ തത്വചിന്തയുടെ അന്ത്യവും'[2] എന്ന പുസ്തകത്തിലും മുമ്പുണ്ടായ ഭൗതികവാദ സിദ്ധാന്തങ്ങളുടെ പരിമിതിയും വൈരുദ്ധ്യാത്മക ഭൗതികവാദത്തിൻെറ പ്രസക്തിയും വിശദമായി വിവരിക്കുന്നുണ്ട്.

ഈ പ്രപഞ്ചത്തിൻെറ അടിസ്ഥാനമായി അനാദികാലം മുതലേ നിലനിൽക്കുന്നത് ഭൗതികവസ്തു മാത്രമാണ്. ചലനമാണ് ഭൗതികവസ്തുവിൻെറ സ്വഭാവം. ഭൗതികവസ്തുവിനെ കൂടാതെയുള്ള ചലനമോ ചലനം കൂടാതെയുള്ള ഭൗതികവസ്തുവോ ഇല്ല. ചലിച്ചുകൊണ്ടിരിക്കുന്ന ഭൗതികവസ്തുവിൻെറ വൈരുദ്ധ്യാത്മകസ്വഭാവം മൂലമാണ് പ്രപഞ്ചത്തിൽ പരിണാമമുണ്ടാകുന്നത്. വിരുദ്ധശക്തികളുടെ സംഘട്ടനമാണ് പുരോഗതിക്ക് നിദാനം. ഇതിനുള്ള തെളിവ് പ്രകൃതിതന്നെയാണ്. നെൽച്ചെടി വളർന്നുവരുന്നത് അതിൻെറ വിത്തായിരിക്കുന്ന അവസ്ഥയെ നിഷേധിച്ചുകൊണ്ടാണ്. ഈ നിഷേധമാണ് വൈരുദ്ധ്യാത്മകത (dialectics). ഈ വൈരുദ്ധ്യാത്മകത ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ചംതന്നെ ഉണ്ടാകുമായിരുന്നില്ല. ദ്വന്ദാത്മകമായ ഈ അവസ്ഥകളുടെ സംഘട്ടനമാണ് പ്രപഞ്ചത്തിൻെറയും പ്രകൃതിയുടെയും പുരോഗതിക്ക് നിദാനം. ഇതാണ് വൈരുദ്ധ്യാത്മക ഭൗതികവാദത്തിൻെറ പ്രപഞ്ച വീക്ഷണം.

ചലിച്ചുകൊണ്ടിരിക്കുന്ന ഭൗതിക വസ്തുവിൻെറ[3] വൈരുദ്ധ്യാത്മക സ്വഭാവം മൂലമാണ് പ്രപഞ്ചത്തിലെ ഓരോ വസ്തുക്കളുമുണ്ടാകുന്നത്. നക്ഷത്രസഞ്ചയങ്ങളും ഗ്രഹങ്ങളുമെല്ലാം ഈ ദ്വന്ദാത്മകതയുടെ സന്തതികളത്രെ. പ്രപഞ്ചത്തിലെ ഒരൊറ്റ വസ്തുവിനും അതിൻെറ സ്വന്തമായ അസ്തിത്വമവകാശപ്പെടാൻ കഴിയില്ല. അനന്തമായ നക്ഷത്രസമൂഹങ്ങളിലൊന്നായ ക്ഷീരപഥത്തിലെ ഒരംഗമാണ് സൂര്യനെന്ന് നമുക്കറിയാം. നക്ഷത്രസമൂഹത്തിൽനിന്ന് വ്യത്യസ്തമായ ഒരു അസ്തിത്വം സൂര്യനുണ്ടോ? ഇല്ല തന്നെ; സൂര്യൻെറ വിലാസം നിർണ്ണയിക്കുന്നത് അതുൾക്കൊള്ളുന്ന നക്ഷത്രസമൂഹമാണ്. സൂര്യനെ പരിക്രമണം ചെയ്യുന്ന അനേകം ഗ്രഹങ്ങളി

1. Marx, Engels: The German Ideology
2. Engels: Feurbach and the end of the Classical German Philosophy
3. മാക്സ് തൻ്റെ കൃതികളിൽ പറയുന്ന പദാർത്ഥ സങ്കൽപവും ആധുനിക പദാർത്ഥ സങ്കൽപവും തമ്മിൽ അനൽപ്പമായ അന്തരങ്ങളുള്ളതിനാലാണ് മാർക്സിൻെറ matter ന് ഭൗതികവസ്തുവെന്ന പരിഭാഷ ഈ ലേഖകൻ നൽകുന്നത്.

ലൊന്നായ ഭൂമിയുടെ അസ്തിത്വം തന്നെ സൗരയൂഥത്തിലെ ഒരു അംഗമെന്നതാണ്. അപ്പോൾ ഭൂമിയിലെ വസ്തുക്കളുടെ വിലാസമോ? അനന്ത വിശാലമായ ഈ പ്രപഞ്ചത്തിലെ അനേകായിരം നക്ഷത്രസമൂഹങ്ങളിലൊന്നിലെ ഒരംഗം മാത്രമായ സൂര്യനുചുറ്റും പരിക്രമണം ചെയ്തുകൊണ്ടിരിക്കുന്ന അനവധി ഗ്രഹങ്ങളിലൊന്നിലെ വസ്തുക്കൾ എന്ന വിലാസം മാത്രം. അപ്പോൾ ഭൂമിയിലെ വസ്തുക്കൾക്ക് പ്രപഞ്ചത്തിൻെറ പൊതുവായ നിയമം ബാധകമല്ലെന്നുവരുമോ? ഒരിക്കലുമില്ല. പ്രപഞ്ചത്തിൻെറ വികാസപരിണാമങ്ങൾക്ക് നിദാനമായ നിയമം വൈരുദ്ധ്യങ്ങളുടെ സംഘട്ടനങ്ങളാണെങ്കിൽ ഭൂമിയിലും അതേ നിയമങ്ങൾ തന്നെയായിരിക്കണം നിലനിൽക്കുന്നത്.

അപ്പോൾ ജീവജാലങ്ങളുടെ അവസ്ഥയോ? ജീവികൾക്ക് പദാർത്ഥത്തിന്നതീതമായ അസ്ഥിത്വമുണ്ടോ? എങ്ങനെ ഉണ്ടാകാനാണ്? പദാർത്ഥത്തിൻെറ വൈരുദ്ധ്യാത്മകതയിൽ നിന്ന് ഏതോ ഒരു നിമിഷത്തിൽ ഉരുത്തിരിഞ്ഞ, പാദാർത്ഥികമായ സ്വഭാവങ്ങൾ മാത്രമുള്ള ഒരു ഉണ്മയാണ് ജീവൻ. ജീവികളിലുണ്ടായ പരിണാമത്തിൻെറയും അടിസ്ഥാനനിയമം വൈരുദ്ധ്യാത്മകത തന്നെയായിരുന്നു. ഇങ്ങനെയുള്ള പതിനായിരക്കണക്കിന് ജീവജാലങ്ങളിൽ ഒന്നുമാത്രമാണ് മനുഷ്യൻ.

മനുഷ്യൻെറ മേൽവിലാസം ഇത്രമാത്രമാണ്: വൈരുദ്ധ്യങ്ങളുടെ സംഘട്ടനങ്ങളിലൂടെയുള്ള പരസ്പരബന്ധത്തിൽ നിലനിൽക്കുന്ന പ്രപഞ്ചത്തിലെ അൽപം പുരോഗമിച്ച ഘടനയുള്ള ഒരു പദാർത്ഥരൂപം. അപ്പോൾപിന്നെ പദാർത്ഥത്തിൻെറ പൊതുവായ നിയമങ്ങൾ മനുഷ്യനുമാത്രം ബാധകമാകാതിരിക്കുന്നതെങ്ങനെ? മനുഷ്യസമൂഹത്തിൻെറ പുരോഗതിയും വളർച്ചയുമെല്ലാം പദാർത്ഥത്തിൻെറ വൈരുദ്ധ്യാത്മകതയുടെ വിശദീകരണത്തിന് വഴങ്ങുന്നതാണ്. മനുഷ്യൻെറ സാംസ്ക്കാരിക പുരോഗതിക്ക് നിദാനമായ നിയമങ്ങളേതാണോ അതുതന്നെയാണ് പ്രപഞ്ചത്തിൻെറ ഉൽപ്പത്തിക്കും ജീവജാലങ്ങളുടെ പരിണാമത്തിനുമെല്ലാം നിമിത്തമായിരിക്കുന്നത്.

ഇവിടെനിന്നാണ് മാർക്സിൻെറ സിദ്ധാന്തം ചരിത്രത്തിലേക്ക് കടക്കുന്നത്. "ലോകചരിത്രം വർഗ്ഗസമരത്തിൻെറ ചരിത്രമാണ്" എന്ന് പറഞ്ഞുകൊണ്ട് തുടങ്ങുന്ന കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയെ തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിൻെറ ഇന്നത്തെ രീതിയിലുള്ള പു



രോഗമനത്തിൻെറയും, കൊളോണിയലിസ്റ്റ് നുകം വലിച്ചെറിഞ്ഞ ജനതകളുടെ സമരോൽസാഹത്തിൻെറയും നിമിത്തമായിട്ടാണ് ബോറിസ് പുർട്ടിൻെറ 'രാഷ്ട്രീയ സംജ്ഞാകോശം' പരിചയപ്പെടുത്തുന്നത്. ഈ പദങ്ങൾ പറയുമ്പോൾ മാർക്സ് വിവക്ഷിക്കുന്നത് പദാർത്ഥത്തിൻെറ പുരോഗമനത്തിൽ അദ്ദേഹം കണ്ടെത്തിയ വൈരുദ്ധ്യങ്ങളുടെ സംഘട്ടനംതന്നെയാണ് ചരിത്രത്തെയും നയിക്കുന്ന നിയമവുമെന്നാണ്.

മനുഷ്യൻെറ ബന്ധങ്ങളെക്കുറിച്ച പഠനമാണ് ചരിത്രം. വർഗ്ഗസമരങ്ങളാണ് ചരിത്രത്തിൻെറ ഗതികളും ഗതിമാറ്റങ്ങളും നിയന്ത്രിക്കുന്നത്. വർഗ്ഗസമരത്തിൻെറ ചാലകശക്തി ഉൽപാദന ബന്ധങ്ങളിലുള്ള മാറ്റങ്ങളാണ്. പ്രകൃതിയുമായുള്ള മനുഷ്യൻെറ ബന്ധം അവൻെറ ആദികാലം മുതൽക്കുതന്നെയുണ്ട്. അത് അവൻെറ നിലനിൽപ്പിന് അനിവാര്യമാണ്. പ്രകൃതിയുമായി മനുഷ്യൻ ബന്ധപ്പെടുന്ന രീതിക്ക് (forces of production) മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. രീതികളിലുണ്ടാവുന്ന പരിവർത്തനങ്ങൾക്കനുസരിച്ച് സമൂഹത്തിൻെറ ഉൽപ്പാദനാവസ്ഥകളിൽ (modes of production) മാറ്റങ്ങളുണ്ടാവുന്നു. ഈ രണ്ട് മാറ്റങ്ങളും വ്യക്തികളും സമൂഹവും തമ്മിലുള്ള ബന്ധങ്ങളിൽ മാറ്റങ്ങളുണ്ടാക്കി. അത് ചരിത്രത്തെ പരിവർത്തിപ്പിച്ചു. ഉൽപാദനശക്തികളും ഉൽപാദനബന്ധനങ്ങളുമാണ് ഉൽപാദന രീതിയെ നിർണ്ണയിക്കുന്നത്. ഈ ഉൽപാദനരീതി (mode of production) യാണ് ചരിത്രത്തെ മുന്നോട്ട് നയിക്കുന്നത്. ഉൽപാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങൾക്കുള്ള കാരണം പ്രകൃതിയുടെ അടിസ്ഥാനനിയമമായ വൈരുദ്ധ്യാത്മകത തന്നെയാണ്. ഇതാണ് ചരിത്രപരമായ ഭൗതികവാദത്തിൻെറ ചുരുക്കം.

ചരിത്രഗതിക്ക് അഞ്ച് ഘട്ടങ്ങളാണുള്ളത്. പ്രാകൃത കമ്മ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നിങ്ങനെ അഞ്ച് ഘട്ടങ്ങൾ. പ്രാകൃത കമ്മ്യൂണിസം മൃഗത്തിൽനിന്നുള്ള മനുഷ്യ പരിണാമത്തിന് ശേഷമുള്ള പ്രഥമഘട്ടമായിരുന്നു. അന്ന് അവനും പ്രകൃതിയുടെ ഭാഗമായിരുന്നു. വ്യക്തിയെന്ന നിലയ്ക്കുള്ള നിലനിൽപ്പോ അസ്തിത്വമോ അവനുണ്ടായിരുന്നില്ല. മനുഷ്യസമൂഹം മാത്രമായിരുന്നു നിലനിന്നിരുന്നത്. ആ അവസ്ഥയിൽ കുടുംബമോ സ്വകാര്യസ്വത്തോ മതമോ സദാചാരമൂല്യങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. ഉപജീവനത്തിന് വേണ്ടിയുള്ള മാർഗ്ഗം തേടി യാത്ര

യായിരുന്നത് സമൂഹങ്ങളായിരുന്നു. അങ്ങനെ ആദ്യമായി അവൻ ഭക്ഷണസമ്പാദനം എളുപ്പമാക്കാനുള്ള ഉപകരണങ്ങൾ കണ്ടുപിടിച്ചു. അത് കണ്ടുപിടിച്ച വ്യക്തികൾ കൂടുതൽ സമ്പാദിക്കാൻ തുടങ്ങി. ഉദാഹരണത്തിന്, വേട്ടയാടിക്കൊണ്ടിരുന്ന മനുഷ്യസമൂഹത്തിൽ ഒരു വ്യക്തി യാദൃച്ഛികമായി ഒരു മാൻപേട കുഴിയിൽ വീണുകിടക്കുന്നതായി കാണുന്നു. മൃഗത്തിൻെറ പിന്നാലെ ഓടിപ്പിടിച്ച് അവയെ ഭക്ഷിക്കുന്നതിനേക്കാൾ എളുപ്പം കുഴികുഴിച്ച് അതിൽ ചാടുന്ന മൃഗങ്ങളെ കൊന്ന് ഭക്ഷിക്കുകയാണെന്ന് അവൻ കണ്ടുപിടിക്കുന്നു. പുതിയ മാർഗ്ഗത്തിലൂടെ വേട്ടയാടാനാരംഭിക്കുന്ന അവന്ന് സമൂഹത്തിലെ മറ്റ് അംഗങ്ങൾക്ക് ലഭിക്കുന്നതിനേക്കാളധികം ഉൽപ്പാദനം ലഭിച്ചുതുടങ്ങുന്നു. ഉൽപ്പാദന ഉപകരണത്തിലുണ്ടായ ഈ ചെറിയ മാറ്റം സമൂഹത്തിൻെറ സന്തുലിതാവസ്ഥയെ തെറ്റിക്കുന്നു. അത് ചില വ്യക്തികൾക്ക് അവർക്ക് ആവശ്യമുള്ളതിലധികം ഉൽപ്പന്നം ലഭിക്കാൻ കാരണമാക്കി. അപ്പോൾ അവിടെ ഉൽപ്പന്നം മിച്ചം വരുന്ന അവസ്ഥയുണ്ടായി. മിച്ചം വന്നവർ മിച്ചം വരാത്തവരുടെ തൊഴിൽ വിലക്കുവാങ്ങി. അങ്ങനെ പണിയും കൂലിയും ഉണ്ടായി. തൊഴിൽ വിലക്ക് വാങ്ങിയവർ ഉടമകളും വിറ്റവർ അടിമകളുമായി മാറി. പ്രാകൃത കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയുടെ ഇത്തരം ആന്തരിക വൈരുദ്ധ്യങ്ങളുടെ സംഘട്ടനത്തിൽനിന്ന് അടുത്ത വ്യവസ്ഥിതി നിലവിൽവന്നു-അടിമത്തം.

അടിമത്ത കാലഘട്ടത്തിൽ യജമാനൻെറ ഉദ്ദേശ്യം തൻെറ മിച്ചമുള്ള ഉൽപ്പന്നം കൊടുത്ത് അടിമയുടെ അടുത്തുനിന്ന് പരമാവധി തൊഴിൽ ചൂഷണം ചെയ്യുകയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയുമാണ്. അടിമയുടെ ലക്ഷ്യമാകട്ടെ, തൻെറ തൊഴിൽ വിറ്റ് പരമാവധി വേതനം ലഭ്യമാക്കണമെന്നതും. പരമാവധി ലാഭിക്കണമെന്ന ഉദ്ദേശ്യത്തോടെ ചെയ്യുന്ന രണ്ടുപേരുടെയും പ്രവർത്തനങ്ങൾ പരസ്പരവിരുദ്ധങ്ങളാണ്. ഇത് അടിമ-ഉടമ സംഘട്ടനത്തിലേക്ക് നയിക്കുന്നു. ഇതാണ് വർഗ്ഗസമരത്തിൻെറ പ്രഥമഘട്ടം. സംഘട്ടനം മുറുകുമ്പോൾ യജമാനൻ തൻെറ ചൂഷണം നിലനിർത്താൻ സമൂഹത്തിലെ കങ്കാണിമാരുടേതായ ഒരു സംഘമുണ്ടാക്കും. ഇതാണ് ഭരണകൂടത്തിൻെറ പ്രാഥമികരൂപം. ഭരണകൂടമുപയോഗിച്ച് അടിമകളെ അടിച്ചമർത്താനൊരുങ്ങുന്ന ഉടമകൾക്കെതിരെ അടിമകൾ സംഘടിച്ചു. അവർ യജമാനനെതിരെ സമരം ചെയ്യാൻ ഒരുങ്ങുമ്പോൾ



അതിൽനിന്ന് അവരെ പിൻതിരിപ്പിക്കുന്ന വിവിധ ഘടകങ്ങളാണ് മതം, സദാചാരം തുടങ്ങിയവ. ഇവ അടിമക്ക് അമിതവാഗ്ദാനങ്ങൾ നൽകി അവനെ ചങ്ങലക്കെട്ടുകളിൽനിന്ന് മുക്തി നേടുന്നതിൽനിന്ന് തടഞ്ഞുനിർത്തുകയാണ് ചെയ്തത്. സമൂഹത്തിലെ വൈരുദ്ധ്യങ്ങളുടെ സംഘട്ടനത്തോടൊപ്പംതന്നെ ഉൽപാദന ഉപകരണങ്ങളിലും മാറ്റങ്ങളുണ്ടായി. കൃഷിസ്ഥലങ്ങളുടെയും അടിമകളുടെയും എണ്ണം വർദ്ധിച്ചു. ഒരു യജമാനന് തന്നെ ഒട്ടനവധി അടിമകളെ സൂക്ഷിക്കുക ദുഷ്ക്കരമായിത്തീർന്നു. അടിമകളുടെ മുന്നേറ്റം തടയാൻ അവരെ ഭിന്നിപ്പിക്കുകയും യജമാനന്മാരുടെ ആവശ്യമായിരുന്നു. മേച്ചിൽ സ്ഥലങ്ങളുടെ വ്യാപ്തിയിലുള്ള വർദ്ധനവ് ഭരണകൂടത്തിന് മുന്നിലും പ്രശ്നമായി മാറി. ഇതാണ് ജന്മി-കുടിയാൻ വ്യവസ്ഥയ്ക്ക് നിദാനമായത്. ഈ വ്യവസ്ഥിതിയാണ് ഫ്യൂഡലിസം.

പ്രഭുവും കുടിയാനും തമ്മിലുള്ള സംഘട്ടനം ഫ്യൂഡലിസ്റ്റ് കാലഘട്ടത്തിലും തുടരുകയാണ്. കുടിയാന്മാരുടെ കയ്യിൽനിന്ന് പരമാവധി ഉൽപാദനം ലഭ്യമാക്കണമെന്ന് കരുതുന്ന ജന്മിത്വമനോഭാവവും പ്രഭുവിൻെറ കയ്യിൽ നിന്ന് കൂടുതൽ കൂലി വാങ്ങണമെന്ന കുടിയാൻെറ വിചാരവുമാണ് ഈ ഘട്ടത്തിൽ സംഘട്ടനത്തിലേർപ്പെടുന്ന വിരുദ്ധഭാവങ്ങൾ. ഓരോ പ്രഭുവിൻെറയും കോട്ടകൾ സ്വയം പര്യാപ്തങ്ങളായിരുന്നു. അവർക്കാവശ്യമുള്ള വസ്തുക്കളെല്ലാം കോട്ടക്കുള്ളിൽവെച്ചുതന്നെ ഉൽപാദിപ്പിക്കപ്പെട്ടിരുന്നു. യന്ത്രങ്ങളുടെ ആഗമനം ഈ അവസ്ഥയെ മാറ്റിമറിച്ചു. ഉൽപാദനത്തിലുള്ള വർദ്ധനവും അതോടനുബന്ധിച്ചുണ്ടായ ഉൽപന്നങ്ങളുടെ വിലയിടിവും കോട്ടകളെ പുതിയ ഒരു പ്രതിസന്ധിയിലേക്ക് നയിച്ചു. ഉൽപ്പന്നങ്ങൾ, കോട്ടയിലെ ആവശ്യത്തിലധികമായപ്പോൾ അടുത്ത കോട്ടയിൽ കൊണ്ടുചെന്ന് വിൽക്കാൻ പ്രഭുക്കൾ നിർബന്ധിതരായി. ഇത് ചില കോട്ടകളിൽ തൊഴിൽ മാന്ദ്യം സൃഷ്ടിച്ചു. ഇത് പ്രഭുക്കൾ തമ്മിലുള്ള സംഘട്ടനത്തിലേക്ക് നയിച്ചു. ഈ സംഘട്ടനത്തിൽനിന്ന് മറ്റൊരു പുതിയ വർഗ്ഗം രൂപംകൊണ്ടു. യന്ത്രങ്ങൾ കൈവശമുള്ളവരുടെ വർഗ്ഗം-അതോടൊപ്പം തന്നെ മറ്റൊരു വർഗ്ഗവും ജന്മംകൊണ്ടു. യന്ത്രങ്ങൾ കൈവശമില്ലാത്ത, തൊഴിൽമാത്രം വിൽക്കാൻ കഴിയുന്നവരുടെ വർഗ്ഗം-അവിടെ പുതിയ ഒരു വ്യവസ്ഥിതി രൂപംകൊള്ളുകയായിരുന്നു- മുതലാളിത്തം.

തങ്ങൾ ഉൽപാദിപ്പിച്ചത് പരിപൂർണ്ണമായും തങ്ങൾക്കുതന്നെ കിട്ട

ണമെന്ന തൊഴിലാളികളുടെ ആഗ്രഹവും തൊഴിലാളികളെ പരമാവധി ചൂഷണം ചെയ്യണമെന്ന മുതലാളിയുടെ ലക്ഷ്യവും തമ്മിലുള്ള സംഘട്ടനമാണ് മുതലാളിത്തഘട്ടത്തിൽ നടക്കുന്നത്. മുതലാളിത്ത വ്യവസ്ഥതിയിൽ ഒരൊറ്റ ഫാക്ടറിക്ക് കീഴിൽ തന്നെ ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ആശയവിനിമയത്തിനും സംഘടിതശക്തിയുടെ രൂപീകരണത്തിനും ഇത് കാരണമാകും. ഉൽപ്പാദനോപകരണങ്ങളുടെ മാറ്റത്തിനനുസൃതമായി, കമ്പോളത്തിൽ പിടിച്ചുനിൽക്കണമെങ്കിൽ വിവിധങ്ങളായ തന്ത്രങ്ങൾ പയറ്റണമെന്ന് മുതലാളിമാർ മനസ്സിലാക്കുന്നു. പുതിയ യന്ത്രങ്ങളുടെ കണ്ടുപിടുത്തം 'തൊഴിലില്ലായ്മ' സൃഷ്ടിക്കുന്നു. നിലവിലുള്ള തൊഴിലാളികൾക്കുതന്നെ വേതനം കുറക്കാൻ മുതലാളി മുതിരും. തൊഴിലില്ലായ്മയും കുറയുന്ന കൂലിയും നിമിത്തം കഷ്ടപ്പാടിന്റെ അങ്ങേയറ്റത്തെത്തുന്ന തൊഴിലാളികൾ സംഘടിച്ച് വ്യാവസായിക സന്നദ്ധസേനക്ക് (industrial reserve army) രൂപം നൽകും. തൊഴിലാളി മുതലാളി-സംഘട്ടനങ്ങൾ നടക്കും. അതോടൊപ്പംതന്നെ മുതലാളിത്ത മേഖലയിൽ മറ്റൊരു പ്രതിസന്ധികൂടി രൂപംകൊള്ളും. തൊഴിലാളിക്ക് കൂലി കുറവായതിനാൽ ഫാക്ടറികളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ വാങ്ങാൻ അവർക്ക് സാധ്യമല്ലാതാവുകയും അതുകൊണ്ടുതന്നെ ഉൽപന്നങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ സംജാതമാവുകയും ചെയ്യും. ഇത് മുതലാളിമാരുടെ ലാഭം കുറയ്ക്കുകയും വ്യവസ്ഥിതിയുടെ ദുർബ്ബലാവസ്ഥക്ക് കാരണമാവുകയും ചെയ്യും. ഇത് തൊഴിലാളി വിപ്ലവത്തിന് അനുകൂലമായ അവസ്ഥ സൃഷ്ടിക്കും. അവർ ബലം പ്രയോഗിച്ച് ഭരണകൂടത്തെ അട്ടിമറിച്ച് തൊഴിലാളികളുടേതായ ഭരണകൂടം സ്ഥാപിക്കും. അത് മറ്റൊരു വ്യവസ്ഥിതിയുടെ തുടക്കമാണ്- സോഷ്യലിസം.

തൊഴിലാളിവർഗ്ഗ പ്രതിനിധികൾ തൊഴിലാളിവർഗ്ഗത്തിനുവേണ്ടി അധികാരം പിടിച്ചടക്കുന്നതോടുകൂടിയാണ് സോഷ്യലിസ്റ്റ് വ്യവസ്ഥിതി ആരംഭിക്കുന്നത്. സ്റ്റേറ്റ് എല്ലാ ഉൽപാദന ഉപകരണങ്ങളുടെയും ഉടമസ്ഥാവകാശം ഏറ്റെടുക്കും. ഈ അവസ്ഥയിൽ ഉൽപാദന ഉപകരണങ്ങളുടെ അവകാശികൾ പ്രതിഷേധത്തിന് മുതിർന്നാൽ അവരെ തൊഴിലാളിവർഗ്ഗ ഭരണകൂടം അടിച്ചമർത്തും. കൃഷിഭൂമികളും ഉൽപാദനോപകരണങ്ങളും വാർത്താമാധ്യമങ്ങളും ഫാക്



ടറികളും ബാങ്കുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമെല്ലാം തൊഴിലാളി വർഗ്ഗാധിപത്യത്തിന് കീഴിൽവരും. ഈ മാർഗ്ഗത്തിൽ തടസമായി നിൽക്കുന്നവരെ സമൂഹത്തിനുവേണ്ടി സ്റ്റേറ്റ് നശിപ്പിക്കും. തൊഴിലാളിക്ക് അവന് ജീവിക്കുവാൻ ആവശ്യമുള്ള കൂലിമാത്രം കൊടുക്കും. അവന് തൊഴിലാളിയെന്ന നിലയ്ക്ക് ജീവിക്കാൻ ആവശ്യമായതുകിഴിച്ച് ബാക്കിയെല്ലാം ഗവൺമെന്റ് പിടിച്ചെടുത്ത് തൊഴിലാളി രാഷ്ട്രത്തിനുവേണ്ടി വിനിയോഗിക്കും. സ്വകാര്യസ്വത്ത് പൂർണ്ണമായി ഇല്ലാതാകുന്നതോടെ മനുഷ്യനിലെ സ്വാർത്ഥത അവസാനിക്കും. അങ്ങനെ സ്വാർത്ഥതയുടെ ഉൽപന്നങ്ങളായ കുറ്റകൃത്യങ്ങളും ചൂഷണങ്ങളും അവസാനിക്കും. അപ്പോൾ ഭരണകൂടം താനെ പൊഴിഞ്ഞുപോകും. അല്ലെങ്കിൽ, ഭരണകൂടത്തിന്റെ പ്രസക്തി നഷ്ടപ്പെടും. കാരണം, ജനങ്ങൾ ഉയർന്ന ധാർമ്മികനിലവാരവും ഉൽബുദ്ധതയുമുള്ളവരായിത്തീരും. സാമൂഹികമായ ഉൽപാദനം നടക്കും. അതിന്റെ വികാസനിലവാരം നിമിത്തം ഓരോരുത്തരിൽനിന്നും അവരവരുടെ കഴിവിന്നനുസരിച്ച്, ഓരോരുത്തർക്കും അവരുടെ ആവശ്യങ്ങൾക്കനുസരിച്ച്, എന്ന കമ്മ്യൂണിസത്തിന്റെ മൗലിക പ്രമാണം രൂപം കൊള്ളും. മാനവ സംസ്കാരത്തിന്റെ ഏറ്റവും ഉന്നതമായ രൂപത്തിൽ മനുഷ്യർ അന്ന് എത്തിച്ചേരും. സുന്ദരമായ പുതിയ വ്യവസ്ഥിതി. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരുമില്ലാത്ത വ്യവസ്ഥിതി-അതാണ് കമ്മ്യൂണിസം.

ഇതാണ് ചരിത്രപരമായ ഭൗതികവാദത്തിന്റെ സംക്ഷിപ്ത രൂപം. കമ്മ്യൂണിസത്തിന് ശേഷം എന്താണെന്ന ചോദ്യത്തിന് മാർക്സോ ഏംഗൽസോ മറുപടിയൊന്നും പറയുന്നില്ല. മാനവചരിത്രം വൈരുദ്ധ്യങ്ങളുടെ സംഘട്ടനങ്ങളിലൂടെ പുരോഗമിക്കുന്നുവെങ്കിൽ കമ്മ്യൂണിസത്തിന് ശേഷവും ചരിത്രത്തിന്റെ വൈരുദ്ധ്യാത്മക സ്വഭാവം നിലനിൽക്കുകയും പുതിയ മാറ്റങ്ങൾക്ക് അവ നിമിത്തമാവുകയും ചെയ്യണമല്ലോ. മാർക്സിസ്റ്റ് ചരിത്രവ്യാഖ്യാനപ്രകാരമുള്ള ചരിത്രഘട്ടങ്ങൾ വീണ്ടും ആവർത്തിക്കപ്പെടുമോ, അതല്ല ചരിത്രത്തിന്റെ വികാസംതന്നെ നിന്നുപോകുമോ അതുമല്ല പ്രപഞ്ചം തന്നെ മാറ്റത്തിന് സ്വയം വിധേയമാകുമോ എന്നൊന്നും തന്നെ മാർക്സിസ്റ്റ് സൈദ്ധാന്തികർ പറഞ്ഞുവെച്ചിട്ടില്ല. ആധുനിക ചിന്തകരായ ഷൊളോം ഗെർമേനെപ്പോലെയുള്ളവർ, രാഷ്ട്രീയ വിപ്ലവങ്ങളുടെ അനിവാര്യതയില്ലാതെയാവുന്ന കമ്മ്യൂണിസ്റ്റ് സമുദായ

ത്തിൽ രാഷ്ട്രീയത്തിലോ വ്യവസ്ഥകളിലോ മാറ്റങ്ങളൊന്നുമുണ്ടാവുകയില്ലെങ്കിലും സാമൂഹിക വികാസവും വളർച്ചയുമുണ്ടാവുമെന്ന് വിശദീകരിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ വിശദീകരണം അദ്ദേഹത്തെപ്പോലും സംതൃപ്തനാക്കുന്നതല്ലെന്നതാണ് വാസ്തവം.

**സൈദ്ധാന്തിക വൈകല്യങ്ങൾ:**

കമ്മ്യൂണിസത്തിൻെറ ഒന്നാമത്തെ തെറ്റ് അതിൻെറ ലോകവീക്ഷണമാണ്. വിരുദ്ധഭാവങ്ങളുടെ സംഘട്ടനങ്ങളിലാണ് പദാർത്ഥത്തിൻെറ നിലനിൽപ്പെന്ന് വാദിച്ച മാർക്സ് പ്രപഞ്ചത്തിൻെറ നിയമങ്ങൾക്കുപിന്നിൽ പദാർത്ഥാതീതമായ ഒരു ശക്തിയുണ്ടായിരിക്കാനുള്ള സാധ്യതയെ പൂർണ്ണമായും നിഷേധിക്കുകയായിരുന്നു.

സ്രഷ്ടാവിനെ നിഷേധിക്കാനായി സിദ്ധാന്തങ്ങൾ പണിത മാർക്സ് 'ദൈവത്തേക്കാൾ ബുദ്ധി'യുള്ള വസ്തുവായി പദാർത്ഥത്തെ സങ്കൽപ്പിച്ചു. പദാർത്ഥത്തിന് അതിൻെറ വൈരുദ്ധ്യങ്ങളിലൂടെ സ്വയം പുരോഗമിക്കാനാകുമെന്ന് അദ്ദേഹം വിശദീകരിച്ചു. തികച്ചും അന്ധമായി, ബുദ്ധിയില്ലാത്ത പദാർത്ഥത്തിൽ ദൈവത്തിൻെറ ഗുണങ്ങൾ ആരോപിച്ചു.

ദൈവത്തിന് പകരം നിൽക്കാനായി പദാർത്ഥത്തെ സജ്ജമാക്കാൻ വേണ്ടി പടച്ചെടുത്ത വൈരുദ്ധ്യാത്മക ഭൗതികവാദം യഥാർത്ഥത്തിൽ പരമാബദ്ധമാണ്. പ്രപഞ്ചത്തിൻെറ നിലനിൽപ്പ് തന്നെ വൈരുദ്ധ്യങ്ങളുടെ സംഘട്ടനത്തിലാണെന്ന വാദം മാർക്സ് ഉപയോഗിച്ചിരിക്കുന്ന ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ തന്നെ ഖണ്ഡിക്കാനാകും. ബാർലി വിത്ത് അതിൻെറ സ്വയം നിഷേധത്തിലൂടെ ബാർലി ചെടിയായി മാറുമ്പോൾ വൈരുദ്ധ്യങ്ങളുടെ സംഘട്ടനമല്ല നടക്കുന്നത്; പ്രത്യുത ബാർലി വിത്തിൻെറ പൂർണ്ണതയിലേക്കുള്ള പ്രയാണമാകുന്നു. ഇവിടെ ബാർലി വിത്ത് സ്വയം നിഷേധിക്കപ്പെടാനും ബാർലി വിത്തായി നിലനിൽക്കാനുമുള്ള വിരുദ്ധ താൽപര്യങ്ങളുടെ സംഘട്ടനം തന്നെ നടക്കുന്നില്ല. മറ്റൊരു ഉദാഹരണമായ പൂവിൻെറയും കായയുടെയും അവസ്ഥയും ഇതുതന്നെയാണ്. ആറ്റത്തിൻെറ ആന്തരിക ഘടനയെകുറിച്ച സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടപ്പോൾ, മാർക്സിസ്റ്റ് തത്വശാസ്ത്രത്തിനുള്ള അംഗീകാരമായി അണുവിനുള്ളിലെ ഇലക്ട്രോൺ-പ്രോട്ടോൺ വിന്യാസം വിശദീകരിക്കപ്പെടുകയുണ്ടായി. പക്ഷേ, ഇലക്ട്രോണും പ്രോട്ടോ



ണും വിരുദ്ധ ഭാവങ്ങളുള്ള കണികകളെന്ന വിശേഷണത്തെക്കാളധികം ഇണകളെന്ന വിശേഷണമാണ് അർഹിക്കുന്നതെന്ന് ഇന്ന് നമുക്കറിയാം. പ്രപഞ്ചത്തിലെ ചെറുകണിക മുതൽ നക്ഷത്രജാലങ്ങൾ വരെയുള്ളവയുടെ നിലനിൽപ് പരസ്പരമുള്ള സംഘട്ടനത്തിലൂടെയല്ല, പ്രത്യുത അവ തമ്മിലുള്ള പാരസ്പര്യത്തിലൂടെയാണെന്ന് ജ്യോതിശാസ്ത്രത്തിൻെറ ബാലപാഠമെങ്കിലും പഠിച്ചാൽ മനസ്സിലാകും. യഥാർത്ഥത്തിൽ മാർക്സിന് പറ്റിയ പ്രധാന തെറ്റ് ഇതുതന്നെയായിരുന്നു. വർഗ്ഗസംഘട്ടനത്തിലധിഷ്ഠിതമായ രാഷ്ട്രീയ മോചന സിദ്ധാന്തത്തിൻെറ നിർമ്മിതിക്കുവേണ്ടി ചരിത്രത്തിലുടനീളം വർഗ്ഗ സംഘട്ടനങ്ങൾ കണ്ടെത്തുകയും ഇത് പ്രകൃതിയുടെ പൊതു സ്വഭാവമാണെന്ന് വരുത്തിത്തീർക്കുകയും ചെയ്യാൻ ശ്രമിച്ചുവെന്ന തെറ്റ്.

സൂക്ഷ്മപ്രപഞ്ചം മുതൽ സ്ഥൂലപ്രപഞ്ചം വരെയുള്ള എല്ലാറ്റിലും കണ്ടെത്തിയ അതേ വൈരുദ്ധ്യംതന്നെ ചരിത്രത്തിലും പ്രയോഗിക്കാൻ ശ്രമിച്ചതാണ് മാർക്സിന് പറ്റിയ രണ്ടാമത്തെ തെറ്റ്. ചരിത്രം സൃഷ്ടിക്കുന്നവനാണ് മനുഷ്യൻ എന്ന് പറഞ്ഞുവെച്ച മാർക്സിന് എന്തുകൊണ്ടവൻ ചരിത്രം സൃഷ്ടിക്കുന്നുവെന്ന് പറയാൻ സാധിച്ചില്ല. ഇവിടെ മാർക്സിന് രണ്ടുതരം അബദ്ധങ്ങളാണ് പിണഞ്ഞത്. ഒന്ന്, മനുഷ്യനെ പദാർത്ഥത്തിൽനിന്ന് വ്യത്യസ്തമായ ഏതെങ്കിലും രൂപത്തിലുള്ള ഒരു അസ്തിത്വമുള്ളവനായി കാണാൻ കഴിഞ്ഞില്ല. രണ്ട്, ചരിത്രത്തെ അതിനില്ലാത്ത ഒരു ഗണനാക്രമം അനുസരിച്ച് വ്യാഖ്യാനിച്ചു. അതുകൊണ്ടുതന്നെ അതിനില്ലാത്ത 'കമ്മ്യൂണിസം' എന്ന ഒരു ഭാവി വ്യവസ്ഥയെ അദ്ദേഹം പ്രവചിച്ചു. ഭൂമിയിൽ ഒരിക്കലും ഉണ്ടാൻ സാധ്യമല്ലാത്ത ഒരു 'ഉട്ടോപ്പിയ' മാത്രമാണ് കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയെന്ന് ഇന്ന് എല്ലാവർക്കുമറിയാം.

വൈരുദ്ധ്യാത്മക ചരിത്രവിശകലനം അബദ്ധമാണെന്നതിന് റഷ്യയിൽ നടന്ന ഒക്ടോബർ വിപ്ലവം തന്നെ തെളിവാണ്. ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയിൽ കഴിഞ്ഞിരുന്ന സാറിസ്റ്റ് റഷ്യയിൽ മുതലാളിത്തത്തിൻെറ ആഗമനത്തിന് മുമ്പാണ് ലെനിൻ സോഷ്യലിസം സ്ഥാപിച്ചത്. ചരിത്രപരമായ ഭൗതികവാദം ശാസ്ത്രീയവും സത്യസന്ധവുമായിരുന്നുവെങ്കിൽ, മുതലാളിത്തം റഷ്യയിലും കടന്നുവന്നശേഷം അതിലെ ആന്തരിക വൈരുദ്ധ്യങ്ങളും തൊഴിലാളി വിപ്ലവവുംകൊണ്ട് റഷ്യൻ ഗവൺമെൻറ് തകർന്നുവീഴേണ്ടതാ

യിരുന്നു. ഇത് രണ്ടും റഷ്യയിലുണ്ടായില്ല. മാർക്സിയൻ സങ്കൽപ പ്രകാരം ചരിത്രത്തിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട മുതലാളിത്തമെന്ന വ്യവസ്ഥിതി റഷ്യയിൽ കടന്നുവന്നില്ലെങ്കിൽ ചുരുങ്ങിയത് റഷ്യയുടെ കാര്യത്തിലെങ്കിലും മാർക്സിയൻ ചരിത്ര വീക്ഷണം തെറ്റാണെന്ന് സമ്മതിക്കേണ്ടിവരും. വികസിതരാജ്യങ്ങളിലെല്ലാം തന്നെ മുതലാളികളും തൊഴിലാളികളും തമ്മിൽ ഇന്ന് സഹകരണവും നിലനിൽക്കുന്നുണ്ട്. തൊഴിലാളികൾ തന്നെ ഓഹരി ഉടമകളാവുകയും അവർക്ക് വ്യവസായ ലാഭത്തിൻെറ വിഹിതം ലഭിക്കുകയും ചെയ്യുന്ന പുതിയ സാമ്പത്തിക സംസ്ക്കാരം മുതലാളി-തൊഴിലാളി സംഘട്ടനത്തിലേക്കല്ല, പ്രത്യുത സഹകരണത്തിലേക്കും പാരസ്പര്യത്തിലേക്കുമാണ് നയിക്കുന്നത്. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള വൈരുദ്ധ്യങ്ങളിലൂടെ നാളെയൊരു വിപ്ലവം നടക്കുമെന്ന് കണക്കുകൂട്ടുന്നതുതന്നെ പുതിയ സാമ്പത്തിക സാഹചര്യങ്ങളുടെ വെളിച്ചത്തിൽ അബദ്ധം മാത്രമാണ്.

ഭൂതകാലത്തെ വസ്തുനിഷ്ഠമായി വ്യാഖ്യാനിക്കുകയും ഭാവിയെ വ്യക്തമായി നിർവചിക്കുകയും ചെയ്യുന്ന ദർശനമായാണ് മാർക്സിസ്റ്റ് ധൈഷണികന്മാർ ചരിത്രപരമായ ഭൗതികവാദത്തെ അവതരിപ്പിക്കാറുള്ളത്. മാർക്സിസത്തിൻെറ തകർച്ചക്ക് മുമ്പു തന്നെ ചരിത്രപരമായ ഭൗതികവാദം തകർന്നിട്ടുണ്ട്. കുറെ അബദ്ധ സങ്കൽപങ്ങളുടെ ഒരു സമാഹാരം മാത്രമാണ് ചരിത്രപരമായ ഭൗതികവാദമെന്ന വസ്തുത അരക്കിട്ടുറപ്പിക്കുകയാണ് സോവിയറ്റ് യൂണിയൻെറയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെയും പതനം ചെയ്തത്. മാർക്സിയൻ ചരിത്രവിശകലനം അബദ്ധങ്ങളുൾക്കൊള്ളുന്നതാണെന്ന് പറയാൻ നിരവധി കാരണങ്ങളുണ്ട്. അവയിൽ ചിലവ ഇവിടെ ഉദ്ധരിക്കാം.

(1) പ്രാകൃത കമ്യൂണിസത്തിൽനിന്ന് അടിമത്തത്തിലേക്കും അതിൽനിന്ന് ഫ്യൂഡലിസത്തിലേക്കും പിന്നീട് മുതലാളിത്തത്തിലേക്കും അതിൽനിന്ന് സോഷ്യലിസത്തിലേക്കും അവസാനം കമ്യൂണിസത്തിലേക്കുമാണ് മനുഷ്യസമൂഹത്തിൻെറ പരിണാമമെന്ന സങ്കൽപത്തിന് നൂറുശതമാനം അനുഗുണമായ ഒരു സമൂഹത്തെപോലും കാണുവാൻ കഴിഞ്ഞിട്ടില്ല. പല സമൂഹങ്ങളുടെയും ചരിത്രത്തെ തങ്ങളുടെ സിദ്ധാന്തങ്ങൾക്കനുസൃതമായ രീതിയിൽ അവതരിപ്പിക്കുക മാത്രമാണ് മാർക്സും ഏംഗൽസും ചെയ്തത്.



(2) ഓരോ സമൂഹത്തിൻേറതുമായ മാർക്സ് വിശേഷിപ്പിച്ച സവിശേഷതകളിൽ പലതും മറ്റു സമൂഹങ്ങളിൽ നിലനിന്നിരുന്നു. ഉദാഹരണത്തിന് അടിമത്തം ഫ്യൂഡലിസ്റ്റ് സമൂഹങ്ങളിലും മുതലാളിത്ത സമൂഹങ്ങളിൽപോലും നിലനിന്നിരുന്നുവെന്നതിന് തെളിവുകളുണ്ട്. ഇന്ത്യയിൽ ഇന്നും അടിമത്തം നിലനിൽക്കുന്നുവെന്നാണല്ലോ കെ.പാനൂർ എഴുതിയത്.

(3) മുതലാളിത്തത്തിൽനിന്നാണ് സോഷ്യലിസമുണ്ടാവുകയെന്ന മാർക്സിയൻ തത്വത്തിന് വിരുദ്ധമായി ഫ്യൂഡലിസ്റ്റ് റഷ്യയാണ് ആദ്യമായി സോഷ്യലിസത്തിലെത്തിച്ചേർന്ന രാഷ്ട്രം.

(4) ചരിത്രം മുന്നോട്ട് മാത്രമെ ചലിക്കൂവെന്ന തത്വശാസ്ത്രത്തിന് വിരുദ്ധമായി സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തിരിച്ച് മുതലാളിത്തത്തിലേക്ക് പോയി.

(5) മാർക്സ് പറഞ്ഞ ആന്തരിക വൈരുദ്ധ്യങ്ങളോടെ നിലനിൽക്കുന്ന നിരവധി മുതലാളിത്ത സമൂഹങ്ങളുണ്ടായിട്ടും അവിടെയൊന്നും സോഷ്യലിസം വന്നില്ല; വരുന്ന ലക്ഷണങ്ങളൊന്നും കാണുന്നുമില്ല.

പദാർത്ഥത്തിൽനിന്ന് തുടങ്ങി മനുഷ്യനിലെത്തുന്ന മാർക്സ് പദാർത്ഥത്തിൻെറ മാത്രം സ്വഭാവങ്ങൾ മനുഷ്യനിൽ ആരോപിക്കുന്നു. ഭൗതിക വസ്തുവിൽനിന്ന് വ്യത്യസ്തമായ ഒരു വ്യക്തിത്വമോ അസ്തിത്വമോ മനുഷ്യന് കൽപിക്കുന്നതിനെ അദ്ദേഹം വിലക്കുന്നു. മതവുമായുള്ള അദ്ദേഹത്തിൻെറ വിയോജിപ്പ് പ്രധാനമായും പ്രകടമാകുന്നത് ഇവിടെയാണ്. പദാർത്ഥത്തിൻെറ മാത്രം കാര്യത്തിൽതന്നെ അദ്ദേഹം ആരോപിച്ച നിയമങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് നാം കണ്ടു. ഭൗതികവസ്തുവിൽനിന്ന് ഉയർന്നുനിൽക്കുന്ന ഉൺമയോടുകൂടിയ മനുഷ്യനിൽ ആ നിയമങ്ങൾ അപ്രായോഗികമായിരിക്കുമെന്ന് പിന്നെ പറയേണ്ടതുണ്ടോ? പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ ജീവിയുടെ ഘടനയിൽ മാറ്റുണ്ടാക്കുമെന്ന് ഡാർവിൻ സിദ്ധാന്തിച്ചപ്പോൾ, മാർക്സ് അൽപം കൂടി മുന്നോട്ട് കടന്ന് ഉൽപ്പാദനബന്ധങ്ങളിലുണ്ടാവുന്ന മാറ്റങ്ങളും സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പത്തികവ്യവസ്ഥിതിയും മാത്രമാണ് മനുഷ്യന്റെ സാംസ്ക്കാരികവും ധാർമ്മികവുമായ ഘടന നിർണ്ണയിക്കുന്നതെന്ന് വാദിച്ചു. അവിടെയാണ് വ്യക്തിയെന്ന നിലയ്ക്കുള്ള മനുഷ്യൻെറ

അസ്തിത്വത്തെത്തന്നെ മാർക്സിസം ചോദ്യം ചെയ്യുന്നത്. മാർക്സിസ്റ്റ് വീക്ഷണത്തിൽ ധാർമ്മികവും സദാചാരപരവുമായ നിയമങ്ങളും വ്യക്തിയും തമ്മിൽ ഒരു ബന്ധവുമില്ല. സമൂഹത്തിലെ വ്യവസ്ഥിതിക്കനുസരിച്ചാണ് അവ നിർണ്ണയിക്കപ്പെടുന്നത്.

ലോകത്തിലെ സകലവിധ പ്രശ്നങ്ങൾക്കുമുള്ള കാരണം സ്വകാര്യസ്വത്ത് സമ്പ്രദായമാണെന്നാണ് മാർക്സിസം സിദ്ധാന്തിക്കുന്നത്. പ്രാചീന കമ്മ്യൂൺവ്യവസ്ഥ തകരുകയും അടിമവ്യവസ്ഥ നിലവിൽ വരികയും ചെയ്യുന്ന പ്രക്രിയയിലാണ് സ്വകാര്യഉടമസ്ഥതാ സമ്പ്രദായം രൂപം കൊണ്ടത്. സമൂഹത്തെ ദരിദ്രരും ധനികരുമാക്കി വർഗ്ഗീകരിച്ചതും ചൂഷകരും ചൂഷിതരുമാക്കി വിഭജിച്ചതും ഈ സമ്പ്രദായമാണ്. സ്വകാര്യസ്വത്ത് സമ്പ്രദായം പരിണമിച്ച് മുതലാളിത്തദശയിലെത്തിയപ്പോൾ അത് തിന്മയുടെ മൂർത്തരൂപമായി മാറി. മുതലാളിത്ത കാലഘട്ടത്തിലെ അരാജകത്വങ്ങൾക്കും തൊഴിലില്ലായ്മക്കും സാമ്പത്തിക പ്രതിസന്ധികൾക്കും അക്രമങ്ങൾക്കും ചൂഷണങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും മാനസിക പിരിമുറുക്കത്തിനുമെല്ലാം കാരണം സ്വകാര്യസ്വത്ത് നിലനിൽക്കുന്നതാണ്. മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്ക് സമൂഹം പരിവർത്തിതമായാൽ പിന്നെ പ്രഥമമായി നടക്കുന്നത് സ്വകാര്യസ്വത്തിൻെറ നിഷ്കാസനമായിരിക്കും. “വിപ്ലവാനന്തര കാലഘട്ടത്തിൽ തൊഴിലാളിവർഗ്ഗ പ്രതിനിധികൾ തൊഴിലാളിവർഗ്ഗത്തിനുവേണ്ടി അധികാരം മുഴുവൻ പിടിച്ചടക്കുകയും എല്ലാ ഉൽപ്പാദനോപകരണങ്ങളുടെയും അവകാശം രാഷ്ട്രത്തിൻെറ കയ്യിൽ കേന്ദ്രീകരിച്ച ശേഷം പൊതുവായി ഉൽപാദനം നടത്തുകയും ചെയ്യും”[1] എന്നാണ് ഏംഗൽസ് പറയുന്നത്. സ്വകാര്യസ്വത്തിൻെറ നിഷ്ക്കാസനത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്ന ശക്തികളെയും വ്യക്തികളെയും ഉന്മൂലനം ചെയ്യുകതന്നെ വേണം. കാരണം അവർ സമൂഹത്തിൻെറ ശത്രുക്കളാണ്. ഈ ഉന്മൂലനമാണ് സോഷ്യലിസ്റ്റ് ഘട്ടത്തിലെ ഭരണകൂടത്തിൻെറ പ്രധാന ചുമതല.

ഇവിടെയാണ് സ്റ്റാലിനിസത്തിന് മാർക്സിസത്തിൻെറ സൈദ്ധാന്തികമായ അംഗീകാരം ലഭിക്കുന്നത്. മാർക്സിസമല്ല; സ്റ്റാലിനിസമാണ് അപകടമെന്ന് പാടി നടക്കുന്നവർ മാർക്സും ഏംഗൽസും ചേർന്നെഴുതിയ ‘ഗോഥാ പ്രോഗ്രാമിനുള്ള വിമർശനം’ എന്ന പുസ്തകം ഒരാവർത്തി വായിച്ചുനോക്കട്ടെ. സോഷ്യലിസ്റ്റ് ഘട്ടത്തിലെ ഭരണക്രമം എങ്ങനെയായിരിക്കണമെന്ന ചർച്ച പൊങ്ങിവന്നപ്പോൾ ‘തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം’ അഥവാ ‘പാർട്ടിയുടെ സർവ്വാധിപത്യ’മാണ് ആ അവസ്ഥയിൽ ഉണ്ടാവുകയെന്ന് മാർക്സും ഏംഗൽസും ശക്തമായി വാദിച്ചു. ഗോഥാ യൂണിവേഴ്സിറ്റിയിൽ ചേർന്ന ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു യോഗം പാർട്ടിയുടെ സ്വേച്ഛാധിപത്യമല്ല, പ്രത്യുത പൊതുതെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവർ ഭരിക്കുന്ന സംവിധാനമാണ് വേണ്ടതെന്ന അഭിപ്രായം മുന്നോട്ടുവെച്ചു. ഇതിന് മാർക്സും ഏംഗൽസുമെഴുതിയ മറുപടിയാണ് മേൽ സൂചിപ്പിക്കപ്പെട്ട പുസ്തകം. പ്രസ്തുത പുസ്തകത്തിൽ അവർ എഴുതി. “നമുക്ക് ഒരു ഭരണകൂടത്തിൻെറ ആവശ്യംതന്നെയില്ല. പക്ഷേ, മുതലാളിത്ത വ്യവസ്ഥിതിയിൽനിന്ന് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലൂടെ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി രൂപാന്തരം പ്രാപിക്കുന്നതിനിടയിൽ താൽക്കാലികമായ സ്റ്റേറ്റ് ഉണ്ടെങ്കിൽ ആ സ്റ്റേറ്റിൻെറ ആവശ്യം പരിപൂർണ്ണമായും മർദ്ദനംതന്നെയാണ്. തങ്ങളുടെ എതിരാളികളെ തച്ചുടക്കാനുള്ള ആയുധമാണ് ഭരണകൂടം. അവിടെ സ്വാതന്ത്ര്യത്തിന് പ്രസക്തിയില്ല”.

കമ്മ്യൂണിസ്റ്റ് ക്രൂരതകൾക്കെല്ലാം സൈദ്ധാന്തികമായ അംഗീകാരം നൽകുകയാണ് ഇവിടെ ആചാര്യന്മാർ ചെയ്യുന്നത്. ശരീരത്തിൻെറ നിലനിൽപ്പിനും പുരോഗതിക്കും വിഘാതമായി നിൽക്കുന്ന കോശങ്ങളെ നശിപ്പിച്ച് ശരീരത്തെ നിലനിർത്താൻ ശ്രമിക്കുന്നതുപോലെ സമൂഹത്തിൻെറ ഏറ്റവും പുരോഗമിച്ച അവസ്ഥയായ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിലേക്കുള്ള പ്രയാണത്തിൻെറ മാർഗത്തിൽ തടസ്സം നിൽക്കുന്ന അർബുദങ്ങളെ നീക്കം ചെയ്ത് ആ വ്യവസ്ഥിതിയിലേക്കുള്ള പ്രയാണം തുടരണം. അർബുദകോശങ്ങളെ നീക്കം ചെയ്യാൻ ചിലപ്പോൾ ‘ആൻറിബയോട്ടിക്കുകൾ‘ പ്രയോഗിച്ചാൽ മതിയാകും. മറ്റു ചിലപ്പോൾ റേഡിയേഷനും ഓപ്പറേഷനും വേണ്ടിവരും. എന്തായിരുന്നാലും അവയെ നശിപ്പിക്കുക ‘തൊഴിലാളി വർഗ്ഗ സർവ്വാധിപത്യ’ത്തിൻെറ ചുമതലയാണ്.സ്റ്റാലിൻ ഭരണമേറ്റെടുത്ത റഷ്യ സോഷ്യലിസത്തിൻെറ പ്രഥമ ഘട്ടത്തിലായിരുന്നു. കമ്മ്യൂണിസമെന്ന സുന്ദരലോകത്തിൻെറ സൃഷ്ടിക്ക് സോ

1. Engels: Socialism; Scientific and Utopian. Page 34

ഷ്യലിസ്റ്റ് ലോകത്തെ ഭരണാധികാരികൾ സ്വേച്ഛാധിപതികളാകേണ്ടിവരുമെന്ന് സ്റ്റാലിൻ മനസ്സിലാക്കി. അദ്ദേഹം അഭിപ്രായപ്പെട്ടു "തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം എന്നതുകൊണ്ട് മാർക്സ് പ്രധാനമായും ഉദ്ദേശിക്കുന്നത് പാർട്ടിയുടെ ഏകാധിപത്യമാണ്"[1] ഈ ഏകാധിപത്യം നടപ്പിലാക്കിയതിന് സ്റ്റാലിനെ കുറ്റംപറഞ്ഞിട്ട് കാര്യമുണ്ടോ? അദ്ദേഹം വിശ്വസിച്ച പ്രത്യയശാസ്ത്രമാണ് ഈ ക്രൂരതകൾക്കെല്ലാം കാരണം.

നീണ്ട ഇരുപത്തൊൻപത് വർഷക്കാലം ഭരണത്തിലിരുന്ന സ്റ്റാലിൻ സോഷ്യലിസ്റ്റ് സ്വർഗ്ഗത്തിൻെറ സൃഷ്ടിക്കായി ചെയ്ത ക്രൂരതകൾക്ക് കയ്യും കണക്കുമില്ല. സ്റ്റാലിൻെറ മരണശേഷം, 1956-ൽ ചേർന്ന ഇരുപതാം പാർട്ടി കോൺഗ്രസ്സിൽവെച്ച് ക്രൂഷ്ചേവ് ആണ് സ്റ്റാലിൻെറ ക്രൂരതകളെക്കുറിച്ച കഥകളുടെ ചുരുളഴിച്ചത്. ഇന്നലെ, ഇരുമ്പ് മറ ഭേദിച്ച് സ്റ്റാലിനെക്കുറിച്ച ചില കഥകൾ പുറത്തുവന്നപ്പോൾ അത് സാമ്രാജ്യത്വപ്രചരണമാണെന്ന് പറഞ്ഞ് പുച്ഛിച്ചുതള്ളിയ ഇന്ത്യൻ മാർക്സിസ്റ്റുകൾ ഇന്ന്, സ്റ്റാലിൻ ക്രൂരനാണെന്ന് സമ്മതിക്കാനും സ്റ്റാലിനിസത്തെ പുകഴ്ത്തിയ ഇന്നലെയുടെ നിലപാടിൽ കുമ്പസരിക്കാനും തുടങ്ങിയിരിക്കുന്നുവെന്നത് നല്ല കാര്യം. സ്റ്റാലിനിസം മാർക്സിസത്തിൻെറ ദുരുപയോഗമായിരുന്നുവെന്ന് പാടി നടക്കുന്ന അവർ മാർക്സിൻെറയും ഏംഗൽസിൻെറയും ലെനിൻെറയും രചനകൾ മനസ്സിരുത്തി വായിച്ചുനോക്കട്ടെ.

1924-ലാണ് സ്റ്റാലിൻ അധികാരത്തിൽവന്നത്. 1928ൽ വ്യവസായ വികസനത്തിനും കാർഷിക വികസനത്തിനും വേണ്ടി അദ്ദേഹത്തിൻെറ ഗവൺമെൻറ് ആസൂത്രണ വികസന പദ്ധതികൾ ആരംഭിച്ചു. രാജ്യത്തുണ്ടായിരുന്ന രണ്ടരക്കോടി കർഷകരുടെ കൃഷിഭൂമി കൂട്ടുകൃഷി സമ്പ്രദായത്തിന് കീഴിൽ കൊണ്ടുവരാൻ വേണ്ട പദ്ധതികൾ 1933 ആയപ്പോഴേക്കും പൂർത്തിയാക്കപ്പെട്ടു.

കൃഷിഭൂമി സർക്കാരിന് വിട്ടുകൊടുക്കുകയും കർഷകർ സ്റ്റേറ്റിൻെറ പണിക്കാരായി നിലനിൽക്കുകയും ചെയ്യുകയെന്നതായിരുന്നു സ്റ്റാലിൻെറ കൽപ്പന. വിയർപ്പൊഴുക്കി അദ്ധ്വാനിച്ച മണ്ണിൽനിന്ന് വിളവെടുക്കാനുള്ള കാലമായപ്പോഴക്കും സർക്കാരുദ്യോഗസ്ഥരെ

1. ഉദ്ധരണി: മാർക്സിസം തകരുമോ. പ്രൊഫ. കെ.എം. ഫ്രാൻസിസ്



ത്തി. ഈ സമ്പ്രദായത്തിനെതിരെ കർഷകർ നിസ്സഹകരണപരിപാടികൾ ആരംഭിക്കുകയും വയൽ കൊയ്യാൻ വിസമ്മതിക്കുകയും ചെയ്തു. തങ്ങളുടെ നിസ്സഹകരണം സർക്കാരിനെ പുനർവിചിന്തനത്തിന് പ്രേരിപ്പിക്കുമെന്ന് കരുതിയ കർഷകർക്ക് തെറ്റുപറ്റി. സ്റ്റാലിൻെറ കൂലിപട്ടാളം വന്ന് വയലെല്ലാം കൊയ്തെടുത്ത് കൊണ്ടുപോയി. ഒരു മണി ധാന്യം പോലും കർഷകർക്ക് നൽകിയില്ല. ആ ജനതയെ മുഴുവൻ സ്റ്റാലിൻ പട്ടിണിക്കിട്ടു. ലോകത്തിലെ ധാന്യഅറകളായ പ്രദേശങ്ങളിലെ ജനത പട്ടിണി കിടന്ന് പിടഞ്ഞ് മരിക്കുന്നത് കണ്ടിട്ടും സ്റ്റാലിൻെറ മനസ്സിളകിയില്ല. കമ്മ്യൂണിസ്റ്റ് സ്വർഗ്ഗത്തിലേക്കുള്ള പ്രയാണത്തിൻെറ പ്രധാന പടിയായ സ്വകാര്യ സ്വത്ത് നിഷേധത്തിന് മുന്നിൽ വിലങ്ങുതടിയായി നിൽക്കുന്നവർ മനുഷ്യരുടെ ശത്രുക്കളാണെന്നും അവരെ ഉന്മൂലനം ചെയ്യുക 'തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തിൻെറ' കടമയാണെന്നുമായിരുന്നു താൻ പ്രമാദമുക്തമെന്ന് മനസ്സിലാക്കിയ സിദ്ധാന്തം അദ്ദേഹത്തെ പഠിപ്പിച്ചത്. സോഷ്യലിസ്റ്റ് സ്വർഗ്ഗത്തിൻെറ ഈ നടപടിയിൽ പിടഞ്ഞുവീണ് മരിച്ചത് വെറും എൺപത് ലക്ഷം മനുഷ്യരായിരുന്നു!

സ്റ്റാലിൻെറ കാലത്തെ ക്രൂരതകളെക്കുറിച്ച് ഇന്നാർക്കും പറഞ്ഞു കൊടുക്കേണ്ടതില്ല. 1968-ൽ പ്രസിദ്ധീകരിക്കപ്പെട്ട റോബർട്ട് കോൺക്വെസ്റ്റിൻെറ 'കൊടും ഭീകരത'[1] യെന്ന പുസ്തകത്തിൽ പറഞ്ഞ കാര്യങ്ങൾ പാശ്ചാത്യ ലോക[2] ത്തിൻെറ കള്ളപ്രചരണമാണെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞവർപോലും മോസ്കോന്യൂസിൻെറ പുതിയ കണക്കുകൾക്ക് മുന്നിൽ മൂക്കത്ത് വിരൽവെച്ചുപോകുന്നു. സ്റ്റാലിൻെറ ശുദ്ധീകരണ പ്രക്രിയയിൽ മരിച്ചവരുടെ എണ്ണം 1.10 കോടിയോളമായിരുന്നുവെന്നാണ് കോൺക്വെസ്റ്റിൻെറ കണക്കെങ്കിൽ പുതിയ സോവിയറ്റ് പ്രസിദ്ധീകരണങ്ങളുടെ കണക്ക് പ്രകാരം[3] അത് രണ്ട് കോടിയിലധികമാണ്. എത്രയെത്ര സാഹിത്യകാരന്മാർ കൊല ചെയ്യപ്പെട്ടു. എത്രയെത്ര കർഷകർ പട്ടിണിയാൽ മരിച്ചുവീണു. എന്തിനധികം, പാർട്ടിയുടെ ഉന്നതതല നേതാക്കൾവരെ വധിക്കപ്പെട്ടു. ഇതിൻെറയെല്ലാം ലക്ഷ്യമെന്തായിരുന്നു? ഇസ്വെസ്തിയയുടെ ലേഖകനായ അലക്സാണ്ടർ വസൻസ്കി എഴുതുന്നു "മനുഷ്യരെ

1. Robert Congest: The Great Terror
2. റോബർട്ട് കോൺക്വെസ്റ്റ് പാശ്ചാത്യ സോവിയറ്റോളജിസ്റ്റാണ്
3. Moscow News 10/1989

ലോഹവും പൊടിമണ്ണുംപോലെ മൂശയിലിട്ട് തന്റെ ഇഛക്കനുസരിച്ച് വാർത്തെടുക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ തത്വം. അവർ രാഷ്ട്രത്തോട് കൂറും സത്യസന്ധതയുമുള്ളവരായിരിക്കണം. അവരുടെ ബന്ധുക്കളോട് നീതി പുലർത്തണമെന്നില്ല. അവർ മരണഭയമില്ലാത്തവരും സന്തോഷവാന്മാരുമായിരിക്കണം. അവർ സ്വാതന്ത്ര്യത്തെ വെറുക്കണം. സ്വാതന്ത്ര്യത്തിന്റെ ഭാരത്തേക്കാൾ കൂടിയ മറ്റൊരു ഭാരവുമില്ല. ഈ ഭാരത്തിൽനിന്ന് ജനങ്ങളെ മുക്തരാക്കുന്ന വ്യക്തിയെ അവർ പുകഴ്ത്തിക്കൊണ്ടിരിക്കണം."[1]

'ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നു'വെന്ന് പഠിപ്പിച്ച ആചാര്യന്റെയും "അക്രമം കൂടാതെ വർഗ്ഗസമരത്തിന്റെ ഒരൊറ്റ പ്രശ്നം പോലും ചരിത്രത്തിൽ പരിഹരിക്കപെട്ടിട്ടില്ല"[2] എന്ന് പ്രസ്താവിച്ച വിപ്ലവനേതാവിന്റെയും പാത പിന്തുടർന്ന സ്റ്റാലിൻ ക്രൂരനായിപ്പോയതിൽ അദ്ഭുതപ്പെടാനില്ല. ആ ക്രൂരത സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ നായകന് വേണ്ട സൈദ്ധാന്തികമായ അനിവാര്യതയായിരുന്നു.

ഈ ക്രൂരതകളെല്ലാം എന്തിനുവേണ്ടിയായിരുന്നു? സ്വകാര്യ സ്വത്ത് എന്ന 'സമൂഹത്തിലെ സകല പ്രശ്നങ്ങൾക്കുമുള്ള കാരണ'ത്തെ ഇല്ലായ്മ ചെയ്യാൻ അങ്ങനെ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയെന്ന പറുദീസയിലേക്ക് ലോകജനതയെ ആനയിക്കുവാനാവശ്യമായ വഴിയുണ്ടാക്കുവാൻ...... എന്നിട്ടെന്ത് സംഭവിച്ചു? നീണ്ട ആറര പതിറ്റാണ്ടുകാലത്തെ സ്വകാര്യ സ്വത്ത് നിഷേധത്തിന് ശേഷവും കമ്മ്യൂണിസ്റ്റ് സ്വർഗ്ഗത്തിന്റെ സൂര്യോദയം  കാണാൻ റഷ്യക്ക് കഴിഞ്ഞില്ല.

പിന്നെയെന്താണ് സംഭവിച്ചത്? രാഷ്ട്രം സാമ്പത്തികമായി പിന്നോക്കം പോയി. ഉൽപാദനരംഗം വളരെയധികം മന്ദഗതിയിലായി. ജനങ്ങൾ ധാർമ്മികമായി അധഃപതിച്ചു. കുറ്റകൃത്യങ്ങൾ പെരുകി. ഭരണാധികാരികൾ സ്വേച്ഛാധിപതികളായി മാറി. യൂറോപ്പിലെ ഒരു പ്രധാന കയറ്റുമതി രാജ്യമായിരുന്ന റഷ്യ വിപ്ലവം കഴിഞ്ഞ് എഴുപതുവർഷം കഴിഞ്ഞപ്പോഴേക്കും പകുതിയിലധികം ഭക്ഷ്യപദാർത്ഥങ്ങൾ അന്യദേശങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യേണ്ട ഗതികേടിലെത്തി. ജനങ്ങളുടെ പട്ടിണിയും പരിവട്ടവും മാറിയില്ല. അവർ സംതൃപ്തിയില്ലാത്ത ഒരു ജനതയായിത്തീർന്നു.

1. Moscow News 10/1989
2. 1918ലെ റഷ്യൻ സോവിയറ്റ് കോൺഗ്രസിന് ലെനിൻ സമർപ്പിച്ച റിപ്പോർട്ടിൽനിന്ന്



പുതിയ റഷ്യയുടെ സ്ഥാപകൻ ഗോർബച്ചേവ് തന്നെ സംസാരിക്കട്ടെ. "വളർച്ചയുടെ തോത് കുത്തനെ ഇടിയുകയാണെന്നും ഗുണനിയന്ത്രണത്തിന്റെ സംവിധാനമാകെ ശരിയായി പ്രവർത്തിക്കുന്നില്ലെന്നും ഏതൊരാൾക്കും വ്യക്തമായിരുന്നു. ശാസ്ത്രത്തിലെയും സാങ്കേതിക വിദ്യയിലെയും നേട്ടങ്ങളെ സ്വീകരിക്കുന്നതിലും വൈമനസ്യമുണ്ടായി. ജീവിത നിലവാരത്തിലെ അഭിവൃദ്ധി മന്ദഗതിയിലായി. ഭക്ഷ്യപദാർത്ഥങ്ങളുടെ ലഭ്യതയിലും പാർപ്പിട സൗകര്യങ്ങളിലും ഉപഭോക്ത സാധനങ്ങളിലും സേവന തുറകളിലും വിഷമങ്ങൾ വർദ്ധിച്ചുവന്നു"[1] "മുഖസ്തുതി പറയലും ദാസ്യമനോഭാവവും പ്രോത്സാഹിപ്പിക്കപ്പെട്ടു. പണിയെടുക്കുന്ന സാധാരണക്കാരുടെ, പൊതുജനങ്ങളുടെ, ആവശ്യങ്ങളും അഭിപ്രായങ്ങളും അവഗണിക്കപ്പെട്ടു"[2]

"മദ്യപാനാസക്തിയും മയക്കുമരുന്നിനോടുള്ള വിധേയത്വവും കുറ്റകൃത്യങ്ങളും വർദ്ധിക്കുവാൻ തുടങ്ങി"[3]

"വിശ്വാസവും ഉത്തരവാദിത്തവും നേടിയിരുന്ന ആളുകൾ അധികാര ദുർവിനിയോഗം നടത്തി. വിമർശനങ്ങളെ അടിച്ചമർത്തി അവിഹിതമായി വലിയ സ്വത്ത് സമ്പാദിച്ചു. ചില കേസുകളിൽ ക്രിമിനൽ കുറ്റകൃത്യങ്ങളിൽ പങ്കാളികളാവുകയും ചെയ്തു.[4]

"സാമൂഹിക കാര്യങ്ങളിൽ ആളുകൾക്കുള്ള താൽപര്യം നഷ്ടപ്പെടുകയാണെന്നും അദ്ധ്വാനത്തിന് പഴയ മാന്യമായ പദവി ഇല്ലാതായിട്ടുണ്ടെന്നും ആളുകൾ, പ്രത്യേകിച്ചും ചെറുപ്പക്കാർ എന്ത് ചെയ്തും ലാഭമുണ്ടാക്കാൻ പരക്കം പായുകയാണെന്നും നേരും നെറിയുമുള്ള എല്ലാവരും കടുത്ത വികാരത്തോടെ കണ്ടു"[5]

പുതിയ ലോകക്രമവും പുതിയ ഭാവത്തിലുള്ള സാമ്രാജ്യത്വവുമൊന്നും മാർക്സിസത്തിന്റെ ക്ലാസിക്കൽ വിശകലനരീതിക്ക് വഴങ്ങുന്നതല്ലെന്നതാണ് സത്യം. മുതലാളി-തൊഴിലാളി സങ്കൽ

1. മിഖായിൽ ഗോർബച്ചേവ്: പെരിസ്ട്രോയ്ക്ക പേജ് 14
2. Ibid പേജ് 15
3. Ibid പേജ് 16
4. Ibid പേജ് 17
5. Ibid പേജ് 19, ബോറിസ് യെൽറ്റ്സിന്റെ `Resurrecting to be Stepped up' എന്ന കൃതിയും മിഖായീൽ ഗോർബച്ചേവിന്റെ `October and Peristroika: The Revolution, Continues, Time for Action, Time for Practical Work' എന്നീ കൃതികളും ഇവ്വിഷയകമായി കൂടുതൽ വെളിച്ചം പകരും.

പങ്ങളിൽപോലും ഗണ്യമായ വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. ധിഷണ യാണ് ഇന്ന് പ്രധാനമായും വിപണനം ചെയ്യപ്പെടുന്നത്. പേറ്റൻറു കളുടെയും പരസ്യകോലാഹലങ്ങളുടെയും ലോകത്ത് മിച്ചമൂല്യ സിദ്ധാന്തത്തിനെന്ത് പ്രസക്തി?. തൊഴിലാളി തന്നെ മുതലാളിയാ കുന്ന ഷെയർ സമ്പ്രദായത്തിൻെറയും സ്റ്റോക്ക് എക്സ്ചേഞ്ചു കളുടെയും ലോകക്രമത്തിൽ തൊഴിലാളി-മുതലാളി വർഗസംഘ ട്ടനങ്ങൾ പ്രതീക്ഷിക്കുന്നത് എന്തുമാത്രം വ്യർത്ഥമാണ്?. വ്യവസായ വിപ്ലവത്തിൻെറ ആദ്യനാളുകളിൽ രൂപമെടുത്ത ഒരു സിദ്ധാന്തം പ്രദാനം ചെയ്ത സ്വപ്നലോകം ഈ പുതിയ ലോകക്രമത്തിൽ കാത്തിരിക്കുന്നത് ഭൗതികവീക്ഷണതിലൂടെ മാത്രം നോക്കിയാൽ പോലും തീർത്തും ഭോഷ്ക്കാണെന്നതല്ലേ സത്യം?

1991 സെപ്തംബർ 6ന് ബോറിസ് യെൽസിനും ഗോർബച്ചേവും ചേർന്ന് അഭിമുഖീകരിച്ച എ.ബി.സി.ടി.വി. അഭിമുഖത്തിൽ യെൽ സിൻ പറഞ്ഞു. “സുന്ദരമായ ഒരാശയമായിരുന്നുവെങ്കിലും ഒരു ഉട്ടോപ്യൻ ആശയമായിരുന്നു കമ്മ്യൂണിസം”.

മനുഷ്യാത്മാവിൻെറ സ്വാതന്ത്ര്യ ദാഹം കാണാൻ കഴിഞ്ഞു വെന്നതാണ് മാർക്സിസത്തിൻെറ സൗന്ദര്യം. മനുഷ്യനിൽ സ്വാത ന്ത്ര്യദാഹം അങ്കുരിപ്പിക്കുന്ന ആത്മാവിനെ കാണാൻ കഴിഞ്ഞില്ലെ ന്നതാണ് അതിന്ന് പറ്റിയ തെറ്റ്. ഈ തെറ്റ് മനസ്സിലാക്കാതെയുള്ള പരിഷ്ക്കരണ പ്രവർത്തനങ്ങളും ബദൽ നിർദ്ദേശങ്ങളും അതുകൊ ണ്ടുതന്നെ വ്യർത്ഥമാണ്.

# മൂന്ന്

## മുതലാളിത്തത്തിൻെറ പരാജയം

മാർക്സിസത്തിൻെറ പരാജയം ഉദാരമുതലാളിത്തത്തിൻെറ വിജ യമായി കൊട്ടിഘോഷിക്കപ്പെടുന്നുണ്ട്. അമേരിക്കൻ ചിന്തകനായ ഫ്രാൻസിസ് ഫ്യുക്കിയാമ എഴുതിയ ‘ചരിത്രത്തിൻെറ അന്ത്യം’[1] എന്ന ലേഖനത്തിലും വാഷിംഗ്ടണിലെ അമേരിക്കൻ എൻറർ പ്രൈസ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജോഷുവമുറാവ് ചിക്കിൻെറ ‘ജനാധിപ ത്യത്തിൻെറ കയറ്റുമതി: അമേരിക്കൻ ഭാഗധേയം നിർവ്വഹിക്കപ്പെ ടുന്നു[2] എന്ന പുസ്തക ത്തിലും പ്രധാനമായും വാദിക്കപ്പെടുന്നത് അതാണ്. ദർശനങ്ങൾ തമ്മിലുള്ള സംഘട്ടനത്തിൻെറ അന്ത്യമാണ് മാർക്സിസ്റ്റ് സിദ്ധാന്തത്തിൻെറ പരാജയത്തിലൂടെ സംഭവിച്ചിട്ടു ള്ളതെന്നും സാങ്കേതിക വികാസത്തിൻെറ കാലഘട്ടമാണ് ഇനി വരാനിരിക്കുന്നതെന്നും അമേരിക്കൻ ജനാധിപത്യസങ്കൽപ്പത്തിൻെറ വിജയമാണ് ഈ സംഭവ വികാസങ്ങളിലൂടെ പ്രഖ്യാപിക്കപ്പെടുന്ന തെന്നുമാണ് വാദിക്കപ്പെടുന്നത്.

മുതലാളിത്തം, യഥാർത്ഥത്തിൽ മാർക്സിസത്തിന് പകരംവെക്കാ ൻ പറ്റുന്ന ഒരു പ്രത്യയശാസ്ത്രമേ അല്ല. മാർക്സിസം അതിന്ന് തെറ്റുകൾ ഏറെ പറ്റിയിട്ടുണ്ടെങ്കിലും, പരമാണു മുതൽ പരലോകം വരെയുള്ള വസ്തുനിഷ്ഠവും അല്ലാത്തതുമായ എല്ലാ കാര്യങ്ങളെ ക്കുറിച്ചും വിശകലനം ചെയ്യുകയും ഒരു വീക്ഷണം അവതരിപ്പിക്കു

1. Francis Fukiama: The End of History
2. Joshua Muravchik: Exporting Democracy: Fulfilling America's Destiny

കയും ചെയ്യുന്ന തത്വശാസ്ത്രമാണ്. ആ തത്വശാസ്ത്രത്തിന് പകരം വെക്കാൻ നിർദ്ദേശിക്കപ്പെടുന്നത് ഏറ്റവും ചുരുങ്ങിയത് ഒരു ലോക വീക്ഷണമെങ്കിലുമുള്ള ദർശനമാവണം. ലോകവീക്ഷണം പോയിട്ട് വ്യക്തവും സമഗ്രവുമായ ഒരു സാമ്പത്തിക ദർശനം പോലും അവതരിപ്പിക്കാൻ കഴിയാത്ത ഉദാര മുതലാളിത്തത്തിൻെറ വിജയമാണ് കമ്മ്യൂണിസത്തിൻെറ പരാജയത്തിലൂടെ വ്യക്തമാവുന്നതെന്ന് പറയുന്നത് അതുകൊണ്ടുതന്നെ ശുദ്ധഭോഷ്ക്കാണ്.

മുതലാളിത്തം വിജയിച്ചുവെന്ന് പറയുന്നതെവിടെയാണ്? മനുഷ്യസഹജമായ 'സ്വാർത്ഥത'യെന്ന വികാരത്തെ മനസിലാക്കിയെന്നതാണ് മുതലാളിത്തത്തിൻെറ വിജയം. സമ്പാദിക്കാനും ഉയരാനുമുള്ള തികച്ചും മാനവികമായ വ്യഗ്രതയെ അത് കണക്കിലെടുത്തു. ഉദാരമുതലാളിത്തത്തിൻെറ പിതാവായ ആഡംസ്മിത്ത് വിശദീകരിക്കുന്നതിങ്ങനെയാണ്: "സാമ്പത്തിക കാര്യങ്ങളിലുള്ള സർക്കാരിൻെറ അമിതമായ ഇടപെടൽ ഉൽപാദനരംഗത്തെ പുറകിലേക്ക് നയിക്കും. അതുകൊണ്ട് സർക്കാർ രാജ്യരക്ഷ, രാഷ്ട്രങ്ങളുമായുള്ള ബന്ധം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി. ഇങ്ങനെ ചെയ്താൽ ഉൽപാദനരംഗം സജീവമാകും. ഇത് സാമ്പത്തികരംഗത്തെമത്സരത്തിലേക്ക് നയിക്കും. അതിനാൽ മാർക്കറ്റിൽ ചൂഷണം നിലനിൽക്കുകയില്ല. വിലയും വേതനവും ലാഭവുമെല്ലാം മിതമാകും. അങ്ങനെ ചൂഷണമില്ലാത്ത കമ്പോളങ്ങൾ നിലവിൽ വരും. രാജ്യത്തെ ഉൽപാദനം വളരെ തകൃതിയായിത്തന്നെ നടക്കുകയും ചെയ്യും"[1].

സ്മിത്ത് പറഞ്ഞതുപോലെയുള്ള മുതലാളിത്തം ഇന്ന് ലോകത്തെവിടെയും നിലനിൽക്കുന്നില്ലെന്നതാണ് വസ്തുത. സ്റ്റേറ്റിൻെറ നിയന്ത്രണങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമാണ് അഭിനവ മുതലാളിത്ത രാഷ്ട്രങ്ങളിലെ കമ്പോളങ്ങൾ. ദേശീയ വരുമാനത്തിൻെറ കാൽഭാഗത്തോളം സർക്കാർ നിയന്ത്രണത്തിൽതന്നെയാണ്, എല്ലാ മുതലാളിത്ത രാഷ്ട്രങ്ങളിലും.

മുതലാളിത്തം മനുഷ്യൻെറ സ്വാർത്ഥതയെന്ന വികാരം മനസ്സിലാക്കിയെന്നത് നേര്. പക്ഷേ, ആ സ്വാർത്ഥതയെ എങ്ങനെ ഗുണകരമായി പരിവർത്തിപ്പിക്കണമെന്ന് പറയാൻ അതിന്ന് കഴിഞ്ഞില്ല. മത-ധാർമ്മിക-സദാചാര മൂല്യങ്ങൾക്കൊന്നും പ്രത്യക്ഷത്തിൽ മുതലാളിത്തം എതിരല്ലെങ്കിലും, ഭൗതികവിജയം മാത്രമാണ് മനുഷ്യജീവിതത്തിൻെറ ലക്ഷ്യമെന്ന് വരുത്തിത്തീർക്കുകവഴി ധാർമ്മികാധഃപതനത്തിൻെറ പാതയിലേക്കുതന്നെയാണ് അത് മനുഷ്യരെ നയിക്കുന്നത്.

1. Adam Smith: Wealth of Nations



ഉദാരമുതലാളിത്തത്തിൻെറ വീക്ഷണത്തിൽ ഒരു സാമ്പത്തിക ജീവി മാത്രമാകുന്നു മനുഷ്യൻ. വിൽക്കുകയും വാങ്ങുകയും സമ്പാദിക്കുകയും മാത്രമാണവൻെറ ലക്ഷ്യം. അങ്ങനെ വരുമ്പോൾ കമ്പോളങ്ങൾ സജീവമാകുന്നുവെന്നത് ശരി. പക്ഷേ, അവിടെ മനുഷ്യത്വം മരിച്ചുവീഴുന്നില്ലേ? അന്താരാഷ്ട്രരംഗങ്ങൾ മുതൽ മുതലാളിത്ത രാജ്യങ്ങളുടെ അകത്തുവരെ നടക്കുന്നത് എന്താണ്? ലാഭം വർദ്ധിപ്പിക്കാൻ എന്ത് നെറികേടും ചെയ്യാമെന്ന ചിന്തയാണ് മുതലാളിത്തം വളർത്തിയെടുത്തിരിക്കുന്നത്. തമ്മിലടിക്കുന്ന രാഷ്ട്രങ്ങൾക്ക് രണ്ടിനും ആയുധങ്ങൾ നൽകി അതിൽനിന്ന് പണം കൊയ്യുന്ന അന്താരാഷ്ട്ര നിലപാടിനുപിന്നിൽ ചെന്നായയുടെ ചോരപ്പൂതിയല്ലാതെ മറ്റെന്താണുള്ളത്? ആടുകൾ തമ്മിൽ കുത്തി ചത്താലും തനിക്ക് ചോര കിട്ടുമല്ലോയെന്ന സ്വാർത്ഥത തന്നെയല്ലേ ജനലക്ഷങ്ങൾ മരിച്ചുവീണാലും ഞങ്ങൾക്ക് പണമുണ്ടാക്കാമല്ലോയെന്ന ചിന്തയും? ഇത് രണ്ടും ഒന്നുതന്നെയെന്ന് മനുഷ്യരായിപ്പിറന്നവർക്ക് തോന്നുന്നുണ്ടെങ്കിൽ സംശയലേശമന്യേ നമുക്ക് പറയാം, മുതലാളിത്തം മനുഷ്യരെ ചെന്നായ്ക്കളാക്കി മാറ്റുക മാത്രമാണ് ചെയ്യുന്നതെന്ന്.

അമേരിക്കയെന്ന മുതലാളിത്തത്തിൻെറ പറുദീസ തന്നെയെടുക്കുക. 1964ൽ നടന്ന ജോൺ കെന്നഡിയുടെ വധത്തോടനുബന്ധിച്ച് കൊലപാതകങ്ങളുടെ ഒരു ശൃംഖല തന്നെ അവിടെ നടക്കുകയുണ്ടായി. ജനങ്ങൾ സ്വകാര്യായുധങ്ങൾ നിരോധിക്കണമെന്ന ആവശ്യമുന്നയിക്കുന്ന അവസ്ഥ വരെ അവിടെയുണ്ടായി. "രാവിലെ തലയുമായി പുറത്തിറങ്ങുന്നവൻ രാത്രി ഉടലുമാത്രമായി തിരിച്ചുവരുന്ന അവസ്ഥ"യെന്ന് പഞ്ചാബിനെക്കുറിച്ച് കാർട്ടൂണിസ്റ്റ് പറഞ്ഞതിനേക്കാൾ ഭീകരമായ അവസ്ഥ സംജാതമായി. പക്ഷേ, ആയുധനിർമ്മാതാക്കളുടെ ശക്തമായ സമ്മർദ്ദം മൂലം ഗവൺമെൻറിന് വ്യക്തമായ ഒരു തീരുമാനവുമെടുക്കാൻ കഴിഞ്ഞില്ല. "ആയുധക്കച്ചവടവും കച്ചവടമാണ്; അതിൽ ഗവൺമെൻറ് നിയന്ത്രണം കൊണ്ടുവരുന്നത് അനീതിയാണ്" എന്നായിരുന്നു ആയുധവ്യവസായികളുടെ വാദം. വിലക്കുകളില്ലാതെ ആയുധങ്ങൾ കൈവശം വെക്കാൻ അധികാരമുള്ളവരാണ് അമേരിക്കൻ പൗരന്മാർ. അതുകൊണ്ടുതന്നെ

തെരുവ്യുദ്ധങ്ങൾ അവിടെ സാധാരണമാണ്. മനുഷ്യൻെറ ജീവനേക്കാൾ വില സമ്പത്തിനാണല്ലോ.

മുതലാളിത്തം മനുഷ്യരെ എങ്ങനെ നശിപ്പിക്കുന്നുവെന്ന് മനസ്സിലാക്കാൻ ആഗോള പരിസ്ഥിതി വിവരണ കണക്കുകൾ പരിശോധിച്ചാൽ മതി. 1950-കളിൽ ജപ്പാനിലുണ്ടായ 'ഇത്തായ്-ഇത്തായ്' രോഗം മുതലാളിത്തത്തിൻെറ എങ്ങനെയും പണം സമ്പാദിക്കണമെന്ന ചിന്തയുടെ ഉപോൽപ്പന്നമായിരുന്നില്ലേ? ജിൻസ് നദിയുടെ ഉൽഭവസ്ഥാനത്ത് സ്ഥിതിചെയ്തിരുന്ന നാക (zinc) ഖനിയിൽനിന്ന് നദിയിലേക്ക് ഒഴുക്കിവിട്ടിരുന്ന കാഡ്മിയം കലർന്ന മലിനജലം ലഭിച്ചു വളർന്ന നെൽച്ചെടിയിൽനിന്ന് എടുത്ത അരി ഭക്ഷിച്ചതിനാൽ ജനങ്ങൾക്കുണ്ടായ അതിഭയങ്കരായ അസ്ഥിവേദനയും ക്ഷതങ്ങളുമാണ് 'ഇത്തായ്-ഇത്തായ്' എന്ന് അറിയപ്പെട്ടത്. തവിടിൽനിന്ന് എണ്ണയെടുത്തിരുന്ന കനിമി കമ്പനിയിൽ, എണ്ണയുൽപാദന പ്രക്രിയയിൽ ഉപയോഗിച്ചിരുന്ന പി.സി.ബി (Poly Chloro Biphesyl) യെന്ന രാസപദാർത്ഥം എണ്ണയിൽ കലർന്നതിനാൽ 1968-ൽ ജപ്പാനിലുണ്ടായ ഭീകര രോഗവും എങ്ങനെയും പണം നേടണമെന്ന മുതലാളിത്ത തത്വശാസ്ത്രത്തിൻെറ സൃഷ്ടിതന്നെ. കൺപോള വീർക്കുക, കൈകാലുകൾ നീരുവന്ന് വീർക്കുക, സന്ധികളിൽ വേദന, ആർത്തവ തകരാറുകൾ, പ്രത്യുൽപ്പാദനശേഷി നശിക്കുക എന്നിവയായിരുന്നു പ്രസ്തുത രോഗത്തിൻെറ ലക്ഷണങ്ങൾ. രസം (mercury) ഉൽപ്രേരക (catalyst) മായി ഉപയോഗിച്ച് വിന്നാഗിരി (acetic acid) ഉൽപ്പാദിപ്പിച്ചിരുന്ന ചിസോ കെമിക്കൽ കമ്പനിയിൽനിന്ന് പുറത്തുവന്ന മാലിന്യങ്ങൾ ജപ്പാനിലെ മീനമാതാ ദ്വീപു നിവാസികളിൽ ചിലരെയും ജന്തുക്കളെയും സസ്യങ്ങളെയുമെല്ലാം കൊന്നൊടുക്കിയ സംഭവം നടന്നത് 1950-കളിലാണ്. 'മീനമാതാ രോഗം' എന്ന് പേര് വിളിക്കപ്പെട്ട ഈ അജ്ഞാതരോഗത്തിൻെറയും കാരണം ലാഭമല്ലാതെ മറ്റൊന്നിനെയും കുറിച്ച് ചിന്തിക്കാൻ തയ്യാറില്ലാത്ത ജാപ്പനീസ് മുതലാളിത്ത ഭരണകൂടത്തിൻെറ നയങ്ങളായിരുന്നു.

ലാഭക്കൊതിയിൽ മാത്രം അധിഷ്ഠിതമായ മുതലാളിത്ത സമ്പ്രദായം മനുഷ്യനെന്ന ജീവിയെ തന്നെ നശിപ്പിക്കാൻ മാത്രം 'വളർന്നിരിക്കുന്നു. മണ്ണിനെയും വെള്ളത്തെയും വായുവിനെയും നശിപ്പിച്ചാലും തൻെറ ഖജനാവിൽ പണം കുന്നുകൂടുമെന്ന ചിന്ത, മനുഷ്യനെ അന്ധനാക്കിയിരിക്കുന്നു; തൻെറ നാളെയെക്കുറിച്ച് ചിന്തിക്കാൻ



പോലും അവന് നേരമില്ല. അണുവായുധങ്ങളും രാസായുധങ്ങളും ചെലവഴിക്കാൻവേണ്ടി മൂന്നാംലോകരാഷ്ട്രങ്ങളെ തമ്മിലടിപ്പിക്കുന്നതിനിടയിൽ പൊട്ടിത്തെറിക്കുന്ന പദാർത്ഥങ്ങൾ അന്തരീക്ഷത്തെ മലിനമാക്കുക മാത്രമല്ല, താനുൾക്കൊള്ളുന്ന ഭൂമിയെത്തന്നെ നശിപ്പിച്ച് ഒരു 'തമോഗ്രഹ'മാക്കി മാറ്റാൻ പോവുകയാണെന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യത്തെക്കുറിച്ച് ചിന്തിക്കാൻ സാമ്പത്തികജീവിയായ മനുഷ്യനെവിടെ നേരം? ഉപയോഗിക്കുന്ന അസംസ്കൃതപദാർത്ഥത്തിൽ ചെറിയൊരു മാറ്റം വരുത്തുന്നത് പലപ്പോഴും മലിനീകരണത്തിൻെറ തോത് ഗണ്യമായി കുറക്കാൻ പര്യാപ്തമാവുമെങ്കിലും ആ മാറ്റം ലാഭകരമല്ലാത്തതിനാൽ തങ്ങളുടെ ഉൽപ്പന്നത്തിന് കമ്പോളത്തിൽ പിടിച്ചുനിൽക്കാൻ സാധ്യമാവില്ലെന്ന ചിന്ത പരമാവധി മലിനീകരണമുണ്ടായാലും മിനിമം ചെലവിൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതെങ്ങിനെയെന്ന ഗവേഷണത്തിനാണ് മനുഷ്യരെ പ്രേരിപ്പിക്കുന്നത്. സൗരവികിരണത്തിലെ അപായരശ്മികളിൽനിന്ന് നമ്മെ രക്ഷിക്കുന്ന ഓസോൺ കുട നശിപ്പിക്കപ്പെട്ടാലും ഏറ്റവും കുറഞ്ഞ ചെലവിൽ 'തണുത്തവെള്ളം' കുടിക്കണമെന്നതായിരുന്നു മുതലാളിത്തത്തിൻെറ ഉപഭോക്തൃസംസ്കാരത്തിൻെറ ചിന്ത. സുഖിക്കാനായി ഉപയോഗിക്കപ്പെടുന്ന യന്ത്രങ്ങൾ പുറത്തുവിടുന്ന വാതകങ്ങളിൽ പലതും ഭൂമിയിലെ 'ഹരിതഗൃഹപ്രഭാവ' (green house effect) ത്തിൻെറ തോത് വർദ്ധിപ്പിക്കുകയും തന്മൂലം ഭൂമിയിലെ താപനില ഗണ്യമായി കൂടുകയും അത് ജീവൻ എന്ന പ്രതിഭാസത്തിൻെറതന്നെ അന്ത്യത്തിന് കാരണമാവുകയും ചെയ്യുമെന്ന് മനസ്സിലാക്കാൻ മനുഷ്യർക്ക് മനസ്സ് നഷ്ടപ്പെട്ടിരിക്കുന്നു. സമ്പാദിക്കാനുള്ള തിരക്കിൽ സ്വന്തം ഭാവിയെക്കുറിച്ച് പോലുമവൻ ചിന്തിക്കുന്നില്ല.

'തിന്നുക, കുടിക്കുക, ആനന്ദിക്കുക' എന്ന എപ്പിക്യൂറസിന്റെ സിദ്ധാന്തം ജീവിതത്തിൽ പ്രയോഗിക്കാൻ പഠിപ്പിച്ച മുതലാളിത്തത്തിൻെറ മക്കൾ മാനസികരോഗികളായിക്കൊണ്ടിരിക്കുകയാണിന്ന്. കോടീശ്വരന്മാരും അംബരചുംബികളും നിറഞ്ഞുനിൽക്കുന്ന നഗരത്തിലെ വീഥിയിലൂടെ ഓടിക്കൊണ്ടിരിക്കുന്ന മേൽത്തരം കാറുകളിൽ സഞ്ചരിക്കുന്ന മുതലാളിത്തരാഷ്ട്രത്തിലെ പൗരൻ സ്വർഗ്ഗത്തിലാണെന്ന് ധരിച്ചുവെങ്കിൽ നിങ്ങൾക്ക് തെറ്റി. അവനെ വിളിച്ച് സംസാരിച്ചുനോക്കൂ. മാനസിക സംഘർഷത്തിൻെറയും പിരിമുറുക്കത്തിൻെറയും വർത്തമാനങ്ങൾ! ഒന്നു ചീഞ്ഞ് മറ്റേതിന് വളമായി മാറുന്ന

ഉപഭോക്തൃസംസ്കാരം സംഭാവന ചെയ്തതാണവ. വിജയമെന്തെന്നറിയാതെ വിജയത്തിനുപിന്നിൽ പായുകയാണവൻ. വിലകൂടിയ മദ്യമോ സുന്ദരികളായ സ്ത്രീകളോ ഒന്നും തന്നിലെ മനുഷ്യനെ സംതൃപ്തനാക്കുന്നില്ലെന്ന് അവൻ മനസ്സിലാക്കുന്നു. മയക്കുമരുന്നുകളിൽനിന്ന് മയക്കുമരുന്നുകളിലേക്ക് കൂടുമാറിക്കൊണ്ടിരിക്കുന്ന അവൻെറ പേരിന് പിന്നിലും പി.എച്ച്.ഡിയിൽ കുറയാത്ത ഡിഗ്രിയായിരിക്കുമുള്ളത്. പക്ഷേ, അവനിലെ മനുഷ്യൻ മരിച്ചിരിക്കുന്നു. സമ്പാദിച്ച് സുഖിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിയുള്ള ഒരു യന്ത്രം മാത്രമാണിന്നവൻ.

മാർക്കറ്റിൽ ഒന്നുംതന്നെ മുതലാളിത്തത്തിന് വിലക്കപ്പെട്ടതായിട്ടില്ല. ഉൽപന്നങ്ങൾ ചെലവഴിക്കാൻ എന്ത് മാർഗ്ഗവുമാകാം. സ്ത്രീ വിപണിയിലെ ഒരു ചരക്ക് മാത്രമാണവിടെ. അറിയപ്പെടുന്ന സുന്ദരികളുടെ നഗ്നമായ ഫോട്ടോകൾ വിറ്റാണ് അമേരിക്കൻ പ്രസിദ്ധീകരണങ്ങൾ പണം കൊയ്യുന്നത്. നഗ്നതയില്ലാത്ത സിനിമകൾക്ക് മുതലാളിത്ത രാജ്യങ്ങളിൽ ആളെ കിട്ടുകയില്ലെന്നതാണത്രെ അനുഭവം. പരസ്യങ്ങളിലെ ഒരു പ്രധാന പ്രദർശനവസ്തുവും സ്ത്രീസൗന്ദര്യംതന്നെ. മുതലാളിത്ത ഉപഭോക്തൃസംസ്കാരം വിലക്കെടുക്കാൻ തത്രപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തിലും ഇന്ന് ടയറിൻെറയും സിഗരറ്റിൻെറയും പരസ്യങ്ങൾക്കുപോലും പെണ്ണിൻെറ സൗന്ദര്യം പ്രദർശിപ്പിക്കണമെന്ന അവസ്ഥ സംജാതമായിരിക്കുന്നുവല്ലോ.

അതിരുകളില്ലാത്ത ഈ ലൈംഗികപ്രദർശനം യുവാക്കളിൽ ലൈംഗികാസക്തിയും കുറ്റകൃത്യങ്ങൾക്കുള്ള പ്രേരണയും ജനിപ്പിക്കുമെന്ന് പറയേണ്ടതില്ല. കളിപ്പാട്ടം പിടിക്കുന്ന കുട്ടിപോലും ഗർഭം ധരിക്കേണ്ടിവരുന്നതും ലൈംഗിക അതിക്രമങ്ങളുടെ ആധിക്യവും ഈ സംസ്കാരത്തിൻെറ പാർശ്വഫലങ്ങളാണ്. ഗർഭഛിദ്രങ്ങളും അവിവാഹിതകളുടെ ഗർഭധാരണവും സൃഷ്ടിക്കുന്ന മാനസിക സംഘർഷങ്ങൾ, അച്ഛനാരെന്നറിയാതെ വളരുന്ന തലമുറകൾ, പടരുന്ന ലൈംഗികരോഗങ്ങളും പൊട്ടിയൊലിക്കുന്ന വ്രണങ്ങളും- ഇതെല്ലാമാണ് ഈ ഉപഭോക്തൃ സംസ്കാരത്തിൻെറ സംഭാവന. അവസാനം ഇതാ എയിഡ്സ് കൂടി. ദൈവിക കൽപ്പനകൾ കാറ്റിൽ പറത്തി ജീവിച്ചവർക്ക് ദൈവംതന്നെ നൽകിയ ശിക്ഷ! കഴിഞ്ഞുവോ? ഇപ്പോൾ പുതിയ ലൈംഗികയന്ത്രങ്ങളും വിപണിയിലുണ്ട്! ലൈംഗിക വൈകൃ



തങ്ങൾ പ്രദർശിപ്പിക്കുന്ന വീഡിയോ കാസറ്റുകൾക്കാണത്രെ ഇപ്പോൾ ഡിമാൻറ്. എങ്ങനെയും പണമുണ്ടാക്കുകയെന്ന സംസ്കാരം മനുഷ്യരെ കൊണ്ടുചെന്നെത്തിച്ച ഗർത്തം എത്ര ആഴമേറിയതാണ്.

ഈ ഇടനാഴിയിലേക്കാണ് മൂന്നാംലോക രാഷ്ട്രങ്ങളും പോയിക്കൊണ്ടിരിക്കുന്നത്. റഷ്യയുടെ സ്ഥിതിയും തഥൈവാ! ഇവിടെയാണ് രാഷ്ട്രനായകന്മാർക്ക് പറ്റുന്ന പ്രധാനപ്പെട്ട തെറ്റ്. മെലിഞ്ഞൊട്ടിയ ജനതയെ തടിച്ച സുന്ദരക്കുട്ടപ്പന്മാരാക്കാൻ മുതലാളിത്തത്തിലേക്കുള്ള പ്രയാണം സഹായിച്ചേക്കാം. പക്ഷേ, അവരുടെ ശരീരത്തിലെയും മനസ്സിലെയും വ്രണങ്ങളിൽനിന്ന് ഒലിച്ചിറങ്ങുന്ന ചലം ലോകം കാണേണ്ടിവരും. ഗ്ലാസ്നോസ്റ്റിന് ശേഷം മറ്റൊരു ഇരുമ്പുമറ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അത് ലോകത്തിൽ എല്ലായിടത്തും പരക്കും. അത് തടയാൻ ഒരുപക്ഷേ, മറ്റൊരു സ്റ്റാലിൻ ജനിക്കേണ്ടിവരും.

മാർക്സിസത്തിന് മനുഷ്യൻെറ പാദാർത്ഥികമോ ആത്മീയമോ ആയ യഥാർത്ഥ അസ്ഥിത്വം കണ്ടെത്താൻ കഴിഞ്ഞില്ല. മുതലാളിത്തത്തിന് ഒരളവോളം, അവൻെറ പാദാർത്ഥികമായ ഉൺമയെ അറിയാൻ കഴിഞ്ഞു. അതുതന്നെയാണ് മനുഷ്യൻെറ യഥാർത്ഥ രൂപമെന്ന് ധരിച്ച മുതലാളിത്തത്തിൻെറ വക്താക്കൾ സ്വാർത്ഥതയെന്ന പാദാർത്ഥിക ഗുണത്തെ പരിപോഷിപ്പിച്ചു. അത് പോഷിപ്പിക്കപ്പെട്ടപ്പോൾ സ്വാഭാവികമായും അവനെ മറ്റ് ജീവികളിൽനിന്നും വ്യതിരിക്തനാക്കുന്ന ആത്മീയ ഗുണങ്ങൾ നശിച്ചു. അവനൊരു മൃഗമായി അധഃപതിച്ചു. ഒരു സാമ്പത്തിക മൃഗം.

നമ്മുടെ അന്വേഷണം തുടരുകയാണ്. മാനവമോചനത്തിൻെറ വിപ്ലവഗീതങ്ങൾ പാടി വന്ന പ്രത്യയശാസ്ത്രത്തിനോ വിപണിയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ച സാമ്പത്തികസിദ്ധാന്തത്തിനോ യഥാർത്ഥ മോചനത്തിലേക്കുള്ള പാത കാണിച്ചുതരാൻ കഴിയില്ലെന്ന് നാം അറിഞ്ഞുകഴിഞ്ഞു. ഇനിയും അന്വേഷിക്കാനുണ്ട്. ആത്മീയ സ്വാതന്ത്ര്യത്തിൻെറ ശ്ലോകങ്ങളും സുവിശേഷങ്ങളും മുഴക്കിയ മതങ്ങളുണ്ടിവിടെ. അവക്ക് നമ്മുടെ മോചനത്തിൻെറ മാർഗ്ഗം തുറന്നുതരാൻ കഴിയുമോ? നാം അന്വേഷിക്കുക.

# നാല്

## 'മത'ങ്ങളുടെ പരാജയം

'മാർക്സിസ്റ്റുകാരൻ ഭൗതികവാദിയായിരിക്കണം. അതായത് മതത്തിൻെറ ശത്രു'[1]

'നാം മതത്തോട് ഏറ്റുമുട്ടണം അതാണ് ഭൗതികവാദത്തിൻെറയും തൽഫലമായി മാർക്സിസത്തിൻെറയും ഹരിശ്രീ'[2]

'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന് പ്രഖ്യാപിച്ച മാർക്സിൻെറ ഇന്ത്യയിലെ പ്രമുഖനായ സൈദ്ധാന്തികൻെറ വാക്കുകളാണിവ. എന്നാൽ പാർലമെൻററി രാഷ്ട്രീയത്തോടുള്ള അഭിനിവേശം കാരണം പലപ്പോഴും മതത്തിനെതിരായ തത്വങ്ങളും പ്രയോഗങ്ങളും മറച്ചുപിടിക്കാൻ സാധാരണ മാർക്സിസ്റ്റുകൾ ശ്രമിക്കാറുണ്ട്. എങ്കിലും, ലോകത്തിലേതെങ്കിലും വായിക്കാനറിയാവുന്നവർക്കെല്ലാമറിയാം, മാർക്സിസവും മതവും വിരുദ്ധ വീക്ഷണങ്ങളുള്ള രണ്ട് ചിന്താസരണികളാണെന്ന്. കണ്ണും കാതും ചിന്താശേഷിയും അടച്ചുപിടിച്ച്, 'നിസ്ക്കാരത്തയമ്പി'ൻെറയും 'കുരിശുമാലയുടെ'യും 'തിരുവമ്പലദർശനത്തി'ൻെറയും ഉദാഹരണങ്ങളിലൂടെ രണ്ടും തമ്മിലൊന്നിച്ച് പോകാനാകുമെന്ന് പറയാൻ ചങ്കൂറ്റം കാണിക്കുന്നവരുടെ പാർട്ടി വിധേയത്വത്തിന് നാം അവരോട് സഹതപിക്കുക.

നമ്മുടെ ചർച്ച മാർക്സ് എന്തുകൊണ്ട് മതത്തെ വിമർശിച്ചുവെ

1. ഇ.എം.എസ്.: സാംസ്ക്കാരിക വിപ്ലവം, മതം, മാർക്സിസം പേജ് 59
2. 1bid



ന്നതാണ്? ആ വിമർശനത്തിലെ ശരിയെയും തെറ്റിനെയും കുറിച്ചാണ്? ലെനിൻ സംസാരിക്കട്ടെ. 'നാഗരിക ജീവിതത്തിത്തിൽ പ്രബുദ്ധനായ തൊഴിലാളി മതവിധിയെ അവജ്ഞയോടെ വലിച്ചെറിയുന്നു. സ്വർഗ്ഗത്തെ പുരോഹിതന്മാർക്കും ബൂർഷ്വാമതഭ്രാന്തന്മാർക്കുമായി വിട്ടുകൊടുത്ത് ഈ ഭൂമിയിൽ മികച്ച ജീവിതം കെട്ടിപ്പടുക്കാൻ മതത്തിൻെറ മൂടൽമഞ്ഞിനെതിരെയുള്ള പോരാട്ടത്തിൽ ശാസ്ത്രത്തിൻെറ സഹായം തേടുകയും വർത്തമാനകാലത്ത് മികച്ച ജീവിതത്തിനുവേണ്ടി പൊരുതാൻ തൊഴിലാളികളെ ഒരുമിച്ച് ചേർത്ത് മരണാനന്തര ജീവിതത്തിലുള്ള വിശ്വാസത്തിൽനിന്ന് അവരെ വിടർത്തിയെടുക്കുകയും ചെയ്യുന്ന സോഷ്യലിസത്തിൻെറ ഭാഗമാണ് ഇന്നത്തെ തൊഴിലാളിവർഗ്ഗം.'[1]

മതത്തിനെതിരെയുള്ള സമരത്തിൻെറ തീവ്രത മാർക്സിൻേറതിനേക്കാൾ ലെനിൻെറ കൃതികളിലാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് തന്നെയാവണം അദ്ദേഹം വിപ്ലവത്തിനുശേഷം ഇങ്ങനെ പറഞ്ഞത്. 'നാം ദൈവവുമായി മല്ലിടും. അത്യുന്നത സ്വർഗത്തിൽവെച്ച് അവനെ നാം കീഴടക്കും. അവൻ അഭയം തേടുന്നിടത്തെല്ലാം ചെന്ന് നാം അവനെ ശാശ്വതമായി നിഗ്രഹിക്കും.'[2]

മാർക്സിൻെറയും ഏംഗൽസിൻെറയും കൃതികൾ വായിക്കുന്ന ഏവർക്കും മനസ്സിലാവും, സമൂഹത്തെ സമൂലമായി പരിവർത്തിപ്പിക്കാനുള്ള തൊഴിലാളി വർഗ്ഗത്തിൻെറ സമരത്തിന് വിഘാതമായി നിൽക്കുന്ന ശക്തിയെന്ന നിലയിലാണ് അവർ മതത്തെ കാണുന്നതെന്ന്. ചൂഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന വർഗത്തിന് മുന്നിൽ ആത്മീയ മോചനത്തിൻെറ ളോഹയുമായി പ്രത്യക്ഷപ്പെട്ട് പരലോകത്തെ ശാന്തിയെക്കുറിച്ച് സുവിശേഷമറിയിക്കുന്ന മതം, മനുഷ്യമോചനത്തിന് മുന്നിൽ വിലങ്ങുതടിയായി നിൽക്കുക മാത്രമാണെന്ന് അവർ ശക്തിയായി വാദിച്ചു. മുതലാളിവർഗ്ഗത്തിൻെറ മണിമേടകളിൽ അന്തിയുറങ്ങുന്ന പൗരോഹിത്യം പറയുന്ന കാര്യങ്ങളിൽ ചൂഷണത്തിൻെറ അംശം കണ്ടെത്തിയതിൽ തെറ്റുണ്ടായിരുന്നില്ല. മതത്തിൻെറ മൗലികപ്രമാണങ്ങൾ പോലും സ്വാർത്ഥതാൽപര്യങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കപ്പെടുകയും പ്രചരിക്കപ്പെടു

1. വി.ഐ. ലെനിൻ: സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രവും സംസ്ക്കാരവും പേജ് 47
2. We will grapple with God, We will conquer him in the highest heavens. And whenever he seeks refuge we will subdue him for ever.

കയും ചെയ്തപ്പോൾ അവ ചൂഷണങ്ങൾക്കുള്ള നിമിത്തങ്ങളാണെന്ന് ധരിക്കപ്പെട്ടുവെന്നത് സ്വാഭാവികം മാത്രം.

പക്ഷേ, എന്തിനെക്കുറിച്ചും മൗലികമായ അഭിപ്രായം പറയണമെങ്കിൽ അവയുടെ സൈദ്ധാന്തികമായ അടിസ്ഥാനങ്ങൾ പരിശോധിക്കണമെന്ന പ്രാഥമികതത്വം മാർക്സിസ്റ്റ് ആചാര്യന്മാർ തീരെ പാലിച്ചില്ലെന്നുതന്നെയാണ് അവരുടെ കൃതികൾ വായിക്കുമ്പോൾ നമുക്ക് ബോധ്യപ്പെടുക. ഏംഗൽസ് തൻെറ 'ഡ്യൂറിംഗിനെതിരെ' [1] യെന്ന പുസ്തകത്തിൽ മതത്തിൻെറ ഉൽപത്തിയെയും പരിണാമത്തെയും ഭൗതികവാദവീക്ഷണത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നുണ്ട്. അവ തികഞ്ഞ പരാജയത്തിലാണ് കലാശിക്കുന്നത്. നിയന്ത്രണത്തിന്നതീമായ ബാഹ്യശക്തികളുടെയും സാമൂഹികശക്തികളുടെയും മേലുള്ള മനുഷ്യൻെറ ആശ്രിതത്വതിൽ നിന്ന് മതത്തിൻെറ ഉൽപ്പത്തി കാരണം കണ്ടെത്തുന്ന അദ്ദേഹം പഴയ ആകാശഗോള പ്രകൃതി പുരാണവാദി (astral and nature mythologist) കളുടെ സിദ്ധാന്തങ്ങളെ അന്ധമായി പിൻപറ്റുക മാത്രമാണ് ചെയ്യുന്നത്. ആധുനിക ഉൽഖനന സംരംഭങ്ങളുടെ വെളിച്ചത്തിൽ ഈ സങ്കൽപ്പം തന്നെ തരിപ്പണമായിരിക്കുന്നുവെന്നതാണ് വാസ്തവം. പ്രകൃതിപൂജയും വ്യക്തിപൂജയുമാരംഭിക്കുന്നതിന് വളരെ മുമ്പുതന്നെ പ്രാക്തനവർഗ്ഗങ്ങളിൽപോലും ഏകദൈവസങ്കൽപ്പവും ആരാധനയും നിലനിന്നിരുന്നുവെന്ന ആധുനിക നിഗമനം മതത്തെക്കുറിച്ച മാർക്സിയൻ സങ്കൽപ്പത്തിൻെറ കടയ്ക്കാണ് കത്തിവെച്ചിരിക്കുന്നത്. ഈ അടിസ്ഥാനപരമായ പിഴവിൽ നിന്നുകൊണ്ടാണ് മതത്തെക്കുറിച്ച മറ്റ് കാഴ്ചപ്പാടുകളെല്ലാം മാർക്സിസ്റ്റ് സൈദ്ധാന്തികർ മെനഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ കണക്കുകൾ പിഴച്ചു. സിദ്ധാന്തങ്ങൾ പിഴച്ചു; ചൂഷണങ്ങൾക്ക് നിമിത്തമായ മതങ്ങളെ നിർമ്മൂലനം ചെയ്യാനായി ആവിഷ്ക്കരിച്ച പദ്ധതികൾ പിഴച്ചു.

ചൂഷണത്തിൻെറ നിമിത്തങ്ങളെന്ന് കരുതപ്പെട്ട മതങ്ങൾ, നീണ്ട പതിറ്റാണ്ടുകൾ നീണ്ടുനിന്ന 'ഉന്മൂലനങ്ങൾ' കഴിഞ്ഞിട്ടും ഇന്നും യാതൊരു ഗ്ലാനിയുമില്ലാതെ നിലനിൽക്കുന്നു.

ചർച്ചിൻെറയും പള്ളിയുടെയും അമ്പലത്തിൻെറയും സിനഗോഗിൻെറയും പുനഃപ്രവർത്തനങ്ങൾ കണ്ട് ഇത് യഥാർത്ഥ മതത്തിൻെറ തിരിച്ചുവരവാണെന്ന വിലയിരുത്തൽ നടത്തിയാൽ അത് അബദ്ധമാകാൻ സാധ്യതയുണ്ടെന്നറിയാം. അത്തരമൊരു സാഹസം മതത്തെക്കുറിച്ച പരിമിതസങ്കൽപ്പത്തിന് വളം വെച്ചുകൊടുക്കുക മാത്രമേയുള്ളൂ. പക്ഷേ, മതസ്ഥാപനങ്ങളുടെ ഉയിർത്തെഴുന്നേൽപ് ഒരു കാര്യം വ്യക്തമാക്കുന്നുണ്ടെന്ന വസതുത വിസ്മരിച്ചുകൂടാ. മനുഷ്യനിലെ ആത്മീയദാഹം ശമിപ്പിക്കാൻ അപ്പത്തിന് കഴിയുകയില്ലെന്നതത്രെ അത്. പീഡനങ്ങൾക്കോ പ്രീണനങ്ങൾക്കോ പ്രചണ്ഡമായ പ്രചാരണങ്ങൾക്കോ ആ ദാഹത്തെ ശമിപ്പിക്കാനോ കെടുത്താനോ കഴിയില്ലെന്ന വസ്തുതയും ഇവിടെ അനാവൃതമാകുന്നു.

പക്ഷേ, ഒരു കാര്യം സമ്മതിക്കാതെ നിവൃത്തിയില്ല. പലപ്പോഴും പൗരോഹിത്യം ചൂഷകൻമാരുടെ മൂടുതാങ്ങികളായി നിലയുറപ്പിച്ചിട്ടുണ്ട്. സത്യത്തിനുനേരെ കൊഞ്ഞനം കാണിച്ചിട്ടുണ്ട്. മനുഷ്യബുദ്ധിക്ക് കൂച്ചുവിലങ്ങിടാൻ സന്നദ്ധരായിട്ടുണ്ട്. എന്തിനധികം, തങ്ങൾ കണ്ടെത്തിയ സത്യം പറഞ്ഞുവെന്നതിൻെറ പേരിൽ മാത്രം ശാസ്ത്രജ്ഞന്മാരെ ജീവനോടെ ദഹിപ്പിച്ചിട്ടുണ്ട്. ഇത്തരമൊരു മതത്തിൻെറ നേരെ നോക്കി മാർക്സും ഏംഗൽസും 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന് പറഞ്ഞുവെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ആ കറുപ്പ് കഴിച്ച മനുഷ്യരുടെ ലീലകളാണല്ലോ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ ഇന്നും ചോരപ്പുഴകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നത്.

ഗാസിയാബാദിനടുത്തുള്ള ചിരോഡി ഗ്രാമത്തിൽ നിന്ന് ഭൂതപ്രേതബാധമാറ്റാനുള്ള ദേവിയുടെ പ്രീതിക്കുവേണ്ടി വെറും എട്ട് വയസുമാത്രം പ്രായമായ പൂനമെന്ന പെൺകുട്ടി ക്രൂരമായി ബലാൽസംഗം ചെയപ്പെട്ടതും അവളെക്കൊന്ന ചോരയാൽ പൂജ നടത്തപ്പെട്ടതുമായ വാർത്തകൾ വായിച്ചിട്ട് കാലമേറെ കഴിഞ്ഞിട്ടില്ല. എട്ടുമാസം ഗർഭിണിയായ സ്വന്തം ഭാര്യയെ സ്ത്രീധനത്തിൻെറ പേരിൽ തീയിട്ടുകൊല്ലാൻ സന്നദ്ധനായ അജ്മീർ ദർഗയിലെ മുസ്‌ലിയാരായ നസീറിനെക്കുറിച്ച് നാം വായിച്ചത് ഈയടുത്താണ്. കുമ്പസാരത്തിന് ചെന്ന പെണ്ണുങ്ങളെ ബലാൽസംഗം ചെയ്ത് കൊന്ന് കേസ് തേയ്ച്ചുമായിച്ചു കളയാൻ ശ്രമിക്കുന്ന രവി അച്ഛന്മാർ നമുക്കൊന്നും അപരിചിതരല്ല. ഇവിടെ സ്വാഭാവികമായി നമ്മളും പറഞ്ഞുപോകുന്നില്ലേ 'ഈ മതം മനുഷ്യനെ മയക്കുന്ന കറുപ്പുതന്നെയാണ്'

1 Engels: Anti Duhring

എന്ന്.

ആത്മീയ മോചനത്തിന്റെ മഹത്തായ സന്ദേശങ്ങളുമായി വന്ന മതങ്ങളെങ്ങിനെ ചൂഷകൻമാരുടെ കളിപ്പാട്ടങ്ങളായി മാറി? ഇവിടെ ആരാണ് പ്രതിക്കൂട്ടിൽ? പ്രവാചകന്മാരാണോ? പ്രചാരകന്മാരാണോ? പുരോഹിതന്മാരാണോ?

നമുക്ക് ഉപനിഷത്തുകളിലേക്ക് നോക്കാം. പരമാത്മാവും ജീവാത്മാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച ഗാഢമായ ചർച്ചകൾ നടക്കുന്നത് അവിടെ കാട്ടിനുള്ളിൽവെച്ച് മാത്രമല്ല; വീടുകളിൽവെച്ചും നാട്ടിൻപുറങ്ങളിൽവെച്ചും അവ പുരോഗമിക്കുന്നു. ഉദാഹരണത്തിന് ബൃഹദാരണ്യകോപനിഷത്തിലെ രണ്ടാം ഖണ്ഡം നാലാം അദ്ധ്യായത്തിൽ ബ്രഹ്മചർച്ച നടത്തുന്നത് യാജ്ഞവൽക്യനും പത്നിയായ മൈത്രേയിയും തമ്മിലാണ്. ആത്മീയ ശുദ്ധിക്കുവേണ്ടി വനവാസം നടത്തണമെന്നല്ലല്ലോ ഇതിൽനിന്ന് മനസ്സിലാകുന്നത്. ഭാര്യയും മക്കളുമായി ജീവിക്കുന്ന യാജ്ഞവൽക്യൻ തന്നെ ബ്രഹ്മജ്ഞാനിയായിത്തീരുന്നുവെങ്കിൽ, പ്രസ്തുത ജ്ഞാനം നേടാൻ ഭൗതിക സുഖസൗകര്യങ്ങളെല്ലാം ത്യജിക്കണമെന്നും ആരണ്യകത്തിനകത്ത് പോയി തപസ്സ് ചെയ്യണമെന്നുമുള്ള വാദം എത്രമാത്രം അടിസ്ഥാനരഹിതമല്ല! ഈ ആത്മജ്ഞാനം വെറും ആത്മജ്ഞാനമായി നിലനിൽക്കണമെന്നും അതും സമൂഹത്തിലെ ജീവിതവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും ഉപനിഷത്തുകൾ പഠിപ്പിച്ചില്ല. ആത്മശുദ്ധിയുണ്ടാകാനായി സ്വീകരിക്കേണ്ട ജീവിതരീതിയെക്കുറിച്ച് കൂടി അവ ഉൽബോധിപ്പിക്കുന്നുണ്ട്. മദ്യപാനവും മോഷണവും വ്യഭിചാരവുമെല്ലാം ആത്മാവിനെ അശുദ്ധമാക്കുമെന്നും അവ ചെയ്യുന്നവൻ പതിതനാണെന്നും [1] പഠിപ്പിക്കുന്ന ഉപനിഷത്തുകൾ ആത്മജ്ഞാനത്തിന് സമൂഹത്തിൽ പ്രായോഗികതയുണ്ടെന്ന് തന്നെയാണ് വ്യക്തമാക്കുന്നത്.

ബൈബിൾ നോക്കുക, ദൈവത്തെയും ദൈവരാജ്യത്തെയും കുറിച്ച് പ്രസംഗിച്ചുനടന്ന ക്രിസ്തു പക്ഷേ, ഭൗതിക ജീവിതത്തിനാവശ്യമായ നിയമങ്ങളൊന്നും പറയാതിരുന്നില്ല. 'ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ'[2] എന്നുപറഞ്ഞ ക്രിസ്തുതന്നെ അനുയായികളോട് വാളെടുക്കാനും

1. ഛന്ദോഗ്യോപനിഷത്ത് 5:10:9
2. മത്തായി 5:44



കൽപ്പിക്കുന്നതായി നാം കാണുന്നു. 'ദൈവത്തെയും മാമോനെയും[1] ഒരേസമയം സേവിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല'[2] യെന്ന് അദ്ദേഹം പറയുമ്പോൾ അമിതമായ പണദാഹമാണ് വിമർശിക്കപ്പെടുന്നത്. മദ്യപാനത്തെയും പരസ്ത്രീഗമനത്തെയും അദ്ദേഹം വിലക്കുന്നുണ്ട്. ദേവാലയത്തിലെ കള്ളക്കച്ചവടക്കാർക്കെതിരെ ശക്തി പ്രയോഗിക്കാൻപോലും അദ്ദേഹം സന്നദ്ധനാവുന്നു.[3] യഹൂദസമുദായത്തിൽ ജനിക്കുകയും വളരുകയും ജീവിക്കുകയും ചെയ്ത അദ്ദേഹം അവരിൽനിന്ന് വ്യത്യസ്തമായ വസ്ത്രധാരണരീതിയോ പ്രത്യേകമായ ജീവിതശൈലിയോ സ്വീകരിച്ചതായി നാം കാണുന്നില്ല. നസാറായക്കാരനായ യേശു ഒരു പുരോഹിതനോ ദൈവശാസ്ത്രജ്ഞനോ ആയിരുന്നില്ല. ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിച്ചുനടന്ന സാധാരണക്കാരനായ ഒരു പ്രവാചകൻ മാത്രമായിരുന്നു!

മുഹമ്മദ് നബിയുടെ ചരിത്രം പരിശോധിച്ചു നോക്കുക. മക്കയിൽ ജനിച്ചുവളർന്ന അദ്ദേഹത്തിന് നാൽപതാം വയസിൽ പ്രവാചകത്വം ലഭിച്ചശേഷവും തന്റെ വേഷഭൂഷാതികളിലെല്ലാം പരിവർത്തനം വരുത്തണമെന്ന് തോന്നിയില്ല. ഒരു സാധാരണ അറബിയുടേതായിരുന്നു മരണംവരെയ്ക്കും അദേഹത്തിന്റെ വേഷം. പൗരോഹിത്യത്തിന്റെ യാതൊരു ലാഞ്ജയും അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിരുന്നില്ല. പാതിരാവിൽ ഉറക്കമെണീറ്റു നിന്ന് പ്രാർത്ഥിച്ചിരുന്ന പ്രവാചകൻ തന്നെ പകൽ സമയത്ത് ജീവിതവൃത്തിയിലേർപ്പെടുന്നു. യുദ്ധത്തിന് നായകത്വം വഹിക്കുന്നു. ജനങ്ങളുമായി സമ്പർക്കത്തിലേർപ്പെടുന്നു. തമാശ പറയുന്നു. കുട്ടികളുമായി പോലും കളികളിലേർപ്പെടുന്നു. ഭാര്യമാരോട് കൂടെ അന്തിയുറങ്ങുന്നു. ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ആത്മീയവിശുദ്ധിയുടെ പ്രതിഫലനം എങ്ങിനെയായിരിക്കണമെന്ന് തന്റെ ജീവിതത്തിലൂടെ ലോകത്തിന് പഠിപ്പിച്ചുകൊടുക്കുകയായിരുന്നു അദ്ദേഹം. തന്റെ അവകാശവാദം തന്നെ ഒരു അതിമാനുഷനാണെന്നായിരുന്നില്ല. അദ്ദേഹം പ്രഖ്യാപിച്ചു 'ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രം'[4] ഞാൻ മനുഷ്യരിൽപെട്ട ഒരു ദൂതനല്ലാതെ മറ്റാരെങ്കിലുമാണോ?'[5] മനുഷ്യ

1. ഗ്രീക്കുകാരുടെ പണത്തിന്റെ ദേവതയാണ് മാമോൻ
2 മത്തായി 6:24
3 യോഹന്നാൻ 2:13-15
4. ഖുർആൻ 18:110
5. ഖുർആൻ 17:93

നായ ഒരു ദൂതൻ! വികാരങ്ങളും വിചാരങ്ങളും ആശകളും അഭിലാഷങ്ങളുമെല്ലാമുള്ള മനുഷ്യൻ. അദ്ദേഹം നിയോഗിക്കപ്പെട്ടതോ, ആത്മവിശുദ്ധി ഒരു മനുഷ്യൻെറ സകലമാന ജീവിതത്തിലും എങ്ങനെ പ്രതിബിംബിക്കണമെന്ന് സ്വജീവിതത്തിലൂടെ മാനവരാശിയെ പഠിപ്പിക്കാൻവേണ്ടി.

ഏതൊരു പ്രവാചകൻെറയും ജീവിതത്തിലേക്ക് നോക്കൂ. അവർ തങ്ങളുടെ ആത്മീയോപദേശങ്ങളെ ഭൗതിക ജീവിതത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താതിരുന്നില്ലെന്ന് കാണാം. കാലവും സമയവും നീങ്ങിയപ്പോൾ അവസ്ഥകൾക്ക് അന്തരങ്ങളുണ്ടായി. മനുഷ്യർ ആഢംബരങ്ങളിലേക്കും അക്രമങ്ങളിലേക്കും നീങ്ങി. യഥാർത്ഥമായ ആത്മീയോപദേശങ്ങളിലൂടെ ലഭ്യമാകുന്ന ഉൽക്കർഷത്തിൻെറ അഭാവമായിരുന്നു ഇതിന് കാരണം. പ്രവാചകന്മാരിൽ പലരുടെയും അനുയായിവൃന്ദത്തിന് പ്രവാചകന്മാരുടെ പാതയിൽ തന്നെ ഉറച്ചുനിൽക്കാൻ കഴിഞ്ഞില്ല. അതിഭൗതികതയുടെ അതിപ്രസരത്തിൽ അവരിൽ പലരും പ്രവാചകവചനങ്ങളെ മറന്നു. തന്നിഷ്ടം പ്രവർത്തിച്ചു. ലോകത്തിൻെറ ആത്മദാഹം തീർക്കാൻ നിയോഗിക്കപ്പെട്ട അവർ തങ്ങളുടെ നിയോഗത്തിൻെറ ലക്ഷ്യംതന്നെ അവഗണിച്ചു. വ്യക്തികൾ പിഴച്ചു. സമൂഹങ്ങൾ നശിച്ചു.

മനുഷ്യാത്മാവ് മോചനം തേടി അലയുക തന്നെയായിരുന്നു. ആത്മാവിൻെറ തേട്ടം കണ്ടവരിൽ പലരും മനുഷ്യൻെറ അധഃപതനത്തിന് കാരണം ഭൗതികസുഖങ്ങളാണെന്ന് ധരിച്ചുവശായി. ഭൗതിക സുഖസൗകര്യങ്ങളിൽ മുങ്ങിക്കിടക്കുന്ന മനുഷ്യരിൽ മൂല്യബോധം കുറഞ്ഞുവരുന്നതായി അവൻ കണ്ടു. ആത്മശാന്തിക്കുവേണ്ടി ഭൗതിക സുഖസൗകര്യങ്ങൾ വർജ്ജിക്കുകയെന്ന മുദ്രാവാക്യവുമായി അവർ രംഗത്തുവന്നു. ആരണ്യകങ്ങൾക്കകത്തേക്ക് കടന്നുചെന്ന് എല്ലാ തരത്തിലുമുള്ള ഭൗതിക സുഖങ്ങളിൽ നിന്ന് മുക്തരാവുകയാണ് വേണ്ടതെന്ന് ചിലർ ഉപദേശിച്ചു. ഭാര്യാസന്താനങ്ങളാണ് മനുഷ്യനെ ഭൗതിക പ്രമത്തനാക്കുന്നതെന്ന് ധരിച്ച മറ്റുചിലർ സ്ത്രീയെ തൊടാതിരിക്കലിലാണ് മോക്ഷം കണ്ടെത്തിയത്. വേറെ ചിലരാകട്ടെ, കുളിക്കാതെയും ശൗര്യം ചെയ്യാതെയും നടന്ന് സ്വയം ഭ്രാന്തന്മാരാകുന്നതിലാണ് ആത്മീയാനന്ദം കണ്ടെത്തിയത്. ഇവരിൽപ്പെട്ട ചിലർ കൊട്ടാരം വിട്ട് കാട്ടിലേക്ക് ശാന്തിയന്വേഷിച്ച് യാത്രയായി. മറ്റുചിലർ എല്ലാവിധ വികാരങ്ങളെയും ബലികഴിച്ച് ശാന്തി



നേടാൻ പരിശ്രമിച്ചു. അവർക്കൊന്നും ശാന്തിമാത്രം കിട്ടിയില്ല. കിട്ടിയത്, മനുഷ്യനെന്ന നിലയിലുള്ള അവരുടെ ഭാഗധേയം നിർവ്വഹിക്കാൻ കഴിതാതെയുള്ള 'നിർവ്വാണം' മാത്രമായിരുന്നു.

ആത്മശാന്തി ആരണ്യകങ്ങൾക്കകത്ത് മാത്രം ലഭ്യമാകുന്നതാണെന്ന് വന്നപ്പോൾ മനുഷ്യരിൽ ബഹുഭൂരിപക്ഷത്തിനും അത് നേടിയെടുക്കുക സാധ്യമല്ലെന്ന അവസ്ഥ സംജാതമായി. ഭൗതിക ജീവിതത്തിലെ വൈകാരികമായ ബന്ധങ്ങൾ അവരെ സന്ന്യാസത്തിൽ നിന്ന് പിന്തിരിപ്പിച്ചു. പക്ഷേ, ആത്മശാന്തി അവർക്കും ആവശ്യമായിരുന്നു. അതിന്നവർ ഒരു മാർഗ്ഗം കണ്ടെത്തി. ദൈവത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചവരെ സേവിക്കുകയായിരുന്നു പ്രസ്തുത മാർഗം. 'ദൈവത്തിൻെറ കുഞ്ഞാടുകൾ' ബഹുജനങ്ങളുടെ ആത്മീയ നേതാക്കന്മാരായി മാറി. അവർ പറയുന്നത് പ്രവർത്തിക്കുക മാത്രമാണ് പൊതുജനങ്ങളുടെ ആത്മശാന്തിക്കുള്ള മാർഗ്ഗമെന്ന് വന്നു.

ഇവിടെ രണ്ട് വർഗ്ഗങ്ങൾ രൂപമെടുക്കുകയായിരുന്നു. പുരോഹിത വർഗ്ഗവും സാധാരണക്കാരുടെ വർഗ്ഗവും. സാധാരണക്കാരുടെ ജീവിതം രണ്ടായി പങ്കുവെക്കപ്പെട്ടു. മാമോനുള്ള ജീവിത പങ്കിൽ ദൈവമോ ദൈവത്തിനുള്ള പങ്കിൽ മാമോനോ ഇടപെടാൻ പാടില്ലെന്ന നിയമം നിലനിന്നു. ദൈവത്തിൻെറ ആലയത്തിൽ പൊതുജനങ്ങളുടെ ആത്മശാന്തിക്കുവേണ്ടി തപസ്സിരുന്ന് പാടുപെടുന്ന പൗരോഹിത്യത്തിന് ജീവിതവിഭവങ്ങളെത്തിക്കുക മാത്രമായിരുന്നു പൊതുജനത്തിൻെറ കർത്തവ്യം. മാമോനുവേണ്ടി നീക്കിവെക്കപ്പെട്ടിട്ടുള്ള ജീവിതത്തിൻെറ സിംഹഭാഗത്തിലും തന്നിഷ്ടം ചെയ്യാൻ അനുവാദം നൽകപ്പെട്ടു. ആത്മശാന്തിയുടെ ആലയങ്ങളിലെ സംഭാവനകൾവഴി പാപങ്ങളെല്ലാം കഴുകിക്കളയാമെന്ന സ്ഥിതി നിലനിന്നപ്പോൾ മുൻകൂറായി നാണയം ഭണ്ഡാരത്തിൽ നിക്ഷേപിച്ച് പാപം ചെയ്യാൻ തയ്യാറെടുക്കുന്ന മനുഷ്യമക്കളുണ്ടായി.

ദൈവത്തിൻെറ സ്വന്തക്കാരും സാധാരണക്കാരുമെന്ന രണ്ട് വിഭാഗങ്ങളുണ്ടായപ്പോൾ ഇവർ തമ്മിൽ തിരിച്ചറിയുക ഒരു അനിവാര്യതയായിത്തീർന്നു. ക്രിസ്തുവിനോ വൈദികഋഷിമാർക്കോ മുഹമ്മദി(സ)ന്നോ അറിയാത്ത ചിഹ്നങ്ങൾ ആത്മശാന്തിയുടെ ആലയങ്ങളുടെ കാവൽക്കാരുടെ അടയാളങ്ങളായി. ഈ ചിഹ്നങ്ങൾ മാത്രമായി മാറി, 'അവിശ്വാസി'യെയും 'വിശ്വാസി'യെയും തിരിച്ചറിയാനു

ള്ള മാർഗ്ഗം. പൗരോഹിത്യം തങ്ങളുടെ സ്വാർത്ഥതക്കനുസരിച്ച് ജനങ്ങളെ സംഘടിപ്പിക്കാൻ ഈ ചിഹ്നങ്ങളെ ഉപയോഗിച്ചു. ആത്മീയമായ അടിമത്തത്തിൻെറ ഭൂമിയിലെ യജമാനൻമാരായ പുരോഹിതന്മാരെ അനുസരിക്കുന്ന ആട്ടിൻ പറ്റങ്ങൾ മാത്രമായി മാറി വിശ്വാസികൾ. അവർ പൗരോഹിത്യത്തിൻെറ ചരടുവലികൾക്കനുസരിച്ച് ആടിക്കൊണ്ടിരുന്നു.

സമൂഹത്തിലെ ചൂഷകവർഗ്ഗം അവരുടെ സ്വാധീനത്തിൻെറ വല പൗരോഹിത്യത്തിനു നേരെയും വീശിയെറിഞ്ഞു. ചൂഷിതരായ ജനങ്ങളുടെമേലുള്ള ചൂഷകരുടെ പിടുത്തത്തിൻെറ മുറുക്കം വർദ്ധിപ്പിക്കാനാവശ്യമായ നിയമങ്ങൾ നിർമ്മിക്കാൻ പൗരോഹിത്യം തയ്യാറായി. മുതലാളിമാരുടെ ആലയങ്ങളിൽ കിടന്നുറങ്ങുന്ന ആത്മശാന്തി വിൽപ്പനക്കാരുടെ 'മത' നിയമങ്ങളാവുന്ന ദ്യംഷ്ടങ്ങൾ സാധാരണക്കാരുടെ കഴുത്തുകൾ ഞെരിച്ചുകൊണ്ടിരുന്നു. മനുഷ്യനെ മനുഷ്യനാക്കുന്ന ആത്മാവിൻെറ നിയന്ത്രകൻമാരെന്ന് അവകാശപ്പെട്ട പുരോഹിത വർഗ്ഗത്തോട് എതിരുപറഞ്ഞ് 'പാപി' കളവാവുകയെന്ന കൃത്യം നിർവ്വഹിക്കാൻ മാത്രം ധൈര്യമുള്ളവർ വിരളമായേ ചരിത്രത്തിലുണ്ടായുള്ളൂ. അവരുടെ ശബ്ദം പലപ്പോഴും വനരോദനങ്ങൾ മാത്രമായി കലാശിച്ചു. പൗരോഹിത്യമൊരുക്കിയ കനമുള്ള കുരിശുകൾ ചുമക്കാൻ അവരിൽ പലരും വിധിക്കപ്പെട്ടു.

മതത്തിൻെറ മൗലികമായ ഉപദേശങ്ങൾ പോലും ചൂഷകന്മാർക്കുവേണ്ടി മാറ്റിയെഴുതപ്പെട്ടു. ഹൈന്ദവദർശനത്തിലെ മരണാനന്തര ജീവിതസങ്കൽപംതന്നെ നോക്കുക. നന്മ ചെയ്യുന്ന മനുഷ്യർ സ്വർഗ്ഗത്തിലെ ചന്ദ്രന്മാരായി [1] മാറുമെന്നും യാഗങ്ങളും യജ്ഞങ്ങളും നടത്തുന്നവർക്ക് സ്വർഗ്ഗത്തിൽ സ്ഥാനമുണ്ടെന്നും [2] ഈശ്വരനെ സ്മരിക്കാതെ വിഷയാസക്തരായി കഴിയുന്നവർ ദുഃഖ ഭൂയിഷ്ഠങ്ങളായ ലോകങ്ങളെ പ്രാപിക്കുന്നുവെന്നും [3] പറയുന്ന വൈദികഗ്രന്ഥങ്ങൾ സ്വർഗ്ഗവും നരകവുമടങ്ങുന്ന മരണാനന്തരജീവിതസങ്കൽപം തന്നെയാണ് ഉൾക്കൊള്ളുന്നത്. പക്ഷെ, നമുക്കറിയാം ഇന്ന് ഹൈന്ദവസമൂഹം വിശ്വസിക്കുന്നത് പുനർജന്മസിദ്ധാന്തത്തിലാണ്. ഈ സിദ്ധാന്തത്തിൻെറ ഉൽപ്പത്തിതന്നെ സ്ഥിതിചെയ്യുന്നത് ചാതുർവർ

1. ഋഗ്വേദം 2.2:10:1–3
2. ശതപഥ ബ്രാഹ്മണം 11:6:2:5
3. ഈശവാസ്യോപനിഷത്ത് 3



ണ്യ വ്യവസ്ഥയിലാണ്. പാവപ്പെട്ട ശൂദ്രനും ചണ്ഡാലനും ഉന്നത കുലജാതരായ ബ്രാഹ്മണക്ഷത്രിയാദികൾക്ക് ദാസ്യവേലചെയ്യുന്ന വ്യവസ്ഥയാണ് ചാതുർവർണ്യവ്യവസ്ഥ. ശൂദ്രനും ചണ്ഡാലനും മറ്റും പട്ടിയേയും പന്നിയേയും പോലെയുള്ള ജീവികളാണെന്നും അവർ മുജ്ജന്മപാപത്തിൻെറ ശിക്ഷ അനുഭവിക്കുന്നവരാണെന്നും അതുകൊണ്ടുതന്നെ അവർ അനുഭവിക്കുന്നത് ന്യായമായ ശിക്ഷ മാത്രമാണെന്നും അത് അവർക്കുള്ള ന്യായവിധി മാത്രമാണെന്നും വരുത്തിത്തീർക്കാനാണ് പുനർജന്മസിദ്ധാന്തം പടച്ചെടുത്തത്.[1] തങ്ങളുടെ മുജ്ജന്മപാപത്തിനുള്ള പരിഹാരമാണ് ബ്രാഹ്മണർക്കുള്ള ദാസ്യവേലയെന്ന് മനസ്സിലാക്കിയ താഴ്ന്ന ജാതിക്കാരനെ മാനസികമായി തന്നെ അടിമകളാക്കി മാറ്റാൻ പൗരോഹിത്യത്തിന് കഴിഞ്ഞു. സ്മൃതികളിൽ കാണുന്ന ക്രൂരമായ ജാതിവ്യവസ്ഥക്ക് അടിത്തറ പണിതത് പുനർജ്ജന്മസിദ്ധാന്തം തന്നെയായിരുന്നു.

നടേ ഉദ്ധരിച്ച ലെനിൻെറ വാക്കുകളിൽനിന്ന് മനസ്സിലാവുന്നത് ഏകദേശം ഇതേ രൂപത്തിൽതന്നെ ക്രൈസ്തവ പൗരോഹിത്യവും പരലോക വിശ്വാസത്തെ ദുരുപയോഗപ്പെടുത്തിയിരുന്നുവെന്നാണ്. തൊഴിലാളികളെ ചൂഷണം ചെയ്ത് ജീവിച്ചിരുന്ന മുതലാളിമാർക്ക് അനുകൂലമായ രീതിയിൽ സ്വർഗ്ഗരാജ്യ സങ്കൽപം വ്യാഖ്യാനിക്കപ്പെട്ടതിനാലാണെന്ന് തോന്നുന്നു, 'സ്വർഗ്ഗത്തിൻെറ ഉന്നതങ്ങളിൽ വെച്ചുപോലും നാം ദൈവത്തെ പരാജയപ്പെടുത്തും' എന്ന് ചങ്കൂറ്റത്തോടെ പറയാൻ ലെനിൻ സന്നദ്ധനായത്. എന്തിനധികം, മുതലാളിയുടെ സമ്പത്തിലുള്ള ദരിദ്രൻെറ അവകാശമെന്ന് പ്രവാചകനാൽ വിശേഷിപ്പിക്കപ്പെട്ട സക്കാത്ത് സമ്പ്രദായത്തെപ്പോലും ധനികൻെറ 'ഉദാരത' പ്രകടമാക്കുന്ന നാണയത്തുട്ടുകളിലൊതുക്കാൻ 'വഅള്' പറയുന്ന പൗരോഹിത്യവും മതനിയമങ്ങൾ മുതലാളിമാർക്കനുസരിച്ച് വ്യാഖ്യാനിച്ച കുരിശും രുദ്രാക്ഷമാലയുമണിഞ്ഞ പൗരോഹിത്യത്തിൻെറ പാതയെ പിൻതുടരുകയല്ലാതെ മറ്റെന്താണ് ചെയ്യുന്നത്.

മനുഷ്യരുടെ ആത്മീയദാഹത്തെ ചൂഷണം ചെയ്ത്, ധനം സമ്പാദിക്കാനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ച, രാജാധികാരി വർഗ്ഗത്തിന് പൗരോഹിത്യം എങ്ങനെയാണ് കൂട്ടാളികളായി മാറിയതെന്നതിനും ഭാരതീയ ചരിത്രത്തിൽതന്നെ ഉദാഹരണങ്ങളുണ്ട്. വളരെയധികം പുക

1. കൂടുതലറിയുന്നതിന് ലേഖകൻെറ 'ഹൈന്ദവത: ധർമ്മവും ദർശനവും' വായിക്കുക.

ഴ്ത്തപ്പെടുന്ന 'കൗടില്യൻെറ അർത്ഥശാസ്ത്രം'[1] പ്രജകളെ രാജാവ് എങ്ങിനെയെല്ലാം ചൂഷണം ചെയ്യണമെന്ന് പറയു ന്നുണ്ട്. കരടി ത്തോൽ പുതച്ച രാജകീയ പുരുഷന്മാരെ ശ്മശാനവൃക്ഷത്തിൽ കയറ്റിയിരുത്തി അവരെക്കൊണ്ട് രാത്രിയിൽ ജനങ്ങളെ പേടിപ്പിക്കുകയും പിന്നീട് ആ രക്ഷസ്സിനെ നിവാരണം ചെയ്യാനെന്ന് പറഞ്ഞ് അവരിൽനിന്ന് വേണ്ടത്ര ഹിരണ്യം പിടിച്ചെടുക്കുകയും ചെയ്യുക, ദേവസ്ഥാനങ്ങളും സ്വയംഭൂലിംഗങ്ങളും സർപ്പപ്പുറ്റുകളും കൃത്രിമമായുണ്ടാക്കി അവയിലേക്കുള്ള വഴിപാടുകൾ വഴി ജനത്തിൽനിന്ന് ദ്രവ്യം കരസ്ഥമാക്കുക, വിശ്വാസം വരാത്തവരെ വിശ്വസിപ്പിക്കാനായി വധശിക്ഷക്ക് വിധിക്കപ്പെട്ട ഒരാളെ അവിശ്വാസിയായി അവതരിപ്പിച്ച് അവനെ ഗൂഢപുരുഷന്മാർ മുഖേന പാമ്പിനെക്കൊണ്ട് കൊത്തിപ്പിച്ച് കൊന്ന് ബോദ്ധ്യപ്പെടുത്തുക, ഇങ്ങനെ പോകുന്നു 'ഭൂമിപൻ രാജ്യത്തീങ്കന്ന് എടുക്കേണ്ട ദ്രവ്യ'ത്തിൻെറ ലിസ്റ്റ്. വിശ്വാസത്തെ ചൂഷണം ചെയ്ത് ജീവിച്ചിരുന്ന രാജാക്കന്മാർ തന്നെയാണ് ഇന്ത്യയിൽ ഇന്ന് നടക്കുന്ന അന്ധവിശ്വാസഅനാചാരങ്ങളുടെ സ്രഷ്ടാക്കളെന്നും ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാനാവുന്നു.

സ്ഥാപനമതങ്ങൾ മനുഷ്യൻെറ ഭൗതികാവശ്യങ്ങൾ കണ്ടില്ല. ആത്മീയമായി ഔന്നത്യം പ്രാപിക്കാനായി അവ ഉപദേശിച്ചത്, ഭൗതികവിഭവങ്ങളെല്ലാം ത്യജിക്കുകയും വികാരങ്ങളെല്ലാം വെടിയുകയുമായിരുന്നു. ഇതായിരുന്നു അവയ്ക്ക് പറ്റിയ തെറ്റ്. മനുഷ്യനെ മാലാഖയാക്കാൻ അവ പാടുപെട്ടു. പക്ഷേ, മാലാഖമാർ സൃഷ്ടിക്കപ്പെട്ട പ്രകാശത്തിന് മനുഷ്യസൃഷ്ടി നടന്ന മണ്ണുമായി ഗുണത്തിൽ വ്യത്യാസമുള്ളതുപോലെ- ഒരിക്കലും മണ്ണിനെ പ്രകാശമാക്കി മാറ്റാൻ കഴിയാത്തതുപോലെ-അവയുടെ അസ്തിത്വത്തിലും അടിസ്ഥാനപരമായി അന്തരങ്ങളുണ്ടെന്ന് മനസ്സിലാക്കാൻ അവയ്ക്ക് കഴിഞ്ഞില്ല. അഹിംസയെക്കുറിച്ച കുറെ അപ്രായോഗിക ശ്ലോകങ്ങളും ദൈവികസത്തയെക്കുറിച്ച ഗാഢമായ ചർച്ചകളും ചൂഷണം ചെയ്യപ്പെടുന്ന കുറെ കന്യകകളെയും മാത്രം പടക്കാനേ അവയ്ക്ക് കഴിഞ്ഞുള്ളൂ. പച്ചയായ മനുഷ്യൻെറ പ്രശ്നങ്ങളെക്കുറിച്ച് അറിയാനോ അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ഉന്നയിക്കാനോ അവയ്ക്ക് കഴിഞ്ഞില്ല. അങ്ങനെയാണ് മതവും സാധാരണക്കാരും തമ്മിലുള്ള നേരിട്ടുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടത്. മതത്തിലേക്ക് സാധാരണക്കാരനുള്ള പാലം പുരോഹിതന്മാർ മാത്രമായിരുന്നു. അതുകൊണ്ടുതന്നെ അവർ പൗരോഹിത്യത്തിൻെറ ചൂഷണങ്ങൾക്ക് പാത്രമായി. തങ്ങൾ ചൂഷണം ചെയ്യപ്പെടുന്നത് പോലും ആത്മീയ ഔന്നത്യത്തിനുള്ള മാർഗ്ഗമാണെന്ന അധമധാരണയായിരുന്നു അവർക്കുണ്ടായിരുന്നത്.

1. കൗടില്യൻെറ അർത്ഥശാസ്ത്രം: വിവർത്തനം- കെ.വി.എം.



ഭൗതിക പ്രത്യയശാസ്ത്രങ്ങൾ മനുഷ്യനെ പദാർത്ഥത്തിൻെറ പതനത്തിലേക്കും പുരോഹിത മതങ്ങൾ അവനെ മാലാഖയുടെ ഔന്നത്യത്തിലേക്കും നയിക്കാനാണ് ശ്രമിച്ചത്. മനുഷ്യൻെറ യഥാർത്ഥ അസ്തിത്വമെന്താണെന്ന് കണ്ടെത്തുന്നതിൽ പറ്റിയ പിഴവാണ് ഇത്തരം രണ്ട് തീവ്രസങ്കൽപ്പങ്ങൾക്ക് നിദാനമായത്. മനുഷ്യാസ്തിത്വത്തെക്കുറിച്ച ശരിയായ അറിവിൻെറ അടിത്തറയിൽ നിർമ്മിക്കപ്പെട്ട ഒരു ദർശനത്തിന് മാത്രമേ അവനെ മോചനത്തിലേക്ക് നയിക്കാനാവൂ. എങ്കിൽ, ആരാണ് മനുഷ്യൻ?

# അഞ്ച്

## മനുഷ്യൻെറ സവിശേഷാസ്തിത്വം

‘പത്തുഗാലൻ കൊള്ളും വീപ്പയിൽ നിറച്ചു ജലം,
ഏഴു ബാർസോപ്പുകൾക്കാവശ്യമാം കൊഴുപ്പ്,
ഒൻപതിനായിരം പെൻസിലിനുള്ളിലെ കാർബൺ,
രണ്ടായിരത്തിയിരുന്നൂറ് തീപ്പെട്ടിക്കോലിലെ ഫോസ്ഫറസ്,
ഇടത്തരമൊരാണിയിലെ ഇരുമ്പ്,
കോഴിക്കൂടൊന്ന് വെള്ളയടിക്കാനുള്ള ചുണ്ണാമ്പ്,
കുറച്ച് സൾഫറും മെഗ്നീഷ്യവും-
ഇവ ശരിയായ അനുപാതത്തിൽ കൂട്ടിക്കുഴച്ചാൽ
മനുഷ്യശരീരമായ് മാറി’
-ഹവാർഡി (Howard) ൻെറ കവിതയിൽ നിന്ന്.[1]

രസതന്ത്രജ്ഞൻെറ വീക്ഷണത്തിലുള്ള മനുഷ്യനാണിത്. ഏതാനും രാസപദാർത്ഥങ്ങളുടെ മിശ്രിതം. ജീവശാസ്ത്രജ്ഞന് ഇതിൽ അൽപ്പംകൂടി കൂട്ടിച്ചേർക്കാനുണ്ടായിരിക്കും. ക്രോമസോമുകളെക്കുറിച്ചും ജീനുകളെക്കുറിച്ചും അവന്ന് പറയാനുണ്ടാവും. ഭൗതിക ശാസ്ത്രജ്ഞന് കുറച്ചുകൂടി സംസാരിക്കാനുണ്ടാവും. മനുഷ്യമസ്തിഷ്കത്തിൻെറ സങ്കീർണ്ണതകളെയും അതിനകത്തെ കോശങ്ങളുടെ ഭൗതി

1. Quoted by C.E.M. Joad: Guide to the Philosophy of Morals and Politics. Page 251



ക-രാസഘടനയെക്കുറിച്ചും കൂടി അവൻ പറയും. മനുഷ്യനെക്കുറിച്ച കാഴ്ചപ്പാടിൽ പാരമ്പര്യ ശസ്ത്രത്തിനും പരിണാമവാദത്തിനുമെല്ലാം അവയുടെ ഭാഗധേയം നിർവ്വഹിക്കാനുണ്ട്. അതുംകൂടി അനുവദിച്ചുകൊടുക്കുക- എങ്കിൽതന്നെ മനുഷ്യനെക്കുറിച്ച പൂർണ്ണമായ ഒരു ചിത്രം നമുക്ക് കിട്ടുമോ? ഇല്ലയെന്നാണുത്തരം. മനുഷ്യൻെറ മാത്രമായ പല ഗുണങ്ങളും ശാസ്ത്രശാഖകളുടെ ഗവേഷണ മേഖലകൾക്കതീതമായി നിലകൊള്ളുകയാണ്. മൈക്രോസ്കോപ്പുകളും ടെലസ്കോപ്പുകളും എത്രതന്നെ പുരോഗമിച്ചാലും ഈ ‘അനിശ്ചിതത്വം’ നിലനിൽക്കുക തന്നെ ചെയ്യും- തീർച്ച.

ഇതുതന്നെയാണ് ഭൗതികതത്വശാസ്ത്രങ്ങളുടെയും അവസ്ഥ. പണ്ട് അന്ധന്മാർ ആനയെ കാണാൻ പോയ കഥയില്ലേ, അതുപോലെതന്നെ. ഓരോരുത്തർക്കും കാണാൻ കഴിഞ്ഞത് മനുഷ്യൻെറ ഓരോ ഭാഗങ്ങളെ മാത്രമാണ്. ഉദാഹരണത്തിന് സിഗ്മണ്ട് ഫ്രോയിഡിൻെറ മനഃശാസ്ത്രസിദ്ധാന്തങ്ങൾ നോക്കുക. മനഃശാസ്ത്രരംഗത്തെ അദ്ദേഹത്തിൻെറ ലേഖനങ്ങൾ[1] വായിക്കുന്നവർക്കറിയാം, അദ്ദേഹത്തിന് ലഭിച്ചിരുന്ന രോഗികളിലധികവും ലൈംഗിക കാരണങ്ങളാൽ രോഗികളായവരായിരുന്നു. അതുകൊണ്ടുതന്നെ, മനുഷ്യർക്കുണ്ടാകുന്ന മനഃപീഢകൾക്കും (obsessions) ഭീതിരോഗത്തിനും (phobias) മനസ്താപങ്ങൾക്കും (anxiety neurosis) ഞരമ്പ് രോഗങ്ങൾക്കു (neuro psychoses) മെല്ലാം പ്രധാനപ്പെട്ട കാരണം ലൈംഗിക പ്രശ്നങ്ങളോ ദാമ്പത്യ പ്രശ്നങ്ങളോ ആണെന്ന് അദ്ദേഹത്തിൻെറ രോഗികളുടെ അനുഭവങ്ങളിൽനിന്ന് അദ്ദേഹം മനസ്സിലാക്കി. ഇന്നത്തെയും മനോരോഗികളിൽ നല്ലൊരു ശതമാനം ലൈംഗികവും ദാമ്പത്യപരവുമായ പ്രശ്നങ്ങളാൽ രോഗികളായിത്തീർന്നവരാണെന്ന് പ്രമുഖ മനഃശാസ്ത്രജ്ഞരുടെയെല്ലാം ‘കേസ് ഡയറികൾ’ വായിച്ചാൽ മനസ്സിലാകും. ഈ വസ്തുത സ്വപ്നങ്ങളിലേക്കുകൂടി പ്രയോഗിക്കുകയാണ് ഫ്രോയിഡ് തൻെറ മാസ്റ്റർ പീസായ ‘സ്വപ്നങ്ങളുടെ വ്യാഖ്യാനം’[2] എന്ന ഗ്രന്ഥത്തിലൂടെ ചെയ്യുന്നത്. ഗോവണി കയറുന്ന സ്വപ്നത്തിൽനിന്നുപോലും ലൈംഗികവികാരവും ഉത്തേജനവും നിർദ്ധാരണം ചെയ്തെടുക്കുന്നുണ്ടദ്ദേഹം. ഇക്കാര്യം തന്നെ മനുഷ്യരുടെ സാമൂഹിക ജീവിതത്തിൽ കൂടി പ്രയോഗിക്കാനൊരു

1. for eg: Sigmund Freud: 1 `Obsessions and Phobias' 2. `Heredity and Aetiology of the Neurosis' 3. `Neuro876- Psychoses and Anxiety-Neurosis'
2. Sigmund Freud: The Interpretation of dreams.

ന്വെടുമ്പോഴാണ് അദ്ദേഹത്തിൻെറ ഏറ്റവും ഗുരുതരവും അക്ഷന്തവ്യവുമായ അബദ്ധങ്ങൾ മറനീക്കി വെളിവാകുന്നത്. ഈഡിപ്പസ് കോംപ്ലക്സ്, ഈഗോ, സൂപ്പർ ഈഗോ സങ്കൽപ്പങ്ങളിലൂടെ മനുഷ്യരുടെ സകല പ്രവത്തനങ്ങളിലും ലൈംഗികത ദർശിക്കുന്നുണ്ടദ്ദേ ഹം. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിൽപോലും ലൈംഗികതയുടെ ലാഞ്ഛന കണ്ടെത്തുന്ന അദ്ദേഹം മനുഷ്യനെ ഒരു ലൈംഗികജീവി മാത്രമായി അധഃപതിപ്പിക്കുകയാണ് ചെയ്യുന്നത്. അതിന്നദ്ദേഹത്തെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മനുഷ്യനെ മനസ്സിലാക്കാൻചെന്ന അന്ധനായ അദ്ദേഹത്തിന് പിടുത്തം കിട്ടിയത് 'ലൈംഗിക'തയെന്ന ഒരൊറ്റ 'അവയവം' മാത്രമായിരുന്നു. അദ്ദേഹം അപ്പോൾ വിളിച്ചുപറഞ്ഞു 'മനുഷ്യൻ ലൈംഗിക ജീവി മാത്രമാണെന്ന്'. 'ഭൗതികവാദത്തിൻെറ അന്ധതയാണ് അദ്ദേഹത്തെ ഗ്രസിച്ചിരുന്നത്.

ഇതുതന്നെയാണ് മാർക്സിൻെറയും അവസ്ഥ. എപ്പിക്യൂറസ്സിൻെറ പരമാണുവാദത്തിൻെറയും ഫോയർബാക്കിൻെറ ഭൗതികവാദത്തിൻെറയും അടിത്തറയിൽ നിന്ന് പ്രപഞ്ച വ്യാഖ്യാനത്തിന് ശ്രമിച്ച അദ്ദേഹത്തിന് പദാർത്ഥത്തിൻെറ മാത്രം സ്വഭാവങ്ങളേ മനുഷ്യനിലും കണ്ടെത്താൻ കഴിഞ്ഞുള്ളൂ. പരിസ്ഥിതിയിലുണ്ടാകുന്ന പരിവർത്തനങ്ങൾ പദാർത്ഥത്തിൻെറ സ്വഭാവങ്ങളിൽ മാറ്റങ്ങൾ വരുത്തുമെങ്കിൽ മനുഷ്യനിലും അങ്ങിനെയുണ്ടാവുമെന്നദ്ദേഹം സിദ്ധാന്തിച്ചു. മനുഷ്യനെന്ന പദാർത്ഥത്തിൻെറ സങ്കീർണ്ണമായ സങ്കലിത രൂപത്തിൽ മാറ്റം വരുത്തുന്ന പരിസ്ഥിതിഘടകം ഉൽപ്പാദനബന്ധങ്ങളാണെന്നദ്ദേഹം കണക്കുകൂട്ടി. അദ്ദേഹത്തിനും തെളിവുകളുദ്ധരിക്കാനുണ്ടായിരുന്നു. ചരിത്രത്തിൻെറ ദശാസന്ധികളിലുണ്ടായ നാഗരികമുന്നേറ്റങ്ങളിൽ സമ്പത്തിന് അഥവാ ഉൽപ്പാദനബന്ധങ്ങൾക്കുണ്ടായിരുന്ന സ്വാധീനങ്ങളെ തൻെറ സിദ്ധാന്തങ്ങൾക്കനുകൂലമായി വ്യാഖ്യാനിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉൽപ്പാദനോപകരണങ്ങളുടെ മാറ്റത്തിനനുസരിച്ച് മാറ്റം വരുന്ന ഒരു ജീവി- ഒരു സാമ്പത്തിക ജീവി മാത്രമായി മാറി,മാർക്സിയൻ വീക്ഷണത്തിലെ മനുഷ്യൻ. അദ്ദേഹവും മനുഷ്യനെ കണ്ടു; അന്ധൻെറ അതേ കാഴ്ച മാത്രം. ഫ്രോയിഡ് പിടിച്ചത് ലൈംഗികതയെന്ന കാലിലായിരുന്നുവെങ്കിൽ മാർക്സ് പിടിച്ചത് സ്വകാര്യസ്വത്തെന്ന വാലിലായിരുന്നു. ഇരുവരെയും അന്ധരാക്കിയത് ഭൗതികവാദംതന്നെ.



ആരാണ് മനുഷ്യൻ? പദാർത്ഥത്തിൻെറ പരിണാമചക്രത്തിനിടയിൽ ഉരുത്തിരിഞ്ഞ സങ്കീർണ്ണഘടനയുള്ള ഒരു സംയുക്തം മാത്രമോ? ഒരു ലൈംഗികജീവിയോ? സാമ്പത്തികജീവിയോ? അതുമല്ല, മാലാഖയോ?

ഒന്നാമതായി, മനുഷ്യൻ പ്രപഞ്ചത്തിലെ ഒരു അംഗമാകുന്നു. സൂര്യനേയും നക്ഷത്രങ്ങളെയും പോലെയുള്ള ഒരു അംഗം. കല്ലിനെയും പാറയെയും മണ്ണിനെയും പോലെയുള്ള ഒരു അംഗം. കല്ലിലും മണ്ണിലും വെള്ളത്തിലുമുള്ള മൂലകങ്ങൾതന്നെയാണ് മനുഷ്യ ശരീരത്തിലുമുള്ളത്. പക്ഷേ, മനുഷ്യൻ കല്ലും ചുണ്ണാമ്പും കരിക്കട്ടയുമല്ല. അവന് മറ്റു പദാർത്ഥങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരു അസ്തിത്വമുണ്ട്. അവൻ ചേതനയുള്ളവനാണ്. അപ്പോൾ എന്താണ് ജീവൻ? ഈ ചോദ്യത്തിന് ഭൗതികശാസ്ത്രത്തിന് ഇന്നും ക്ലിപ്തമായ ഉത്തരം നൽകാൻ കഴിഞ്ഞിട്ടില്ല. പരബ്രഹ്മത്തെപ്പറ്റി ഉപനിഷത്തുകൾ പറയുന്നതുപോലെ 'നേതി, നേതി' എന്നുമാത്രമാണ് ജീവനെക്കുറിച്ച് ശാസ്ത്രത്തിന് പറയാനുള്ളത്'. ജീവൻ എന്തല്ലെന്ന് ശാസ്ത്രത്തിനറിയാം, എന്താണെന്ന് അറിയില്ല. ഒപാരിൻെറ കോഅസർവേറ്റുകൾക്ക് 'സ്വയം' വലുതാകാനും രണ്ടായി മുറിയാനും കഴിയുമെങ്കിലും അവയിൽ ജീവനുണ്ടെന്ന് പറയാൻ ശാസ്ത്രജ്ഞർ തയ്യാറില്ല. ജീവകോശത്തിനകത്തുവെച്ച് മാത്രം ജീവൻെറ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും പുറത്തുവന്നാൽ വെറുമൊരു പരൽ (crystel) മാത്രമായി മാറുകയും ചെയ്യുന്ന വൈറസുകളെ അചേതനവസ്തുക്കളുടെയോ സചേതനവസ്തുക്കളുടെയോ ഏതിൻെറ ഗണത്തിലാണ് ഉൾക്കൊള്ളിക്കേണ്ടതെന്ന കാര്യത്തിൽ ഇന്നും തർക്കങ്ങൾ നിലനിൽക്കാനുള്ള കാരണവും, ജീവനെക്കുറിച്ച വ്യക്തമായ ധാരണയുടെ അഭാവമാണ്.

രണ്ടാമതായി, മനുഷ്യൻ സചേതനവസ്തുക്കളുടെ ഗണത്തിലെ ഒരു അംഗമാകുന്നു. റോസാചെടിയെയും ആൽമരത്തെയും പോലെയുള്ള അംഗം. അമീബയെയും ഹൈഡ്രയെയും പോലെയുള്ള ഒരു അംഗം. അമീബ ഒരു ഏകകോശജീവിയാണെങ്കിൽ മനുഷ്യൻ ഒരു ബഹുകോശജീവിയാണെന്ന വ്യത്യാസം മാത്രമാണോ അവ തമ്മിലുള്ളത്? റോസാചെടിയിൽ പൂവുണ്ടാവുന്നുവെങ്കിൽ മനുഷ്യനിൽ അതുണ്ടാകുന്നില്ലെന്ന വ്യത്യാസം മാത്രമാണോ അവ തമ്മിലുള്ളത്? മാവിൽ ഉണ്ടാവുന്നതുപോലെ കായ്കനികൾ ഉൽപാദിപ്പിക്കാൻ കഴി

യില്ലെന്ന അന്തരം മാത്രമാണോ മനുഷ്യനും അതും തമ്മിലുള്ളത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം 'അല്ല'യെന്നാണെങ്കിൽ പിന്നെയെന്താണ് മനുഷ്യനെ അവയിൽനിന്നും വേർതിരിച്ച് നിർത്തുന്ന ഘടകമെന്ന് വ്യക്തമായി വിശദീകരിക്കാൻ കഴിയണം.

മൂന്നാമതായി, ജന്തുവർഗ്ഗങ്ങളിലൊന്നാകുന്നു നരവർഗ്ഗവും. ആനയെയും ആടിനെയും ഉറുമ്പിനെയും ഉടുമ്പിനെയും നായയെയും നരിയെയും കുരങ്ങിനെയും കുതിരയെയും പോലെയുള്ള ഒരു ജീവി. ആനക്കുള്ളതുപോലെ കണ്ണുകളും ആടിനുള്ളതുപോലെ കാതുകളും ഉറുമ്പിനുള്ളതുപോലെ കാലുകളും ഉടുമ്പിനുള്ളതുപോലെ വായയും നായക്കുള്ളതുപോലെ നാക്കും നരിക്കുള്ളതുപോലെ നഖങ്ങളും കുരങ്ങിനുള്ളതുപോലെ പല്ലുകളും കുതിരക്കുള്ളതുപോലെ നാസാരന്ധ്രങ്ങളുമെല്ലാം മനുഷ്യനുമുണ്ട്. മറ്റൊരു ജന്തുവിനുമില്ലാത്ത പുതിയൊരു അവയവവും മനുഷ്യനില്ല. എങ്കിൽ, മനുഷ്യനും മറ്റ് മൃഗങ്ങളുടെ ഗണത്തിൽപെടുത്താവുന്ന ഒരു ജീവിവർഗ്ഗം മാത്രമാണോ?

നിങ്ങൾ ചിലപ്പോൾ ഉത്തരം പറഞ്ഞേക്കും, അല്ല, മനുഷ്യൻ 'സൂപ്പർ ആനിമലാ'ണെന്ന്. അതുതന്നെയാണിവിടുത്തെ പ്രശ്നം. എന്താണ് മനുഷ്യനെ 'സൂപ്പർ ആനിമലാ'ക്കുന്നത്?

അവൻെറ കണ്ണുകളാണോ? എങ്കിൽ, മനുഷ്യനേക്കാൾ അധികം കാണാൻ കഴിവുള്ള ജന്തുക്കളെന്തേ 'സൂപ്പർ ആനിമൽ' ആകാത്തത്? രാത്രിയിൽ കാണാൻ കഴിയുന്ന മൂങ്ങയും അൾട്രാവയലറ്റ് രശ്മികൾ കാണാൻ കഴിയുന്ന തേനീച്ചയുമല്ലേ മനുഷ്യനേക്കാൾ ആ പേരിന് അർഹതപ്പെടുക.

അവൻെറ കാതുകളാണോ? എങ്കിൽ, മനുഷ്യന് കേൾക്കാൻ കഴിയാത്തത്ര ഉയർന്ന ആവൃത്തിയിലുള്ള (20000-100000 $H_z$ ) ശബ്ദം പുറപ്പെടുവിക്കാനും അത് പ്രതിബന്ധങ്ങളിൽ തട്ടി പ്രതിഫലിക്കുമ്പോൾ അതിൻെറ പ്രതിധ്വനി പിടിച്ചെടുക്കുവാനും കഴിയുന്ന വവ്വാലുകളെയല്ലേ ആ പേരിൽ വിളിക്കേണ്ടത്?

അവൻെറ നാസാരന്ധ്രങ്ങളാണോ? എങ്കിൽ മനുഷ്യനേക്കാൾ മണം പിടിക്കാനും അത് തിരിച്ചറിയാനും വൈദഗ്ദ്ധ്യമുള്ള നായ്ക്കളാണ് ആ പേര് വിളിക്കപ്പെടാൻ അർഹരായിത്തീരേണ്ടത്.

അവന്റെ കാലുകളാണോ? എന്നാൽ മനുഷ്യനേക്കാൾ ഉറച്ച കാലുകളും വേഗതയുള്ള ചീറ്റപുലിയല്ലേ ആ നാമത്താൽ വിശേഷിപ്പിക്കപ്പെടേണ്ടത്?



ഇവിടെ നാം വളരെ സുപ്രധാനമായ ഒരു നിഗമനത്തിലെത്തുകയാണ്. മനുഷ്യൻ മറ്റ് ജീവികളേക്കാളെല്ലാം ശ്രേഷ്ഠനാവുന്നത്-അഥവാ 'സൂപ്പർ ആനിമിൽ' ആകുന്നത് അവൻെറ അവയവങ്ങളുടെ കഴിവുകൊണ്ടല്ല. അവയവങ്ങളല്ലാത്ത മറ്റെന്തോ ആണ് അവനെ ഉൽകൃഷ്ടനാക്കുന്നത്? അവയവങ്ങളുടെ ആകെത്തുകയല്ല മനുഷ്യൻ. അതിൽ കവിഞ്ഞ എന്തൊക്കെയോ ആണ് എന്ന് നാം മനസ്സിലാക്കുന്നു. എന്താണത്?

സാധാരണ പറയപ്പെടാറുണ്ട്, 'ഒന്നുമില്ലാതെ ജനിക്കുകയും പലതും നേടിക്കൊണ്ട് മരിക്കുകയും ചെയ്യുന്ന ഒരു ജീവിയാണ് മനുഷ്യൻ. എന്നാൽ മറ്റ് ജീവികളെല്ലാം പലതുമുണ്ടായിക്കൊണ്ട് ജനിക്കുകയും പുതുതായി ഒന്നും നേടാതെ മരിക്കുകയും ചെയുന്നവരാണ്' എന്ന്. എത്രമാത്രം അർത്ഥവത്താണീ മൊഴി. ഓരോ ജീവിയും ജനിക്കുന്നത് അവന്ന് ജീവിക്കാനാവശ്യമായ എല്ലാവിധ അറിവുകളോടെയുമാണ്, കഴിവുകളോടെയുമാണ്. പക്ഷേ, മനുഷ്യനോ? അവൻ ഒന്നുമില്ലാത്തവനായിതന്നെയാണ് ജനിക്കുന്നത്. പക്ഷേ, അവൻ പ്രകൃതിയിൽനിന്നും അവൻെറ ചുറ്റുപാടുകളിൽനിന്നും പലതും പഠിക്കുകയും നേടുകയും ചെയ്യുന്നു.

പലപ്പോഴും, ജീവികളുടെ ജന്മവാസന (instinct) മനുഷ്യരെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. നൂറ്റാണ്ടുകളുടെ വിജ്ഞാനത്തിലൂടെ മനുഷ്യൻ നേടിയെടുത്ത കഴിവുകളിൽ പലതും ജീവികൾക്ക് ജന്മനാ ലഭിച്ചിട്ടുണ്ടെന്നതാണ് വസ്തുത.

കാട്ടിലെ എഞ്ചിനീയർ എന്ന് വിളിക്കപ്പെടുന്ന ബീവറിനെ നോക്കുക. ശരാശരി ഒരു മീറ്റർ നീളവും പതിനേഴ് കിലോഗ്രാം തൂക്കവുമുള്ള ബീവറിനെ യൂറോപ്യൻ കാടുകളിലും വടക്കേ അമേരിക്കയിലെ ചില വനങ്ങളിലുമാണ് സാധാരണ കണ്ടുവരുന്നത്. വളരെയധികം വണ്ണമുള്ള മരങ്ങൾ തൻെറ ഉളിപ്പല്ലുകൾ കൊണ്ട് കാർന്നുമുറിച്ച് തള്ളിയിട്ടശേഷം ചെറുതായി മുറിച്ച് അരുവിയിലെ ജലത്തിലിട്ട് ഒഴുക്കിനനുകൂലമായി താഴോട്ട് തനിക്ക് വീടുണ്ടാക്കാൻ നിശ്ചയിച്ച സ്ഥലത്തേക്ക് ബീവർ കൊണ്ടുപോകുന്നു. അവ കല്ലും ചളിയുമുപയോഗിച്ച് വെള്ളത്തിൽ താഴ്ത്തിവെച്ച് അതിനാവശ്യമായ ഉയരത്തി

ലേക്ക് ജലവിതാനം ഉയർത്തുകയും അത് അണകെട്ടി നിർത്തുകയും ചെയ്യുന്നു. ഈ അണക്കെട്ടിനകത്ത് മരച്ചില്ലകൾ ചളികൂട്ടി ഒട്ടിച്ചുകൊണ്ടാണ് ചിരട്ട കമിഴ്ത്തിവെച്ച ആകൃതിയിലുള്ള തൻെറ ഭവനം ബീവർ നിർമ്മിക്കുന്നത്. വായുസഞ്ചാരത്തിനായി കൂടിൻെറ മുകൾ ഭാഗം തുറന്നിട്ടിരിക്കും. കൂട്ടിൽനിന്ന് വെള്ളത്തിനടിയിലേക്ക് തുരന്ന തുരങ്കത്തിലൂടെ മാത്രമേ വീട്ടിനകത്തേക്ക് പ്രവേശനമാർഗ്ഗമുണ്ടാവുകയുള്ളൂ. ആധുനികമനുഷ്യരുടെ എയർകണ്ടീഷനറുകളെ പോലും വെല്ലുന്ന രീതിയിലാണത്രെ ബീവറിൻെറ കൂടിനുള്ളിലെ എയർകണ്ടീഷനിംഗ് സംവിധാനം! ഇത് ബീവറിന് ആരും പഠിപ്പിച്ചുകൊടുത്തതല്ല. ജന്മസിദ്ധമായ ബോധം മാത്രം.

നമുക്കെല്ലാം പരിചയമുള്ള തേനീച്ചയും പാർപ്പിടനിർമ്മാണരംഗത്തെ അതികായന്മാരാണ്. സ്വന്തം ചിറകുകൾക്കിടയിൽനിന്ന് നിർഗ്ഗളിക്കപ്പെടുന്ന മെഴുകുപയോഗിച്ച് കൃത്യമായ ആറ് കോണുകളുള്ള അറകളോട് കൂടിയ കൂടുണ്ടാക്കുന്ന തൊഴിലാളി തേനീച്ചക്ക് അതിൻെറ നിർമ്മാണത്തെക്കുറിച്ച് ആരും പറഞ്ഞുകൊടുത്തിട്ടില്ല. ജ്യാമിതീയ കണിശതയോടും ഒട്ടും മെഴുക് അധികച്ചെലവ് വരാതെയും നിർമ്മിക്കപ്പെടുന്ന തേനീച്ചക്കൂടുകൾ എഞ്ചിനീയർമാർക്കെല്ലാം അത്ഭുതം തന്നെയാണ്. തേനീച്ചയുടെ നൈസർഗ്ഗികജ്ഞാനം മാത്രമാണ് ഇതിന് പിന്നിലെ ശക്തി.

ആരൽ (Eel) മൽസ്യത്തിൻെറ സമുദ്രയാത്ര ജന്തുശാസ്ത്രജ്ഞന്മാരെ ഇന്നും അത്ഭുതപ്പെടുത്തുന്നു. ബെർമുഡയുടെ തെക്കുകിഴക്ക് 950 കിലോമീറ്റർ മാറി സർഗാസോ കടലിൽ വെച്ചാണ് ആരലുകൾ പുനരുൽപ്പാദനം നടത്തുന്നത്. യൂറോപ്യൻ സമുദ്രങ്ങളിൽ വസിക്കുന്ന ആരലുകൾ തങ്ങളുടെ പ്രജനനകാലമെത്തിയാൽ ശരാശരി നാലായിരം കിലോമീറ്റർ സഞ്ചരിച്ച് സർഗ്ഗാസോ കടലിലെത്തുന്നു. സർഗ്ഗാസോയുടെ അഗാധതകളിൽ ചെന്ന് ലക്ഷക്കണക്കിന് മുട്ടകളിട്ടശേഷം ഈ ആരലുകൾ അവിടെത്തന്നെ ജീവിതമവസാനിപ്പിക്കുന്നു. ഈ മുട്ടകളിൽനിന്ന് വിരിയുന്ന ആരൽക്കുഞ്ഞുങ്ങൾ അമ്മ വന്ന വഴി മുഴുവൻ താണ്ടി യൂറോപ്യൻ സമുദ്രങ്ങളിൽ എവിടെ നിന്നാണോ അമ്മ യാത്ര തിരിച്ചത് അതേ സ്ഥലത്തുതന്നെ എത്തിച്ചേരുന്നു. എന്തൊരത്ഭുതം! ആരും വഴികാണിക്കാനില്ലാതെ ആയിരക്കണക്കിന് കിലോമീറ്റർ താണ്ടി കൃത്യസ്ഥലത്തെത്തിച്ചേരുക. അതും മുമ്പൊരിക്കലും പോയിട്ടില്ലാത്ത വഴികളിലൂടെ- എങ്ങിനെയിത് സാധിക്കുന്നു? ആരലുകളുടെ നൈസർഗ്ഗിക കഴിവ്!



ദേശാടനപക്ഷികളുടെ യാത്രയെപ്പറ്റി അത്ഭുതം കൂറുന്ന കണ്ണുകളോടെയല്ലാതെ നമുക്ക് കേട്ടിരിക്കാൻ കഴിയില്ല. ഏറ്റവും ദീർഘമായ ദേശാടനം നടത്തുന്ന ആർടിക്ടേൺ, ശൈത്യകാലത്ത് ആർട്ടിക്കിൽനിന്ന് പുറപ്പെട്ട് പതിനേഴായിരം കിലോമീറ്റർ പറന്ന് വേനലാകുമ്പോഴേക്ക് അൻറാർട്ടിക്കയിലെത്തിച്ചേരുന്നു. അവിടെ അൽപദിവസം തങ്ങിയ ശേഷം താൻ വന്ന അതേ വഴിയിലൂടെ തന്നെ പുറപ്പെട്ട കൃത്യസ്ഥലത്തുതന്നെ എത്തിച്ചേരുന്നു. ആരാണിവയ്ക്ക് വഴികാട്ടിക്കൊടുക്കുന്നത്? ജന്മവാസന മാത്രം.!

ചില പ്രത്യേകതരം നൃത്തങ്ങളിലൂടെ തങ്ങളുടെ കൂട്ടാളികൾക്ക് പൂക്കളുള്ള സ്ഥലത്തെക്കുറിച്ച് വ്യക്തമായ അറിവ് കൊടുക്കുന്നവരാണ് തേനീച്ചകൾ. നാർസിൻ, ടോർപിഡോ തുടങ്ങിയ മത്സ്യവർഗ്ഗങ്ങൾ ശരീരത്തിൽ നിന്ന് അറുനൂറ് വാട്ട് വരെ ശക്തിയുള്ള വൈദ്യുതിയുൽപ്പാദിപ്പിക്കുന്നവയാണ്. ചുറ്റുപാടിലെ താപനിലയിലുള്ള വ്യതിയാനങ്ങൾ മനസ്സിലാക്കാൻ 'ഇൻഫ്രാറെഡ് സ്വീകരണി'കളെ ഉപയോഗിക്കുന്നവരാണ് ക്രോട്ടോലിഡേക്ക്, ബെയ്ഡേക്ക് എന്നീ കുടുംബങ്ങളിൽപ്പെട്ട പാമ്പുകൾ. തൻെറ പിന്നിൽ വരുന്നവർക്ക് വഴികാട്ടാനായി ഫെറോമോണുകൾ എന്ന രാസസന്ദേശം ഉൽപാദിപ്പിക്കുന്നവരാണ് ഉറുമ്പുകൾ. മരുഭൂമിയിൽ ജീവിക്കാനാവശ്യമായ എല്ലാവിധ അനുകൂലനങ്ങളും ഒട്ടകങ്ങളിലുണ്ട്. മിന്നാമിനുങ്ങുകൾ, ഏകകോശ ജീവിയായ നോക്ടിലൂക്ക, ചിലയിനം മൽസ്യങ്ങൾ എന്നിവക്ക് ശരീരത്തിലെ ചില രാസപ്രവർത്തനങ്ങൾ വഴി പ്രകാശം നിർമ്മിക്കാനുള്ള കഴിവുണ്ട്. സൂര്യനെ ആസ്പദമാക്കി ശരിയായ ദിശ മനസ്സിലാക്കാൻ സാധിക്കുന്നവയാണ് രാജഞണ്ടു (king crab) കൾ. ഇതെല്ലാം നൈസർഗികമായ കഴിവുകൾ!

ഇനിയും നാം ചിന്തിക്കുക. ഓരോ ജീവിയും അവയ്ക്കാവശ്യമായ എല്ലാവിധ കഴിവുകളോടെയുമാണ് ജനിക്കുന്നത്. ബീവറിന് എഞ്ചിനീയറിംഗോ, തേനീച്ചക്ക് ജ്യാമിതിയോ, ആരൽ മൽസ്യങ്ങൾക്ക് സമുദ്രാന്തരമാർഗ്ഗ വിജ്ഞാനീയമോ ആർട്ടിക്ടേണിന് ആകാശവഴികളോ, ടോർപിഡോ മൽസ്യത്തിന് വിദ്യുത്‌വിജ്ഞാനീയമോ, ക്രോട്ടാഡിലേക്ക് പാമ്പിന് താപഭൗതികമോ, മിന്നാമിനുങ്ങുകൾക്ക് പ്രകാശ രസതന്ത്രമോ രാജഞണ്ടുകൾക്ക് ദിശാവിജ്ഞാനീയമോ ആരും പഠിപ്പിച്ചുകൊടുത്തിട്ടില്ല. ഇവയെല്ലാം അവയ്ക്ക് ജന്മനാ ലഭി

ക്കുന്ന കഴിവുകളാണ്.

എന്നാൽ മനുഷ്യൻെറ സ്ഥിതിയോ? അവൻ ഒന്നുമില്ലാതെയാണ് ജനിക്കുന്നത്. അവൻെറ കാലുകൾക്ക് മുയലിനോടൊപ്പം ഓടിയെത്താനുള്ള കഴിവുപോലുമില്ല. അവൻെറ കൈകൾക്ക് ഭാരം വഹിക്കുന്ന കാര്യത്തിൽ ആനയുടെ തുമ്പിക്കൈയിനേക്കാൾ തുലോം ശക്തി കുറവാണ്. ശത്രുക്കളിൽനിന്ന് രക്ഷപ്പെടാനാവശ്യമായ ആമയെപ്പോലുള്ള ശരീരകവചങ്ങളവന്നില്ല. തണുത്ത കാലാവസ്ഥയിൽ സ്വശരീരത്തെ സംരക്ഷിക്കാനാവശ്യമായ ധ്രുവക്കരടിയുടേതുപോലെയുള്ള രോമങ്ങളും അവന്നില്ല. തേനീച്ചയെപ്പോലെയുള്ള കണ്ണുകളോ വവ്വാലിനെപ്പോലെയുള്ള കാതുകളോ നാസാരന്ധ്രങ്ങളോ അവന്നില്ല. ആകാശത്തുകൂടെ പറക്കാനാവശ്യമായ ചിറകുകളോ സമുദ്രത്തിൽ ഊളിയിടാനും നീന്തിത്തുടിക്കാനുമാവശ്യമായ ചെകിളകളോ ചിറകുകളോ ഒന്നും അവന് നൽകപ്പെട്ടിട്ടില്ല. സിംഹത്തെപ്പോലെയുള്ള മാംസപേശികളോ പുലിയെപ്പോലെയുള്ള നഖങ്ങളോ അവന്നില്ല. ബീവറിനെപ്പോലെയോ തേനീച്ചയെപ്പോലെയോ പാർപ്പിടമുണ്ടാക്കാനുള്ള ജന്മവാസന മനുഷ്യനില്ല. ആർട്ടിക്ടേണിനെപ്പോലെ വഴി കണ്ടുപിടിക്കാനുള്ള കഴിവ് ജന്മനാ അവന് നൽകപ്പെട്ടിട്ടില്ല. ടോർപിഡോ മൽസ്യത്തെപ്പോലെ ശരീരത്തിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കാനവന്ന് കഴിയില്ല. എന്തിനധികം, വെള്ളത്തിൽ വീണാൽ നീന്തി രക്ഷപ്പെടാനുള്ള കഴിവുപോലും ജന്മനാ അവന്ന് ലഭ്യമാവുന്നില്ല.

നൈസർഗ്ഗികമായി കാര്യമായ ശാരീരികകഴിവുകളൊന്നും നൽകപ്പെടാതെ ജനിക്കുന്ന മനുഷ്യന് പക്ഷേ, ഈ കഴിവുകളിലെല്ലാം മറ്റ് മൃഗങ്ങളെ തോൽപിക്കാനാവശ്യമായ വിദ്യ നേടിയെടുക്കാനാവും. ധ്രുവക്കരടിയുടെ തൊലിയെ വെല്ലുന്ന രോമക്കുപ്പായങ്ങളുണ്ടാക്കാനും മുയലിനെ തോൽപ്പിക്കുന്ന വാഹനങ്ങളുണ്ടാക്കാനും വേണ്ട വിദ്യ സമ്പാദിക്കാൻ അവന് കഴിയും. ബീവറിനേക്കാൾ ഭംഗിയായി പാർപ്പിടമുണ്ടാക്കാനും തേനീച്ചയേക്കാൾ സുന്ദരമായി ആശയവിനിമയം നടത്താനുമുള്ള അറിവ് അവന്ന് നേടിയെടുക്കാം. പുലിയെ തോൽപ്പിക്കുന്ന തോക്കുകളും കഴുകനെ വെല്ലുന്ന വിമാനങ്ങളും ടോർപിഡോയേക്കാൾ ശക്തമായ വൈദ്യുതിയും ടെലസ്കോപ്പും മൈക്രോസ്ക്കോപ്പും സോണാഗ്രഫും ഡിറ്റെക്റ്ററുകളുമെല്ലാം നിർമ്മിക്കാനാവശ്യമായ വിദ്യ സമ്പാദിക്കാനവന്ന് കഴിയും. ഈ



വിദ്യകളൊന്നും മനുഷ്യന് പാരമ്പര്യമായി ലഭിക്കുന്നതല്ല. ഒരു എഞ്ചിനീയറുടെ മകനെ കാട്ടിൽ കൊണ്ടുപോയിട്ടാൽ അവൻ കാട്ടുമനുഷ്യനായി മാത്രമേ വളരൂ. അവൻ കാട്ടിൽ സുന്ദരമായ ഒരു എയർകണ്ടീഷൻഡ് റൂമിനുള്ള പ്ലാനുണ്ടാക്കി അത് നിർമ്മിക്കുകയില്ല. മനുഷ്യന് ലഭിക്കുന്ന കഴിവുകളൊന്നും തന്നെ ജന്മനാ കിട്ടുന്നവയല്ല. പ്രകൃതിയിൽനിന്നും പൂർവ്വികരിൽനിന്നും നേടിയെടുത്ത വിജ്ഞാനങ്ങളാണ് ഈ കഴിവുകളുടെയെല്ലാം നിദാനം.

ജീവപരിണാമത്തിൻെറ അടിത്തറയിൽ നിന്നുകൊണ്ട് മാത്രം മനുഷ്യൻെറ ഈ കഴിവുകളെയെല്ലാം വിശദീകരിക്കുക സാധ്യമല്ല. പരിസ്ഥിതികളുമായി പൊരുത്തപ്പെടാനായി ജീവികൾ നേടിയെടുത്തിട്ടുള്ള അനുകൂലനങ്ങൾ പരിണാമം വഴി അനന്തരതലമുറകളിലേക്ക് സംക്രമിക്കുന്നുവെന്ന പരിണാമസങ്കൽപ്പത്തിൻെറ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ, നൈസർഗ്ഗികമായ കഴിവുകൾ ഏറ്റവുമധികം ഉണ്ടാവേണ്ടത് മനുഷ്യനാണ്. പരിണാമചക്രത്തിലെ ഏറ്റവും പുരോമിച്ച ജീവിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന മനുഷ്യന് പരുന്തിനേക്കാൾ നല്ല ചിറകും ധ്രുവക്കരടിയേക്കാൾ നല്ല തൊലിയും ബീവറിനേക്കാൾ നന്നായി പാർപ്പിടമുണ്ടാക്കാനുള്ള ജന്മവാസനയും ഉണ്ടാവേണ്ടതായിരുന്നു. 'ആപേക്ഷികമായി മോശമായ തൻെറ ശാരീരിക വിഭവങ്ങൾക്ക് പകരം നഷ്ടപരിഹാരമെന്നോണം മനുഷ്യന് ലഭിച്ചിട്ടുള്ളത് വിപുലവും സൂക്ഷ്മമൃദുലവുമായ ഒരു നാഡീപടലത്തിൻെറ കേന്ദ്രമായി വലുതും സങ്കീർണ്ണവുമായ ഒരു തലച്ചോറാണ്' [1] എന്ന കേവലമായ ഉത്തരത്തിനുള്ളിൽ അഭയം തേടുക മാത്രമാണ് പരിണാമവാദികൾക്ക് ചെയ്യാനുള്ളത്. ഇവിടെ പ്രശ്നം തലച്ചോറ് ഉണ്ടായത് എങ്ങിനെയെന്നതല്ല; കാലാവസ്ഥക്കനുസരിച്ച് പ്രകൃതിയിൽ ജീവിക്കാനാവശ്യമായ അനുകൂലനങ്ങൾ എങ്ങിനെയാണ് മനുഷ്യനിലെത്തിയപ്പോൾ നഷ്ടപ്പെട്ടു പോയതെന്നതാണ്. പരിണാമശൃംഖലയിലെ വെറുമൊരു ജീവി എന്നതിലുപരിയായി എന്തോ ഒന്നാണ് മനുഷ്യനെന്ന യാഥാർത്ഥ്യമാണ് നമുക്കിവിടെ മനസ്സിലാക്കാൻ കഴിയുന്നത്.

ശാരീരിക കഴിവുകളിൽ മൃഗങ്ങളേക്കാൾ പിന്നോക്കം നിൽക്കുന്ന മനുഷ്യനെ തന്നേക്കാൾ എത്രയോ മടങ്ങ് ശക്തിയുള്ള മൃഗങ്ങളെപ്പോലും വരുതിയിൽ നിർത്താൻ കഴിയുമാറാക്കുന്ന ശക്തിയത്രെ

1. ഗോർഡൺ ചൈൽഡ്: മനുഷ്യൻ സ്വയം നിർമ്മിക്കുന്നു പേജ് 35

ബുദ്ധി. ഇതാണ് മുകളിൽ പറഞ്ഞതും പറയാത്തതുമായ കഴിവുകളെല്ലാം നേടിയെടുക്കാൻ മനുഷ്യനെ പര്യാപ്തനാക്കിയത്. ഈ ബുദ്ധിശക്തി പരിണാമത്തിൻെറ ഏതൊരു ഘട്ടത്തിൽവെച്ചാണ് മനുഷ്യന് ലഭ്യമായതെന്ന പ്രശ്നത്തിൽ പരിണാമവാദികൾക്ക് വ്യക്തമായ ഉത്തരമില്ല. കുരങ്ങിൽനിന്നും മനുഷ്യനിലേക്കുള്ള നിർണ്ണായകമായ ചുവട് കൈ സ്വതന്ത്രമാവുകയും അതുകൊണ്ട് അധ്വാനിക്കാനാരംഭിക്കുകയും ചെയ്തതാണെന്ന ഏംഗൽസിൻെറ വീക്ഷണം[1] പ്രത്യയശാസ്ത്രത്തിനൊപ്പിച്ച് ശാസ്ത്രത്തെ മുറിക്കുന്ന ആധുനിക മാർക്സിസ്റ്റുകളുടെ ചെയ്തികളുടെ പ്രാകൃതരൂപമല്ലാതെ മറ്റൊന്നുമല്ല. താരതമ്യേന ഭാരമേറിയ മസ്തിഷ്കവും ത്രിമാനവസ്തുക്കൾ കാണാൻ കഴിയുന്ന കണ്ണും സൗകര്യാർത്ഥം ചലിപ്പിക്കാൻ കഴിയുന്ന കൈകളുമാണ് മനുഷ്യനെ 'ബുദ്ധിജീവി'യാക്കി മാറ്റുന്നതെന്ന ആധുനിക പരിണാമവാദികളുടെ[2] വിശദീകരണവും പ്രശ്നത്തിൻെറ മർമ്മത്തിനുള്ള വിശദീകരണമാകുന്നില്ല. ഈ അനുകൂലനങ്ങൾ നേടിയെടുക്കാൻ മനുഷ്യനെ പര്യാപ്തമാക്കിയത് ഏത് രൂപത്തിലുള്ള പാരിസ്ഥിതിക ഘടകമാണെന്നതാണ് പ്രധാന പ്രശ്നം. മനുഷ്യൻേറതെന്ന് പറയപ്പെടുന്ന പൂർവ്വികനിൽ ഇത്തരം ജൈവമാറ്റങ്ങളുണ്ടാക്കുവാൻ പര്യാപ്തമായ ഉൽപ്പരിവർത്തന (mutation) ത്തിനുപിന്നിൽ പ്രവർത്തിച്ച ഉൽപ്രേരക (catalyst) മെന്തായിരുന്നു.

വീണ്ടും നാം പിന്നിലേക്കുതന്നെ മടങ്ങിപ്പോവുക. നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ബീവറുകളും തേനീച്ചകളും എങ്ങിനെ കൂടുണ്ടാക്കിയോ അങ്ങനെതന്നെയാണ് ഇന്നുള്ളവയും കൂടുണ്ടാക്കുന്നത്. കാലത്തിനനുസരിച്ച് പുതിയ 'സ്റ്റൈലി'ലുള്ള വീടുണ്ടാക്കാൻ അവ പഠിച്ചിട്ടില്ല. മറ്റുള്ള എല്ലാ ജീവികളുടെ സ്ഥിതിയും തഥൈവ. അവയുടെ പ്രകൃതിയുടെ ഭാഗമാണ് അവയ്ക്ക് ലഭിച്ചിരിക്കുന്ന അനുകൂലനങ്ങൾ. അവ മാറ്റുന്നതിനെക്കുറിച്ചോ പുരോഗമിപ്പിക്കുന്നതിനെക്കുറിച്ചോ ചിന്തിക്കാനുള്ള ശേഷിയില്ല, ജന്തുക്കൾക്ക്. എന്നാൽ മനുഷ്യൻെറ സ്ഥിതിയോ? കഴിഞ്ഞ തലമുറക്കറിയാത്ത പലതും നമുക്ക് ഇന്നറിയാം. നമുക്കറിയാത്ത പല കാര്യങ്ങളും അടുത്ത തലമുറ കണ്ടുപിടിക്കും. ആകാശത്തിലൂടെ പറക്കുകയെന്നത് കവി

1. ഏംഗൽസ്: കുരങ്ങിൽനിന്ന് മനുഷ്യനിലേക്കുള്ള പരിവർത്തനത്തിൽ അദ്ധ്വാനത്തിനുള്ള പങ്ക്-പേജ് 4-20
2 Stephen Jay Gould: Ever since Darwin



തകളിലെയും പുരാണങ്ങളിലെയും വെറും സങ്കൽപ്പനങ്ങളായിരുന്നു, ഇന്നലെ. ഇന്നോ, ശബ്ദത്തേക്കാൾ വേഗതയോടെ പറക്കാൻ കഴിയുന്ന സൂപ്പർസോണിക്ക് വിമാനങ്ങളുണ്ടാക്കാൻ മനുഷ്യന് സാധിക്കുന്നു. ഇതാണ് മനുഷ്യൻെറ കഴിവുകളും മൃഗങ്ങളുടെ കഴിവുകളും തമ്മിലുള്ള വ്യത്യാസം. മൃഗങ്ങൾക്കുള്ള ജന്മവാസനകളും നൈസർഗ്ഗിക കഴിവുകളും ഒരിക്കലും പുരോഗമിക്കുകയില്ല. പുരോഗമിപ്പിക്കാൻ അവയ്ക്ക് കഴിയുകയില്ല. എന്നാൽ മനുഷ്യന് തലമുറകളായി കൈമാറിവരുന്ന വിജ്ഞാനങ്ങളെ ശേഖരിക്കുകയും അവ പുരോഗമിപ്പിക്കുകയും ചെയ്യാനുള്ള വിദ്യയറിയാം. ഈ വിദ്യയാണ് മനുഷ്യനെ മറ്റ് മൃഗങ്ങളിൽനിന്ന് വേർതിരിച്ച് നിർത്തുന്നത്.

മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, മൃഗങ്ങളെല്ലാം പ്രകൃതിയുടെ ഭാഗം മാത്രമാണ്. അവ പ്രകൃതിയാൽ ഭരിക്കപ്പെടുന്നവയാണ്. എന്നാൽ മനുഷ്യനോ പ്രകൃതിയെ ഭരിക്കാൻ കഴിവുള്ളവനാണ്. ഇതാണ് മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള മൗലികമായ അന്തരം. ഈ അന്തരം ചെറുതല്ല. സചേതനങ്ങളും അചേതനങ്ങളുമായ വസ്തുക്കൾ തമ്മിൽ എന്തുമാത്രം അന്തരമുണ്ടോ, സസ്യങ്ങളും ജന്തുക്കളും തമ്മിൽ എന്തുമാത്രം അന്തരമുണ്ടോ അതിനേക്കാളധികം വ്യത്യാസമുണ്ട്, മനുഷ്യനും ജന്തുക്കളും തമ്മിൽ. ഈ വ്യത്യാസം മനസ്സിലാക്കാതെ മനുഷ്യനെ പ്രകൃതിയുടെ ഒരു ഭാഗം മാത്രമായിക്കണ്ട് മനുഷ്യനുവേണ്ടിയുള്ള മോചനശാസ്ത്രം പണിതാൽ അത് തകരും, തീർച്ച. ഈ അനിവാര്യമായ തകർച്ചയാണ് മാർക്സിസത്തിനുണ്ടായത്.

മനുഷ്യൻ പ്രകൃതിയെ ഭരിക്കാൻ കഴിവുള്ളവനാണെന്ന് നാം കണ്ടു. നമ്മളൊന്ന് ചിന്തിച്ചുനോക്കുക. ഭൂമിയിൽ ജീവൻ ആവിർഭവിച്ച് ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് ശേഷമാണ് മനുഷ്യൻെറ ആഗമനമുണ്ടായതെന്ന് ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. നമുക്ക് ചുറ്റും കാണുന്ന ജീവികൾ തിന്നുകയും കുടിക്കുകയും ഇണചേരുകയും വിസർജ്ജിക്കുകയും മറ്റും ചെയ്യാനാരംഭിച്ചിട്ട് ലക്ഷക്കണക്കിന് വർഷങ്ങളായി. അവയ്ക്കൊന്നും തന്നെ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കാനോ, എന്തിനധികം അതിൽ അൽപ്പമെങ്കിലും മാറ്റം വരുത്താനോ കഴിഞ്ഞിട്ടില്ല. കാരണമെന്താണ്? അവ എന്നും പ്രകൃതിയുടെ ഭാഗം മാത്രമായിരുന്നു. അവയുടെ പ്രവർത്തനങ്ങളും പ്രകൃതിയുടെ ഭാഗം തന്നെയായിരു

ന്നു. അതുകൊണ്ടുതന്നെ അവയുടെ ജീവിതത്തിന് കടിഞ്ഞാണുകൾ ആവശ്യമില്ലായിരുന്നു. എന്നാൽ മനുഷ്യൻെറ സ്ഥിതിയെന്താണ്? താനുൾക്കൊള്ളുന്ന പ്രകൃതിയെത്തന്നെ തകരാറിലാക്കാൻ പര്യാപ്തമായ പ്രവർത്തികൾ ചെയ്യാൻ മനുഷ്യനാവും. ന്യൂക്ലിയർ ആയുധങ്ങളുപയോഗിച്ച് നിമിഷങ്ങൾകൊണ്ട് ഭൂമിയെത്തന്നെ ജീവരഹിതമാക്കാൻ അവന്ന് സാധിക്കും. ജീവികളെപ്പോലെ സ്വതന്ത്രമായ വിഹാരത്തിന് അവനെ വിട്ടാൽ സർവ്വത്ര നാശവും കുഴപ്പവുമായിരിക്കും ഫലം. അവൻെറ ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ചില ചിട്ടകളും വ്യവസ്ഥകളുമാവശ്യമാണ്. അവൻ എങ്ങനെ ജീവിക്കണമെന്നതിന് വ്യക്തമയ മാർഗ്ഗദർശനവും അനിവാര്യമാണ്.

ഭൂമിയിലെ നായകനാണ് മനുഷ്യൻ. അവൻ സർവ്വതന്ത്രസ്വതന്ത്രനാണ്. ഈ സ്വാതന്ത്ര്യം മനുഷ്യാസ്തിത്വത്തിൻെറ മാത്രം പ്രത്യേകതയാണ്. മൃഗങ്ങൾക്കൊന്നും ഈ സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടില്ല. അവ പ്രകൃതിയുടെ ഭാഗമായി മാത്രം നിലകൊള്ളുകയാണ്. അസ്തിത്വത്തിൻെറ സ്വാതന്ത്ര്യം മനുഷ്യനെ പ്രകൃതിയുടെ മേൽ ആധിപത്യമുള്ളവനാക്കി മാറ്റുന്നു. അല്ലെങ്കിൽ, പ്രകൃതിയുടെ പല ഘടകങ്ങളിലും തൻെറ സ്വാധീനമുറപ്പിക്കാൻ അവന്ന് കഴിയുന്നു. മനുഷ്യാസ്തിത്വത്തിൻെറ ഏറ്റവും മൗലികമായ സവിശേഷതയായ ഈ സ്വാതന്ത്ര്യം നശിപ്പിക്കപ്പെടുന്നത് അതുകൊണ്ടുതന്നെ അവന്ന് സഹിക്കാനാവുകയില്ല. വിശപ്പിനേക്കാളും ദാഹത്തെക്കാളുമെല്ലാം മനുഷ്യർക്ക് അസഹനീയമായിട്ടുള്ളത് പാരതന്ത്ര്യമാകുന്നു. സ്വാതന്ത്ര്യത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നവർക്കെതിരെ ചോര ചിന്തി പോരാടുന്നത് അവൻെറ അസ്തിത്വസംരക്ഷണത്തിൻെറ ഭാഗമാണ്.

പക്ഷേ, ഈ സ്വാതന്ത്ര്യത്തിന് വ്യക്തമായ വിലക്കുകൾ ആവശ്യമില്ലേ? ജന്തുക്കളിൽ ഏറ്റവും സുന്ദരനായ മനുഷ്യന് തന്നെ വിരൂപനായി മാറാനും കഴിയും. നഖം മുറിക്കുകയോ ക്ഷൗര്യം ചെയ്യുകയോ കുളിക്കുകയോ ചെയ്യാതെ ജീവിക്കുന്ന ഒരാളെ കണ്ടാൽ അയാൾ പന്നിയേക്കാൾ വൃത്തികെട്ടവനാണെന്ന് നാം പറയും. എന്നാൽ മൃഗങ്ങൾക്കോ? അവ ക്ഷൗര്യം ചെയ്യുകയോ നഖം വെട്ടുകയോ ചെയ്യുന്നുണ്ടോ? ഇല്ല. ഇതേ രൂപത്തിൽ ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലേക്കും ആവശ്യമായ നിയമങ്ങൾ അനുസരിക്കേണ്ടത് മനുഷ്യൻെറ ബാധ്യതയാണ്. ഈ നിയമങ്ങൾ അവൻെറ സ്വാതന്ത്രാസ്തിത്വത്തെ ചോദ്യം ചെയ്യുകയല്ല; അതിനെ രചനാത്മക



വശങ്ങളിലേക്ക് തിരിച്ചുവിടുകയാണ് ചെയ്യുന്നത്. മൃഗങ്ങളുടെ ലൈംഗികവേഴ്ചകളുടെ ലക്ഷ്യം അവയുടെ വംശം നിലനിർത്തുക മാത്രമാണ്. അതിന്നുവേണ്ടി പ്രകൃതി നിശ്ചയിച്ച നിയമങ്ങൾ പാലിക്കാൻ അവർ നിർബന്ധിതരുമാണ്. തങ്ങളുടേതല്ലാത്ത ജീവിവർഗ്ഗ (species) ത്തിൽപ്പെട്ടവരുമായി ലൈംഗികബന്ധത്തിലേർപ്പെടരുത് എന്നതുമാത്രമല്ല അത്. സ്വന്തം വർഗ്ഗത്തിലുള്ള തൻെറ പെറ്റമ്മയുമായി പോലും ലൈംഗികബന്ധത്തിലേർപ്പെടുന്നതിന് പ്രകൃതിനിയമം അവയ്ക്ക് തടസം നിൽക്കുന്നില്ല. അതുകൊണ്ടുതന്നെ പുത്രൻെറ ബീജം പേറാൻ മാതാവും പിതാവിൻെറ ബീജം പേറാൻ മകളും സന്നദ്ധരാവുന്നു. അതുകൊണ്ട് മൃഗങ്ങളുടെ ലോകത്ത് യാതൊരു കുഴപ്പവുമില്ല. മനുഷ്യൻെറ ലൈംഗികവേഴ്ചകളുടെ ലക്ഷ്യം അവരുടെ വംശം നിലനിർത്തുക മാത്രമല്ല. അവിടെ പ്രകൃതി അവനിൽ അടിച്ചേൽപ്പിച്ചതല്ലാത്ത മറ്റുപല നിയമങ്ങളും പാലിക്കാൻ അവൻ ബാധ്യസ്ഥനാണ്. താൻ വിവാഹം കഴിച്ച ഇണയുമായി മാത്രമേ അവൻ ബന്ധപ്പെടാൻ പാടുള്ളൂ. ഇത്തരം നിയമങ്ങൾ അനുസരിക്കാതെ ജീവിക്കുന്നത് അവൻെറ സ്വാതന്ത്രാസ്തിത്വത്തെ മലിനപ്പെടുത്തുക മാത്രമേയുള്ളൂ. ആ നിയമങ്ങൾ കാറ്റിൽ പറത്തുന്നതോടെ അവൻ മൃഗങ്ങളേക്കാൾ അധഃപതിക്കുന്നു. 'ഇടമറുക്' അദ്ദേഹത്തിൻെറ മലേഷ്യയിലെ അനുഭവം വിവരിക്കുന്നത് നോക്കുക 'സ്ത്രീപുരുഷബന്ധം നേരിട്ടുകണ്ട് ആസ്വദിക്കാം അതിന് വെറും അഞ്ച് ഡോളറേയുള്ളൂ' അയാൾ പറഞ്ഞു. 'നായയും സ്ത്രീയും തമ്മിലുള്ള ലൈംഗിക ബന്ധം കാണണമെങ്കിൽ പത്തുഡോളർ, ഒറാങ്ങ് ഒട്ടാനും (ഒരു തരം ആൾക്കുരങ്ങ്) പെണ്ണും തമ്മിലുള്ള ബന്ധം കാണണോ? അതിന് ഒരു സ്ഥലമുണ്ട്. പക്ഷെ, പതിനഞ്ച് ഡോളർ കൊടുക്കണം.[1] എത്ര ലജ്ജാവഹം! സ്വന്തം വർഗ്ഗത്തിൽ പെട്ടവരുമായല്ലാതെ ഒരു ലൈംഗിക ബന്ധം പാടില്ലെന്ന 'മൃഗീയ നിയമം'പോലും ഇവിടെ ലംഘിക്കപ്പെടുന്നു. മനുഷ്യസ്വാതന്ത്ര്യത്തിൻെറ ഏറ്റവും നിഷേധാത്മകമായ വശമാണിവിടെ നാം കാണുന്നത്. വസ്ത്രം ധരിക്കണമെന്ന നിയമം കാറ്റിൽ പറത്തി നഗ്നരായി നടക്കുന്ന 'നാഗരിക മനുഷ്യനും' ചെയ്യുന്നത് ഈ നിയമലംഘനത്തിൻെറ മറ്റൊരു രൂപം മാത്രം.

ഈ നിയമങ്ങൾ മനുഷ്യവർഗ്ഗത്തിൻെറ നിലനിൽപിനുതന്നെ അ

1. ഇടമറുക് & ഗീതാ ഇടമറുക്: തായ്‌ലൻറിലൂടെ ഒരു യാത്ര ഭാഗം 1 പേജ് 21

നിവാര്യമാകുന്നു. ഇതനുസരിക്കാതിരിക്കുന്നത് മനുഷ്യരുടെ നാശത്തിലേക്കേ നയിക്കൂ. ധാർമ്മിക നിയമങ്ങൾ കാറ്റിൽ പറത്തി ജീവിക്കുന്നവർക്ക് ലഭിക്കുന്ന എയിഡ്സിനെപ്പോലുള്ള ലൈംഗികരോഗങ്ങൾ ഈ വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. വിവേചനരഹിതമായി ലൈംഗികവൃത്തിയിലേർപ്പെടുന്ന മൃഗങ്ങൾക്കൊന്നിനും തന്നെ ലൈംഗികരോഗങ്ങളോ മറ്റോ ഉണ്ടാവുന്നില്ലെന്ന വസ്തുത ആൾക്കുരങ്ങിൻെറ സന്തതി മാത്രമായി മനുഷ്യനെ കാണുന്നവരുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

വിശപ്പും ദാഹവും ലൈംഗികാസക്തിയും പോലെയുള്ള ശാരീരികാവശ്യങ്ങൾ നിറവേറ്റപ്പെടുന്നതോടെ ജന്തുക്കൾ സംതൃപ്തരാകുന്നു. ജന്തുസഹജമായ വിശപ്പും വികാരങ്ങളും തീർക്കുക മനുഷ്യൻെറയും ആവശ്യമാണെങ്കിലും അവ നേടിയെടുക്കുന്നതിലൂടെ മാത്രം അവൻ സംതൃപ്തനാവുന്നില്ല. ശാന്തിയും സ്വസ്ഥതയും സമാധാനവുമാവാൻ കാംക്ഷിക്കുന്നു. സ്നേഹത്തിനുവേണ്ടി അവൻെറ മനസ്സ് ദാഹിക്കുന്നു. സൽസ്വഭാവം അവൻ ഇഷ്ടപ്പെടുന്നു. ധാർമ്മിക ജീവിതം അവൻെറ ജീവിതത്തെ ധന്യമാക്കുന്നു. ഇങ്ങനെ മനുഷ്യൻ പല നിലക്കും മൃഗങ്ങളിൽനിന്ന് തികച്ചും വ്യതിരിക്തമായ വ്യക്തിത്വം വെച്ചുപുലർത്തുന്നവനാണ്. ഈ വ്യതിരിക്തത മനുഷ്യൻെറ ഏതെങ്കിലും ഒരു അവയവത്തിൻെറ സംഭാവനയല്ല. അവൻെറ ആന്തരികചോദനയത്രെ അത്. ഭൗതികമായ അളവുകോൽവെച്ചുകൊണ്ട് മാത്രം അത് അളക്കുക സാധ്യമല്ല. ജന്തുസഹജമല്ലാത്ത എന്തൊക്കെ മനുഷ്യനിലുണ്ടോ അതെല്ലാംതന്നെ 'ആത്മാവി'ൻെറ പ്രവർത്തനങ്ങളാണെന്ന് മതങ്ങൾ പറയുന്നു. ഈ ആത്മാവ് മനുഷ്യനുവേണ്ടിയുള്ള സ്രഷ്ടാവിൻെറ പ്രത്യേക ദാനമത്രെ. മണ്ണിൻെറ ഗുണങ്ങളും ആത്മാവിൻെറ ഗുണങ്ങളും ഒത്തുചേർന്ന ഒരു സവിശേഷ സൃഷ്ടിയത്രെ മനുഷ്യൻ. മണ്ണിൽനിന്ന് മനുഷ്യരൂപം സൃഷ്ടിച്ചശേഷം ദൈവം അവൻെറ ആത്മാവിൽനിന്ന് ആ രൂപത്തിൽ ഊതുന്നതോടെയാണ് മനുഷ്യനെന്ന ഉൽകൃഷ്ടസൃഷ്ടിയുടെ ജനനമുണ്ടായതെന്ന ദൈവികബോധനം ഇവിടെ ശ്രദ്ധേയമാണ്.

മനുഷ്യൻ മണ്ണിൻെറയും ആത്മാവിൻെറയും സമന്വയമാണ്. അവനിൽ മണ്ണിൻേറതായ എല്ലാ ഗുണങ്ങളുമുണ്ട്. വിശപ്പും ദാഹവും വികാരവുമെല്ലാം. ആത്മാവിൻെറ എല്ലാവിധ ദീപ്തികളും അവന്നകത്ത് പ്രകാശിപ്പിക്കാനാവും. സ്നേഹം, ദയ, കരുണ, സാഹോദര്യം, ധാർമ്മികബോധം എന്നിവയെല്ലാം ആത്മാവിൻെറ സ്വഭാവങ്ങളത്രെ. കോപവും ക്രൂരതയും കാപട്യവും അധാർമ്മിക പ്രവർത്തനങ്ങളുമെല്ലാം ആത്മാവിൻെറ പരിശുദ്ധിയെ കളങ്കപ്പെടുത്തും. സൽസ്വഭാവവും സന്മനസ്സും സേവനസന്നദ്ധതയും ആത്മാർത്ഥതയുമെല്ലാം മനുഷ്യാസ്തിത്വത്തിൻെറ മാത്രം പ്രത്യേകതയാണ്. അഥവാ ആത്മാവിൻെറ ഗുണങ്ങളാണ്.



'ജീനുകളും ചുറ്റുപാടുകളും തമ്മിലുള്ള പ്രതിപ്രവർത്തനമാണ് നമ്മുടെ ആശകളും സദാചാരബോധവും സഹതാപഗുണവും ഇഛാബലവും ധിഷണാശക്തിയും മറ്റുമൊക്കെ നിർണ്ണയിക്കുന്നത്. ഇക്കാര്യങ്ങളാണ് നമ്മുടെ പ്രവർത്തികളെ നിയന്ത്രിക്കുന്നത്. പ്രവൃത്തികൾ തിരിച്ച് മേൽപറഞ്ഞ ഘടകങ്ങളെ സ്വാധീനിക്കുന്നു. അതിനാൽ നല്ല കാര്യങ്ങൾ സ്വായത്തമാക്കുന്നത് പൊതുവിൽ പ്രയോജനകരമായ കാര്യമാണ്' [1] ഇതാണ് ഹ്യൂമനിസ്റ്റ് വീക്ഷണം. മനുഷ്യൻെറ ആത്മീയഗുണങ്ങളെല്ലാം ചുറ്റുപാടുകളും ജീനുകളും തമ്മിലുള്ള പ്രതിപ്രവർത്തനങ്ങളിൽ നിന്നുണ്ടായതാണെന്ന് പറയുന്നവർ, മനുഷ്യൻെറ അതേ ചുറ്റുപാടുകളിൽ ജീവിക്കുന്ന മറ്റ് ജീവികൾക്ക് എന്തുകൊണ്ട് ഈ ഗുണങ്ങളൊന്നുമുണ്ടായില്ലെന്ന് വ്യക്തമാക്കുന്നില്ല. പദാർത്ഥത്തിൽനിന്ന് വ്യത്യസ്തമായ ഒരു അസ്തിത്വവും മനുഷ്യന് കൽപ്പിക്കാൻ തയ്യാറില്ലാത്തവർ അവസാനം ചെന്നുവീഴുക മൂല്യനിഷേധത്തിൻെറ പടുകുഴിയിൽ തന്നെയാണ്. 'വിവാഹേതര ലൈംഗിക ബന്ധങ്ങളെ അപ്പാടെ ഹ്യൂമനിസ്റ്റുകൾ പഴിക്കുന്നില്ല' [2]യെന്നും 'ആരെയും ദ്രോഹിക്കാതെയും സ്വന്തം ഇഛ ആരുടെമേലും അടിച്ചേൽപ്പിക്കാതെയുമുള്ള ലൈംഗികബന്ധങ്ങൾ അനുവദിക്കപ്പെടാം'[3] എന്നും 'എന്നാൽ ആവശ്യമില്ലാതെ (?) ഒരു ശിശുവിന് ജന്മം കൊടുക്കുന്നത് സദാചാര വിരുദ്ധമാണെന്ന് മാനവിക പക്ഷക്കാർ കരുതുന്നു'[4] വെന്നും ബ്രിട്ടണിലെ പ്രമുഖ യുക്തിവാദി സംഘടനയായ 'നാഷണൽ സെക്കുലർ സൊസൈറ്റി'യുടെ പ്രസിഡൻറായ ബാർബറസ്മോക്കർ പറയുമ്പോൾ ഈ വസ്തുതയാണ് അനാവൃതമാവുന്നത്.

ധാർമ്മികനിയമങ്ങൾ മനുഷ്യൻെറ സ്വതന്ത്രാസ്ഥിത്വത്തിൻെറ

1. Barbarasmoker: Humanism Page 75.
2. Ibid: Page 82.
3 Ibid Page 82
4 Ibid Page 82

അനിവാര്യതയാണെന്ന് നാം കണ്ടു. പക്ഷേ, ഈ നിയമങ്ങൾ ആവി ഷ്ക്കരിക്കേണ്ടത് ആരാണെന്ന പ്രശ്നം ബാക്കി നിൽക്കുന്നുണ്ട്. ഓരോരുത്തർക്കും തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് സദാചാരനിയ മങ്ങളാവിഷ്ക്കരിക്കാൻ അനുവാദം നൽകിയാൽ എങ്ങിനെയിരിക്കു മെന്നതിൻെറ ഉദാഹരണമാണ് സ്മോക്കറുടെ പുസ്തകത്തിൽ നാം കാണുന്നത്. 1990 ജനുവരിയിൽ ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ യുക്തിവാദി സംഘത്തിൻെറ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്ത വനിതയാണ് ബാർബറസ്മോക്കർ. പക്ഷേ, അവരുടെ എല്ലാ സദാ ചാരസങ്കൽപങ്ങളും സാക്ഷാൽ ഇടമറുകിന് പോലും ദഹിക്കുമെന്ന് ഈ ലേഖകന് തോന്നുന്നില്ല. മനുഷ്യൻെറ നിലനിൽപ്പിനാവ ശ്യമായ നിയമങ്ങൾ മനുഷ്യർ നിർമ്മിച്ചാൽ അവ പ്രമാദമുക്തമാ വില്ലെന്നതിനുള്ള തെളിവത്രെ ഇത്. അപ്പോൾ മനുഷ്യനല്ലാത്ത മനു ഷ്യൻെറ സ്വഭാവങ്ങളെക്കുറിച്ച് ശരിക്കറിയാവുന്ന ഒരു വ്യക്തിയാ യിരിക്കണം അവന്നാവശ്യമായ നിയമങ്ങളാവിഷ്ക്കരിക്കുന്നത്. അത്തരം നിയമങ്ങൾക്കല്ലാതെ സർവ്വകാലികത്വമവകാശപ്പെടാൻ ക ഴിയുകയില്ല. ഇവിടെയാണ് ദൈവിക മാർഗ്ഗനിർദ്ദേശത്തിൻെറ പ്രസക് തി നമുക്ക് മനസ്സിലാകുന്നത്.

മനുഷ്യൻെറ സവിശേഷാസ്തിത്വത്തെകുറിച്ച നമ്മുടെ ചർച്ച ഇങ്ങനെ സംഗ്രഹിക്കാം. നൈസർഗ്ഗിക കഴിവുകളുടെ കാര്യത്തിൽ മറ്റുപല ജന്തുക്കളുടെയും വളരെ പിന്നിലായ മനുഷ്യന് അവയെ അടക്കി വാഴുവാനും അവയുടെ കഴിവുകളെ വെല്ലുന്ന ഉപകരണ ങ്ങൾ നിർമ്മിക്കാനും കഴിയുമാറാക്കുന്നത് അവൻെറ മാത്രം സവി ശേഷതയായ സ്വതന്ത്രമായ അസ്തിത്വമാകുന്നു. പ്രകൃതിയാൽ ഭരി ക്കപ്പെടുന്ന മറ്റു മൃഗങ്ങളിൽനിന്നും തികച്ചും വ്യത്യസ്തനാണ് പ്രകൃ തിയെ ഭരിക്കുന്ന മനുഷ്യൻ. അറിവ് നേടാനും അത് പുരോഗമിപ്പി ക്കാനും പ്രയോഗിക്കാനും കഴിയുന്ന ഏക ജീവിയായ മനുഷ്യന് അത് ശരിയായ രീതിയിൽ പ്രയോഗിക്കാനാവശ്യമായ മാർഗ്ഗനിർ ദ്ദേശം ലഭിക്കണം. ഈ നിർദ്ദേശം നൽകേണ്ടത് മനുഷ്യനല്ലാത്ത, മനുഷ്യരുടെ അധമാവസ്ഥയെയും ഉത്തുംഗാവസ്ഥയെയും പറ്റി ശരിക്കറിയാവുന്ന ഒരുവനായിരിക്കണം. മനുഷ്യാത്മാവിൻെറ സ്വഭാ വങ്ങളായ സ്വാതന്ത്ര്യം, സ്നേഹം, കരുണ, സാഹോദര്യം, സേവന തൽപരത എന്നിവയെയും വിശപ്പ്, ദാഹം, ആസക്തി എന്നിവയെ യും കണക്കിലെടുത്തുതന്നെ വേണം ഈ നിയമങ്ങളാവിഷ്ക്കരി



ക്കാൻ. അത്തരം നിയമങ്ങളെവിടെ? തത്വശാസ്ത്രങ്ങളെവിടെ?

മനുഷ്യനിലെ മൃഗീയ ചേദനകളെയും ആത്മീയ ഭാവങ്ങളേയും പരിഗണിക്കുന്ന വല്ല ദർശനങ്ങളുമുണ്ടോ?

# ആറ്

## വിമോചനമെന്നാൽ.......

"അധികാരം കിട്ടുന്നതിനുമുമ്പ് കമ്മ്യൂണിസ്റ്റുകാർ പറഞ്ഞിരുന്നത് 'നിങ്ങൾക്ക് ഇപ്പോൾ ഭക്ഷണം കിട്ടുന്നില്ല. നിങ്ങൾക്ക് വസ്ത്രം കിട്ടുന്നില്ല, നിങ്ങൾക്ക് ഇപ്പോൾ പാർപ്പിടമില്ല. നിങ്ങൾ ഞങ്ങളെ അധികാരത്തിലേറ്റൂ. നിങ്ങൾക്ക് ഭക്ഷണം തരാം. വസ്ത്രം തരാം, പാർപ്പിടം തരാം' പക്ഷേ, അധികാരം കിട്ടിയപ്പോൾ ഞങ്ങൾക്ക് ഭക്ഷണം കിട്ടിയില്ല. മാത്രമല്ല, 'ഭക്ഷണം തരൂ, പാർപ്പിടം തരൂ, വസ്ത്രം തരൂ' എന്ന് പറയാനുള്ള അവകാശവും കിട്ടിയില്ല"[1] പോളണ്ടിലെ തൊളിലാളി നേതാവായ ലെക്വലേസയുടെ വരികളാണിവ. പതിറ്റാണ്ടുകളോളം കമ്മ്യൂണിസ്റ്റ് ഭരണം അനുഭവിച്ചറിഞ്ഞ ആയിരങ്ങളുടെ ശബ്ദത്തെയാണ് ലെക്വലേസ തൻെറ വാചകങ്ങളിലൂടെ പ്രതിനിധീകരിക്കുന്നത്. മോചനത്തിൻെറ എന്തെന്ത് സുന്ദരമുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടാണ് മാർക്സിസം കടന്നുവന്നത്. പട്ടിണി കിടക്കുന്നവൻെറ ദുഃഖം തീർക്കാൻ സ്വകാര്യസമ്പത്ത് നശിപ്പിച്ചാൽ മതിയെന്ന സിദ്ധാന്തം പ്രയോഗവൽക്കരിക്കാൻ ശ്രമിച്ചപ്പോൾ, കത്തിക്കരിഞ്ഞ ആമാശയത്തിന് അൽപ്പമെങ്കിലും മോചനം ലഭിക്കുമല്ലോയെന്ന് കരുതി അവരെ പിന്തുണച്ച മനുഷ്യമക്കൾക്ക് ലഭിച്ചത് ആത്മാവിനെ വരിഞ്ഞുമുറക്കാൻ പോന്ന ചങ്ങലക്കെട്ടുകൾ മാത്രമായിരുന്നു. പട്ടിണിയുടെയും പരിവട്ടത്തിൻെറയും നരകാഗ്നിയിൽ നിന്ന് ഉയർത്തിയ കൈകളിലുണ്ടായിരുന്ന അരിവാൾ അരിഞ്ഞുവീഴ്ത്തി

1 Quoted by പ്രൊഫ. കെ.എം. ഫ്രാൻസിസ്: മാർക്സിസം തകരുമോ പേജ് 31.



യത് മനുഷ്യൻെറ ആത്മീയമായ ആവശ്യങ്ങളെയും ചുറ്റിക തകർത്തെറിഞ്ഞത് സ്വാതന്ത്ര്യത്തെയുമായിരുന്നു.

നമ്മുടെ നൂറ്റാണ്ടിൻെറ തത്വചിന്തയെന്ന് സാർത്ര് വിശേഷിപ്പിച്ച മാർക്സിസത്തിനെന്തുപറ്റി? ശാസ്ത്രം മുതൽ സാഹിത്യംവരെയുള്ള വ്യത്യസ്ത മേഖലകളിൽ തങ്ങളുടേതായ പ്രഭാവം തെളിയിക്കാൻ കഴിഞ്ഞിട്ടും ഭൗതിക തത്വശാസ്ത്രങ്ങളുടെ അനിവാര്യമായ പതനം കമ്മ്യൂണിസത്തിനുമുണ്ടായി. ഇ.പി. തോംപ്സണെയും ഡി.ഡി. കൊസാംബിയെയും പോലെയുള്ള ചരിത്രകാരന്മാരെയും വി.എൻ. വൊളോഷിനോവിനെയും റൊളാങ്ങ് ബാർഥിനെയും പോലെയുള്ള ഭാഷാ ശാസ്ത്രജ്ഞന്മാരെയും ആർ.ഡി. ലെയിംഗിനെയും ഹെർബർട്ട് മാർക്യൂസിനെയും പോലെയുള്ള മനഃശാസ്ത്രജ്ഞന്മാരെയും ല്യൂക്കാച്ചിനെയും കോഡ്വെല്ലിനെയും പോലെയുള്ള സാഹിത്യ നിരൂപകന്മാരെയും പോളണ്ട് സാസിനെും തെർബോണിനെയും പോലെയുള്ള രാഷ്ട്രമീമാംസകരെയും നെരൂദയെയും മാർക്കേസിനെയും പോലെയുള്ള എഴുത്തുകാരെയും പുഡോവ്കിനെയും ഗൊദാർദിനെയും പോലെയുള്ള ചലച്ചിത്രകാരന്മാരെയും ലെഷറിനെപ്പോലെയുള്ള ചിത്രകാരന്മാരെയും അൽത്യൂസ്സറിനെപ്പോലെയുള്ള തത്വചിന്തകരെയും ജെ.ഡി. ബർണാലിനെപ്പോലെയുള്ള ശാസ്ത്ര ചിന്തകരെയും സാഡ്കിനെപ്പോലെയുള്ള ശിൽപികളെയും സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് അവകാശപ്പെടുന്ന മാർക്സിസം, ഇന്ന് സൃഷ്ടിയുടെ ആറ് ദിവസങ്ങൾക്ക് ശേഷം ദീർഘമായി വിശ്രമിക്കുന്ന യഹൂദ ദൈവത്തെപ്പോലെ ദാർശനികചരിത്രത്തിൻെറ വിശാലമായ ചവറ്റുകൊട്ടയിൽ അനന്തമായ വിശ്രമശയനത്തിനുള്ള തയ്യാറെടുപ്പിലാണ്. ഒരിക്കലും ഉണരാത്ത ശയനം!

എന്തേ ഇത്തരം ഒരു പതനത്തിന് മാർക്സിസം വിധേയമായി? ഈ ചോദ്യത്തിൻെറ ഒന്നാമത്തെ ഉത്തരമാണ് നാം നേരത്തെ കണ്ടുകഴിഞ്ഞത്. മനുഷ്യൻെറ യഥാർത്ഥമായ അസ്തിത്വത്തെ കാണാൻ ആ ദർശനത്തിന് കഴിഞ്ഞില്ലെന്നതാണത്. മനുഷ്യനെ മനസ്സിലാക്കാത്തപ്പോൾ മനുഷ്യൻെറ മോചനമെന്താണെന്ന് വിശദീകരിക്കുന്നതിൽ സാരമായ തെറ്റുപറ്റി. ഇതായിരുന്നു ആ ദർശനത്തിന് പറ്റിയ രണ്ടാമത്തെ തെറ്റ്. ഇത് ആദ്യത്തെ അബദ്ധത്തിൻെറ അനിവാര്യമായ ഉപോൽപന്നമത്രെ.

കെ.ജി.ബി. തലവനായിരുന്ന സെഷൻസ്കിയുടെ പ്രതിമ തല്ലി

പ്പൊളിക്കുന്ന യുവാവിൻെറ വചനങ്ങൾ ഒന്നുകൂടി ഓർമ്മിക്കുക "മനുഷ്യർ കഷ്ടപ്പെടുന്നിടത്താണ് കമ്മ്യൂണിസ്റ്റുകൾ തഴച്ചു വളരുകയെന്ന് നിങ്ങൾക്കറിയില്ലേ". കഷ്ടപ്പാടുകളാണ് കമ്മ്യൂണിസത്തെ വളർത്തുന്നത്. കാരണമുണ്ട്. ദരിദ്ര്യമനുഭവിക്കുന്നവൻ മനസ്സിലാക്കുന്നത് ഈ ഭൂമിയിലെ ഏറ്റവും വലിയ പ്രശ്നം ദാരിദ്ര്യമാണെന്നാണ്. കിടപ്പാടമില്ലാത്തവൻെറ കണ്ണിൽ അതാണ് ഏറ്റവും വലിയ പ്രശ്നം. തൊഴിലില്ലാത്തവനെ സംബന്ധിച്ചിടത്തോളം ഈ ഭൂമിയിലെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. ഗാന്ധിജി പറഞ്ഞതുപോലെ വിശക്കുന്നവൻെറ മുമ്പിൽ ദൈവം പോലും പ്രത്യക്ഷപ്പെടുന്നത് റൊട്ടിയുടെ രൂപത്തിലാണ്. ദാരിദ്ര്യത്തിനും തൊഴിലില്ലായ്മക്കും മുതൽ ദുനിയാവിലെ സകലവിധ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയായ 'സ്വകാര്യസ്വത്തിനെ ഇല്ലാതെയാക്കുക"യെന്ന മുദ്രാവാക്യവുമായാണ് മാർക്സിസം കടന്നുവന്നത്. പട്ടിണിയുടെയും പരിവട്ടത്തിൻെറയും ലോകത്ത് നിന്ന് സമത്വത്തിൻെറയും സോഷ്യലിസത്തിൻെറയും സുന്ദരമായ ലോകത്തിലേക്കുള്ള പ്രയാണത്തിൻെറ കൊടി പിടിക്കുന്നവരോട് അവശതയനുഭവിക്കുന്ന ജനങ്ങൾക്ക് അനുഭാവമുണ്ടാവുക സ്വാഭാവികമാണ്. ഈ അനുഭാവമാണ് റഷ്യ മുതൽ കേരളം വരെയുള്ള പ്രദേശങ്ങളിൽ കമ്മ്യൂണിസത്തെ വളർത്തിയത്.

പട്ടിണിയും മറ്റു പ്രശ്നങ്ങളും പരിഹരിക്കാനായി മാർക്സിസത്തിന് കൂടെ നിന്നവരിൽനിന്ന് ഉയർന്ന രോദനമാണ് ലെക്വലേസയുടെ വാക്കുകളിൽ നാം കണ്ടത്. ഇവിടെയാണ്, അടിസ്ഥാനപരമായി പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളെന്താണെന്ന ചോദ്യം പ്രസക്തമാവുന്നത്. മനുഷ്യവിമോചനത്തിൻെറ ആത്യന്തികമായ അർത്ഥമെന്തായിരിക്കണമെന്ന ചർച്ചയിൽനിന്നാണ് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളെന്തൊക്കെയാണെന്ന ചോദ്യത്തിനുള്ള ഉത്തരം ഉരുത്തിരിയുക.

പട്ടിണിയിൽനിന്നുതന്നെ തുടങ്ങാം. അങ്ങകലെ എത്യോപ്യ മുതൽക്ക് ഇങ്ങടുത്ത് ഒറീസ വരെയുണ്ടായ പട്ടിണി മരണങ്ങളെക്കുറിച്ച് വായിക്കുകയും അവരുടെ വേദനയിൽ പങ്കുചേർന്ന് പ്രമേയങ്ങൾ പാസാക്കുകയും ചെയ്തിട്ടുള്ളവരാണ് നമ്മളെല്ലാം. സ്വന്തം അയൽവാസിയുടെ കുഞ്ഞ് അപ്പത്തിന് വേണ്ടി അലമുറയിടുന്നത് കാണാൻ കണ്ണില്ലാത്തവർക്കുപോലും പ്രമേയം പാസ്സാക്കുന്നതിൽ



അതിയായ ആവേശമാണുള്ളത്. ഒരു ദിവസമെങ്കിലും വ്രതമനുഷ്ഠിച്ചിട്ടുള്ളവർക്കറിയാം, പട്ടിണി എത്രമാത്രം കഠോരമാണെന്ന്. എന്താണീ പട്ടിണിക്ക് കാരണമെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? സമ്പത്ത് ഏതാനും വ്യക്തികളിൽ മാത്രം കേന്ദ്രീകരിച്ചതാണോ? ഈ ഭൂമിയിലെ സമ്പത്തിൻെറ വിതരണത്തിൻെറ രീതിശാസ്ത്രമെന്താണെന്ന് നിർവ്വചിക്കുക സാധ്യമല്ല. ഇന്നലത്തെ പണക്കാരിൽ പലരും ഇന്ന് പാപ്പരാണ്. നേരെ തിരിച്ചുമുണ്ട്. സമ്പത്തിൻെറ വിതരണത്തിൽ ഐകരൂപ്യമുണ്ടാവുക അസാധ്യമാണെന്ന് അൽപം ചിന്തിച്ചാൽ ബോധ്യമാകും. പിതാവിൽനിന്ന് ഒരേ സംഖ്യതന്നെ അനന്തിരമായി കിട്ടിയ മക്കളിൽ ചിലർ പണക്കാരായി മാറുകയും ചിലർ പാപ്പരായി മാറുകയും ചെയ്തതിന് നമ്മുടെയെല്ലാം അയൽപക്കത്ത് തന്നെ ഉദാഹരണങ്ങളുണ്ടാവും. ചിലർ ജന്മനാ അധ്വാനിക്കാൻ കഴിവില്ലാത്തവരാണ്. മറ്റുചിലർ ധൂർത്തന്മാരാണ്. ചിലരാകട്ടെ സൂത്രത്തിൽ പണം സമ്പാദിക്കാൻ കഴിവുള്ളവരാണ്. ഈ മൂന്ന് വിഭാഗത്തിലും പെട്ട ഓരോരുത്തർക്കും ഒരു നിശ്ചിത സംഖ്യവീതം കൊടുത്താൽ അൽപദിവസങ്ങൾക്കുശേഷം എന്ത് സംഭവിക്കുമെന്ന് ആരും പറയാതെ തന്നെ നമുക്കെല്ലാം അറിയാം. പട്ടിണിക്കുള്ള പരിഹാരമായി, അതുകൊണ്ടുതന്നെ സമ്പത്തിൻെറ തുല്യമായ വിതരണം പ്രായോഗികമല്ല.

സമ്പാദിക്കാനുള്ള മനുഷ്യൻെറ ആർത്തി അവൻെറ പ്രകൃതിയുമായി ഒട്ടിച്ചേർന്നിട്ടുള്ളതാണ്. ഇതിന്ന് 'സാമ്പത്തിക സ്വാർത്ഥത' എന്ന് പറയുമെങ്കിൽ ഈ 'സ്വാർത്ഥത'യാണ് ഭൂമിയിൽ പുരോഗതികൾക്കെല്ലാം നിമിത്തമായിട്ടുള്ളത്. ഈ സ്വാർത്ഥതയെ നശിപ്പിക്കാനായി 'വടി'യെടുത്തതാണ് മാർക്സിസത്തിന് പറ്റിയ ഒരു തെറ്റ്. സമ്പാദിക്കാനുള്ള ആഗ്രഹം അവൻെറ മാത്രം സവിശേഷതയായ സ്വാതന്ത്ര്യത്തിൻെറ ഭാഗമാണ്. ഈ അവകാശം നിഷേധിക്കപ്പെടുമ്പോൾ സ്വാഭാവികമായും സമൂഹത്തിൻെറ പുരോഗതി നിലയ്ക്കുന്നു. വേല ചെയ്തിട്ട് തനിക്ക് കൂലി കിട്ടുന്നില്ലെങ്കിൽ പിന്നെന്തിന് പാടുപെടണമെന്ന ചിന്ത അവനെ മടിയനാക്കുന്നു. ഈ മടിയിൽ നിന്ന് അവനെ ഉണർത്താൻ ഭരണകൂടം വടിയെടുക്കേണ്ടിവരുന്നു. ഈ 'വടി' അവൻെറ സ്വാതന്ത്ര്യത്തെ ഹനിക്കുന്നു. ഇതാണ് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ സംഭവിച്ചത്.

പട്ടിണി മാറാൻ രണ്ട് തരത്തിലുള്ള പ്രവർത്തനങ്ങൾ അനിവാര്യ

മാണ്. ഒന്ന് പട്ടിണി കിടക്കുന്നവൻെറ ഭാഗത്തുനിന്നുണ്ടാവേണ്ടതെങ്കിൽ മറ്റേത് പണക്കാരൻെറ ഭാഗത്തുനിന്നുണ്ടാവേണ്ടതാണ്. സമ്പത്തിൻെറ ദുർവിനിയോഗം തടയുകയും ധൂർത്തും അമിതവ്യയവും തടയുകയും വേണ്ടതുണ്ട്. മദ്യവും മയക്കുമരുന്നുകളും ഉപയോഗിച്ച് പാപ്പരായി മക്കളെ പട്ടിണിയിലേക്ക് തള്ളിയിടുന്ന രക്ഷിതാക്കളുണ്ട്. ചൂതുകളിച്ച് തറവാട് പണയം വെക്കേണ്ടിവരികയും മക്കളുമായി തെരുവിലിറങ്ങി തെണ്ടുകയും ചെയ്യേണ്ട ഗതികേടിലെത്തിയ 'ഉന്നതകുലജാതന്മാർ' നോവലുകളിൽ മാത്രം പ്രത്യക്ഷപ്പെടുന്നവരല്ല. അത്യാവശ്യത്തിന് അൽപം പണം കടം വാങ്ങിയതിൻെറ പേരിൽ പലിശ കൊടുത്ത് തുലഞ്ഞവരും നമുക്ക് അപരിചിതരല്ല. പട്ടിണി തുടച്ച് മാറ്റുന്നതിൻെറ ഭാഗമായി ആദ്യമായി ചെയ്യാനുള്ളത് ദുർവ്യയവും ധൂർത്തും മദ്യവും  മയക്കുമരുന്നുകളും ചൂതുകളിയും പലിശയുമെല്ലാം ഇല്ലാതെയാക്കുകയാണ്. അങ്ങിനെ പട്ടിണിയും പരിവട്ടവും കടന്നുവരാനുള്ള മാർഗ്ഗങ്ങളെ അടക്കുകയാണ്.

സമ്പാദിക്കാനുള്ള എല്ലാ അവകാശങ്ങളും വകവെച്ചുകൊടുക്കുന്നതോടൊപ്പം തന്നെ അന്യായമായ മാർഗ്ഗങ്ങളിലൂടെയുള്ള സമ്പാദ്യം പൂർണ്ണമായി നിരോധിക്കപ്പെടണം. സമ്പാദിക്കുന്നവൻെറ കൈവശം മാത്രം സ്വത്ത് സ്വരൂപിക്കപ്പെടുന്ന അവസ്ഥയുണ്ടാവരുത്. സമൂഹത്തിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് അത് വിനിയോഗിക്കപ്പെടണം. പണം കൈവശമുള്ളവർ പിശുക്ക് കാണിക്കരുത്. ആവശ്യങ്ങൾക്ക് പണം ചെലവഴിക്കാൻ അവൻ സന്നദ്ധനാവണം. ചുറ്റുപാടുമുള്ള പാവപ്പെട്ടവരുടെ വിഷമങ്ങൾ കാണാനും അവരെ സഹായിക്കാനും അവന് കഴിയണം. കീഴിലുള്ള തൊഴിലാളികളോട് കാരുണ്യത്തോടെ പെരുമാറാനും അർഹമായ വേതനം നൽകാനും അവൻ തയ്യാറാവണം. അനാശാസ്യ പ്രവർത്തനങ്ങൾക്കോ അധാർമ്മിക വൃത്തികൾക്കോ പണം ചെലവഴിക്കരുത്. ഇതിന്ന് ഒന്നാമതായി വളർന്നുവരേണ്ടത് സാഹോദര്യമാണ്. പട്ടിണി കിടക്കുന്ന അയൽക്കാരനും തന്നെപോലെതന്നെ വിശപ്പും ദാഹവും വികാരവുമെല്ലാമുള്ള സൃഷ്ടിയാണെന്നും അടിസ്ഥാനപരമായി തങ്ങൾ സഹോദരന്മാരാണെന്നുമുള്ള ബോധം. രണ്ടാമതായി, താൻ പണക്കാരനാണെന്ന അഹങ്കാരത്തിൽ നിന്നുള്ള മോചനമാണ് നടക്കേണ്ടത്. തൻെറ സമ്പാദ്യം തൻെറ അധ്വാനത്തിൻെറയും ബുദ്ധിയുടെയും മാത്രം ഫലമായി ലഭിച്ചതല്ലെന്നും അത്  പരഃശക്തിയുടെ ദാനമാണെന്നും



അവൻ വിചാരിച്ചാൽ അത് തിരിച്ചെടുക്കുന്നതിന് യാതൊരു പ്രയാസവുമില്ലെന്നുമുള്ള ബോധത്തിന് മാത്രമേ 'ഞാൻ എന്ന പണക്കാരൻ' എന്നുള്ള അഹംഭാവത്തെ നശിപ്പിക്കാൻ കഴിയൂ. ആ ബോധം തനിക്ക് സമ്പത്ത് തന്നനുഗ്രഹിച്ചവന്നുമുമ്പിൽ തല കുനിക്കുന്നതിലേക്കും അവൻ പറഞ്ഞ മാർഗ്ഗത്തിലൂടെ സമ്പത്ത് ചെലവഴിക്കുന്നതിലേക്കും മനുഷ്യനെ നയിക്കുന്നു.

മുതലാളിയും തൊഴിലാളിയും പണക്കാരനും പണിക്കാരനുമെല്ലാം മനുഷ്യ സമൂഹത്തിൻെറ അനിവാര്യമായ ഘടകങ്ങളത്രെ. അവ ഇല്ലാതെയാവുമെന്ന സ്വപ്നം 'ഉട്ടോപ്പിയ' മാത്രമാകുന്നു. അവയെല്ലാം നിലനിർത്തിക്കൊണ്ടുതന്നെ മാനുഷികപ്രശ്നങ്ങൾക്ക് എങ്ങിനെ പരിഹാരം കാണാം എന്നാണ് ചിന്തിക്കേണ്ടത്.

'വിമോചനം' എന്ന് പ്രയോഗിക്കുമ്പോഴേക്ക് പലരുടെയും മനസ്സിലോടിയെത്തുക വനിതാവിമോചനമാണ്. വനിതാവിമോചനത്തെപ്പോലെ വിമോചനമെന്ന പദത്തെ ക്രൂരമായി വ്യഭിചരിച്ച മറ്റൊരു പ്രയോഗമുണ്ടോയെന്ന് സംശയമാണ്. എന്താണ് വനിതാവിമോചനം? കുപ്പായം അഴിച്ചിടാനും തെങ്ങിൽ കയറാനുമുള്ള സ്വാതന്ത്ര്യമാണോ? പരസ്യങ്ങളിൽ മോഡലുകളായി നിൽക്കാനും വെള്ളിത്തിരയിൽ തുണിയുരിയാനുമുള്ള സ്വാതന്ത്ര്യമാണോ? എല്ലാ കാര്യങ്ങളിലും പുരുഷൻമാരോടൊപ്പം നിൽക്കാനുള്ള അവകാശമാണോ? ഭർത്താവിനെ "എടോ....' എന്ന് വിളിക്കുവാനുള്ള സ്വാതന്ത്ര്യമാണോ? ഇതെല്ലാമാണ് ഫെമിനിസ്റ്റുകളിൽ ചിലർ വിഭാവനം ചെയ്യുന്ന വനിതാ വിമോചനം. യഥാർത്ഥ സ്ത്രീത്വം കൊതിക്കുന്നതും സ്ത്രീകൾക്ക് ആവശ്യമുള്ളതുമായ വിമോചനം ഇതൊക്കെതന്നെയാണോ?

ആര് എന്തൊക്കെപ്പറഞ്ഞാലും, സ്ത്രീയും പുരുഷനും തുല്യപ്രകൃതിക്കാരല്ല. പ്രകൃതിതന്നെ പുരുഷനെയും സ്ത്രീയെയും വേർതിരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിൻെറയും ശരീരപ്രകൃതിതന്നെ അവരിൽ ചില പ്രത്യേകമായ ബന്ധനങ്ങൾ അടിച്ചേൽപ്പിച്ചിട്ടുണ്ട്. അത് അവഗണിക്കാനോ ഇല്ലാതെയാക്കാനോ ഒരു തത്വശാസ്ത്രത്തിനും കഴിയില്ല. ഈ വസ്തുത മനസ്സിലാക്കിത്തന്നെയാവണം ഓരോരുത്തർക്കും വേണ്ട മോചനരീതികൾ അവതരിപ്പിക്കപ്പെടുന്നത്. സ്ത്രീ, പുരുഷൻെറ സംരക്ഷണം അർഹിക്കുന്നവളാണ്. അത് അവളുടെ അവകാശമാണ്.  വൈവാഹികബന്ധത്തിലേർപ്പെടുന്ന  പുരുഷൻ

സ്ത്രീക്ക് നൽകുന്ന വാഗ്ദാനമതാണ്. അവളുടെ സംരക്ഷണം പൂർണ്ണമായി ഏറ്റെടുക്കുകയാണവൻ. ഈ അവകാശമാണ് ആദ്യമായി സംരക്ഷിക്കപ്പെടേണ്ടത്. സ്ത്രീ, ജോലി ചെയ്തുകൂടെന്ന് ഇതിന്നർത്ഥമില്ല; കുടുംബത്തിൻെറ സാമ്പത്തികഭാരം അവളിൽ അടിച്ചേൽപ്പിക്കുന്നത് അനീതിയാണെന്ന് മാത്രം. അതേപോലെതന്നെ അവൾക്ക് വിദ്യ അഭ്യസിക്കാനും താൻ വിശ്വസിക്കുന്ന ആശയങ്ങളനുസരിച്ച് ജീവിക്കാനും അത് പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം വേണം. ഭയാശങ്കകൾ കൂടാതെ പുറത്തിറങ്ങി നടക്കാൻ അവൾക്ക് കഴിയണം. അവളുടെ നഗ്നത വിറ്റ് കാശാക്കുന്ന മാധ്യമങ്ങളും ചലച്ചിത്രങ്ങളും ആശങ്കാരഹിതമായി പുറത്തിറങ്ങി നടക്കാനുള്ള അവളുടെ അവകാശത്തെ ഹനിക്കുകയാണ് ചെയ്യുന്നത്. തൻേറതു മാത്രമായ സൗന്ദര്യത്തെ മാന്യമായി മറയ്ക്കാനുള്ള സ്വാതന്ത്ര്യം അവൾക്കുവേണം. സ്വത്ത് സമ്പാദിക്കാനും അത് വിനിമയം ചെയ്യാനും അവൾക്ക് അവകാശമുണ്ടാവണം. അവളുടെ ബലഹീനതകളിൽ അവൾ സഹായിക്കപ്പെടണം. ഇതെല്ലാമാണ് സ്ത്രീത്വത്തിന് ആവശ്യമായ അവകാശങ്ങൾ. സ്ത്രീയെ സ്ത്രീയായും സമൂഹത്തിൻെറ മാതാവായും അംഗീകരിക്കപ്പെടുകയാണാവശ്യം. സ്ത്രീയെ പുരുഷനായി കണക്കാക്കപ്പെടുകയല്ല.

വർണ്ണവിവേചനത്തെയും ജാതീയതയെയും കുറിച്ച് ചിന്തിച്ചുനോക്കുക. തൊലിയുടെ നിറത്തിൻെറ അടിസ്ഥാനത്തിൽ യോഗ്യതയുടെ മാനദണ്ഡമളക്കുന്നത് എന്തുമാത്രം വലിയ അനീതിയല്ല! നെൽസൺ മണ്ടേല തന്നെ എഴുതട്ടെ "എത്ര ഭംഗിയായും കൃത്യമായും ഉചിതമായും ജോലി ചെയ്താൽ പോലും ഞങ്ങൾക്കൊരിക്കലും തന്നെ ഒരു പ്രോസിക്യൂട്ടറോ മജിസ്ട്രേറ്റോ ജഡ്ജോ ആയിത്തീരാനാവില്ലെന്ന് ഞങ്ങൾക്ക് നിരന്തരം ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അഭിഭാഷകരെന്ന നിലയ്ക്ക് ഞങ്ങൾക്ക് പലപ്പോഴും ഇടപഴകേണ്ടിവന്ന ഉദ്യോഗസ്ഥന്മാരൊന്നുംതന്നെ, സാമർത്ഥ്യത്തിൻെറയോ, ശേഷിയുടെയോ യോഗ്യതകളുടെയോ കാര്യത്തിൽ ഞങ്ങളേക്കാൾ ഒട്ടും ഉയർന്നവരായിരുന്നില്ലെന്നും ഞങ്ങൾക്ക് ബോധ്യപ്പെട്ടു. അവർക്ക് ആ ഉന്നത പദവി നേടിക്കൊടുത്തതും അത് നിലനിർത്തുന്നതും അവരുടെ വെളുത്ത തൊലി മാത്രമായിരുന്നു"[1] തൊലിയുടെ നിറത്തിൻെറ പേരിൽ മാത്രം ഉൽകൃഷ്ടത കണക്കാക്കുന്ന

1 Nelson Mandela: No Easy walk to Freedom page 177



വർണ്ണവെറിയുടെ മറ്റൊരു രൂപമാണല്ലോ ജാതീയത. നമുക്കറിയാം, ജാതീയത ഇന്ത്യയിലെ ഒരു ഭൂതകാല പ്രക്രിയയല്ല; പ്രത്യുത ഇന്നും നിലനിൽക്കുന്ന അഭിശപ്തമായ ഒരു ആചാരമാണെന്ന്. പതിനായിരക്കണക്കിന് അവർണ്ണർ, അവർ അധമ (?) ജാതിയിൽ പിറന്നവരായിപ്പോയി എന്ന ഏകകാരണത്താൽ മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു. ഇതിനെതിരെയുള്ള അധരവ്യായാമത്തിന് മുന്നിൽ നിൽക്കുന്നവർ പോലും ജാതിപിശാചിൻെറ ബാധയിൽനിന്ന് പൂർണ്ണമായി മുക്തരല്ലെന്നതാണ് വർത്തമാനകാലസംഭവങ്ങൾ വ്യക്തമാക്കുന്നത്.

വർണ്ണവെറിയും ജാതീയതയും തുടച്ചുനീക്കാൻ ഏത് രൂപത്തിലുള്ള വിപ്ലവമാണ് നടക്കേണ്ടത്? രാഷ്ട്രീയമായ അധികാരക്കൈമാറ്റംകൊണ്ട് മാത്രം അടിസ്ഥാനപരമായ മോചനം സാധ്യമാകുമോ? ഇല്ലെന്നതാണ് വസ്തുത. ഒന്നാമതായി, ജന്മമല്ല കർമ്മമാണ് മനുഷ്യരുടെ മഹത്വം നിർണ്ണയിക്കുന്നതെന്ന ബോധം വളരുകയാണാവശ്യം. കറുത്തവനും വെളുത്തവനും സവർണ്ണനും അവർണ്ണനുമെല്ലാം സഹോദരങ്ങളാണെന്ന ധാരണ വളരണം. തൊലിയുടെ നിറമോ കുലനാമമോ നോക്കി ഉന്നതനെയും അധമനെയും നിർണ്ണയിക്കുന്ന രീതി അവസാനിപ്പിക്കപ്പെടണം. ഇതിന്ന് സവർണ്ണരിൽ നടക്കുന്ന വിപ്ലവം പോലെത്തന്നെ അവർണ്ണരിലും മാറ്റമുണ്ടാവണം. കറുത്തവനും അധമജാതിക്കാരനും ജന്മത്തിൻെറ അടിസ്ഥാനത്തിൽ തന്നേക്കാൾ ഒട്ടും മോശമല്ലെന്ന ധാരണ വെളുത്തവരിലും സവർണ്ണനിലും വളർന്നുവരണം. താൻ അധമബോധമനുഭവിക്കേണ്ടവനല്ലെന്ന് കറുത്തവൻ മനസ്സിലാക്കണം. വെളുത്തവനെയും സവർണ്ണജാതിക്കാരനെയും പോലെത്തന്നെ തുല്യമായ അവകാശങ്ങളും ബാധ്യതകളുമുള്ള മനുഷ്യജീവിയാണ് താനുമെന്ന ബോധം കറുത്തവനിലും അവർണ്ണനിലും വളർത്തുകയാണ് അവരുടെ വിമോചനത്തിന് ആദ്യമായി ചെയ്യേണ്ടത്. അൽപ്പം ശ്രമകരമായ ജോലി തന്നെയാണിത്. അതുകൊണ്ടാണല്ലോ ഡോക്ടർ അംബേദ്ക്കർ പറഞ്ഞത് 'ഇന്ത്യയിലെ ദലിതുകളുടെ ഇടയിലെ യഥാർത്ഥ പ്രശ്നം അടിമക്ക് താൻ അടിമയാണെന്ന ബോധമില്ല എന്നതാണ്' [1] എന്ന്.

തീവ്രദേശീയത മുതൽ വർഗ്ഗീയത വരെയുള്ള പ്രശ്നങ്ങളെടു

1 Quoted by എ.എം. എബ്രഹാം: ബ്രാഹ്മണിസം (അവതാരിക) പേജ് 10

ത്ത് പരിശോധിച്ചുനോക്കുക. സ്വന്തം നാട്ടിന്റെ നാലതിരുകൾക്കുള്ളിൽ ജനിച്ചവരെല്ലാം മാലാഖമാരും പുറത്ത് ജനിച്ചവരെല്ലാം ചെകുത്താന്മാരുമാണെന്ന ഹിറ്റ്ലറുടെ നാസീവീക്ഷണത്തിന് സമാനമായ ചിന്താഗതിയാണ് സങ്കുചിതദേശീയതയുടെ വക്താക്കളിലധികവും വെച്ചുപുലർത്തുന്നത്. തന്റെ സമുദായത്തിൽ ജനിച്ചവർ മാത്രമാണ് ആദരിക്കപ്പെടാനും പുരോഗമിക്കാനും, എന്തിലധികം ജീവിക്കാൻ വരെ അർഹരെന്ന ചിന്താഗതിയുടെ വർഗീയവാദികളുടെ കൈമുതൽ. ഈ രണ്ട് ചിന്താഗതികളുടേയും അടിവേര് ജന്മത്തിന്റെ പേരിലുള്ള ഔന്നത്യബോധത്തിലാണ് സ്ഥിതി ചെയ്യുന്നത്. എവിടെ ജനിച്ചാലും ഏത് സമുദായത്തിൽ ജനിച്ചാലും അവൻ മനുഷ്യനാണെന്നും അതുകൊണ്ടുതന്നെ തന്റെ സഹോദരനാണെന്നും അന്യായമായി അവന്റെ ചോര ചിന്തുന്നതും മാനം തകർക്കുന്നതും പാപമാണെന്നുമുള്ള ധാരണ വളർന്നുവരേണ്ടതുണ്ട്. അതിന് ജന്മത്തിന്റെ പേരിലുള്ള എല്ലാവിധ അഹങ്കാരങ്ങളും അഹംഭാവങ്ങളും തകർക്കപ്പെടേണ്ടതുണ്ട്.

അഴിമതി മുതലുള്ള സാമ്പത്തികകുറ്റകൃത്യങ്ങളുടെയും വ്യഭിചാരം മുതൽക്കുള്ള സദാചാരലംഘനങ്ങളുടെയും മദ്യവും മയക്കുമരുന്നും മുതൽക്കുള്ള സാമൂഹികരോഗങ്ങളുടെയും പിടിയിൽനിന്ന് കൂടി സമൂഹം മോചിതമാകുന്നതോടെ മാത്രമേ സമ്പൂർണ്ണമായ അർത്ഥത്തിലുള്ള വിമോചനം സാധ്യമാകൂ. ഈ ജീവിതം സുഖിച്ചും കൂത്താടിയും മാത്രം കഴിയാനുള്ളതാണെന്ന ധാരണയിൽ നിന്നാണ് ഇത്തരം കുറ്റകൃത്യങ്ങളും സാമൂഹികരോഗങ്ങളും നാമ്പെടുക്കുന്നത്. ഇഹലോകജീവിതത്തിന് വ്യക്തമായ ഒരു ലക്ഷ്യമുണ്ടെന്നും ആ ലക്ഷ്യത്തിലെ നന്മയും തിന്മയും കണക്കാക്കുന്നത് ഈ ജീവിതത്തിലെ പ്രവർത്തനങ്ങളാണെന്നുമുള്ള ബോധത്തിന് മാത്രമെ വ്യക്തിയെയും സമൂഹത്തെയും നശിപ്പിക്കുന്ന 'സുഖ പ്രവണത' യിൽനിന്ന് മനുഷ്യരെ മോചിപ്പിക്കാൻ കഴിയൂ.

ഇവിടെ, ഓരോ പ്രശ്നങ്ങൾ നാം ചർച്ച ചെയ്തപ്പോഴും രണ്ട് വിരുദ്ധ ഗുണങ്ങളെ പരിചയപ്പെടുത്തുകയുണ്ടായി. ഒന്നാമത്തേത് മനുഷ്യൻ മോചിതനാവേണ്ട ഗുണങ്ങളാണെങ്കിൽ മറ്റേത് മനുഷ്യർ സ്വീകരിക്കേണ്ട ഗുണങ്ങളാണ്. ധൂർത്ത്, അമിതവ്യയം, പിശുക്ക്, അഹങ്കാരം, ക്രൂരത, കാപട്യം, സ്വാർത്ഥത, വഞ്ചന, ദുഷ്ടത, സങ്കുചിതത്വം, മദ്യപാനം, വ്യഭിചാരം, ചൂതാട്ടം തുടങ്ങിയവയിൽ നിന്നാണ് മനുഷ്യർ മോചിതരാവേണ്ടത്. സൽസ്വഭാവം, സാഹോദര്യം, സ്നേഹം, ബഹുമാനം, സേവനസന്നദ്ധത, സമ ഭാവന തുടങ്ങിയ ഗുണങ്ങളാണ് മനുഷ്യനിൽ വളർന്നുവരേണ്ടത്. ആദ്യം പറഞ്ഞ മനുഷ്യൻ മോചിതനാവേണ്ട ഗുണങ്ങളെ പൈശാചികഗുണങ്ങളെന്നും അവനിൽ വളർന്നുവരേണ്ട ഗുണങ്ങളെ മാനുഷികഗുണങ്ങളെന്നും പറയുന്നു. പൈശാചിക ഗുണങ്ങളിൽനിന്ന് വ്യക്തികൾ മോചിതരാവുമ്പോൾ സമൂഹവും രാഷ്ട്രവുമെല്ലാം മോചിതമാവുന്നു. അടിസ്ഥാനപരമായി നടക്കേണ്ടത് വ്യക്തിയുടെ മനസ്സ് പൈശാചികഗുണങ്ങളിൽനിന്ന് മോചിതമാകുകയാണ്.



അതെ, പിശാചിൽനിന്നുള്ള മോചനമാകുന്നു യഥാർത്ഥ മോചനം.

# ഏഴ്

## മനുഷ്യനാവുക!

പൈശാചികഗുണങ്ങളിൽനിന്ന് മുക്തമാവുകയും മാനുഷിക ഗുണങ്ങൾ സ്വീകരിക്കുകയുമാണ് മനുഷ്യവിമോചനം കൊണ്ട് അടിസ്ഥാനപരമായി അർത്ഥമാക്കുന്നതെന്ന് നാം കണ്ടു. പൈശാചിക ഗുണങ്ങളെക്കുറിച്ച് പലപ്പോഴും 'മൃഗീയത'യെന്ന് പ്രയോഗിക്കപ്പെടാറുണ്ട്. ആ പ്രയോഗം ശരിയല്ല. അഹങ്കാരവും അസൂയയും അത്യാഗ്രഹവും കാപട്യവും വഞ്ചനയുമൊന്നും ജന്തുസഹജമായ ഗുണങ്ങളല്ല. അവ പൈശാചികഗുണങ്ങളത്രെ. പിശാചിൽ നിന്നുണ്ടാവുന്ന ഗുണങ്ങൾ!

മനുഷ്യൻ ഉദാത്തനായി മാലാഖക്ക് സമാനനാവുകയാണ് വേണ്ടതെന്ന് പറയപ്പെടാറുണ്ട്. ഇതും ശരിയായ പ്രയോഗമാണെന്ന് പറഞ്ഞുകൂടാ. മനുഷ്യന് ഒരിക്കലും മാലാഖക്ക് സമാനനാകാൻ കഴിയില്ല. വികാരങ്ങളൊന്നുമില്ലാത്ത സൃഷ്ടികളായ മാലാഖമാരുടെ അവസ്ഥയിലേക്ക് സ്വതന്ത്രബുദ്ധിയുള്ള മനുഷ്യന് ചെന്നെത്താനാവില്ല.

മനുഷ്യൻ, പൂർണ്ണനായ ഒരു മനുഷ്യനാവുകയാണാവശ്യം. ഇവിടെയാണ് ആരാണ് മനുഷ്യൻ എന്ന ചർച്ചയുടെ പ്രായോഗികമായ പ്രസക്തി വ്യക്തമാവുന്നത്. തന്റെ അസ്തിത്വത്തിന്റെ സാധ്യതകൾ മനസ്സിലാക്കി പുരോഗമിക്കാനും വ്യക്തിത്വത്തിന്റെ ബാധ്യതകളറിഞ്ഞ് പ്രവർത്തിക്കാനും അവന് കഴിയണം. പ്രപഞ്ചത്തിലെ രാസപദാർത്ഥങ്ങളുടെ പരിണാമപ്രവർത്തനങ്ങൾക്കിടയിൽ എവിടെയോവെച്ച് രൂപംകൊണ്ട ഒരു സങ്കീർണ്ണസംയുക്തം മാത്രമായി



മനുഷ്യനെ കാണുന്നവർക്ക് അവനിൽ മാത്രം നിക്ഷിപ്തമായിട്ടുള്ള ബാധ്യതകളെയോ മറ്റ് ജൈവികവും അജൈവികവുമായ വസ്തുക്കളിൽനിന്ന് വ്യത്യസ്തമായി അവന്റെ അസ്തിത്വത്തിന്റെ അപാരമായ സാധ്യതകളെയോ കുറിച്ച ബോധം വളർത്താൻ കഴിയില്ല. സ്വതന്ത്രമായ കൈകാര്യകർത്തൃത്വമുള്ള, തന്റെ ഭാവിയെക്കുറിച്ച് വിധി കൽപ്പിക്കാൻ സ്വതന്ത്രമായ അധികാരമുള്ള ഏക ജീവിയാണ് താൻ എന്ന വിചാരമാണ്, തന്റെ സവിശേഷമായ അസ്തിത്വത്തിന്റെ സാധ്യതകളെയും ബാധ്യതകളെയും കുറിച്ച് അവന് ബോധം നൽകുന്നത്. ഈ ബോധമാകുന്നു വിമോചനത്തിന്റെ പ്രഥമ പടി.

രണ്ടുതരം അസ്തിത്വങ്ങളുടെ സമന്വയമാണ് മനുഷ്യനെന്ന് നമുക്കറിയാം. ഈ രണ്ട് അസ്തിത്വങ്ങളും പരസ്പരവിരുദ്ധമാണെന്ന ചിന്താഗതി ഇത്തരം രണ്ട് അസ്തിത്വങ്ങൾ തന്നെയില്ലെന്ന വാദത്തെപ്പോലെതന്നെ അബദ്ധമാണ്. ഈ അബദ്ധമാവുന്നു പുരോഹിതമതങ്ങളുടെ അടിസ്ഥാനമായി വർത്തിക്കുന്നത്. മനുഷ്യന്റെ ആത്മീയദാഹം ഭൗതികചോദനകളുടെ സമ്പൂർണ്ണ നിരാസത്തിലൂടെ മാത്രമേ ശമിപ്പിക്കപ്പെടുകയുള്ളൂവെന്ന് പറഞ്ഞ 'മത'ങ്ങളുടെ പരാജയത്തിനുള്ള കാരണവും മറ്റൊന്നല്ല. ജന്തുസഹജമായ വികാരങ്ങളും ചോദനകളും ആത്മീയമായ അവന്റെ ആവശ്യങ്ങളും സമന്വയിക്കപ്പെടുമ്പോൾ മാത്രമേ ഒരു പൂർണ്ണനായ മനുഷ്യൻ ഉരുത്തിരിയുകയുള്ളൂ.

ഭക്ഷണം കഴിക്കുകയെന്നത് മനുഷ്യന്റെ ജന്തുസഹജമായ ഒരു ആവശ്യമാണ്. ഈ ആവശ്യത്തിന്റെ പൂർത്തീകരണം അവന്റെ ജീവൻ നിലനിർത്താൻ അനിവാര്യവുമാണ്. എന്നാൽ വിശപ്പിന്റെ ശമനത്തിന് ഏത് ഭക്ഷണവും കഴിക്കാൻ മനുഷ്യന് പറ്റുമോ? ഇല്ലെന്നാണുത്തരം. ഭക്ഷണസമ്പാദനത്തിലും ഉപയോഗത്തിലും ഉപഭോഗത്തിലുമെല്ലാം ജന്തുക്കളിൽനിന്ന് വ്യത്യസ്തമായി മനുഷ്യൻ ചില നിയമങ്ങളുനസരിക്കേണ്ടതുണ്ടെന്ന് അവന്റെ ആത്മാവ് അവനോട് പറയുന്നു. അന്യരുടെ സമ്പത്ത് കൊള്ളയടിക്കുന്നത് പാപമാണെന്ന ബോധം മനുഷ്യന്റെ മാത്രം പ്രത്യേകതയാണ്. മറ്റൊരു ജീവിയും താൻ ഭക്ഷിക്കുന്നത് അന്യന്റേതാണോയെന്ന് പരിശോധിക്കാറില്ല. ഭക്ഷിക്കുകയെന്ന ജന്തുസഹജമായ ആവശ്യവും അന്യന്റേതാവാൻ പാടില്ലെന്ന ആത്മാവിന്റെ തേട്ടവും സമന്വയിക്കുമ്പോ

ൾ അധ്വാനിച്ച് സമ്പാദിച്ച് ഭക്ഷിക്കുകയെന്ന ആശയം നിർധരിക്കപ്പെടുന്നു. ഇതാകുന്നു തദ്‌വിഷയകമായ മാനവികത. എന്തും തിന്നുകയെന്ന മറ്റ് ജീവികളുടെ സ്വഭാവത്തിനും ഒന്നും തിന്നാതിരിക്കുകയെന്ന മാലാഖമാരുടെ സ്വഭാവത്തിനും മധ്യേയുള്ള നിലപാട്- അതാണ് മാനവികത അല്ലെങ്കിൽ മനുഷ്യത്വം.

ലൈംഗികവികാരവും തഥൈവ. ജന്തുസഹജമായ വികാരമത്രെ അതും. പക്ഷേ, വികാരപൂർത്തീകരണത്തിന് ഏത് മാർഗവും സ്വീകരിക്കുന്നതിൽ നിന്നും മനുഷ്യൻെറ ആത്മാവ് അവനെ വിലക്കുന്നു. അമ്മയും പെങ്ങളും പെണ്ണാണെങ്കിലും അവർ ലൈംഗികമായി പുരുഷന് അന്യനാണെന്ന ബോധം ആത്മാവ് നിർഗളിപ്പിക്കുന്നതാണ്. വികാരപൂർത്തീകരണമെന്ന ജന്തുസഹജമായ ചോദനയും അത് വിവേചനപരമായിരിക്കണമെന്ന ആത്മീയമായ ആവശ്യവും സമ്മേളിക്കുന്നിടത്താണ് മാനവികമായ വിവാഹമെന്ന ആശയം ഉടലെടുക്കുന്നത്. ആരുമായും ലൈംഗികബന്ധത്തിലേർപ്പെടുന്ന ജന്തുസ്വഭാവത്തിൻെറയും ലൈംഗികത തന്നെയില്ലാത്ത മാലാഖമാരുടെ സ്വഭാവത്തിൻെറയും മധ്യേയാണ് വിവാഹമെന്ന മാനവികമായ സ്വഭാവം നിലനിൽക്കുന്നത്. ഇതാണ് തദ്‌വിഷയകമായ മനുഷ്യത്വം.

ഓരോ മാനുഷിക വികാരങ്ങളുടെയും അവസ്ഥയിതാണ്. മാലാഖമാരുടെ വികാരമില്ലാത്ത അവസ്ഥയിലേക്ക് മനുഷ്യന് ചെന്നെത്തുക അസാധ്യം. അങ്ങനെ എത്താനുള്ള ശ്രമം മനുഷ്യൻെറ സവിശേഷാസ്തിത്വത്തോട് ചെയ്യുന്ന അക്രമമാണ്. ഭൂമിയിലെ ഭാഗധേയം നിർവ്വഹിക്കുകയെന്ന അൽപ്പായുസ്സുള്ള മനുഷ്യൻെറ ഉത്തരവാദിത്തത്തിൽനിന്നുള്ള ഒളിച്ചോട്ടം മാത്രമാണത്. വികാരങ്ങളുടെ നിർമ്മൂലനത്തിലൂടെയുള്ള ഉദാത്തീകരണമെന്ന ആശയം ചില ഷണ്ഢന്മാരുടെ ദൗർബല്യം മറച്ചുവെക്കാൻ സഹായകമാകുമെങ്കിലും പൊതുവെ അപ്രായോഗികവും മാനവർക്ക് അസ്വീകാര്യവുമാണ്. മാനവികമായ അർത്ഥത്തിലുള്ള ഉദാത്തീകരണം സാധ്യമാവേണ്ടത് സ്വന്തമായ അസ്തിത്വത്തിൻെറ പൂർണ്ണമായ പ്രകാശനത്തിലൂടെയാണ്. അഥവാ, സമ്പൂർണ്ണനായ ഒരു മനുഷ്യനാവുന്നതിലൂടെയാണ്.

മനുഷ്യൻ മനുഷ്യനാവുകയാണ് വേണ്ടത്. മൃഗമാവുകയല്ല; മാലാഖയാവുകയുമല്ല. എങ്ങനെയാണ് മനുഷ്യനാവേണ്ടത്? നടേ സൂചിപ്പിച്ച പ്രകാരം സ്വതന്ത്രമായ അസ്തിത്വമുള്ള ഏകജീവിയാണ് താനെന്ന ബോധം പ്രാഥമികമായി വളർന്നു വരേണ്ടതുണ്ട്. അസ്തിത്വത്തിൻെറ ഈ സവിശേഷത സ്വയം അംഗീകരിക്കുന്നതോടൊപ്പം തന്നെ ഈ സ്വാതന്ത്ര്യത്തെ നിലനിർത്തുവാനും സൃഷ്ടിപരമായി ഉപയോഗപ്പെടുത്താനുമാവശ്യമായ നിയമങ്ങൾ അനുസരിക്കാനും അവൻ സന്നദ്ധനാവണം. ഈ അനുസരണമാകുന്നു മനുഷ്യനെ മനുഷ്യനാക്കുന്നത്; മറ്റ് ജീവികളിൽനിന്ന് വ്യതിരിക്തനാക്കുന്നത്.



ജന്തുസഹജമെന്ന് പറയാവുന്ന മൂന്ന് അടിസ്ഥാനവികാരങ്ങളാകുന്നു മനുഷ്യനുള്ളത്. വിശപ്പും ദാഹവും ലൈംഗികതയും. ഈ മൂന്ന് വികാരങ്ങളും പൂർത്തീകരിക്കാൻ മനുഷ്യന് മുന്നിൽ വ്യത്യസ്ത മാർഗ്ഗങ്ങളുണ്ട്. ജീവികൾക്ക് മുന്നിലോ ഒരേയൊരു മാർഗ്ഗം മാത്രം. തങ്ങളുടെ വികാരങ്ങൾ ശമിപ്പിക്കപ്പെടണം. പ്രകൃതി തന്നെ നിർണ്ണയിച്ച അതിരുകൾ കടന്ന് ജന്തുവിന് ഈ വികാരങ്ങൾ ശമിപ്പിക്കാനാവില്ല. ആ അതിരുകൾ പാലിക്കാൻ അവ ജന്മനാ നിർബന്ധിതരാണ്. മനുഷ്യൻെറ അവസ്ഥയതല്ല. തൻെറ മുന്നിലുള്ള വ്യത്യസ്ത മാർഗ്ഗങ്ങളിൽ ഏത് സ്വീകരിക്കാനും അവന്ന് സ്വാതന്ത്ര്യമുണ്ട്. പക്ഷേ, നന്മയുടെ പാത സ്വീകരിക്കണമെന്ന ബോധം അവൻെറ ആത്മാവ് അവനിൽ ഉണർത്തുന്നു. എന്താണ് നന്മയുടെ പാതയെന്ന് അവൻ അന്വേഷിക്കുന്നു. ഈ അന്വേഷണമാണ് വ്യത്യസ്ത ദർശനങ്ങൾ പടച്ചത്; തത്വശാസ്ത്രങ്ങൾക്ക് ജന്മം നൽകിയത്. നന്മയുടെ പാത സ്വീകരിക്കുന്നതിലൂടെയുള്ള വിമോചനമാണ് എല്ലാവരും കാംക്ഷിക്കുന്നത്.

നന്മയുടെ പാത എങ്ങനെ കണ്ടുപിടിക്കും? അതാണ് നമുക്ക് മുമ്പിലുള്ള പ്രശ്നം.

ഭൗതികതത്വശാസ്ത്രങ്ങൾ മുഴുവൻ ശാസ്ത്രത്തിൻെറ സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ചുകൊണ്ടാണ് നന്മയുടെ പാത കണ്ടുപിടിക്കാൻ ശ്രമിച്ചത്. പഞ്ചേന്ദ്രിയങ്ങളുടെ പരിധിക്കപ്പുറത്തുള്ളൊരു ലോകത്തെ സങ്കൽപ്പിക്കുക അസാധ്യമാണെന്ന് ശാഠ്യം പിടിച്ച ഭൗതികവാദത്തിന് മുമ്പിൽ വേറെ മാർഗ്ഗങ്ങളുണ്ടായിരുന്നില്ലെന്ന് വേണം പറയാൻ. ശാസ്ത്രത്തിൻെറ പാത നന്മയും തിന്മയും വേർതിരിച്ചറിയുന്നതിന് തീരെ അപര്യാപ്തമാണെന്ന് കൂടുതലൊന്നും ചിന്തിക്കാതെ തന്നെ മനസ്സിലാക്കാനാവും. അധ്വാനിച്ച് സമ്പാദിക്കുന്ന ധാന്യമണികളും അന്യൻെറ പത്തായപ്പുരയിൽനിന്ന് കട്ടെടുക്കുന്ന ധാന്യമണികളും തമ്മിൽ രസതന്ത്രത്തിൻെറയോ ഭൗതികശാസ്ത്രത്തിൻെറയോ ജീവശാസ്ത്രത്തിൻെറയോ ജനിതകശാസ്

ത്രത്തിൻെറയോ ഒന്നും മാർഗ്ഗങ്ങളുപയോഗിച്ച് വ്യത്യാസം കണ്ടുപിടിക്കുക സാധ്യമല്ല. പക്ഷേ, മാനവികത പറയുന്നത് ഇവ തമ്മിൽ വ്യത്യാസമുണ്ടെന്നുതന്നെയാണ്. ഭാര്യാഭർതൃബന്ധത്തിലൂടെയുണ്ടാവുന്ന കുഞ്ഞും വ്യഭിചാരത്തിലൂടെയുണ്ടാവുന്ന കുഞ്ഞും തമ്മിൽ ജീവശാസ്ത്രത്തിൻെറ ഏതെങ്കിലും ശാഖയുടെ വീക്ഷണത്തിൽ വ്യത്യസ്തരല്ല. ഈ രണ്ട് ബന്ധങ്ങളിലും ജീവശാസ്ത്രത്തിൻെറ സാങ്കേതികത്വമുപയോഗിച്ച് സൂക്ഷ്മപരിശോധന നടത്തിയാലും യാതൊരു വ്യത്യാസവും കണ്ടുപിടിക്കുക സാധ്യമല്ല. പക്ഷേ, മാനവികത വിവാഹമെന്ന ആശയത്തെ പരിശുദ്ധമായും വ്യഭിചാരത്തെ മ്ലേഛമായും മനസ്സിലാക്കുന്നു. ശാസ്ത്രത്തിൻെറ മാർഗ്ഗങ്ങൾ നന്മയും തിന്മയും വിവേചിക്കാൻ തീരെ അപര്യാപ്തമാണെന്ന വസ്തുതയാണിവിടെ അനാവൃതമാവുന്നത്.

നന്മയുടെ പാത കണ്ടുപിടിക്കാൻ അന്ധമായ ചിന്തയുടെ മാർഗ്ഗം മാത്രം പര്യാപ്തമാവുമോ? ബുദ്ധൻെറ[1] മാർഗ്ഗം അന്ധമായ ചിന്തയുടേതായിരുന്നു. ഭോഗതൃഷ്ണ, ഭാവതൃഷ്ണ, വിഭവ തൃഷ്ണ എന്നിങ്ങനെ മൂന്ന് തൃഷ്ണകളാണ് ദുഃഖത്തിനുള്ള കാരണമെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. തൃഷ്ണയെ തടഞ്ഞുനിർത്തുകയാണ് ദുഃഖനിവാരണത്തിനുള്ള മാർഗ്ഗം. എങ്ങനെയാണ് തൃഷ്ണാനിരോധം സാധ്യമാകുന്നത്? വിശുദ്ധമായ അഷ്ടാംഗമാർഗ്ഗങ്ങളാണ് അതിന് ബുദ്ധൻ നിർദ്ദേശിക്കുന്നത്. സമ്യഗ് വിശ്വാസം, സമ്യഗ് നിശ്ചയം, സമ്യഗ് വചനം, സമ്യഗ് കർമ്മം, സമ്യഗ് ജീവിതം, സമ്യഗ് യത്നം, സമ്യഗ് വിചാരം, സമ്യഗ് ധ്യാനം ഇവയാണ് അഷ്ടാംഗമാർഗ്ഗങ്ങൾ. ഇതുവരേക്കും ബൗദ്ധദർശനം ഒരു പരിധിവരെ ശരിയാണ്. പക്ഷേ, എന്താണ് ശരിയായ വിശ്വാസവും (സമ്യഗ് വിശ്വാസം) കർമ്മവുമെല്ലാമെന്ന് വിശദീകരിക്കുന്നതിൽ ബുദ്ധൻ പരാജയപ്പെട്ടു. അതാണ് പിന്നീട് ബുദ്ധമതത്തിലുണ്ടായ ഉൾപ്പിരിവുകൾക്ക് നിദാനമായത്. ആദ്യം മഹായാനവും ഹീനയാനവുമായും പിന്നീട് വൈഭാഷികം, സൗത്രാന്തികം, യോഗാചാരം, മാധ്യമികം തുടങ്ങി പതിനെട്ടോളം ശാഖകളായും ബുദ്ധമതം പിരിഞ്ഞു. ഓരോരുത്തരും ഓരോ രൂപ

1. ശ്രീബുദ്ധൻ ഒരു പ്രവാചകനായിരിക്കാൻ സാധ്യതയുണ്ടെന്ന വാദത്തെ അവഗണിച്ചുകൊണ്ടല്ല ഇതെഴുതുന്നത്. ആ വാദത്തിൻെറ ശരിയും തെറ്റും ഈ ലേഖനത്തിൻെറ വിഷയമല്ല. ഇവിടെ സൂചിപ്പിക്കുന്ന ബുദ്ധൻ The Gospel of the Budha യിലെ ആശയങ്ങൾ പ്രബോധനം ചെയ്ത വ്യക്തിയാണ്; അത് കപില വസ്തുവിലെ ബുദ്ധനാണെങ്കിലും അല്ലെങ്കിലും.



ത്തിലുള്ള വിശ്വാസങ്ങളും കർമ്മങ്ങളും സ്വീകരിച്ചു. അവരവർ സ്വീകരിച്ച വിശ്വാസ കർമ്മങ്ങൾ അവർക്ക് സമ്യക്കുകളായിരുന്നു.

ജൈന ദർശനത്തിൻെറ അവസ്ഥയും ഇതിൽ നിന്ന് ഭിന്നമല്ല. നിർവ്വാണത്തിനുള്ള മാർഗ്ഗം ജിനഭഗവാനിലുള്ള ശ്രദ്ധ, ജൈനസിദ്ധാന്ത ജ്ഞാനം, സദാചാരം എന്നിങ്ങനെയുള്ള ത്രിരത്നങ്ങളാണെന്നാണ് വർദ്ധമാന മഹാവീരൻെറ മതം പറയുന്നത്. അഞ്ച് ആചാരങ്ങളാണ് സദാചാരം, അഹിംസ, ദാനധർമ്മവും സത്യഭാഷണവും, അസ്തേയം തുടങ്ങിയ ശിഷ്ടാചാരം, വാക്കിലും പ്രവർത്തിയിലും വിചാരത്തിലും വിശുദ്ധി, എല്ലാ സാംസ്ക്കാരിക സ്വാർത്ഥങ്ങളുടെയും ത്യാഗം എന്നിവയാണ് സദാചാരത്തിൻെറ പഞ്ചശാഖകൾ. ഈ ശാഖകളും മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നതിൻെറ വ്യക്തമായ ഒരു ചിത്രം നൽകുന്നില്ല. അഹിംസയുടെ പ്രചാരകന്മാരായ ജൈന സന്ന്യാസിമാരിൽ പലർക്കും നാസാരന്ധ്രങ്ങളിൽ കൂടി ചെറുപ്രാണികൾ കടന്ന് ചത്തുപോകുമോയെന്ന ഭയത്താൽ മൂക്കിന് മുകളിൽ അരിപ്പ കെട്ടി നടക്കേണ്ട അവസ്ഥവരെയെത്തി. സാംസ്ക്കാരിക സ്വാർത്ഥങ്ങളുടെ ത്യാഗം വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് ഉടുതുണിയില്ലാതെ നടക്കുന്ന മനുഷ്യരെ സൃഷ്ടിക്കുന്നതിലേക്ക് നയിച്ചു. ദിഗംബരന്മാരും ശ്വേതംബരന്മാരും ജൈനമതത്തിൻെറ ഉൾപിരിവുകളായി. ദിക്കിനെ വസ്ത്രമാക്കി തികച്ചും നഗ്നരായി നടക്കുന്നവരായിരുന്നു ദിഗംബരനമാർ. പരിമിതമായ വെള്ളവസ്ത്രം സ്വീകരിച്ചിരുന്നവരായിരുന്നു ശ്വേതംബരന്മാർ.

അഹിംസയാണ് മോചനത്തിനുള്ള മാർഗ്ഗമെന്ന് കണ്ണുമടച്ച് വിശ്വസിച്ചവർക്കെല്ലാം തെറ്റുപറ്റിയിട്ടുണ്ട്. അഹിംസക്ക് വ്യക്തമായ നിർവ്വചനം നൽകുന്നതിൽ പരാജയപ്പെട്ടതാണതിന് കാരണം. ഗാന്ധിജിയും ഡോക്ടർ രാധാകൃഷ്ണനും തമ്മിൽ നടന്ന ഒരു സംഭാഷണം ശ്രദ്ധിക്കുക:

ഗാന്ധിജി: പാൽ കുടിക്കരുത്, അത് ഗോമാംസത്തിൻെറ സത്താണ്.

രാധാകൃഷ്ണൻ: അതെയോ...... എങ്കിൽ നമ്മളെല്ലാം മനുഷ്യമാംസഭുക്കുകളാണ്. മനുഷ്യമാംസത്തിൻെറ സത്തായ അമ്മയുടെ മുലപ്പാൽ നമ്മളെല്ലാം കുടിച്ചിട്ടുണ്ടല്ലോ.[1]

1. Quoted by എൻ.വി. കൃഷ്ണവാരിയർ: അവതാരിക ഭാരതീയ ദർശനം Page XIV

അഹിംസാസിദ്ധാന്തത്തിന്റെ അർത്ഥരാഹിത്യമാണ് ഇവിടെ നമുക്ക് കാണാനാവുന്നത്. ഒരു സംഭവം കൂടി ഓർമ്മവരികയാണ്. ഉപനിഷത്ത് പണ്ഡിതനായ ഒരു സ്വാമിജിയും ഈ ലേഖകനും തമ്മിൽ നടന്ന സംഭാഷണം. വിഷയം അദ്വൈതവും അഹിംസയുമായിരുന്നു.

അദ്ദേഹം ചോദിച്ചു: ജന്തുക്കളെ കൊന്നുതിന്നുന്നത് ന്യായീകരിക്കാൻ നിങ്ങൾക്കെങ്ങിനെ കഴിയുന്നു?

ഞാൻ പറഞ്ഞു: ഭൂമിയിലുള്ളതെല്ലാം മനുഷ്യനുവേണ്ടിയുള്ള വിഭവങ്ങളാകുന്നു. ദൈവിക വിധിവിലക്കുകൾ പാലിച്ച് അവ ഉപയോഗിക്കുന്നത് നിരോധിതമല്ല.

സ്വാമിജി: ഇവിടെയാണ് ഉപനിഷത്ത് തത്വശാസ്ത്രവും നിങ്ങളും തമ്മിൽ വൈരുദ്ധ്യം പ്രകടിപ്പിക്കുന്നത്. പരമാത്മാവ് ജഗത്തിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നുവെന്ന സങ്കൽപ്പത്തിൽ വിശ്വസിക്കുന്ന അദ്വൈതികൾക്ക് ഒരു ഉറുമ്പിനെപ്പോലും നോവിക്കാൻ കഴിയില്ല. ജീവനുള്ള ഒരു വസ്തുവിനെ ഭക്ഷിക്കുമ്പോൾ അതിലും തന്നിൽ ഉൾവസിക്കുന്ന ആത്മാവിന്റെ അംശം തന്നെയാണെന്ന ബോധം അവനെ അതിൽനിന്ന് പിന്തിരിപ്പിക്കുന്നു. ജീവനുള്ള ഒരു വസ്തുവിനെ കൊന്ന് തിന്നുക. എത്ര വലിയ പാപമാണത്.

ലേഖകൻ: സ്വാമിജി എങ്കിൽ പട്ടിണി കിടന്ന് മരിക്കേണ്ടിവരും. പച്ചക്കറികൾ കഴിക്കുന്ന വ്യക്തിയല്ലേ നിങ്ങൾ. പച്ചക്കറിച്ചെടിയിൽ നിന്ന് ഒരു ഇല പറിച്ചെടുക്കുന്ന സ്വാമിജി ആയിരക്കണക്കിന് ജീവനെയാണ് നശിപ്പിക്കുന്നത്; ജീവന്റെ അടിസ്ഥാന യൂണിറ്റായ ആയിരക്കണക്കിന് കോശങ്ങളെ. അദ്വൈതസിദ്ധാന്തപ്രകാരം ഈ കോശങ്ങളിലെയും ജീവന്റെ തുടിപ്പിന് കാരണം പരമാത്മാവിന്റെ സാന്നിധ്യമാണല്ലോ. നിങ്ങളെങ്ങനെയാണ് പിന്നെ പച്ചക്കറികൾ തിന്നുക........?

സ്വാമിജി: ജന്തുക്കളെ കൊന്ന് തിന്നുന്നതിൽ തെറ്റില്ലെന്ന് പറയുന്ന നിങ്ങൾക്ക് മനുഷ്യനെ വധിക്കുന്നത് തെറ്റാണെന്ന് എങ്ങനെ പറയാനാകും?

ലേഖകൻ: ദൈവികമാർഗ്ഗനിർദ്ദേശം പ്രസക്തമാവുന്നതിവിടെയാണ്. ധർമ്മാധർമ്മവിവേചനത്തിന് മനുഷ്യന്റെ കേവലമായ യുക്തിയോ ബുദ്ധിയോ ചിന്തയോ മാത്രം പര്യാപ്തമാവുകയില്ല. മനുഷ്യനെ അന്യായമായി വധിക്കുന്നത് പാപമാണെന്ന ദൈവികമാർഗ്ഗ



നിർദ്ദേശങ്ങളുള്ളതുകൊണ്ടാണ് ഞങ്ങൾ മനുഷ്യനെ വധിക്കുന്നത് പാപമാണെന്ന് പറയുന്നത്. മർത്ത്യവധം എല്ലായ്പ്പോഴും പാപമാണെന്ന് ഇതിന്നർത്ഥമില്ല. കൊലപാതകത്തിന് പകരമായി കൊല വിധിക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. ധർമ്മയുദ്ധത്തിൽ അധർമ്മത്തിന്റെ പടയാളികളെ കൊല്ലുക പുണ്യമുള്ള കാര്യമാണ്. ഇതിന്റെയെല്ലാം അടിസ്ഥാനം ദൈവികമാർഗ്ഗദർശനമാകുന്നു. അതിന്റെ അടിസ്ഥാനത്തിലല്ലാതെയുള്ള ധർമ്മാധർമ്മ വിവേചനങ്ങളെല്ലാം പരാജയത്തിലേ കലാശിക്കുകയുള്ളൂ.

ദൈവികമാർഗ്ഗ നിർദ്ദേങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ നന്മയെയും തിന്മയെയും വ്യക്തമായി വേർതിരിക്കുക സാധ്യമല്ല. ബാർബാറാ സ്മോക്കറുടെ ഹ്യൂമനിസ്റ്റ് സങ്കൽപ്പപ്രകാരമുള്ള നന്മകൾ സ്വീകരിക്കാൻ, ധർമ്മബോധമുള്ള യുക്തിവാദികളെത്തന്നെ കിട്ടുമെന്ന് തോന്നുന്നില്ലെന്ന വസ്തുത നടേ സൂചിപ്പിച്ചിട്ടുണ്ട്. ശാസ്ത്രമോ സാങ്കേതികജ്ഞാനമോ കേവലയുക്തിയോ ചിന്തയോ ഒന്നുംതന്നെ നന്മതിന്മകളുടെ വ്യവച്ഛേദത്തിൽ അവസാനത്തെ വാക്ക് പറയാൻ അശക്തമാണ്.

വിമോചനം ആത്മാവിന്റെയും ശരീരത്തിന്റെയും മോചനമാണ്. പൈശാചികമായ സകല ഗുണങ്ങളിൽ നിന്നുമുള്ള സമ്പൂർണ്ണ മോചനം. മനുഷ്യന്റെ സവിശേഷമായ അസ്തിത്വം മനസ്സിലാക്കി ആ അസ്തിത്വത്തിന്റെ പൂർണ്ണ പ്രകാശനത്തിന് സന്നദ്ധമാവുന്നതിലൂടെയാണ് ഈ മോചനം സാധ്യമാവുന്നത്. ദൈവികമാർഗ്ഗദർശനത്തിന്റെ സഹായത്തോടെ മാത്രമെ ഇത്തരം ഒരു മോചനം സാധ്യമാവൂ.

മനുഷ്യൻ മനുഷ്യനാവുക! പുരുഷൻ പുരുഷനാവുക! സ്ത്രീ സ്ത്രീയാവുക! ഇതാണ് മാർഗ്ഗം. മനുഷ്യൻ മാലാഖയാകാൻ വേണ്ടി നടത്തുന്ന ശ്രമം മനുഷ്യമോചനത്തിന് നിമിത്തമാവാത്തതുപോലെത്തന്നെ സ്ത്രീ പുരുഷനാകാൻ ശ്രമിച്ചാൽ അത് വനിതാവിമോചനത്തിനും നിദാനമാവുകയില്ല. സ്വന്തമായ വ്യക്തിത്വത്തെ പരിപോഷിപ്പിക്കുകയും അതിന്റെ സാധ്യതകളെ പ്രകാശിപ്പിക്കുകയും ചെയ്യുകയാണ് സ്ത്രീയും പുരുഷനും ചെയ്യേണ്ടത്. ഇതിനും ദൈവികമാർഗ്ഗനിർദ്ദേശം കൂടിയേ തീരൂ. പാശ്ചാത്യ ഫെമിനിസ്റ്റുകളുടെ അപചയത്തിനുള്ള കാരണം അവർ ദൈവികമാർഗ്ഗദർശനത്തിൽനിന്ന് അകന്നുപോവുകയും സ്വന്തമായ വീക്ഷണത്തിലുള്ള

വനിതാവിമോചനത്തിന് ശ്രമിക്കുകയും ചെയ്തതാണ്.

വ്യക്തിയാണ് കുടുംബത്തിൻെറയും സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയുമെല്ലാം അടിസ്ഥാന യൂണിറ്റ്. ഇത് അംഗീകരിച്ചേ പറ്റൂ. ഇത് അംഗീകരിക്കാതിരുന്നതാണ് മാർക്സിസത്തിൻെറ രൗദ്രഭാവങ്ങൾക്ക് നിമിത്തമായത്. വ്യക്തിയിലാണ് സംസ്ക്കരണവും വിമോചനവും നടക്കേണ്ടത്. വ്യക്തി നന്നാവുമ്പോൾ കുടുംബവും സമൂഹവും രാഷ്ട്രവുമെല്ലാംതന്നെ പരിവർത്തിതമാകുന്നു. വ്യക്തി സംസ്ക്കരിക്കപ്പെടാതെ രാഷ്ട്രത്തിൻെറ ഉന്നതതലങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു വിപ്ലവംകൊണ്ട് കാര്യമൊന്നുമില്ല. പച്ചയായിപ്പറഞ്ഞാൽ, ഭരണമാറ്റം കൊണ്ട് ഒന്നും നേടാനില്ല. ഭരണത്തിൽ വിപ്ലവമുണ്ടാവണമെങ്കിലും വ്യക്തിയിലാണ് മാറ്റം നടക്കേണ്ടത്.

അപ്പോൾ അടുത്ത ചോദ്യം ഉടലെടുക്കുന്നു. ദൈവിക മാർഗ്ഗദർശനത്തിലൂടെ മാത്രമേ മോചനം സാധ്യമാകൂവെങ്കിൽ എവിടെ ദൈവിക മാർഗ്ഗദർശനം? ദൈവികമെന്ന് സംശയലേശമന്യേ പറയാൻ പറ്റുന്ന വെളിപാടുകളുടെ സമാഹാരമോ മറ്റോ ഉണ്ടോ ഇവിടെ? ഈ അന്വേഷണത്തിന് ഏറെ പ്രസക്തിയുണ്ട്. ബുദ്ധിയുടെയും യുക്തിയുടെയും പ്രയോഗം നടക്കേണ്ടത് ഈ അന്വേഷണത്തിനാണ്. വിമോചനത്തിൻെറ ആദ്യത്തെ പടിയും ഈ അന്വേഷണ മത്രെ!

# എട്ട്

## മോചനത്തിൻെറ മാർഗം

ഇതുവരെ വസ്തുതകളുമായി സംവദിക്കുകയായിരുന്നു നാം. ഭൗതികപ്രത്യയശാസ്ത്രങ്ങളും പുരോഹിതമതങ്ങളും മനുഷ്യനെ മോചിതമാക്കുന്നതിൽ പരാജയപ്പെട്ടുവെന്ന വസ്തുതയിൽ നി ന്നാണ് നാം തുടങ്ങിയത്. മനുഷ്യനിലെ മനുഷ്യനെ കാണാൻ കഴിയാത്തതാണ് ഈ പരാജയങ്ങൾക്കുള്ള കാരണമെന്ന് നാം കണ്ടു. പുരോഹിതമതങ്ങൾ മനുഷ്യനെ മാലാഖയാക്കാൻ പുറപ്പെട്ടപ്പോൾ ഭൗതികവാദം അവനെ മൃഗമാക്കാനാണ് തത്രപ്പെടുന്നത്. അവസാനം നാം എത്തിച്ചേർന്നത്, പൈശാചിക ഗുണങ്ങളിൽനിന്ന് മനുഷ്യനെ-വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും രാഷ്ട്രത്തെയുമെല്ലാം-മുക്തരാക്കി മാനുഷിക ഗുണങ്ങൾ പഠിപ്പിക്കാൻ കഴിയുന്ന ദർശനങ്ങൾക്ക് മാത്രമെ പൂർണ്ണമായ അർത്ഥത്തിലുള്ള വിമോചനം സാധിക്കൂവെന്ന വസ്തുതയിലാണ്. മനുഷ്യൻെറ വിജയത്തിനുവേണ്ടി അവൻ എന്ത് ചെയ്യണമെന്ന് പഠിപ്പിക്കാൻ അവൻ പടച്ച ദർശനങ്ങൾക്കോ തത്വശാസ്ത്രങ്ങൾക്കോ കഴിയില്ലെന്നും അത് അവനെ പടച്ച സ്രഷ്ടാവ് തന്നെ അറിയിച്ചു കൊടുക്കണമെന്നും നാം മനസ്സിലാക്കി. ഇനി നമുക്ക് അന്വേഷിക്കാനുള്ളത് അത്തരത്തിലുള്ള വല്ല ദർശനങ്ങളുമുണ്ടോയെന്നാണ്.

ലോകത്ത് ഇന്ന് നിലനിൽക്കുന്ന ദർശനങ്ങളിൽ തലയുയർത്തി നിന്ന്, മാനവ മോചനം സാധ്യമാകുമെന്ന് പറയാൻ കഴിയുന്ന ഒരൊറ്റ ദർശനം മാത്രമെയുള്ളൂ- ഇസ്ലാം.

ഇസ്‌ലാം വിമോചനത്തിൻെറ ദർശനമാണ്. വ്യക്തിയും കുടുംബവും സമൂഹവും രാഷ്ട്രവുമെല്ലാം പിശാചിൽനിന്ന് മുക്തമാവുന്നതാണ് മോചനമെങ്കിൽ, സമ്പൂർണ്ണവും സമഗ്രവുമായ മോചനം സാധ്യമാവുക ഇസ്‌ലാമിലൂടെ മാത്രമാകുന്നു.

എന്താണ് ഇസ്‌ലാം? പള്ളിയും പരിസരവും മാത്രം ലോകമായിരിക്കാണുന്ന ഒരു വിഭാഗത്തിൻെറ ജീവിത രീതികളോ? നീളക്കുപ്പായത്തിൻെറയും തലപ്പാവിൻെറയും മതമോ? മറ്റ് മതസ്തരിൽ നിന്ന് കടമെടുത്ത മിത്തുകൾക്ക് അറബി നാമം നൽകി അവയെ ആരാധിക്കുന്ന സമ്പ്രദായമോ? ഒരു കയ്യിൽ ഖുർആനും മറുകയ്യിൽ വാളുമായി വന്ന് "ഒന്നുകിൽ തൊപ്പിയിടുക; അല്ലെങ്കിൽ മരണം വരിക്കുക"യെന്ന് കൽപ്പിക്കുന്ന പടയാളികളുടെ കൂട്ടായ്മയോ? അറബികൾക്കിടയിലെ അനാചാരങ്ങൾക്ക് അറുതിവരുത്താനായി മുഹമ്മദ് നിർമ്മിച്ചെടുത്ത കുറെ നിയമസംഹിതകളോ? ഈ ഭൂമിയിലെ ദുരിതങ്ങൾ തീർക്കുകയെന്ന ലക്ഷ്യം പരമപ്രധാനമായിക്കാണുന്ന ഒരു ജീവിത പദ്ധതിയോ? ഇതൊന്നുമല്ല യഥാർത്ഥത്തിൽ ഇസ്‌ലാം. പിന്നെയെന്ത്?

ഇസ്‌ലാം ഒരു മതമാകുന്നു; മതമെന്ന സംജ്ഞയുടെ സമ്പൂർണ്ണമായ അർത്ഥത്തിൽ. ഇസ്‌ലാം ദൈവത്താൽ പരിചയപ്പെടുത്തപ്പെടുന്നത് 'ദീൻ' എന്നാണ്. 'തീർച്ചയായും അല്ലാഹുവിൻെറ അടുത്തുനിന്നുള്ള ദീനാകുന്നു ഇസ്‌ലാം'[1] എന്നാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. 'ദീൻ' എന്ന പദത്തിന് മലയാളത്തിൽ നൽകാൻ കഴിയുന്ന ഏറ്റവും നല്ല പരിഭാഷ 'മതം' എന്നു തന്നെയാകുന്നു. സെക്കുലറിസ്റ്റുകളും സ്ഥാപനമതങ്ങളുടെ വക്താക്കളും മതമെന്ന് പറയുമ്പോഴുള്ള വിവക്ഷയിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു വീക്ഷണമാണ് ഇസ്‌ലാമിനെക്കുറിച്ച് മതമെന്ന് വ്യവഹരിക്കുമ്പോൾ ഉണ്ടാവേണ്ടതെന്ന് മാത്രം. പള്ളിമൂലകളിലും ഭജനമാലകളിലും മാത്രം ഒതുങ്ങി നിൽക്കേണ്ടതാണ് മതമെന്ന പാശ്ചാത്യൻ മതേതര സങ്കൽപ്പം ഇസ്‌ലാമിന് അന്യമാണ്. പുരോഹിതൻെറയോ സഭയുടെയോ കൽപ്പനകളനുസരിക്കുകയാണ് മതമെന്ന സ്ഥാപനമതങ്ങളുടെ തത്വശാസ്ത്രവും ഇസ്‌ലാമികസിദ്ധാന്തങ്ങൾക്ക് വിരുദ്ധമാണ്. ദൈവത്തിൻെറ വിധിവിലക്കുകൾക്ക് വിധേയമായി ജീവിതത്തിൻെറ

1. ഖുർആൻ 3:19



സകല രംഗങ്ങളും പരിവർത്തിപ്പിക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. അവിടെ വ്യക്തിപരവും കുടുംബപരവും സാമൂഹികവും രാഷ്ട്രീയവുമായ രംഗങ്ങളൊന്നുംതന്നെ മതത്തിൻെറ വിധിവിലക്കുകളിൽ നിന്ന് മുക്തമല്ല. ഒരു രംഗത്തും തന്നിഷ്ടം പ്രവർത്തിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ഇസ്‌ലാമിനെ മതമെന്ന് വ്യവ ഹരിക്കുമ്പോൾ, അത് കേവലാർത്ഥത്തിലെടുക്കുന്നത്, അതുകൊ ണ്ടുതന്നെ, ശരിയായ രീതിയല്ല.

കേവലമായ ഒരു ജീവിതപദ്ധതിയുടെ പതനത്തിലേക്ക് ഇസ്‌ലാമിനെ എടുത്തുവെക്കുന്നതും ശരിയായ വ്യവഹാരരീതിയാണെന്ന് പറഞ്ഞുകൂട. സുന്ദരസുമോഹനമായ ഒരു ഭൗതികലോകമെന്ന ഉട്ടോപ്പിയൻ ധാരണകളുയർത്തി അതിനുപിന്നിൽ പരക്കം പായാൻ ആഹ്വാനം ചെയ്യുന്ന 'പ്രത്യയശാസ്ത്രങ്ങ'ളുടെ രീതി ഇസ്‌ലാമിന് അപരിചിതമാണ്. പരലോകവിശ്വാസത്തിലാണ് ഇസ്‌ലാമിൻെറ അടിത്തറ സ്ഥിതിചെയ്യുന്നത്. കർമ്മഫലം ഈ ഭൗതികലോകത്തിൽവെച്ചു തന്നെ ലഭിക്കണമെന്ന 'ജീവിത പദ്ധതി'കളുട മുഷ്ക്ക് ഇസ്‌ലാമിക വിരുദ്ധമാണ്. 'പ്രത്യയ ശാസ്ത്ര'ങ്ങളുടെ വീക്ഷണത്തിൽ മരണാനന്തരജീവിതം മിഥ്യ മാത്രവുമല്ല; പിന്തിരിപ്പനുമാണ്. ഈ ലോകത്ത് സ്വർഗ്ഗം പണിയാനുള്ള ആവേശത്തിമർപ്പിൽ പുരോഗമനം നടത്തുന്ന ജനതക്ക് മതം കൊടുക്കുന്ന മയക്കുമരുന്നുകളിൽ ഏറ്റവും മാരകമായതാണ് പരലോക വിശ്വാസമെന്നാണ് ഈ നൂറ്റാണ്ടിൻെറ തത്വശാസ്ത്രമെന്ന് നീഷേ വിശേഷിപ്പിച്ച മാർക്സിസ ത്തിൻെറ അഭിപ്രായം. എന്നാൽ, ഈ ലോകത്തെ പരിവർത്തിപ്പിക്കാനുള്ള ശക്തമായ ആയുധവും മനുഷ്യകത്തിൻെറ സവിശേഷമായ അസ്തിത്വത്തിൻെറ പൂർണ്ണതക്കുവേണ്ടിയുള്ള തേട്ടത്തിൻെറ ഉത്തരവുമായിട്ടാകുന്നു ഇസ്‌ലാം പരലോകത്തെ കാണുന്നത്. മിഥ്യാസ്വപ്നങ്ങളുടെ പിന്നിലോടാൻ ആഹ്വാനം ചെയ്യുന്ന ഭൗതികപ്രത്യയശാസ്ത്രങ്ങളുടെ രീതിയിൽനിന്ന് തികച്ചും വ്യത്യസ്തമായി, എന്നെന്നും നിലനിൽക്കുന്ന മരണാനന്തരജീവിതത്തിലെ വിജയത്തിനുവേണ്ടി പ്രവർത്തിക്കാനാണ് ഇസ്‌ലാം അടിസ്ഥാനപരമായി ആഹ്വാനം ചെയ്യുന്നത്.

ഇസ്‌ലാം, മുസ്‌ലിംകളുടെ മതമോ പള്ളിയുടെ മതമോ പുരോഹിതൻെറയോ പുരോഹിതസഭകളുടെയോ മതമോ ഏതെങ്കിലും ഒരു രാഷ്ട്രത്തിൻെറ മതമോ അല്ല. മനുഷ്യരുടെ മോചനത്തിനുവേണ്ടി

പ്രപഞ്ചസ്രഷ്ടാവ് അവതരിപ്പിച്ച ദർശനമത്രെ അത്. കുറെ വിധി വിലക്കുകളും നിയമങ്ങളും കർമ്മങ്ങളും വിശ്വാസങ്ങളുമാണതിൻെറ ഉള്ളടക്കം. ഇവ സ്വീകരിച്ച വ്യക്തി മുസ്ലിമായി മാറുന്നു. മുസ്ലിം മാതാപിതാക്കളുടെ സന്തതിയായി പിറന്നവൻ, ആ പിറവികൊണ്ട് മാത്രം മുസ്ലിമാവുന്നില്ല. ദൈവികവിധിവിലക്കുകൾ പാലിച്ച് ജീവിക്കാൻ അവൻ തയ്യാറായാൽ ഇസ്ലാമികവൃത്തത്തിനകത്തും, തയ്യാറല്ലെങ്കിൽ അതിന് പുറത്തുമാണ് അവൻെറ സ്ഥാനം. അതുപോലെ തന്നെ അമുസ്ലിം മാതാപിതാക്കളുടെ സന്തതികളായി പിറന്ന വ്യക്തി ദൈവികവിധിവിലക്കുകൾ പാലിക്കാൻ തയ്യാറായാൽ അവൻ 'മുസ്ലിം' എന്നറിയപ്പെടുന്നു. ജന്മം കൊണ്ടുമാത്രം മോക്ഷത്തിൽ നിന്ന് അയിത്തം കൽപ്പിക്കുന്ന സമ്പ്രദായം ഇസ്ലാമിന് അപരിചിതമാണ്. പള്ളിയോ പള്ളിമേധാവികളോ ദൈവികവിധിവിലക്കുകളനുസരിച്ച് പ്രവർത്തിക്കുന്നിടത്തോളം അവ ഇസ്ലാമികമായിരിക്കും. പണ്ഡിതൻ ദൈവികസ്രോതസ്സുകൾ ഉപയോഗിച്ച് സമൂഹത്തെ നയിക്കുമ്പോൾ സ്വീകാര്യനായിരിക്കും. രാഷ്ട്രം ദൈവിക വിധിവിലക്കുകൾ പാലിച്ച് വിധി കൽപ്പിക്കുമ്പോൾ അവ ഇസ്ലാമികമെന്ന് വിളിക്കപ്പെടും.

ഒരു ദർശനം സമ്പൂർണ്ണവും പരിവർത്തനത്തിന്റെ നിമിത്തവുമാണെന്ന് പറയാൻ കഴിയുക, അതിൻെറ സിദ്ധാന്തങ്ങൾ കുറ്റമറ്റതും പ്രായോഗികമാവുകയും ചെയ്യുമ്പോൾ മാത്രമാണ്. സുന്ദരമായ സിദ്ധാന്തങ്ങൾ പടക്കുന്നതിനേക്കാൾ പ്രയാസകരമാണ് പ്രായോഗികമായ തത്വങ്ങളാവിഷ്ക്കരിക്കുന്നത്. ഇസ്ലാം വിജയിക്കുന്നത് ഇവിടെയാണ്. അതിൻെറ സിദ്ധാന്തങ്ങൾ കുറ്റമറ്റതാണ്; സുന്ദരമാണ്. അതോടൊപ്പം പ്രായോഗികവുമാണ്.

ഇസ്ലാമിൻെറ സിദ്ധാന്തങ്ങൾ പൊതുവെ മൂന്ന് സാങ്കേതിക ശബ്ദങ്ങളാൽ പ്രതിനിധീകരിക്കപ്പെടാറുണ്ട്. തൗഹീദ്, രിസാലത്ത്, ആഖിറത്ത്. തൗഹീദ് ദൈവിക സത്തയുടെ മാത്രം പ്രത്യേകതയായ ഏകത്വത്തെ വിളംബരം ചെയ്യുന്നു. ദൈവികമാർഗദർശനത്തെയാണ് രിസാലത് പ്രതിനിധീകരിക്കുന്നത്. മരണവും മരണാനന്തര ജീവിതവുമാണ് ആഖിറത്ത് കൊണ്ടുള്ള വിവക്ഷ.

ഈ പ്രപഞ്ചത്തിലെ സകല വസ്തുക്കളും അതിനപ്പുറത്തുള്ള ഒന്നിനെ തേടുന്നു. ഓരോ വസ്തുതക്കും കാരണങ്ങളന്വേഷിക്കുന്നവനാണ് മനുഷ്യൻ. പരമാണു മുതൽ നക്ഷത്രജാലങ്ങൾ വരെയുള്ള ചെറുതും വലുതുമായ പ്രാപഞ്ചികവസ്തുക്കളൊന്നും തന്നെ ഇതിന്നപവാദമല്ല. ഓരോന്നിൻെറയും കാരണം കണ്ടെത്തുമ്പോൾ ആ കാരണത്തിൻെറ കാരണമന്വേഷിക്കുന്ന അവസ്ഥയുണ്ടാവുന്നു. ഈ ശൃംഖല അനന്തമായി തുടർന്ന് പോകുന്നില്ല. അത് കാരണങ്ങളാവശ്യമില്ലാത്ത ഒരു ശക്തിയിൽ അവസാനം എത്തിച്ചേരുകയാണ് ചെയ്യുന്നത്. ആ ശക്തിയാകുന്നു എല്ലാ അന്വേഷണങ്ങളുടെയും അന്ത്യം. സകലവിധ അന്വേഷണങ്ങളും തേട്ടങ്ങളും ഈ പരമമായ അന്ത്യത്തിലെത്തുമ്പോൾ അവസാനിക്കുന്നു. പ്രപഞ്ചത്തിലെ ഒരൊറ്റ പ്രതിഭാസവും കാരണമാവശ്യമില്ലാത്തതായി നമുക്ക് കാണാൻ കഴിയുന്നില്ല. വലുതും ചെറുതുമായ എല്ലാ വസ്തുക്കളും കാരണം തേടുന്നു. അപ്പോൾ കാരണങ്ങളാവശ്യമില്ലാത്ത പരാശക്തി പ്രപഞ്ചത്തിന് പുറത്തുള്ളതായിരിക്കണം. പദാർത്ഥാതീതനായിരിക്കണം. പദാർത്ഥാതീതനായ ഈ പ്രപഞ്ചസ്രഷ്ടാവിനെയാണ് ഇസ്ലാം 'അല്ലാഹു' എന്ന് വിളിക്കുന്നത്.

അല്ലാഹു, കേവലമായ ഒരു ശക്തിയോ ഉൺമയില്ലാത്ത ഒരു ഊർജ്ജരൂപമോ മാത്രമാണെന്ന് ഇസ്ലാം പഠിപ്പിക്കുന്നില്ല. ദൈവികസത്ത മനുഷ്യൻെറ വിശദീകരണത്തിനതീതമാണ്. അവൻെറ ശക്തിയാൽ നിലനിൽക്കുന്ന പ്രാപഞ്ചിക വസ്തുക്കൾ മാത്രമാണ് അവനെക്കുറിച്ച അറിവ് നൽകുന്നത്; അവൻ അറിയിച്ചുതന്ന ദിവ്യവെളിപാടുകളിലൂടെ മാത്രമേ അവൻെറ സത്തയുടെ സ്വഭാവത്തെക്കുറിച്ച് നമുക്ക് അറിയാൻ കഴിയൂ.

പ്രപഞ്ചത്തിന് ഒരു കാരണമുണ്ടെന്ന ഇസ്ലാമിക വീക്ഷണം ഭൗതികപ്രത്യയശാസ്ത്രങ്ങളിൽനിന്ന് അതിനെ വ്യതിരിക്തമാക്കുന്നു. പ്രപഞ്ചത്തിനതീതമായി മറ്റൊന്നുമുള്ളതായി സങ്കൽപ്പിക്കാൻ ഭൗതികവാദത്തിൻെറ മുഷ്ക്ക് അതിനെ അനുവദിക്കുന്നില്ല. ന്യൂട്ടോണിയൻ ഫിസിക്സിൻെറ ഉൽപന്നമായ പ്രപഞ്ചം ഒരു യന്ത്രമാണെന്ന ധാരണയുടെ പുൽക്കൊടിയിലായിരുന്നു ഭൗതികവാദത്തിൻെറ ശക്തമായ പിടുത്തം. പ്രപഞ്ചം ഒരു യന്ത്രമാണെന്ന ധാരണ ശരിയല്ലെന്ന് ഇന്ന് നമുക്കറിയാം. പ്രപഞ്ചത്തെ വിശദീകരിക്കണമെങ്കിൽ -പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ പോലും- സ്ഥലകാലനൈരന്തര്യത്തിൻേറതായ ഈ പ്രപഞ്ചത്തിന് പുറത്ത് കടക്കണമെന്ന വീക്ഷണമാണ് ആധുനിക ഭൗതികശാസ്ത്രത്തിനുള്ളത്. ഐൻസ്റ്റയിൻെറ ആപേക്ഷികസിദ്ധാന്തവും ഹൈസൻ ബർഗ്ഗിൻെറ അനിശ്

ചിതത്വസിദ്ധാന്തവും ഭൗതികവാദത്തിൻെറ മുനയൊടിച്ചിരിക്കുന്നു വെന്നതാണ് വാസ്തവം.

ആറുദിവസത്തെ പ്രപഞ്ചസൃഷ്ടിയെന്ന 'ഭാരിച്ച ജോലി' നിർവ്വഹിച്ച് ഏഴാം ദിവസം വിശ്രമിക്കുകയും പിന്നെ, സ്വർഗ്ഗരാജ്യത്തിരുന്ന് പ്രപഞ്ചത്തിൻെറ വികൃതികൾ കണ്ട് രസിക്കുകയും ചെയ്യുന്ന ദൈവമല്ല ഇസ്ലാം പരിചയപ്പെടുത്തുന്ന അല്ലാഹു. കല്ലുമുതൽ കാഞ്ഞിരക്കുറ്റിവരെയുള്ള അചേതനവും സചേതനവുമായ വസ്തുക്കളിലെല്ലാം ഒളിഞ്ഞിരിക്കുന്ന ഒരു സത്തയാണ് ദൈവത്തിനുള്ളതെന്ന് ഇസ്ലാം പഠിപ്പിക്കുന്നുമില്ല. പ്രപഞ്ചത്തിൻെറ സൃഷ്ടിപ്പിനും പരിപാലനത്തിനും കാരണക്കാരനാണ് അല്ലാഹു. പ്രകൃതിയിലെ ഓരോ പ്രതിഭാസങ്ങൾക്കുപിന്നിലും ദൈവത്തിൻെറ ശക്തിയുണ്ട്. ഇവിടത്തെ എല്ലാ വ്യവസ്ഥാപിതത്വത്തിൻെറയും കേന്ദ്രമാണവൻ. ആറ്റത്തിൻെറ സ്പന്ദനങ്ങളിൽ മുതൽ ആകാശഗോളങ്ങളുടെ ആകർഷണങ്ങളിൽവരെ ദൈവത്തിൻെറ ജ്ഞാനവും ശക്തിയുമുണ്ട്. പക്ഷേ, അവൻ അവക്കുള്ളിലൊന്നും ഒളിഞ്ഞിരിക്കുന്നില്ല. ദൈവികസത്ത പ്രപഞ്ചത്തിനതീതമാണ്; എന്നാൽ ദൈവികശക്തി പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നു.

ഇസ്ലാമിക വീക്ഷണപ്രകാരം രണ്ടുതരം യാഥാർത്ഥ്യങ്ങളുണ്ട്. സ്രഷ്ടാവും സൃഷ്ടികളും. അല്ലാഹുവാണ് സ്രഷ്ടാവ്. ബാക്കിയെല്ലാവരും സൃഷ്ടികളാണ്. സ്രഷ്ടാവിന് തുല്യമായി യാതൊന്നും തന്നെയില്ല. പക്ഷേ, സൃഷ്ടികളും യാഥാർത്ഥ്യം തന്നെയാണ്. പ്രപഞ്ചം മിഥ്യയും മായയുമാണെന്ന അദ്വൈത വീക്ഷണവുമായി ഇസ്ലാം പൊരുത്തപ്പെടുന്നില്ല. പരമവും ആത്യന്തികവുമായ സത്തയാണ് അല്ലാഹുവിൻേറത്. അവൻ അതുല്യനും അദ്വിതീയനുമാണ്. അജയ്യനും അപ്രാമദിതനുമാണ്. സർവ്വശക്തനും സർവ്വകാലജ്ഞാനിയുമാണ്. സർവ്വോന്നതനും സർവ്വലോക സ്രഷ്ടാവുമാണ്. നിരാശ്രയനും സകലരാലും ആശ്രയിക്കപ്പെടുന്നവനുമാണ്. പരമകാരുണികനും കരുണാനിധിയുമാണ്. സഗുണനും സമ്പൂർണ്ണനുമാണ്. അവൻെറ സൃഷ്ടികൾ അവനെ ആശ്രയിച്ച് നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളാകുന്നു.

ലോകം മായയാണെന്ന ചിന്താഗതി പ്രകാരം,ബ്രഹ്മാവിന് വന്നുഭവിച്ച ദൗർഭാഗ്യമായ ഒരു സംഭവമാണ് സൃഷ്ടി. ഒരു കൈപ്പിഴ. അത് സംഭവിച്ചില്ലായിരുന്നുവെങ്കിൽ ലോകംതന്നെ ഉണ്ടാവുമായി



രുന്നില്ല. ആദിമമനുഷ്യൻെറ പാപത്താൽ സൃഷ്ടികൾ മുഴുവൻ പാപവും തിന്മയുമായിത്തീർന്നുവെന്ന പൗലോസിൻെറ[1] വീക്ഷണത്തിലാണ് ക്രൈസ്തവ സഭ സ്ഥാപിതമായിരിക്കുന്നത്. ഈ വീക്ഷണ പ്രകാരം പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന പരിശ്രമങ്ങളും അദ്ധ്വാനങ്ങളുമെല്ലാം അവനെ ദൈവിക മാർഗ്ഗത്തിൽനിന്ന് വ്യതിചലിപ്പിക്കാനാണുതകുക.

ഈ രണ്ട് ചിന്താഗതികളും ഇസ്ലാം അംഗീകരിക്കുന്നില്ല. പ്രപഞ്ചം ദൈവത്തിൻെറ സൃഷ്ടിയും സമ്മാനവുമാണ്. പ്രകൃതിയിൽ നടക്കുന്നത് ദൈവികനിയമങ്ങളുടെ സാക്ഷാത്ക്കാരമാകുന്നു. സൃഷ്ടി, ദൈവത്തിന് സംഭവിച്ച അബദ്ധമോ കൈപ്പിഴയോ അല്ല; പ്രത്യുത മഹത്തായ ഉദ്ദേശങ്ങളോടും മുൻനിശ്ചയത്തോടുംകൂടി സംഭവിച്ചതാണ് അത്. ചരൽക്കല്ലുകൾ മുതൽ മേഘപടലങ്ങൾ വരെയും ഉപആറ്റോമികകണങ്ങൾ മുതൽ നക്ഷത്രജാലങ്ങൾ വരെയും അമീബ മുതൽ നീലത്തിമിംഗലംവരെയും ചെറുതും വലുതുമായ അചേതന-സചേതന വസ്തുക്കളുടെയെല്ലാം സൃഷ്ടിപ്പിന് പിന്നിൽ വ്യക്തമായ ഓരോ ദൈവിക ഉദ്ദേശങ്ങളുണ്ട്. ഇവയൊന്നും വെറുതെ സൃഷ്ടിച്ചതല്ലെന്ന് ഖുർആൻ[2] പഠിപ്പിക്കുന്നു.

സൃഷ്ടികളിൽ, വ്യതിരിക്തവും സവിശേഷവുമായ അസ്തിത്വമുള്ള ജീവിയാണ് മനുഷ്യനെന്നാണ് ഇസ്ലാമിൻെറ അധ്യാപനം. സചേതനവും അചേതനവുമായ മറ്റെല്ലാ വസ്തുക്കളിൽനിന്നും തികച്ചും വ്യത്യസ്തമായ വ്യക്തിത്വമാണ് അവന്നുള്ളത്. മനുഷ്യസൃഷ്ടിക്കുപിന്നിൽ അതിമഹത്തായ ഒരു ലക്ഷ്യമുണ്ട്. ഭൂമിയിലെ ഖലീഫയാണ് മനുഷ്യൻ. സ്വതന്ത്രമായ കൈകാര്യകർതൃത്വവും അധീശാധികാരങ്ങളുമുള്ള ഏകജീവി. പ്രപഞ്ചത്തെ ഉപയോഗിക്കാനും പ്രകൃതിയെ സ്വാധീനിക്കാനും കഴിയുന്ന ഒരേയൊരു സൃഷ്ടി, പ്രകൃതിക്കനുസരിച്ച് മാത്രം നിലനിൽക്കാൻ കഴിയുന്ന മനുഷ്യേതര സൃഷ്ടികളിൽനിന്ന് വ്യത്യസ്തമായി, സ്വതന്ത്രമായ കൈകാര്യം കർത്തൃത്വമെന്ന ഉത്തരവാദിത്തം (അമാനത്ത്) നൽകപ്പെട്ട ഏക സൃഷ്ടിയത്രെ മനുഷ്യൻ. ആകാശങ്ങളും ഭൂമിയും പർവ്വതങ്ങളുമെല്ലാം തന്നെ ഏറ്റെടുക്കാൻ വിസമ്മതിച്ച മഹത്തായ വിശ്വാസദൗത്യം ഏറ്റെടുത്തവനായിട്ടാണ് മനുഷ്യനെ ഖുർആൻ[3] പരിചയപ്പെടുത്തുന്നത്.

1. റോമർ 5:12
2. ഖുർആൻ 21:16
3. ഖുർആൻ 33:72.

പ്രകൃതിയിലെ മറ്റെല്ലാ വസ്തുക്കളും ദൈവികമായ കൽപ്പനകളെ സ്വാഭാവികമായി പൂർത്തീകരിക്കുമ്പോൾ, തൻെറ ഇഷ്ടത്തിനനുസരിച്ച് ദൈവികകൽപനകൾ സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ട ഏകജീവിയാണ് മനുഷ്യൻ. 'അമാനത്ത്' നൽകപ്പെട്ടിരിക്കുന്ന 'ഭൂമിയിലെ ഖലീഫ'യെന്ന് ഇസ്ലാം അവനെ പരിചയപ്പെടുത്തുമ്പോൾ ഇതാണുദ്ദേശിക്കുന്നത്. സ്വതന്ത്രമായ കഴിവുകളിലൂടെ സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ അവസരം നൽകപ്പെട്ടിരിക്കുന്ന ഏക ജീവിയായ മനുഷ്യന്, ആ കഴിവുകളെ സൃഷ്ടിപരമായി ഉപയോഗിച്ച് ജീവിതവിജയം നേടുകയോ നാശകരമായി ഉപയോഗിച്ച് നഷ്ടപ്പെട്ടവനായി മാറുകയോ ചെയ്യാം.

ഇസ്ലാം മനുഷ്യനെക്കാണുന്നത് ചരിത്രം സൃഷ്ടിക്കുന്ന ജീവിയായിട്ടാണ്. മനുഷ്യൻ ചരിത്രത്തിൻെറ സൃഷ്ടിയാണെന്ന മാർക്സിയൻ തത്വശാസ്ത്രവുമായി അത് വിയോജിക്കുന്നു. പ്രാപഞ്ചിക നിയമങ്ങൾക്കനുസരിച്ച് മാത്രം ചലിക്കാൻ വിധിക്കപ്പെട്ട ഒരു 'ഇരുകാലി പദാർത്ഥം' മാത്രമായി മനുഷ്യനെ മനസ്സിലാക്കുന്ന രീതിയോട് ഇസ്ലാം യോജിക്കുന്നില്ല. ചരിത്രത്തെ തന്നെ മാറ്റി മറിക്കാൻ കഴിയുന്ന ജീവിയാണ് ഇസ്ലാമിക വീക്ഷണത്തിലെ മനുഷ്യൻ.

നാം മുമ്പ് മനസ്സിലാക്കിയതുപോലെ, പ്രകൃതിയെ ഉപയോഗിക്കാൻ കഴിയുന്ന ഏകജീവിയായ മനുഷ്യന് ഇവ്വിഷയകമായ ദൈവിക മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യമാണ്. ദൈവികമാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ലാതെയുള്ള പ്രകൃതിയുടെ ഉപഭോഗം മനുഷ്യവർഗ്ഗത്തിൻെറ തന്നെ നാശത്തിന് മാത്രമേ ഹേതുവാകുകയുള്ളൂ. മനുഷ്യൻ എങ്ങനെ മനുഷ്യനായി ജീവിക്കണമെന്ന് മനുഷ്യനല്ലാത്ത ഒരു ഉന്നതാസ്തിത്വത്തിന് മാത്രമേ പറഞ്ഞു തരാനാവൂ. സ്രഷ്ടാവല്ലാതെ സൃഷ്ടികളിലൊന്നും തന്നെ മനുഷ്യരേക്കാൾ ഉന്നതരല്ലെന്ന് നമുക്കറിയാം. അപ്പോൾ സ്രഷ്ടാവിൻെറ തന്നെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കണം നമുക്ക്. ഇസ്ലാമിൻെറ കാഴ്ചപ്പാടിൽ പ്രവാചകന്മാർ മുഴുവൻ അവതീർണ്ണമായത് ഈയൊരു ലക്ഷ്യത്തിന് വേണ്ടിയായിരുന്നു. മനുഷ്യർ എങ്ങനെ മനുഷ്യരായി ജീവിക്കണമെന്ന് പറഞ്ഞുകൊടുക്കാൻ; ദൈവികമാർഗ്ഗ നിർദ്ദേശങ്ങൾ പ്രായോഗികമായി ജീവിതത്തിൽ പകർത്തി തങ്ങളുടെ സഹജീവികൾക്ക് മാതൃകകളാവാൻ വേണ്ടിയാണ് ദൈവിക ബോധനം ലഭിച്ച അസംഖ്യം പ്രവാചകന്മാർ ഈ ലോകത്തിലേക്ക് വന്നത്. ഇസ്ലാമിൻെറ സാങ്കേതികശബ്ദമായ 'രിസാലത്ത്' പ്രതിനിധീകരിക്കുന്നത് ഈ ആശയത്തെയാണ്. ദൈവവും മനുഷ്യരും തമ്മിൽ, ആകാശവും ഭൂമിയും തമ്മിൽ, രിസാലത്തിലൂടെ ബന്ധപ്പെടുന്നു.



പ്രവാചകന്മാർ ദൈവങ്ങളോ ദിവ്യാംശമുള്ളവരോ ആണെന്ന് ഇസ്ലാം പഠിപ്പിക്കുന്നില്ല. 'മനുഷ്യർ ഭൂമിയിൽ എന്തായിത്തീരണമോ, ആകാശത്തിലുള്ള ദൈവം ഇറങ്ങിവന്ന് അതായിത്തീർന്ന് മാതൃകയാവുക'യെന്ന അവതാരസങ്കൽപവുമായി ഇസ്ലാമിലെ പ്രവാചകത്വത്തിലുള്ള വിശ്വാസം താത്വികവൈരുദ്ധ്യം പുലർത്തുന്നു. മനുഷ്യരുടെ സകലവിധ ചപലതകളോടുംകൂടി ദൈവം ഇറങ്ങി വരുന്നുവെന്ന വാദം സർവ്വശക്തൻെറ പരിശുദ്ധിയെ കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. മനുഷ്യർ എങ്ങനെ ജീവിക്കണമെന്ന് ദൈവം മനുഷ്യരൂപം പൂണ്ടുകാണിച്ചു തരികയെന്ന സങ്കൽപം തന്നെ അർത്ഥമില്ലാത്തതാണ്. സർവ്വശക്തനാണ് ദൈവം. അവന്ന് ഭക്ഷണമോ വികാരപൂർത്തീകരണമോ ആവശ്യമില്ല. അവൻ മനുഷ്യരൂപത്തിൽ ഇറങ്ങിവന്നാലും വികാരങ്ങളോ മാനുഷ്യകമായ ചോദനകളോ ഇല്ലാതെ നിലനിൽക്കാം. എന്നാൽ മനുഷ്യനോ? ദൈവത്തെ അനുകരിച്ചുകൊണ്ട് ഭക്ഷണപാനീയങ്ങളോ വൈകാരിക പൂർത്തീകരണമോ ഇല്ലാതെ ജീവിക്കുക അവന്ന് അസാദ്ധ്യം. ദൈവമല്ല; മനുഷ്യരാണ് മനുഷ്യർക്കുള്ള മാതൃകകളായി വരേണ്ടത്. ദൈവിക മാർഗ്ഗ നിർദ്ദേശത്തിനൊത്ത് മനുഷ്യൻ എങ്ങിനെ ജീവിക്കണമെന്ന് പ്രായോഗികമായി കാണിച്ചുകൊടുക്കേണ്ടത് മനുഷ്യരിൽനിന്നുള്ള പ്രതിനിധികളാണ്.

പ്രവാചകന്മാർ പച്ചയായ മനുഷ്യരായിരുന്നു. അവർക്കും വിശപ്പും ദാഹവുമുണ്ടായിരുന്നു. ഉറക്കവും വിശ്രമവുമാവശ്യമായിരുന്നു. സന്തോഷവും സന്താപവുമുണ്ടായിരുന്നു. ഭാര്യമാരും കുട്ടികളുമുണ്ടായിരുന്നു: മനുഷ്യരുടെ എല്ലാ സ്വഭാവങ്ങളും അവർക്കുണ്ടായിരുന്നു. പക്ഷേ, വിശക്കുമ്പോൾ അന്യൻെറ സമ്പത്ത് അപഹരിക്കാൻ അവർ തയ്യാറായില്ല. ലൈംഗികദാഹം ശമിപ്പിക്കാൻ വ്യഭിചാരത്തിലവർ ഏർപ്പെട്ടില്ല. സന്തോഷത്തിൽ മതിമറന്ന് അവർ കൂത്താടിയില്ല. സന്താപാവസരങ്ങളിൽ മദ്യത്തിലും മയക്കുമരുന്നുകളിലും അവർ അഭയം തേടിയില്ല. ഭാര്യമാർക്കുവേണ്ടി അപരനോടവർ അനീതി പ്രവർത്തിച്ചില്ല. കുട്ടികളെ പോറ്റാനായി അക്രമമാർഗ്ഗങ്ങളിലവർ

പണം സമ്പാദിച്ചില്ല. അവർ മനുഷ്യരായിരുന്നു. പൂർണ്ണരായ മനുഷ്യർ!

വ്യത്യസ്ത സമൂഹങ്ങളിൽ പ്രവാചകന്മാർ വന്നു, അവരുടെ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരുന്നു. മനുഷ്യധിഷണയുടെ വളർച്ചക്കനുസരിച്ച് നിയമനിർദ്ദേശങ്ങളിൽ നിസ്സാരമായ മാറ്റങ്ങളുണ്ടായി. പക്ഷേ, അടിസ്ഥാനപരമായി ദൈവത്തിൻെറ പ്രവാചകന്മാരെല്ലാം പറഞ്ഞത് ഒന്നുതന്നെയായിരുന്നു. 'അഖിലാണ്ഡവും പടച്ച് പരിപാലിക്കുന്നവനെ മാത്രം ആരാധിക്കുക; അവൻ അയച്ച പ്രവാചകന്മാരെ അനുസരിക്കുക'. സമൂഹം വളർന്നുകൊണ്ടിരുന്നു. പ്രവാചകന്മാരെല്ലാം തങ്ങളുടെ പ്രബോധനങ്ങളോടൊപ്പം തന്നെ അവസാനം വരാനിരിക്കുന്ന ഒരു മഹാപ്രവാചകനെക്കുറിച്ച് ദീർഘദർശനം ചെയ്തു. മാനവരാശി കാത്തിരിക്കുകയായിരുന്നു; ലോകാവസാനം വരെയുള്ള മനുഷ്യർക്ക് മുഴുവൻ മാതൃകയാവാൻ കെൽപ്പുറ്റ ആ മഹാനുഭവൻെറ ആഗമനത്തിന് വേണ്ടി.

അറേബ്യക്കാണ് ആ ഭാഗ്യം സിദ്ധിച്ചത്. അവസാനത്തെ പ്രവാചകൻെറ ജന്മത്തിന് ഇടം നൽകാനുള്ള ഭാഗ്യം. ക്രിസ്താബ്ദം 570 ആഗസ്റ്റ് 29ന് ആമിനയുടെയും അബ്ദുല്ലയുടെയും പുത്രനായി മുഹമ്മദ് ജനിച്ചു. ഒരു സാധാരണ അറബി ബാലനായി അദ്ദേഹം വളർന്നു. അനാഥത്വത്തിൻെറ കയ്പുനീരുകുടിച്ച് വളർന്ന ആ കുട്ടി, ചെറുപ്പം മുതലേ സത്യസന്ധനും സൗമ്യശീലനുമെന്ന പേര് സമ്പാദിച്ചു. ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ അദ്ദേഹത്തിൻെറ സ്വഭാവവൈശിഷ്ട്യത്തിൽ ആകൃഷ്ടയായ ഖദീജയെന്ന നാൽപത് വയസ്സുകാരിയായ കുലീനസ്ത്രീയെ വിവാഹം കഴിച്ചു. സ്വഭാവവൈശിഷ്ട്യംകൊണ്ട് ശ്രദ്ധേയനായ അദ്ദേഹം നാടിനും തറവാടിനും വേണ്ടപ്പെട്ടവനായി വളർന്നു; നാൽപ്പത് വയസ്സുവരെ.

നാൽപതാംവയസ്സിലാണ് അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചത്. പ്രപഞ്ചത്തിലെ ഏറ്റവും വലിയ സത്യം അദ്ദേഹം പ്രഖ്യാപിച്ചു: 'ഈ ലോകത്തെ പടക്കുകയും പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏകനായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ. അവൻ അയച്ച പ്രവാചകനാണ് ഞാൻ. എന്നെ അനുസരിക്കുക. ഈ ജീവിതത്തിൻെറ അന്ത്യമായ മരണം മറ്റൊരു ജീവിതത്തിൻെറ തുടക്കമാവുന്നു. മരണാനന്തര ജീവിതം. അവിടെ വെച്ചാണ് ഇഹലോകത്തിലെ ചെയ്തികൾക്ക് പൂർണ്ണമായ പ്രതിഫലം ലഭിക്കുക. നന്മ ചെയ്തവന് സ്വർഗ്ഗം. തിന്മ ചെയ്തവന് നരകം. പരലോകത്തിൽ സ്വർഗ്ഗം നേടിയെടുക്കുകയാണ് മനുഷ്യ ജീവിതത്തിൻെറ പരമമായ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്ക് നടന്നുനീങ്ങാൻ ദൈവം നിയോഗിച്ചയച്ച പ്രവാചകൻെറ ജീവിതരീതി പിൻപറ്റുകയാണ് വേണ്ടത്' ഇതാണ് അദ്ദേഹത്തിൻെറ ഉപദേശങ്ങളുടെ രത്നച്ചുരുക്കം.



സത്യം പറഞ്ഞ മുഹമ്മദ് (സ) അപമാനിക്കപ്പെട്ടു. മർദ്ദിക്കപ്പെട്ടു. പക്ഷേ, സത്യത്തിൻെറ സ്വരംകേട്ട മനുഷ്യമക്കൾ അതിൽ ആകൃഷ്ടരായി. ഇതുകണ്ട അസത്യത്തിൻെറ പിണിയാളുകൾക്ക് കലികയറി. അവർ മർദ്ദനങ്ങൾക്ക് ഊക്കുകൂട്ടി. അദ്ദേഹത്തിൻെറ അനുയായികൾ പലരും കൊല്ലപ്പെട്ടു. ക്രൂരമായ മർദ്ദനങ്ങൾക്കവർ വിധേയമായി. പക്ഷേ, അചഞ്ചലമായി അവർ നിലകൊണ്ടു. ജനിച്ചു വളർന്ന നാടും വീടും ഉപേക്ഷിച്ചുപോവാൻ പ്രവാചകനും അനുയായികളും തയ്യാറാവേണ്ടിവന്നു. അതും നടന്നു. പലായനം-സ്വന്തം വിശ്വാസം സംരക്ഷിക്കാനായി നാടും വീടും കൂട്ടുകുടുംബാദികളെയുമെല്ലാം ഉപേക്ഷിച്ച് അവർ യാത്രയായി, മദീനയിലെത്തി താമസിച്ചു. ഇരുട്ടിൻെറ ഉപാസകർ അവിടെയും അദ്ദേഹത്തിന് സ്വൈര്യം കൊടുത്തില്ല. സത്യവിശ്വാസം സംരക്ഷിക്കാനായി പ്രവാചകനും അനുയായികൾക്കും അവസാനം വാളെടുക്കേണ്ടിവന്നു. യുദ്ധങ്ങൾ! യുദ്ധങ്ങൾ! സത്യത്തിൻെറ സംരക്ഷണത്തിനുവേണ്ടി നൂറുകണക്കിനാളുകൾക്ക് ജീവൻ കൊടുക്കേണ്ടിവന്നു. അവസാനം സത്യം ജയിക്കുകതന്നെ ചെയ്തു. അറേബ്യ മുഴുവൻ ഇസ്ലാമിന് കീഴിലായി.

മുഹമ്മദ് (സ) ഈ ലോകത്തിലെ അവസാനത്തെ മനുഷ്യൻവരെയുള്ള സകലരുടെയും പ്രവാചകനാണ്. അദ്ദേഹത്തിൻെറ രഹസ്യവും പരസ്യവുമായ ജീവിതം മുഴുവൻ നമുക്ക് മുന്നിൽ തുറന്ന് വെക്കപ്പെട്ടിരിക്കുന്നു. ലോകത്ത് മറ്റൊരു നേതാവിൻെറയും ജീവിതം അദ്ദേഹത്തിൻെറ ജീവിതത്തെപ്പോലെ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അങ്ങനെ രേഖപ്പെടുത്തപ്പെട്ടാൽ ആദരണീയരായ പല വ്യക്തിത്വങ്ങളും അനാദരണീയരായി മാറും. പക്ഷേ, പ്രവാചകൻെറ ജീവിതം നോക്കൂ. അദ്ദേഹത്തിൻെറ കുളിമുറി മുതൽ കിടപ്പറവരെയുള്ള ജീവിതം മുഴുവൻ നമുക്ക് മാതൃകായോഗ്യമാണ്. അദ്ദേഹം പൂർണ്ണനായ ഒരു മുസ്ലിമായിരുന്നു. അഥവാ, മാനുഷിക ഗുണങ്ങളെല്ലാം പ്രതിബിംബിച്ചിരുന്ന മഹാനായ ഒരു മനുഷ്യൻ. തന്നിൽ ദൈവികതയു

ണ്ടെന്ന് അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. അതിമാനുഷഗുണങ്ങളുള്ള വ്യക്തിയാണ് താനെന്ന് അദ്ദേഹം വാദിച്ചിട്ടുമില്ല. അദ്ദേഹം പറഞ്ഞു. താനൊരു മുസ്ലിമാണെന്ന്; ദൈവത്തിന് സ്വജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കുകവഴി മനുഷ്യത്വത്തിൻെറ ഉദാത്തീകരണം സാധിച്ച ഒരു മനുഷ്യനാണെന്ന്. മാർക്സ്പോലും ഒരു മാർക്സിസ്റ്റായിരുന്നില്ല. യേശുക്രിസ്തുവാകട്ടെ കുരിശിൽ രക്തം ചിന്തിയ (?) അവസാനത്തെ ക്രിസ്ത്യാനിയായിരുന്നു!എന്നാൽ മുഹമ്മദ് (സ) ഒരു മുസ്ലിമായിരുന്നു. പക്ഷേ അവസാനത്തെ മുസ്ലിമായിരുന്നില്ല. സ്വജീവിതത്തിൻെറ മാതൃകയിലൂടെ അനേകം മുസ്ലിംകൾക്ക് ജന്മം നൽകിയ മഹാനായ പ്രവാചകനായിരുന്നു.

മുഹമ്മദി(സ)ലൂടെ ലോകത്തിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാകട്ടെ ഒരേസമയത്ത് മാർഗ്ഗദർശകവെളിപാടും അതോടൊപ്പം അമാനുഷികദൃഷ്ടാന്തവുമാണ്. അതിൽ പ്രതിപാദിക്കപ്പെട്ട തത്വങ്ങൾ മനുഷ്യൻെറ ഭൗതികപുരോഗതിക്കെതിരല്ല. പക്ഷേ, 'പുരോഗമിച്ചു' മൃഗമാവാൻ സാധ്യതയുള്ള മനുഷ്യൻെറ ജീവിതത്തിൻെറ ഓരോ രംഗങ്ങളിലും സ്വീകരിക്കേണ്ട നിയമനിർദ്ദേശങ്ങളത് ഉൾക്കൊള്ളുന്നു. അതിലെ ഏതെങ്കിലുമൊരു നിയമം അപ്രായോഗികമാണെന്ന് പറയുക സാധ്യമല്ല. കാലഹരണപ്പെട്ട ഒരു നിർദ്ദേശവും അത് ഉൾക്കൊള്ളുന്നില്ല. അവസാനനാളുവരെയുള്ളവർക്ക് മാർഗ്ഗദർശനം നൽകാൻ കഴിയുന്ന ഒരേയൊരു ഗ്രന്ഥം! അതാണ് ഖുർആൻ. വേദഗ്രന്ഥങ്ങളുടെ പുറം ചട്ടയണിഞ്ഞ മറ്റൊരു ഗ്രന്ഥത്തിനും ഈ പരിശുദ്ധി അവകാശപ്പെടാൻ കഴിയില്ല. അത് ഒന്നുകിൽ 'വിശുദ്ധ'ന്മാരുടെ അല്ലെങ്കിൽ പുരോഹിതന്മാരുടെ അതുമല്ലെങ്കിൽ ഋഷിമാരുടെ രചനകളാണ്. ഖുർആനാകട്ടെ ദൈവിക വെളിപാടുകളുടെ സമാഹാരമാണ്. മുഹമ്മദ് (സ) നിർമ്മിച്ച ഒരൊറ്റ വചനം പോലും ഖുർആനിലില്ല. ദൈവം അദ്ദേഹത്തിന് അവതരിപ്പിച്ചുകൊടുത്തതത്രെ അതിലെ ഓരോ അക്ഷരങ്ങളും.

മോശെ പ്രവാചകൻ കയ്യിലുള്ള വടി നിലത്തിട്ട് സർപ്പമാക്കി മാറ്റി യേശു മരിച്ചവരെ ഉയർത്തെഴുന്നേൽപ്പിച്ചു! തങ്ങൾ പ്രവാചകനാണെന്നതിനുള്ള തെളിവുകളായി അവർക്ക് ദൈവം നൽകിയ അമാനുഷികദൃഷ്ടാന്തങ്ങളായിരുന്നു അവ. ഈ ദൃഷ്ടാന്തങ്ങൾ അവരുടെ അന്ത്യത്തോടെ അവസാനിച്ചു. കാരണം അവരുടെ ദൗത്യം പരിമിതമായിരുന്നു. സമകാലികരായ ജനങ്ങളും ഇസ്രായിൽ



തറവാട്ടിലെ നഷ്ടപ്പെട്ട ആടുകളുമായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ അവസാന നാളുവരെയുള്ള സകലരുടെയും പ്രവാചകനായ മുഹമ്മദി(സ)ന്ന് നൽകപ്പെട്ട അമാനുഷികദൃഷ്ടാന്തം അദ്ദേഹത്തിൻെറ ദൗത്യംപോലെ, അന്ത്യനാളുവരെ നിലനിൽക്കുന്നതാണ്. ഖുർആൻ മഹത്തായ ഒരു അമാനുഷികദൃഷ്ടാന്തമാകുന്നു. അതിലെ ഒരു ചെറിയ അദ്ധ്യായത്തിന് തുല്യമായ രീതിയിലുള്ള ഒരു രചനപോലും നടത്താൻ ഇന്നുവരെ മനുഷ്യർക്കാർക്കും കഴിഞ്ഞിട്ടില്ല. അറബി ഭാഷയിലും സാഹിത്യത്തിലും അഗാധ ജ്ഞാനമുള്ള പല ഇസ്ലാം വിരോധികളും കഴിഞ്ഞുപോയി. ഇന്നും പലരും നിലനിൽക്കുന്നു. പക്ഷേ, പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ഖുർആൻ നടത്തിയ വെല്ലുവിളിക്കുമുമ്പിൽ അവരെല്ലാം നിശബ്ദരാണ്. ഖുർആനിലെ ഏറ്റവും ചെറിയ അദ്ധ്യായതിന് തുല്യമായ ഒരു രചന നടത്തി ഖുർആൻ അതുല്യമല്ലെന്ന് തെളിയിക്കാനാണ് അതിൻെറ വെല്ലുവിളി. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ മനുഷ്യൻ കുതിച്ചുയരുംതോറും അതിന്റെ അപ്രമാദിത്വവും അതുല്യതയും ദൈവികതയും കൂടുതൽ കൂടുതൽ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഖുർആനും നബിചര്യയുമനുസരിച്ച് ജീവിക്കുകയത്രെ മനുഷ്യൻ വിമോചിതരാവാനുള്ള മാർഗ്ഗം. അവ രണ്ടിനും മാത്രമേ മാനവികതയെ ദീപ്തമാക്കാനാവൂ. മനുഷ്യവർഗ്ഗത്തെ നയിക്കാൻ കഴിയൂ.

മൃഗമാകുവാൻ മനുഷ്യന് സ്വാഭാവികമായ ഒരു ത്വരയുണ്ട്. ദൈവികമായ ബന്ധനങ്ങൾ പൊട്ടിച്ചെറിഞ്ഞ് പൈശാചികമായ ശീലങ്ങൾ സ്വീകരിക്കാനുള്ള ആവേശം. അവന്നുമുന്നിൽ ദൈവിക നിർദ്ദേശങ്ങൾക്ക് വിലയില്ല. 'ദൈവിക നിർദ്ദേശങ്ങൾ പാലിച്ച് മനുഷ്യനായി ജീവിക്കുന്നതുകൊണ്ട് എന്ത് പ്രയോജനം?' എന്നവൻ ചോദിക്കുന്നു. ഇതിൻെറ മറുവശത്ത്, ഒരു തിന്മയുമില്ലാത്ത ഒരു ലോകത്തെക്കുറിച്ച സ്വപ്നം എല്ലാ മനുഷ്യർക്കുമുണ്ട്. അത്തരം ഒരു ലോകമുണ്ടായിരുന്നെങ്കിൽ എന്നവർ ആശിക്കുന്നു. തോമസ്മൂറിൻെറ 'ഉട്ടോപ്പിയ'യിലും കാംപനല്ലയുടെ 'സൂര്യനഗര'ത്തിലും കാറൽമാർക്സിൻെറ 'വർഗ്ഗരഹിതസമൂഹത്തി'ലുമെല്ലാം നാം കാണുന്നത് ഈ ആശയമാണ്. മനുഷ്യാത്മാവിൻെറ തിന്മകളില്ലാത്ത ലോകത്തെ കുറിച്ച ആശയെയും മനുഷ്യജീവിയുടെ പ്രയോജനവാദത്തെയും സമന്വയിപ്പിക്കുകയാണ് ഇസ്ലാം പരലോക വിശ്വാസത്തിലൂടെ ചെയ്യുന്നത്. ഈ ലോകത്തെ നൈമിഷികമായ ജീവിതത്തിൽ നന്മ

ചെയ്താൽ മരണാനന്തരം സുന്ദരമായ സ്വർഗ്ഗരാജ്യം. തിന്മ ചെയ്തവനോ ഭയാനകമായ നരകജീവിതവും. എന്തിന് നന്മ ചെയ്യണമെന്ന മനുഷ്യ ജീവിയുടെ ചോദ്യത്തിനുള്ള ഉത്തരം ഇവിടെ ലഭിക്കുന്നു. 'പരലോക ജീവിതത്തിൽ സ്വർഗ്ഗം കരസ്ഥമാക്കുവാൻ'. തിന്മകളും പ്രയാസങ്ങളുമില്ലാത്ത സുന്ദര ലോകമെന്ന മനുഷ്യാത്മാവിൻെറ അടങ്ങാത്ത ആശയും സ്വർഗ്ഗരാജ്യമെന്ന വിശ്വാസത്തിൽ സാക്ഷാൽകൃതമാകുന്നു.

ദൈവത്തെ ഏകനും മുഹമ്മദി(സ)നെ പ്രവാചകനുമായി അംഗീകരിച്ച് പരലോകജീവിതത്തിലെ മോക്ഷത്തിനുവേണ്ടി പ്രവർത്തിക്കാനാരംഭിച്ചാൽ ഒരാൾ മുസ്‌ലിമായിത്തീരുന്നു. ഇസ്‌ലാമിലേക്കുള്ള പ്രവേശനപ്രതിജ്ഞ ചൊല്ലുന്നതോടെ അവൻ സത്യവിശ്വാസികളുടെ ഗണത്തിലെ അംഗമാവുന്നു. 'അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാ' അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കു'. ഇതാണ് ഇസ്‌ലാമിൻെറ സാക്ഷ്യവാക്യം.

ലാഇലാഹ ഇല്ലല്ലാ- അല്ലാഹുവല്ലാതെ ആരാധ്യനില്ല. ഇസ്‌ലാമിൻെറ അടിസ്ഥാനവാക്യമായ ആദ്യകലിമയുടെ ആദ്യപകുതി നിഷേധത്തിൻെറതാണ്. 'ലാ ഇലാഹ'-ഒരൊറ്റ ആരാധ്യരുമില്ല. ഇവിടെ, മനുഷ്യർ ആരാധിച്ചുകൊണ്ടിരിക്കുന്ന സചേതനവും അചേതനവുമായ എല്ലാ വസ്തുക്കളെയും നിഷേധിക്കുകയാണ് ആദ്യം ചെയ്യുന്നത്. കല്ല് മുതൽ വിഗ്രഹങ്ങൾവരെയും സ്തൂപങ്ങൾ മുതൽ ശവകുടീരങ്ങൾവരെയും. തുളസിച്ചെടി മുതൽ ആൽമരം വരെയും, നാഗം മുതൽ പശുവരെയും മാലാഖമാർ മുതൽ പിശാചുക്കൾ വരെയും പുണ്യവാളന്മാർ മുതൽ പ്രവാചകന്മാർ വരെയും മനുഷ്യർ ആരാധിച്ചുകൊണ്ടിരിക്കുന്ന ഒന്നും തന്നെ, അത് എത്ര ചെറുതായാലും വലുതായാലും ആരാധനകൾ അർഹിക്കുന്നില്ലെന്ന തത്വമാണ് ഈ വചനം വ്യക്തമാക്കുന്നത്. മനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സകലവിധ ആരാധ്യന്മാരെയും നിഷ്ക്കാസനം ചെയ്ത് ശുദ്ധമാക്കിയതിന് ശേഷമാണ് രണ്ടാമത്തെ പകുതിയായ 'ഇല്ലല്ലാഹു' അഥവാ 'അല്ലാഹുവല്ലാതെ' എന്ന തത്വം ഹൃദയത്തിലേക്ക് സന്നിവേശിപ്പിക്കുന്നത്. സമസ്ത പ്രപഞ്ചത്തെയും സൃഷ്ടിച്ച് പരിപാലിക്കുന്ന സർവ്വശക്തൻ മാത്രമാണ് സകലവിധ ആരാധനാവഴിപാടുകളു



മർഹിക്കുന്നതെന്ന് ഇസ്‌ലാമിൻെറ ആദ്യകലിമ വ്യക്തമാക്കുന്നു.

ഭൂമിയിൽ മനുഷ്യനേക്കാൾ ഉന്നതമായ മറ്റൊരു സൃഷ്ടിയുമില്ലെന്ന് നമുക്കറിയാം. അവനേക്കാൾ ഉന്നതമായ അസ്തിത്വമാണ് അല്ലാഹു. സ്രഷ്ടാവും സംരക്ഷകനുമായവൻ. മനുഷ്യകഴിവിൽപ്പെടാത്ത ഒട്ടനവധി കാര്യങ്ങൾ തനിക്ക് ചുറ്റും തൻെറ സ്വന്തം ശരീരത്തിലും അവന്ന് കാണാൻ കഴിയുന്നു. സ്വജീവൻ നിലനിർത്തുന്ന ഹൃദയമിടിപ്പോ രക്തചംക്രമണമോ മറ്റ് ജീവികളിൽനിന്ന് വ്യതിരിക്തമാക്കുന്ന മസ്തിഷ്ക്കപ്രവർത്തനങ്ങളോ ഒന്നുംതന്നെ തൻെറ കഴിവിലോ നിയന്ത്രണപരിധിയിലോ അല്ലെന്ന് അവനറിയുന്നു. ഭൂമിയിൽ ജീവൻ നിലനിർത്താൻ പര്യാപ്തമായ രീതിയിലുള്ള സൂര്യൻെറ നിലനിൽപ്പോ ഭൂമിയുടെ പരിക്രമണമോ അന്തരീക്ഷത്തിൻെറ സംവിധാനമോ ഒന്നുംതന്നെ തൻെറ നിയന്ത്രണത്തിന് വിധേയമല്ലെന്ന് അവൻ മനസ്സിലാക്കുന്നു. ഈ അറിവ് തന്നേക്കാൾ ശക്തിയുള്ള ഒന്നിനോട് സഹായമഭ്യർത്ഥിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. ഈ സഹായാഭ്യർത്ഥനയത്രെ പ്രാർത്ഥന. ഭിഷഗ്വരനോട് രോഗി സഹായമഭ്യർത്ഥിക്കുന്നതും പണക്കാരനോട് പണിക്കാരൻ സാമ്പത്തികസഹായം ചോദിക്കുന്നതും പ്രാർത്ഥനയുടെ പരിധിയിൽ വരുന്നില്ല. അവ കാര്യകാരണ ബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള അർത്ഥനയാകുന്നു. കാര്യകാരണബന്ധങ്ങൾക്കതീതമായ രീതിയിലുള്ള സഹായമഭ്യർത്ഥനയാകുന്നു പ്രാർത്ഥന. ഈ പ്രാർത്ഥനതന്നെയാകുന്നു ആരാധന. പ്രാർത്ഥനയാകുന്നു ആരാധനയുടെ മജ്ജ. പ്രാർത്ഥനയില്ലാത്ത ആരാധനകൾ വെറും ആചാരങ്ങൾ മാത്രമായി അവശേഷിക്കുന്നത് അതുകൊണ്ടാണ്. അപ്പോൾ, ആരാധന ആർക്ക് ചെയ്യണം? മനുഷ്യനെ സൃഷ്ടിച്ചു പരിപാലിക്കുന്നവന് മാത്രം. ഇത് മനുഷ്യബുദ്ധിയുടെ വിധിയാണ്; ഇസ്‌ലാമിൻെറ അടിസ്ഥാനവാക്യവും.

മനുഷ്യരെ ഭിന്നിപ്പിച്ച് നിർത്തുകയും തമ്മിലടിപ്പിക്കുകയും ചെയ്യുന്ന ബഹുദൈവസങ്കൽപ്പത്തിൻെറ കടയ്ക്കാണ് ഇസ്‌ലാമിൻെറ ഏകദൈവവിശ്വാസം കത്തിവെച്ചത്. ഏകനും സർവ്വോന്നതനുമായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്ന അവസ്ഥ സംജാതമാവുമ്പോൾ അവനിലെ അധമത്തവും അഹങ്കാരവും അവസാനിക്കുന്നു. പാശ്ചാത്യൻ മാനവികതാ വാദവും (Humanism) മാർക്സിസവും മനുഷ്യരാണ് ഏറ്റവും ഉന്നതരെന്നും അവനെ നിയന്ത്രിക്കുന്നതോ അവന്

മുകളിലുള്ളതോ ആയ യാതൊരു ശക്തിയുമില്ലെന്നും വാദിച്ചപ്പോൾ അതിൻെറ ഫലമായി വളർന്നുവന്നത് ഒരുതരം അഹങ്കാരമായിരുന്നു. ആ ജനതകളുടെ തകർച്ചക്കുള്ള നിമിത്തവും ഈ അഹങ്കാരം തന്നെ. അതേസമയം സ്ഥാപനമതങ്ങളുടെ ആരാധ്യന്മാർ കല്ലുകളും ശവകുടീരങ്ങളും സസ്യങ്ങളും ജന്തുക്കളും പുണ്യവാളന്മാരുമാണ്. തങ്ങളേക്കാൾ കഴിവും ശക്തിയും കുറഞ്ഞ-പലപ്പോഴും കേൾവിയോ കാഴ്ചയോ ഇല്ലാത്തവരോട് ആരാധനകളർപ്പിക്കുന്ന മനുഷ്യരുടെ മനസ്സിൽ ഒരുതരം അധമബോധമുണ്ടാവുക സ്വാഭാവികമാണ്. ഒരു 'ദൈവ'ത്തിൽ അഭയം കാണാതാവുമ്പോൾ മറ്റൊരു 'ദൈവ'ത്തിലേക്കോടുന്ന അവസ്ഥയുണ്ടാക്കുന്നത് ഈ അധമബോധമാണ്. ഒരു ആരാധ്യനെയും അംഗീകരിക്കാതിരിക്കുന്ന അഹങ്കാരത്തിനും സൃഷ്ടികളെ ആരാധിക്കുന്ന അധമത്വത്തിനും മധ്യേ, സ്രഷ്ടാവിനെ മാത്രം ആരാധിക്കുകയെന്ന ഇസ്‌ലാമിൻെറ തത്വം നിലനിൽക്കുന്നു. അത് മനുഷ്യനെ ആത്മാഭിമാനമുള്ളവനും അതേ സമയം വിനയാന്വിതനുമാക്കി മാറ്റുന്നു.

ഏകദൈവമല്ലാതെ ആരും ആരാധിക്കപ്പെട്ടരുതെന്ന ഇസ്‌ലാമിൻെറ അടിസ്ഥാന തത്വത്തിനുമുന്നിൽ തകർന്നുവീണത് വിഗ്രഹങ്ങളും ശവകുടീരങ്ങളും വ്യാജ ദൈവങ്ങളും മാത്രമായിരുന്നില്ല; ദൈവങ്ങളുടെയും മനുഷ്യരുടെയും ഇടയിലുള്ള ദല്ലാളന്മാരായി ചമഞ്ഞ പൗരോഹിത്യം കൂടിയായിരുന്നു. ഏകനായ സ്രഷ്ടാവിനും മനുഷ്യർക്കുമിടയിൽ മധ്യവർത്തികളൊന്നും ആവശ്യമില്ലെന്നാണ് ഇസ്‌ലാമിൻെറ അധ്യാപനം. ദൈവങ്ങളുടെ പേരിൽ മനുഷ്യരെ തമ്മിലടിപ്പിച്ചിരുന്ന പൗരോഹിത്യത്തിൻെറ ചൂഷണങ്ങളിൽനിന്ന് മനുഷ്യരാശിയെ രക്ഷിക്കുകയാണ് പ്രവാചകൻ (സ) ചെയ്തത്. യാതൊരു രീതിയിലുമുള്ള പൗരോഹിത്യവും ഇസ്‌ലാം അംഗീകരിക്കുന്നില്ല.

ഏകദൈവാരാധന, മനുഷ്യവർഗ്ഗത്തെ സകലവിധ സങ്കുചിതത്വങ്ങളിൽനിന്നും മുക്തമാക്കുന്നു. സ്വദേശിയെയും വിദേശിയെയും സവർണ്ണനെയും അവർണ്ണനെയും വെളുത്തവനേയും കറുത്തവനേയും വ്യത്യസ്ത സമുദായത്തിലും ഗോത്രത്തിലും തറവാട്ടിലും പെട്ടവരെയും വ്യത്യസ്ത ഭാഷ സംസാരിക്കുന്നവരെയും എല്ലാം സൃഷ്ടിച്ച് പരിപാലിക്കുന്നത് ഏകനായ ദൈവമാണെന്ന ചിന്ത അവർ തമ്മിലുള്ള വലുതും ചെറുതുമായ എല്ലാവിധ അസ്പൃശ്യതകളുടെയും അടിവേരറുക്കുന്നു. സർവ്വശക്തനും സർവ്വോന്നതനു



മായ തമ്പുരാനു മുന്നിൽ മാത്രം ഈ വിഭാഗങ്ങളെല്ലാം തലകുനിക്കുമ്പോൾ അവരെ ഭിന്നിപ്പിച്ച് നിർത്തുന്ന സകലവിധ മതിൽക്കെട്ടുകളും തകർന്ന് തരിപ്പണമാവുന്നു. സ്രഷ്ടാവിന് മുന്നിൽ എല്ലാവരും സമൻമാരാണെന്ന ധാരണ വളർന്നുവരുമ്പോൾ വ്യത്യസ്ത വിഭാഗങ്ങൾക്ക് ജന്മാവകാശമായി കിട്ടിയ 'തലക്കന'ങ്ങളെല്ലാം ഇല്ലാതെയാവുന്നു. മനുഷ്യരെല്ലാം ഏകനായ ദൈവത്തിൻെറ സൃഷ്ടികളും ഒരൊറ്റ മാതാപിതാക്കളുടെ സന്തതികളുമാണെന്ന ഇസ്‌ലാമിൻെറ പ്രഖ്യാപനം ഗോത്രമഹിമയുടെ പേരിൽ തമ്മിലടിച്ചുകാണ്ടിരുന്ന അറബികളെ എത്രമാത്രം കെട്ടുറപ്പുള്ള ഒരു സമൂഹമായിട്ടാണ് പരിവർത്തിപ്പിച്ചതെന്ന് ചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം. 'ഹേ മനുഷ്യരേ നിങ്ങളെ സൃഷ്ടിച്ചത് ഒരു പുരുഷനിൽ നിന്നും സ്ത്രീയിൽനിന്നുമാണ്. നിങ്ങളെ വർഗ്ഗങ്ങളും ഗോത്രങ്ങളുമായി തിരിച്ചിട്ടുള്ളത് പരസ്പരം മനസ്സിലാക്കുന്നതിന് വേണ്ടിയാണ്. നിങ്ങളിൽനിന്നും ദൈവത്തിങ്കൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ടയുള്ളവൻ തന്നെയായിരിക്കും' [1] എന്ന ഖുർആനിക വചനം ദേശത്തിൻെറയും ഗോത്രത്തിൻെറയും ഭാഷയുടെയും വർണ്ണത്തിൻെറയുമെല്ലാം പേരിലുള്ള എല്ലാ വിധ മിഥ്യാഭിമാനങ്ങളെയും തകർത്തുകളഞ്ഞു. പ്രവാചകൻ (സ) പറഞ്ഞു 'അറബിക്ക് അനറബിയേക്കാളുമോ വെളുത്തവന് കറുത്തവനേക്കാളുമോ യാതൊരു മഹത്വവുമില്ല. ധർമ്മനിഷ്ഠയുടെ പേരിലല്ലാതെ' [2] 'നിശ്ചയം നിങ്ങളുടെ ദൈവം ഒന്ന്; നിങ്ങളുടെയെല്ലാം പിതാവും ഒരാൾ തന്നെ. എല്ലാവരും ആദമിൽ നിന്നുള്ളത്; ആദമോ മണ്ണിൽനിന്നും'[3]

ബഹുദൈവവിശ്വാസത്തിൻെറ ചങ്ങലക്കെട്ടുകളിൽ നിന്ന് മനുഷ്യനെ സ്വതന്ത്രമാക്കുന്ന ശക്തിയത്രെ ഏകദൈവാരാധന. 'ദൈവ'ങ്ങളും അവയുടെ ദല്ലാളന്മാരും കൂടി സൃഷ്ടിക്കുന്ന പാരതന്ത്ര്യത്തിൽനിന്നുള്ള മോചനം. സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും ഏകദൈവാരാധന മനുഷ്യനെ പ്രേരിപ്പിക്കുന്നു. ആകാശഗോളങ്ങൾ ദേവീദേവന്മാരാണെന്ന പൗരാണികസങ്കൽപ്പം അവയെക്കുറിച്ച പഠനത്തിന് വിലങ്ങുതടിയായി നിന്നിട്ടുണ്ട്. പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും ദൈവികസൃഷ്ടികൾ മാത്രമാണെന്ന് മനസ്സിലാക്കുന്ന ഏകദൈവവിശ്വാസിയെ സംബന്ധിച്ചിടത്തോളം

1 വിശുദ്ധ ഖുർആൻ 49:13
2. മുസ്‌ലിം, അബൂദാവൂദ്
3 മുസ്‌ലിം, അബൂദാവൂദ്

അവയെക്കുറിച്ച പഠനം ദൈവത്തിൻെറ അജയ്യമായ പ്രവർത്തന ങ്ങളുടെ സൗന്ദര്യത്തെക്കുറിച്ച അന്വേഷണമാണ്. അതുകൊണ്ടാണ് ഖുർആൻ പ്രപഞ്ചപഠനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്. 'തീർച്ചയായും രാപ്പകലുകളുടെ മാറ്റത്തിലും ആകാശഭൂമികളിൽ അല്ലാഹു സൃഷ്ടിച്ച വസ്തുക്കളിലും ഭയപ്പെടുന്ന ജനതക്ക് ദൃഷ്ടാന്തങ്ങളുണ്ട്'[1]

ഇസ്‌ലാമിൻെറ രണ്ടാമത്തെ പ്രതിജ്ഞാവാക്യമുരുവിടുമ്പോൾ മുഹമ്മദി(സ)നെ ദൈവ ദൂതനായി അംഗീകരിക്കുകയാണ് ചെയ്യുന്നത്. അദ്ദേഹം ദൈവികബോധങ്ങൾക്കനുസൃതമായി സംസാരിക്കുകയും മാതൃകാപരമായി ജീവിക്കുകയും ചെയ്ത മഹാനായിരുന്നുവെന്ന് അംഗീകരിക്കുക. ഇത് അംഗീകരിക്കുന്ന മുസ്‌ലിം, അദ്ദേഹത്തിൻെറ ജീവിതരീതി പിന്തുടരാൻ നിർബന്ധിതനാണ്. അവനെ സംബന്ധിച്ചിടത്തോളം നന്മയും തിന്മയും തമ്മിലുള്ള വേർതിരിവ് അത് പ്രവാചകൻ അനുവദിച്ചുവോയെന്നുള്ളതാണ്. പ്രവാചകൻ നിർബന്ധമായി കൽപ്പിച്ച കർമ്മങ്ങളൊന്നും അവൻെറ ജീവിതത്തിൽനിന്ന് ഒഴിഞ്ഞുപോകുകയല്ല. അദ്ദേഹം നിരോധിച്ച കാര്യങ്ങളൊന്നും അവൻെറ ജീവിതത്തിൽ കാണാൻ കഴിയുകയുമില്ല. ഒരു മുസ്‌ലിം മദ്യം ഒഴിവാക്കുന്നതും ഒരു ഗാന്ധിയൻ അങ്ങനെ ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. പ്രവാചകൻ നിരോധിച്ചുവെന്നതിനാലാണ് മുസ്‌ലിം മദ്യം കഴിക്കാതിരിക്കുന്നത്. ഗാന്ധിയനോ ശരീരത്തിനും മനസ്സിലും ഹാനികരമാണെന്നതിനാലാണ് അതിൽ നിന്ന് വിട്ടുനിൽക്കുന്നത്. ധർമ്മത്തെയും അധർമ്മത്തെയുംകുറിച്ച വ്യക്തമായ അതിർവരമ്പുണ്ടാകുന്നത് ഇസ്‌ലാമിൽ മാത്രമാണ്. പ്രവാചകൻ അനുവദിച്ച കാര്യങ്ങളെല്ലാം നന്മയും നിരോധിച്ചതെല്ലാം തിന്മയും.

നന്മതിന്മകളെ പ്രവാചക ജീവിതവുമായി ബന്ധപ്പെടുത്താത്ത ഏതൊരു തത്വശാസ്ത്രവും പരാജയപ്പെടും. ദേശീയതക്കോ വംശീയതക്കോ ഭാഷക്കോ ഒന്നുംതന്നെ സ്ഥായിയായ നന്മയെക്കുറിച്ച് പറയാൻ കഴിയില്ല. യുക്തിയും തഥൈവ. ഇംഗ്ലണ്ടിലെ യുക്തിവാദിക്ക് വിവാഹേതര ലൈംഗിക ബന്ധങ്ങളും സ്വവർഗ്ഗരതിയും എതിർക്കപ്പെടേണ്ട തെറ്റല്ല.[2] എന്നാൽ ഇന്ത്യയിലെ ഏറ്റവും 'പുരോഗമന

1. ഖുർആൻ 10:6
2. Barbara smoker: Humanism Page82-84



പരമായി ചിന്തിക്കുന്ന വ്യക്തിയായ ഇടമറുകിന് പോലും ഈ 'മൂല്യം' അംഗീകരിക്കാൻ കഴിയുന്നില്ല. അദ്ദേഹത്തിൻെറ മരുമകനായ യൂറോപ്യൻ സഞ്ചാരി യോരാൻ സ്കാർണർ എഴുതുന്നു 'വിവാഹം നിയമപരമായി രജിസ്റ്റർ ചെയ്യുന്നതുവരെ എൻെറ കൂടെ പുറത്തെവിടെയെങ്കിലും പോരാൻ അവർ (ഇടമറുകും ഭാര്യയും) ഗീതയെ അനുവദിച്ചില്ല. ഇന്ത്യൻ സൊസൈറ്റി വിവാഹപൂർവ്വബന്ധങ്ങളെ ഒരിക്കലും അംഗീകരിക്കുകയില്ല. പാശ്ചാത്യ രാജ്യങ്ങളിൽ നിലവിലുള്ള ഡേറ്റിംഗ് സമ്പ്രദായത്തെ എത്രയും പുരോമനവാദിയായ ഇന്ത്യക്കാരനും സ്വീകരിക്കാൻ കഴിയുകയില്ല'.[1] യുക്തിയെ നന്മയെയും തിന്മയെയും വേർതിരിക്കാനായി ഏൽപ്പിച്ചാൽ ഇംഗ്ലണ്ടിലെ ധർമ്മം ഇന്ത്യയിൽ അധർമ്മമാകുമെന്നർത്ഥം.

ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം, പ്രവാചകൻെറ ചെയ്തികളും മൊഴികളുമെല്ലാം നമുക്കുമുന്നിൽ തുറന്നുകിടക്കുന്നുണ്ട്. ഓരോ വിഷയങ്ങളിലും എന്താണ് നന്മയെന്ന് നമുക്ക് അവയിലേക്ക് നോക്കിയാൽ മതി. ദൈവിക ബോധനത്തിൻെറ അടിസ്ഥാനത്തിലല്ലാതെ നന്മ തിന്മകളെ വിവേചിക്കാൻ പുറപ്പെട്ടാൽ ദിവസങ്ങൾ കഴിയുംതോറും നന്മ തിന്മകളെ മാറ്റി മാറ്റി നിർവ്വചിക്കേണ്ടിവരും. അഹിംസാവാദത്തിനു മുതൽ യുക്തിവാദത്തിനുവരെ സംഭവിച്ചത് അതാണ്.

നന്മതിന്മകളെക്കുറിച്ച വ്യക്തവും ദൃഢവുമായ കാഴ്ചപ്പാട് മനുഷ്യരെ നന്മക്കുവേണ്ടി നിലകൊള്ളാൻ പ്രേരിപ്പിക്കുകയും തിന്മയിൽ നിന്ന് മുക്തമാകാൻ സഹായിക്കുകയും ചെയ്യും. അതാണ് ഇസ്‌ലാമിൻെറ ചരിത്രത്തിൽ സംഭവിച്ചത്. മുസ്‌ലിംകളുടെ ചെയ്തികൾക്ക് അവർ പ്രതിഫലം കാംക്ഷിച്ചത് പരലോകത്തുനിന്ന് കൂടിയായപ്പോൾ അവരുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയും അർപ്പണസന്നദ്ധതയും വളരുകയും ലോകമാന്യം തീരെയില്ലാതാവുകയും ചെയ്തു.

സർവ്വലോകസ്രഷ്ടാവായ സർവ്വശക്തന് മാത്രം ചെയ്യുന്ന ആരാധന അഥവാ തൗഹീദ്, അവൻെറ പ്രവാചകനുള്ള നിരുപാധിക അനുസരണം, പരലോക വിശ്വാസം എന്നിവയാണ് ഇസ്‌ലാമിൻെറ അടിസ്ഥാന വിശ്വാസങ്ങൾ. ദൈവത്തിൻെറ പണിയാളുകളായ മാല

1 യോരാൻ സ്കാർണർ: ഇന്ത്യയുടെ ആയിരം മുഖങ്ങൾ പേജ് 29.

ഖമാരിലും ദൈവികഗ്രന്ഥങ്ങളിലും നന്മതിന്മകളുടെ ദൈവിക ഉൽപ്പത്തിയിലും ഉള്ള വിശ്വാസങ്ങൾ തൗഹീദ്, രിസാലത്ത്, ആഖിറത്ത് എന്നീ അടിസ്ഥാനാദർശങ്ങളുടെ കൂടെനിൽക്കുന്ന വിശ്വാസങ്ങളാണ്. ഭൂമുഖത്തേക്കുവന്ന മുഴുവൻ പ്രവാചകന്മാരും പ്രബോധനം ചെയ്ത തത്വങ്ങൾ ഇവ തന്നെ. പക്ഷേ, പ്രവാചകന്മാരുടെ അനുയായികളിൽ ചിലർ തന്നെ പ്രവാചകപ്രബോധനങ്ങൾക്കെതിര് പ്രവർത്തിച്ചു. അവർ പുണ്യവാളന്മാരുടെയും ശവകുടീരങ്ങളുടെയും വ്യാജദൈവങ്ങളുടെയും ശുപാർശകൾക്കുവേണ്ടി പരക്കം പാഞ്ഞു. സൃഷ്ടികളൊന്നും തന്നെ ആരാധനകളർഹിക്കുന്നില്ലെന്ന് അർത്ഥശങ്കക്കിടയില്ലാതെ ആവർത്തിച്ച് പ്രഖ്യാപിച്ച പ്രവാചകന്മാരിൽ പലരും ആരാധ്യരായി മാറി. ഇതിന്നെതിരെ ജനങ്ങളെ ബോധവാന്മാരാക്കാനും ബഹുദൈവത്വത്തിൻെറ ചളിക്കുണ്ടിൽനിന്ന് മാനവരാശിയെ രക്ഷിക്കാനും വീണ്ടും പ്രവാചകന്മാർ വന്നു. പാരമ്പര്യവിശ്വാസത്തിൻെറ ആളുകളെന്നവകാശപ്പെട്ടവർ പ്രവാചകർക്കും അനുയായികൾക്കുമെതിരെ വാളോങ്ങി. സത്യവിശ്വാസികളുടെയും അവിശ്വാസികളുടേതുമായ രണ്ട് സംഘങ്ങൾ രൂപംകൊണ്ടു. ഇങ്ങനെയാണ് വ്യത്യസ്ത മതങ്ങളുണ്ടായത്. ഒരുവിധം എല്ലാ മതങ്ങളുടെയും വേരുകൾ പ്രവാചക പ്രബോധനങ്ങളിൽ നമുക്ക് കണ്ടെത്താനാവും. മതങ്ങളിൽ പലതിൻെറയും സദാചാര തത്വങ്ങൾ സമാനത പുലർത്തുന്നത് അതുകൊണ്ടാണ്. പ്രവാചകപ്രബോധനങ്ങളിൽനിന്ന് വഴിതെറ്റിപ്പോയ മതവിശ്വാസികൾ, ദൈവികഗ്രന്ഥത്തിലേക്കും പ്രവാചകചര്യയിലേക്കും തിരിച്ചുപോവുകയാണ് വേണ്ടതെന്നർത്ഥം.

നടേ സൂചിപ്പിച്ചതുപോലെ മനുഷ്യജീവിയെ ചരിത്രം സൃഷ്ടിക്കുന്ന-അതിന്ന് കഴിയുന്ന ഏകജീവിയായാണ് ഇസ്ലാം കാണുന്നത്. ചരിത്രം മനുഷ്യനെ സൃഷ്ടിക്കുകയല്ല; മനുഷ്യൻ ചരിത്രത്തെ സൃഷ്ടിക്കുകയാണ്. അതുകൊണ്ടുതന്നെ സമൂഹത്തിൻെറ സമൂലമായ പരിവർത്തനത്തിന് വ്യക്തിയുടെ മനസ്സിലാണ് മാറ്റമുണ്ടാവേണ്ടതെന്നാണ് ഇസ്ലാമിൻെറ പക്ഷം. ഭരണചക്രം പിടിക്കുന്ന കൈയ്യാണ് ആദ്യം പരിവർത്തിതമാവേണ്ടതെന്ന പ്രത്യയശാസ്ത്രങ്ങളുടെ അടിസ്ഥാനാദർശവുമായി ഇസ്ലാം വിയോജിക്കുന്ന മേഖലകളിലൊന്ന് ഇതാണ്. വ്യവസ്ഥിതി മാറുന്നതിനുമുമ്പ് ജനങ്ങളുടെ മനഃസ്ഥിതി മാറേണ്ടതുണ്ടെന്ന് ഇസ്ലാം വാദിക്കുന്നു. മനം



മാറ്റത്തിന് മാത്രമെ സ്ഥായിയായ പരിവർത്തനത്തിനുള്ള ഹേതുവായി മാറാൻ കഴിയൂ എന്ന് അത് സിദ്ധാന്തിക്കുന്നു. അതുകൊണ്ടുതന്നെ, വ്യക്തിയുടെ സംസ്ക്കരണത്തിലാണ് ഇസ്ലാം പ്രാഥമികമായി ഊന്നൽ നൽകുന്നത്. വ്യക്തിയാണ് കുടുംബത്തിൻെറയും സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയുമെല്ലാം അടിസ്ഥാനയൂണിറ്റെന്നതിനാൽ അവനിലുണ്ടാകുന്ന മാറ്റം കുടുംബത്തിൻെറയും സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയുമെല്ലാം സംസ്ക്കരണത്തിന് നിദാനമാകുമെന്നാണ് ഇസ്ലാമിൻെ പക്ഷം. ജനം സോഷ്യലിസ്റ്റുകളാവാതെ രാഷ്ട്രം സോഷ്യലിസ്റ്റായതാണ് സോവിയറ്റ് യൂണിയന്റെ തകർച്ചക്കുള്ള കാരണമെന്ന ബുദ്ധിജീവികളിൽ ചിലരുടെ വിലയിരുത്തൽ ഇവ്വിഷയകമായി ഇസ്ലാമിനുള്ള അംഗീകാരമാണെന്നതിൽ സംശയമില്ല.

അചഞ്ചലമായ ദൈവവിശ്വാസവും ദൈവത്തിന് മുന്നിൽ മാത്രമെ തലകുനിക്കാൻ പാടുള്ളൂവെന്ന ബോധവും പ്രവാചകവചനങ്ങൾ അനുസരിക്കുന്നതാണ് മോചനത്തിനുള്ള മാർഗ്ഗമെന്ന ചിന്തയും ഇഹലോകം നശ്വരമാണെന്നും അനശ്വരമായ പരലോകത്തിലെ ശാന്തിക്കുവേണ്ടി പ്രവർത്തിക്കുകയാണ് ഇഹലോകജീവിതത്തിൻെറ പരമമായ ലക്ഷ്യമെന്നുമുള്ള വിശ്വാസവും വ്യക്തിയിൽ ശക്തമായ സ്വാധീനങ്ങളാണുണ്ടാക്കുക. രഹസ്യവും പരസ്യവുമറിയാവുന്ന സർവ്വശക്തനെക്കുറിച്ച ബോധവും ഇവിടെനിന്നുള്ള നന്മ തിന്മകൾക്ക് പരലോകത്ത് പ്രതിഫലം ലഭിക്കുമെന്ന ചിന്തയും തെറ്റുകൾ ചെയ്യുന്നതിൽനിന്ന് മനുഷ്യരെ പിന്തിരിപ്പിക്കുന്നു. അഥവാ മനുഷ്യസഹജമായ ചാപല്യങ്ങൾക്കടിമപ്പെട്ട് തെറ്റുകളിലേർപ്പെട്ട് പോയാൽ തന്നെ സർവ്വശക്തനുമുന്നിൽ പൊട്ടിക്കരഞ്ഞ് പശ്ചാത്തപിക്കുന്ന അവസ്ഥ സംജാതമാകുന്നു. നന്മയെയും തിന്മയെയും വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കാൻ നിയോഗിക്കപ്പെട്ട പ്രവാചകനെ നിരുപാധികം അനുസരിക്കുന്നതിലൂടെ അർപ്പണബോധവും ആത്മാർത്ഥതയും വർദ്ധിക്കുന്നു. ഇതാണ് പ്രവാചകന്റെ അനുയായിവൃന്ദത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ഏകദൈവാരാധനയും പരലോകചിന്തയും അന്തിമപ്രവാചകനോടുള്ള അനുസരണമനോഭാവവും വ്യക്തികളെ എത്രത്തോളം ഉന്നതരാക്കി എന്നതിനുള്ള ഉദാഹരണങ്ങൾ!

അവിടെ നമുക്ക് അബൂബക്കറി(റ)നെയും ഉമറി(റ)നെയും ഉസ്

മാ(റ)നെയും കാണാൻ കഴിയുന്നു. സമൂഹത്തിൻെറ ആവശ്യത്തിനുവേണ്ടി തങ്ങൾക്കുണ്ടായിരുന്ന സമ്പത്ത് നിർലോഭം ചെലവഴിക്കാൻ തയ്യാറായ മഹത്വ്യക്തിത്വങ്ങൾ.

യാസിറും അമ്മാറും ബിലാലും (റ) അവിടെയുണ്ട്. മർദ്ദനങ്ങളുടെ തീച്ചൂളയിലും വിശ്വാസം കൈവിടാത്ത മഹത്തുക്കൾ.

മാഇസ്ബ്നു മാലിക്ക് അസ്‌ലമിയും ഗാമിദിയ ഗോത്രക്കാരിയുമുണ്ടവിടെ. തങ്ങൾ ചെയ്ത തെറ്റ് സ്വയം ഏറ്റ് പറഞ്ഞ് ശിക്ഷയേറ്റുവാങ്ങി പശ്ചാത്താപചരിത്രത്തിലെ അപൂർവ്വപ്രതിഭാസങ്ങളായി മാറിയ വ്യക്തികൾ.

അനസുബ്നു നള്റും ഉമൈറുബ്നു ഹമാമും അംറുബിൻ ജുമൂഹും (റ). പ്രവാചകൻെറ അനുയായി വൃന്ദത്തിലെ അർപ്പണബോധത്തിൻെറ ഉദാഹരണങ്ങൾ. സ്വർഗ്ഗത്തിൻെറ പരിമളം അനുഭവിച്ചുകൊണ്ട് യുദ്ധഭൂമിയിലേക്ക് എടുത്തുചാടി വീരമൃത്യുപ്രാപിച്ച മഹാത്മാക്കൾ.

അബൂദുജാന(റ). അനുയായികളിലെ പ്രവാചക സ്നേഹത്തിൻെറ പ്രതിനിധി. ഉഹ്ദിൽവെച്ച് പ്രവാചകൻ (സ) അപകടത്തിലകപ്പെട്ടപ്പോൾ സ്വന്തം പുറം ഒരു കവചമായി വെച്ചുകൊടുത്ത് തൻെറ മാംസത്തിലൂടെ അസ്ത്രങ്ങളെ തുളച്ചുകയറാനനുവദിച്ച മഹാൻ.

ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ! ഏകദൈവവിശ്വാസവും പരലോകവിശ്വാസവും പ്രവാചകനോടുള്ള അനുസരണയും വ്യക്തികളെ എത്രത്തോളം ഉന്നതരാക്കിയെന്ന് ഇവ മനസ്സിലാക്കിത്തരുന്നു. അവരെയത് ധൈര്യശാലികളും അർപ്പണബോധമുള്ളവരുമാക്കി മാറ്റി. ദൈവത്തിന് മുന്നിൽ മാത്രം തല കുനിക്കുന്ന അവസ്ഥ അവരെ ആത്മാഭിമാനമുള്ളവരാക്കി മാറ്റി. ഭൗതികാലങ്കാരങ്ങളുടെ വർണ്ണപ്പൊലിമ അവരിലൊരു മതിപ്പും ഉളവാക്കിയില്ല. ആരുടെ മുമ്പിലും തലകുനിക്കാനവർ തയ്യാറായിരുന്നില്ല. നജ്ജാശിയുടെ കൊട്ടാരത്തിലെത്തിയ മുസ്‌ലിംകളോട് ചക്രവർത്തിക്ക് മുന്നിൽ മുട്ടുകുത്താനാവശ്യപ്പെട്ട പുരോഹിതരോട് ഹസ്രത്ത് ജഅ്ഫർ പറഞ്ഞ പദങ്ങൾ ശ്രദ്ധേയമാണ്. 'ഞങ്ങൾ മുസ്‌ലിംകൾ, അല്ലാഹുവിൻെറ മുന്നിലല്ലാതെ മറ്റാരുടെ മുന്നിലും മുട്ടുകുത്താറില്ല'.

വ്യക്തിയുടെ സംസ്ക്കരണം, കുടുംബത്തിൻെറ കെട്ടുറപ്പിനും പുരോഗമനത്തിനും കാരണമാകുന്നു. വിവാഹമാകുന്നു ഇസ്‌ലാമിക



കുടുംബബന്ധത്തിൻെറ അടിത്തറ. വിവാഹേതരമായ യാതൊരു വിധ ലൈംഗികബന്ധങ്ങളും ഇസ്‌ലാം അംഗീകരിക്കുന്നില്ല. വിവാഹബന്ധത്തിന് സൗന്ദര്യത്തേക്കാളും സമ്പത്തിനേക്കാളും തറവാടിത്തത്തേക്കാളുമെല്ലാം പരിഗണിക്കപ്പെടേണ്ടത് സദാചാരബോധമാണെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. സദാചാരബോധമുള്ള ഇണകൾക്ക് മാത്രമെ കെട്ടുറപ്പുള്ള ഒരു കുടുംബത്തിന് ജന്മം നൽകാൻ കഴിയൂവെന്നാണ് ഇസ്‌ലാമിന്റെ പക്ഷം. സന്തോഷത്തിലും സമാധാനത്തിലുമധിഷ്ഠിതമായ കുടുംബബന്ധത്തിന് സദാചാരബോധം അനിവാര്യമാണെന്ന വസ്തുത ഇന്നെല്ലാവരും സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. പാശ്ചാത്യൻ സംസ്ക്കാരം സംഭാവന ചെയ്ത സദാചാരരഹിതമായ ലൈംഗികബന്ധങ്ങൾ ഇന്ന് ആ സമൂഹത്തിൻെറ നാശത്തിലാണ് എത്തിച്ചിരിക്കുന്നത്. വൻനഗരങ്ങളിൽ ഇന്ന് പിറന്ന് വീഴുന്ന കുഞ്ഞുങ്ങളിൽ പകുതിയിലധികവും ജാര സന്തതികളാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുടുംബവ്യവസ്ഥ മരണശയ്യയിൽ കിടക്കുകയാണവിടെ[1] കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ അവസ്ഥയും തെല്ലും ഭേദമല്ല. കുടുംബവും സദാചാരവുമെല്ലാം ബൂർഷ്വാമുൻവിധികളാണന്നാണ് 'മാനിഫെസ്റ്റോ'യുടെ ജൽപനം. അതിന്മേൽ സ്ഥാപിക്കപ്പെട്ട രാഷ്ട്രത്തിൽ സദാചാരബോധം എത്രത്തോളം നിലനിൽക്കുമെന്ന് നമുക്ക് ചിന്തിച്ചാൽ മതി. വിവാഹേതര ബന്ധങ്ങളിൽ ഏർപ്പെടുന്നവരാണ് സോവിയറ്റ് യൂണിയനിലെ യുവാക്കളിലധികവുമെന്നും അതിനാൽതന്നെ അവിടെ കുടുംബം തകർന്നുകൊണ്ടിരിക്കുകയാണെന്നും ഗ്ലാസ്നോസ്റ്റിന് മുമ്പുതന്നെ ലോകത്തിന് അറിവായിരുന്നു. കുടുംബത്തിൻെറ ആദരണീയത അതിൻെറ സമ്പൂർണ്ണമായ അർത്ഥത്തിൽ നിലനിൽക്കുന്നത് ഇസ്‌ലാമിക ലോകത്ത് മാത്രമാണെന്ന് സാരം. അതിനുള്ള കാരണം ഇസ്‌ലാമിൻെറ ഖണ്ഡിതമായ സദാചാരനിയമങ്ങളത്രെ.

സ്ത്രീയുടെ പിതാവ് പുരുഷന് തൻെറ മകളെ ഏൽപ്പിച്ചുകൊടുക്കുകയും പുരുഷൻ അത് ഏറ്റെടുക്കുകയും ചെയ്യുന്ന ചടങ്ങാണ് ഇസ്‌ലാമിലെ വിവാഹം. വിവാഹാവസരത്തിൽ പുരുഷൻ സ്ത്രീക്ക് വിവാഹമൂല്യം (മഹ്റ്) നൽകേണ്ടതുണ്ടെന്ന് ഇസ്‌ലാം കൽപ്പിക്കുന്നു. സ്ത്രീയുടെ പിതാവ് പുരുഷന് ധനമോ മറ്റോ നൽകുന്ന നാട്ടുനടപ്പായ സ്ത്രീധനസമ്പ്രദായവുമായി ഇസ്‌ലാമിന് ഒരു ബന്ധവു

1. Willian F Kenkel: The family in perpective chapter 5

മില്ല. സ്ത്രീധനസമ്പ്രദായം അനിസ്ലാമികമത്രെ. വിവാഹത്തോട് കൂടി നിലവിൽവരുന്ന കുടുംബബന്ധത്തെ പരിപാവനവും പരിശുദ്ധവുമായ ദൈവികദൃഷ്ടാന്തമായിട്ടാണ് ഖുർആൻ[1] പരിചയപ്പെടുത്തുന്നത്. ആ ബന്ധം സുദൃഢമായി നിലനിർത്തണമെന്ന് പ്രവാചകൻ വിശ്വാസികളോട് അടിക്കടി ആഹ്വാനം ചെയ്യുന്നുണ്ട്. പക്ഷേ, ഒരു കാരണവശാലും വിവാഹബന്ധം വേർപ്പെടുത്താൻ പാടില്ലെന്ന അപ്രായോഗികമായ നിയമം ഇസ്ലാമിലില്ല. വളരെ അനിവാര്യമായ അവസ്ഥയിൽ വിവാഹമോചനമാകാൻ ഇസ്ലാം അനുവദിക്കുന്നുണ്ട്. കൂടെ ജീവിക്കുവാൻ ഇണകൾക്ക് തീരെ സാധ്യമല്ലാത്ത അവസ്ഥയിലും പരസ്പരം യോജിപ്പിക്കുവാനായുള്ള മാർഗങ്ങളെല്ലം അടഞ്ഞതിന് ശേഷവും മാത്രമെ വിവാഹ മോചനമാകാവൂയെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നു.

കുടുംബജീവിതത്തിൽ, സ്ത്രീക്കും പുരുഷനും വ്യത്യസ്തങ്ങളും എന്നാൽ പരസ്പര പൂരകവുമായ കടമകളാണ് ഇസ്ലാം കൽപിച്ചുകൊടുക്കുന്നത്. ഗൃഹപരിപാലനവും സന്താനസംരക്ഷണവും സ്ത്രീയുടെ ചുമതലയും, ഗൃഹസംരക്ഷണവും ജീവിതായോധനവും പുരുഷൻെറ കടമയുമായിട്ടാണ് ഇസ്ലാം കാണുന്നത്. സ്ത്രീയിലെ മാതൃത്വത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഇസ്ലാം അവളെ പോറ്റേണ്ട പൂർണ്ണമായ ഉത്തരവാദിത്തം പുരുഷനിലാണ് ഭരമേൽപ്പിച്ചിരിക്കുന്നത്. സ്ത്രീക്കും പുരുഷനും ബാധ്യതകളും അവകാശങ്ങളുമുണ്ടെന്നാണ്[2] ഇസ്ലാമിൻെറ പക്ഷം. ഇതിൽ ഓരോരുത്തരും അവനവൻെറ ബാധ്യതകൾ നിർവഹിക്കുവാനും അപരൻെറ അവകാശങ്ങൾ അനുവദിച്ചുകൊടുക്കാനും തയ്യാറാവണം. അപ്പോൾമാത്രമാണ് ശക്തമായ കുടുംബബന്ധം നിലനിൽക്കുക.

ഇസ്ലാം സദാചാരത്തിന് നൽകുന്ന പ്രാധാന്യം വളരെ വലുതാണ്. വിവാഹേതര ബന്ധങ്ങളെ അത് ഇസ്ലാം ശക്തമായിത്തന്നെ വെറുക്കുന്നു. മനുഷ്യരെ അത്തരം മ്ലേഛതകൾക്ക് പ്രേരിപ്പിക്കുന്ന എല്ലാവിധ സാഹചര്യങ്ങളും ഉന്മൂലനം ചെയ്യപ്പെടണമെന്നാണതിൻെറ കാഴ്ചപ്പാട്. സ്ത്രീകൾ തങ്ങളുടെ സൗന്ദര്യം പ്രദർശനവസ്തുവാക്കരുതെന്ന് ഇസ്ലാം നിർദ്ദേശിച്ചിരിക്കുന്നത് അതുകൊണ്ടാണ്. മുഖവും മുൻകൈയ്യുമൊഴിച്ച ഭാഗങ്ങളൊന്നും അന്യ പുരു

1. ഖുർആൻ 30:21
2. ഖുർആൻ 2:228



ഷന്മാർക്ക് മുന്നിൽ പ്രദർശിപ്പിക്കരുതെന്ന് അത് അവളോട് നിഷ്കർഷിക്കുന്നു.[1] അശ്ലീല പ്രസിദ്ധീകരണങ്ങളും പോസ്റ്ററുകളും ചലച്ചിത്രങ്ങളും പെണ്ണിനെ വിറ്റ് കാശാക്കുന്ന മാധ്യമങ്ങളുമാണ് യുവാക്കളുടെ ധാർമ്മികച്യുതിക്ക് കാരണമെന്ന് സാമൂഹികശാസ്ത്രജ്ഞന്മാർ മുഴുവൻ വിധിയെഴുതിയിരിക്കുന്ന ഇന്ന് ഇസ്ലാമിൻെറ ഈ നിർദ്ദേശത്തിൻെറ പ്രസക്തി കൂടുതൽ വ്യക്തമാവുകയാണ് ചെയ്യുന്നത്. സ്ത്രീ അന്തഃപുരത്തിൻെറ മതിൽക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയണമെന്ന്, പക്ഷെ, ഇസ്ലാം പഠിപ്പിക്കുന്നില്ല. പർദ്ദ പെണ്ണിനെ സമൂഹത്തിൽനിന്നും ഒറ്റപ്പെടുത്തുകയാണെന്ന വാദം ശുദ്ധഭോഷ്ക്കാണ്. ഇസ്ലാം അംഗീകരിച്ച വസ്ത്രധാരണരീതി സ്വീകരിച്ചുകൊണ്ടുതന്നെ സാമൂഹികസേവനത്തിൻെറ വ്യതസ്തങ്ങളായ മണ്ഡലങ്ങളിൽ അവൾക്ക് പ്രശോഭിക്കാൻ കഴിയുമെന്നതിന് കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകാലത്തിനിടക്ക് ഒട്ടനവധി ഉദാഹരണങ്ങളെ സൃഷ്ടിക്കാൻ ഇസ്ലാമിന് കഴിഞ്ഞിട്ടുണ്ട്. പ്രവാചകൻെറ അനുയായികളിൽ പെട്ട തരുണികൾ തന്നെയാണ് ഒന്നാമത്തെ ഉദാഹരണം. ആയിശയും അസ്മാഉം ഫാത്തിമയു(റ)മെല്ലാം ആ സമൂഹത്തിലെ അംഗങ്ങളായിരുന്നു. അവരിൽ പണ്ഡിതകളും ഉപദേശികമാരും മുതൽ യുദ്ധരംഗത്തിറങ്ങിയവർ വരെയുണ്ടായിരുന്നു. ഇന്നും ഇസ്ലാമിൻെറ വസ്ത്രധാരണരീതി സ്വീകരിച്ച് ശാസ്ത്രസാമൂഹികരംഗങ്ങളിൽ സജീവമായി പങ്കെടുത്ത് കൊണ്ടിരിക്കുന്ന ഒട്ടനവധി വനിതകൾ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്നുണ്ട്.

ഇസ്ലാം സ്ത്രീകൾക്ക് നാണവും മാനവും നൽകി. പുരുഷനെപ്പോലെ തന്നെ ജീവിക്കുവാനവകാശമുള്ളവളാണ് സ്ത്രീയെന്ന് പ്രഖ്യാപിച്ചതും അവൾക്ക് ബാധ്യതകൾ മാത്രമല്ല അവകാശങ്ങളുമുണ്ടെന്ന് അംഗീകരിച്ചതും ഇസ്ലാമാണ്. പിതാവിൻെറ സ്വത്തിൽ സ്ത്രീയും അവകാശിയാണെന്ന് ഇസ്ലാം പറഞ്ഞു. ബൗദ്ധികമായി വികസിക്കുവാനും വൈജ്ഞാനിക രംഗത്ത് കടന്നുവരാനും സ്ത്രീക്ക് ഇസ്ലാം അവകാശം നൽകി. അവളുടെ ചപലത അംഗീകരിച്ചുകൊണ്ട് അവൾ സംരക്ഷിക്കപ്പെടേണ്ടവളാണെന്ന് ഇസ്ലാം പറഞ്ഞു. മാതൃത്വത്തെ മഹത്തായി അംഗീകരിച്ചു. 'മാതാവിൻെറ പാദത്തിനടിയിലാണ് സ്വർഗ്ഗ'മെന്നാണ് പ്രവാചകൻ പഠിപ്പിച്ചത്. അവളുടെ സൗന്ദര്യം വിൽപ്പനച്ചരക്കല്ലെന്നും അത് മറച്ചുകൊണ്ട് ജീവി

1 ഖുർആൻ 33

ക്കുകയാണ് വേണ്ടതെന്നും അവകാശപ്പെട്ടവന് മാത്രം നൽകാനുള്ള കനിയാണതെന്നും ഇസ്‌ലാം നിഷ്കർഷിച്ചു. അവളെ അഭിമാനവും ആദരവുമുള്ളവളാക്കി, ഇസ്‌ലാം.

മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലും വ്യക്തമായ നിയമങ്ങളാവിഷ്ക്കരിച്ചിട്ടുണ്ട് ഇസ്‌ലാം. കുട്ടിയെ സന്മാർഗ്ഗനിഷ്ഠയുള്ളവനും സദാചാര ബോധമുള്ളവനും ആരോഗ്യവാനുമായി വളർത്തേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്. വാർദ്ധക്യാവസ്ഥയിൽ മാതാപിതാക്കളോട് കാരുണ്യം കാണിക്കുകയും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്യേണ്ട ചുമതല മക്കൾക്കാണുള്ളത്.

ഇസ്‌ലാം, ശക്തമായ സാമൂഹിക നിയമങ്ങളാവിഷ്ക്കുന്നുണ്ട്. ഈ നിയമങ്ങൾ ഇസ്‌ലാമിൻെറ അടിസ്ഥാനാദർശനമായ തൗഹീദിൻെറ പ്രതിഫലനങ്ങളാകുന്നു. പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്ന മഹാശക്തിയുടെ സൃഷ്ടികളിലൊരുവൻ മാത്രമാണ് താനെന്ന ബോധമാണ് ഈ നിയമങ്ങളനുസരിക്കുന്നതിലേക്ക് മനുഷ്യനെ നയിക്കുന്നത്. ഒരൊറ്റ മാതാപിതാക്കളുടെ മക്കളാണ് മനുഷ്യരെല്ലാം എന്ന ബോധം സമൂഹത്തിനുവേണ്ടി വ്യക്തിയുടെ സ്വാർത്ഥതകളെ ബലികഴിക്കാനവന്ന് പ്രചോദനം നൽകുന്നു.

പ്രപഞ്ചത്തെയും മനുഷ്യനെയും സംബന്ധിച്ച ഇസ്‌ലാമിക സങ്കൽപ്പങ്ങളിൽ നിന്ന് ശാസ്ത്രരംഗത്തെ ശരിയെയും തെറ്റിനെയും കുറിച്ച തത്വങ്ങൾ നിർദ്ധരിക്കപ്പെടുന്നു. മനുഷ്യൻ ഭൂമിയിലെ ഖലീഫയാണ്. സ്വതന്ത്രമായ കൈകാര്യകർത്തൃത്വമുള്ള ജീവി. അവന്ന് വളരാനും വികസിക്കാനും ദൈവികാനുഗ്രഹങ്ങളാസ്വദിക്കുവാനുമുള്ള മണ്ഡലമാണ് പ്രകൃതി. പക്ഷേ, ഈ പ്രപഞ്ചം മനുഷ്യൻെറ സ്വത്തല്ല. അത് അല്ലാഹുവിൻേറതാണ്. തൻെറ നാഥൻെറ സ്വത്ത് സംരക്ഷിക്കേണ്ട ചുമതലയുള്ളവനാണ് മനുഷ്യൻ. പ്രകൃതിയെക്കുറിച്ച് പഠിക്കാനും അത് സൃഷ്ടിപരമായി ഉപയോഗിക്കുവാനും ആസ്വദിക്കാനും മനുഷ്യന് അവകാശമുണ്ടെന്ന് പഠിപ്പിക്കുന്ന ഇസ്‌ലാം, പക്ഷേ, പ്രകൃതിയെ നശിപ്പിക്കുവാനോ സ്വാർത്ഥമായി ചൂഷണം ചെയ്ത് പരിസ്ഥിതി സംതുലനം തകരാറിലാക്കുവാനോ അനുവദിക്കുന്നില്ല. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും സമുദ്രത്തെയും കരയെയും പർവ്വതങ്ങളെയുമെല്ലാം മനുഷ്യൻെറ ആവശ്യത്തിനും ആനന്ദത്തിനും ചിന്തക്കുംവേണ്ടി ഉപയോഗിക്കാൻ അനുവദിക്കുന്ന ഇസ്‌ലാം അവയുടെ അമിതമായ ഉപഭോഗത്തെയും ദുർവിനിയോഗത്തെയും സഹജീവികളുടെ താൽപര്യങ്ങളെ ഹനിക്കുന്നതിനെയും കർശനമായി നിരോധിക്കുന്നുണ്ട്. ഇസ്‌ലാം ഗവേഷണങ്ങളെയും പരീക്ഷണങ്ങളെയും പ്രോത്സാഹിപ്പിക്കുന്നു. പക്ഷേ, അവ പ്രകൃതിയെ വികൃതമാക്കുന്നതിലേക്കോ ദുരുപയോഗപെടുത്തുന്നതിലേക്കോ നയിച്ചുകൂടെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.



ഭൂമിയിലെ അനുഗ്രഹങ്ങൾ മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ തേടി ഭൂമിയിൽ വ്യാപരിക്കാൻ ഖുർആൻ മനുഷ്യരോടാവശ്യപ്പെടുന്നു[1]. പ്രകൃതിവിഭവങ്ങളെ ഉപയോഗിക്കാനും ദൈവികാനുഗഹങ്ങളെ തേടാനുമുള്ള അവകാശം എല്ലാ മനുഷ്യരുടേതുമാണ്. ഏതെങ്കിലും ഒരു വിഭാഗത്തിനുമാത്രം പ്രപഞ്ചത്തിലെ വസ്തുക്കളെ ആസ്വദിക്കുവാനുള്ള അവകാശം ഇസ്‌ലാം നൽകുന്നില്ല. പ്രകൃതിയെ ഉപയോഗിക്കാനുള്ള ഓരോ മനുഷ്യരുടെയും അവകാശത്തെ നിഷേധിക്കാനുള്ള അധികാരവും ആർക്കുമില്ല. അധ്വാനിക്കാനും ധനം സമ്പദിക്കാനുമുള്ള അവകാശം എല്ലാവർക്കും തുല്യമാണ്. സമ്പാദിക്കാനുള്ള അവകാശം മറ്റ് വ്യക്തികളെയോ സമൂഹത്തെയോ ചൂഷണം ചെയ്യാനുള്ള അധികാരം നൽകുന്നില്ല. അതുപോലെതന്നെ, പ്രകൃതിവിഭവങ്ങളെ ഉപയോഗിച്ച് ഉൽപ്പാദനം നടത്തുമ്പോൾ ഇവ ദൈവത്തിൻെറ ദാനമാണെന്നും തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിലെല്ലാം ചൂഷണം ചെയ്യാമെന്ന വിചാരം തെറ്റാണെന്നുമുള്ള ബോധം മനുഷ്യനുണ്ടാവണം. അതില്ലാത്തതുകൊണ്ടാണ് 'പുരോഗതി'യുടെ ലഹരിയുമായി വ്യവസായവൽക്കരണത്തിലേർപ്പെട്ടിരിക്കുന്നവർ വ്യവസായികാവശിഷ്ടങ്ങൾ പുറത്തുതള്ളാൻ ഏറ്റവും ലാഭകരമായ രീതി സ്വീകരിക്കുന്നതും അതിനാൽ സസ്യങ്ങളുടെയും ജന്തുക്കളുടെയും മനുഷ്യൻെറതന്നെയും നിലനിൽപ്പിനെ മാരകമായി ബാധിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളുണ്ടാവുന്നതും.

പരമാവധി ഉൽപ്പാദിപ്പിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. ഉൽപ്പാദിപ്പിക്കാനും സമ്പാദിക്കാനുമുള്ള അവകാശം വ്യക്തിക്കുണ്ട്. ധാർമ്മിക നിയമങ്ങൾ പാലിച്ചുകൊണ്ട് വ്യക്തി നടത്തുന്ന സമ്പാദ്യം അവൻേറതു തന്നെയാണ്. രാഷ്ട്രത്തിൻെറയോ സമൂ

1. ഖുർആൻ 62:10

ഹത്തിൻേറതോ അല്ല. പക്ഷേ, ഈ സമ്പാദ്യത്തിൽനിന്ന് രാഷ്ട്രത്തിൻെറയും സമൂഹത്തിൻെറയും ആവശ്യത്തിനുവേണ്ടി ചെലവഴിക്കാൻ അവൻ തയ്യാറാവണം. അത് വ്യക്തിയുടെ ബാധ്യതയാണ്. താൻ സമ്പാദിക്കുന്നതൊന്നും തനിക്കുള്ളതല്ലെന്ന ബോധമാണ് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലെ ഉൽപ്പാദനത്തോത് കുറയാനുണ്ടായ കാരണം. തൻെറ സമ്പാദ്യത്തെ തനിക്ക് ഇഷ്ടമുള്ളത് പോലെ ചെലവഴിക്കാമെന്ന വിചാരമാണ് മുതലാളിത്തലോകത്തിൻെറ പാളിച്ച. ഈ രണ്ട് ആത്യന്തികതകളെയും നിഷേധിക്കുന്ന ഇസ്ലാം സമ്പാദിക്കുവാനുള്ള വ്യക്തിയുടെ അവകാശം അംഗീകരിച്ചുകൊടുക്കുകയും അതിൽനിന്ന് ചെലവഴിക്കേണ്ടത് അവൻെറ ബാധ്യതയാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

കച്ചവടം ഇസ്ലാം അനുവദിക്കുന്നു. പലിശ നിരോധിക്കുകയും ചെയുന്നു. ലാഭം അംഗീകരിക്കുകയും പൂഴ്ത്തിവെപ്പും കൊള്ളലാഭവും നിരോധിക്കുകയും ചെയ്യുന്നു. കച്ചവടത്തിൽ കൃത്രിമങ്ങളുണ്ടാവാൻ പാടില്ലെന്നാണ് ഇസ്ലാമിൻെറ കൽപ്പന.

ഉൽപ്പാദനരംഗം ചൂഷണമുക്തമാവണം. അത് എല്ലാവർക്കു മുന്നിലും തുറന്നിടണം. ഉൽപന്നത്തിൻെറ ന്യൂനതകൾ മറച്ചുവെച്ച് അതിന്ന് മാർക്കറ്റുണ്ടാക്കുന്നത് ഇസ്ലാമികവിരുദ്ധമാണ്. അലസമായ ജീവിതം ഇസ്ലാം നിരുൽസാഹപ്പെടുത്തുന്നു. അനന്തരസ്വത്ത് ധൂർത്തടിച്ച് ജീവിക്കുന്നവർ കൊള്ളരുതാത്തവരാണ്. ഇസ്ലാമിലെ 'സക്കാത്ത്' വ്യവസ്ഥ ഇത്തരമാളുകളുടെ അലസത അകറ്റുന്നു. എത്ര വലിയ സമ്പത്തായിരുന്നാലും വർഷംതോറും രണ്ടര ശതമാനം ചെലവഴിക്കുകയാണെങ്കിൽ നാൽപ്പത് വർഷത്തിനുള്ളിൽ ആസമ്പത്ത് തീർന്നുപോകുമെന്ന ചിന്ത അലസത അകറ്റുകയും സമ്പത്തിനെ ഉൽപ്പദനരംഗത്തിറക്കാൻ പ്രേരിതനാക്കുകയും ചെയ്യുന്നു.

ശാരീരികമോ മറ്റോ ആയ കഴിവുകേടുകളാൽ സാമ്പത്തികരംഗത്ത് വിഷമമനുഭവിക്കുന്ന വ്യക്തികളെ സംരക്ഷിക്കേണ്ട ബാധ്യത സമൂഹത്തിനാണുള്ളത്. അതിന്നായാണ് ഇസ്ലാം സക്കാത്ത് വ്യവസ്ഥ നടപ്പിലാക്കിയിരിക്കുന്നത്. മുതലാളി തൻെറ സമ്പത്തിൻെറ രണ്ടര ശതമാനം നിർബന്ധമായി ചെലവഴിക്കണമെന്നാണ് ഇസ്ലാമിൻെറ ശാസന. സക്കാത്ത് ധനികൻെറ ഔദാര്യമല്ല; പ്രത്യുത ദരിദ്രൻെറ അവകാശമത്രെ. മുതലാളി പാവപ്പെട്ടവന് കൊടുക്കുന്ന നാണയത്തുട്ടുകളല്ല സക്കാത്ത്. സമ്പന്നൻെറ അടുത്തുനിന്ന് രാഷ്ട്രമോ സമൂഹം ഉത്തരവാദപ്പെടുത്തിയ മറ്റ് സ്ഥാപനങ്ങളോ പിരിച്ചെടുക്കുകയും അർഹതപ്പെട്ടവർക്ക് വിതരണം നടത്തുകയും ചെയ്യുകയാണ് സക്കാത്തിൻെറ രൂപം. സക്കാത്ത് ദൈവികമായ ശാസനകളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വിതരണം ചെയ്യാൻ സമൂഹം തയ്യാറായാൽ ലോകത്തുനിന്ന് ദാരിദ്ര്യമെന്ന പ്രശ്നം ഏതാണ്ട് പൂർണ്ണമായിത്തന്നെ പരിഹരിക്കാൻ കഴിയും. ഇസ്ലാമിക സമൂഹത്തിൽ സക്കാത്ത് വാങ്ങാൻ ആരുമില്ലാതിരുന്ന അവസ്ഥയുണ്ടായിട്ട് അടുത്ത പ്രദേശങ്ങളിലേക്ക് അവ വിതരണം ചെയ്ത സംഭവം ചരിത്രത്തിലുണ്ടായിട്ടുണ്ട്.



സക്കാത്ത് നിർബന്ധദാനമാണ്. സമ്പത്തിൻെറ ശുദ്ധീകരണമായാണ് ഇസ്ലാം അതിനെ പരിചയപ്പെടുന്നത്. ഇത് കൂടാതതന്നെ, ദരിദ്രരെ സഹായിക്കേണ്ടത് ധനികൻെറ ബാധ്യതയായാണ് ഇസ്ലാം കാണുന്നത്. അതിന്നായി ധർമ്മം നൽകാൻ പ്രവാചകൻ ആജ്ഞാപിച്ചിട്ടുണ്ട്. ഇത്തരം ഐഛികദാനങ്ങളാണ് ഇസ്ലാമിൻെറ സാങ്കേതികഭാഷിൽ 'സദഖ'യെന്നറിയപ്പെടുന്നത്.

ഉൽപ്പാദനവും വ്യവസായവും കൃഷിയുമെല്ലാമുണ്ടാകുമ്പോൾ മുതലാളിയും തൊഴിലാളിയുമുണ്ടാവുക സ്വാഭാവികമാണ്. ഈ സ്വാഭാവികതയെ ഇസ്ലാം അംഗീകരിക്കുന്നുണ്ട്. പക്ഷേ, തൊഴിലാളി മുതലാളിബന്ധം സംഘട്ടനത്തിൻേറതാവണമെന്ന് അത് പഠിപ്പിക്കുന്നില്ല. തൊഴിലെടുക്കുന്നതിൻെറ മാഹാത്മ്യം പ്രവാചകൻ ഊന്നിപ്പറഞ്ഞിട്ടുണ്ട്. 'തൊഴിലാളിയുടെ കൈകൾകൊണ്ടുള്ള സമ്പാദ്യമാണ് ഏറ്റവും നല്ല വിഭവ'മെന്ന് അദ്ദേഹം പഠിപ്പിച്ചത്. 'അല്ലാഹു തൻെറ തൊഴിലാളിയായ ദാസനെ ഇഷ്ടപ്പെടുന്നു. തൻെറ കുടുംബത്തിനുവേണ്ടി ജോലിയെടുത്ത് ക്ഷീണിച്ചവൻ പ്രതാപവാനും മഹാനുമായ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പടപൊരുതുന്നവനെപ്പോലെയാകുന്നു'. '[2]തൊഴിലാളിക്ക് അർഹമായ കൂലി നൽകണമെന്നാണ് ഇസ്ലാമിൻെറ ശാസന. ജോലി തുടങ്ങുന്നതിന് മുമ്പുതന്നെ കൂലിയെപ്പറ്റി തൊഴിലാളിയും മുതലാളിയും തമ്മിൽ ഒരു ധാരണയിലെത്തണമെന്നും പ്രസ്തുത ശമ്പളം തൊഴിലാളിയുടെ വിയർപ്പുവറ്റുന്നതിന് മുമ്പുതന്നെ കൊടുക്കണമെന്നുമാണ് അത് പഠിപ്പിക്കുന്നത്.

1.2, അഹ്മദ്

'തൊഴിലാളിയെക്കൊണ്ട് വേല ചെയ്യിച്ച് വേതനം നൽകാത്തവൻ അന്ത്യനാളിൽ അല്ലാഹുവിൻെറ ശത്രുവായിരിക്കു'[1] മെന്ന് പഠിപ്പിച്ച ഇസ്‌ലാം തൊഴിലാളികളെ ചൂഷണം ചെയ്ത് സമ്പാദിക്കാനുള്ള മുതലാളിയുടെ അഭിവാഞ്ഛക്ക് കടിഞ്ഞാണിടുകയാണ് ചെയ്തത്. അതേപോലെതന്നെ, തൊഴിലാളിക്ക് താനെടുക്കുന്ന ജോലിയിൽ ആത്മാർത്ഥതയുണ്ടാവണമെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു.

ഇസ്‌ലാമികമായ വിധിവിലക്കുകൾ പാലിച്ച് രാഷ്ട്രീയപ്രവർത്തനം നടത്തുന്നത് മുസ്‌ലിമിന് നിഷിദ്ധമല്ല. ദൈവത്തിലും പരലോകത്തിലുമുള്ള വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ പ്രവാചകമാതൃകയിൽനിന്ന് വ്യതിചലിക്കാതെയായിരിക്കണം രാഷ്ട്രീയപ്രവർത്തനമെന്ന് മാത്രം. രാഷ്ട്രീയത്തിൽ മത-ധാർമ്മിക മൂല്യങ്ങൾക്ക് യാതൊരു വിലയുമില്ലെന്ന സെക്കുലർ വീക്ഷണം ഇസ്‌ലാമിന് പരിചയമില്ല. ഇസ്‌ലാമികമോ ഇസ്‌ലാമികേതരമോ ആയ രാഷ്ട്രങ്ങളിൽ രാഷ്ട്രീയപ്രവർത്തനങ്ങളിൽ പങ്കാളിയാവുന്ന വ്യക്തി, മതധാർമ്മിക മൂല്യങ്ങളിൽനിന്ന് വ്യതിചലിക്കാൻ പാടില്ല. അഴിമതിയും സ്വജനപക്ഷപാതവും വഞ്ചനയും ചൂഷവുമൊന്നും രാഷ്ട്രീയ പ്രവർത്തനത്തിൻെറ ഭാഗമായി മുസ്‌ലിം സ്വീകരിച്ചുകൂടാ.

ഒരു രാഷ്ട്രം ഇസ്‌ലാമികമാവുന്നത് അട്ടിമറിയിലൂടെയോ തീവ്രവാദ പ്രവർത്തനങ്ങളിലൂടെയോ അല്ല. പ്രത്യുത ഭരണീയരിലുണ്ടാവുന്ന മനഃപരിവർത്തനത്തിലൂടെയത്രെ. ഇസ്‌ലാമിക രാഷ്ട്രത്തിൽ ഭരണീയരും ഭരണാധികാരികളും അല്ലാഹുവിൻെറ പരമാധികാരത്തിലും പരലോകത്തിലും വിശ്വസിക്കുന്നവരാണ്. ഈ ഭൂമിയിൽ അനീതി ചെയ്താൽ അത് പരലോകത്ത് ചോദ്യം ചെയ്യപ്പെടുന്ന വിശ്വാസമാണ് രണ്ട് കൂട്ടരുടെയും ജീവിതത്തെ നിയന്ത്രിക്കുന്നത്. അത്തരമൊരു സമൂഹത്തിൽ തെറ്റുകൾ കടന്നുവരാനുള്ള സാധ്യത നന്നേ വിരളമാണ്. തെറ്റുകൾക്കുള്ള എല്ലാ പഴുതുകളും അടച്ചുപൂട്ടിയതിനുശേഷവും തെറ്റുകളിലേർപ്പെടുന്നവർക്ക് കഠിനമായ ശിക്ഷതന്നെ നൽകാനാണ് ഇസ്‌ലാമിൻെറ വിധി. ഭരണാധികാരി ദൈവികകൽപ്പനകൾ ഉല്ലംഘിക്കാത്തിടത്തോളം കാലംമാത്രമെ അദ്ദേഹത്തെ അനുസരിക്കേണ്ടതുള്ളൂ. പ്രവാചകൻ പറഞ്ഞു. 'നന്മയിൽ മാത്രമെ അനുസരണമുള്ളൂ. തെറ്റിൽ അനുസരണമില്ല'[1] ഭരിക്കുന്നവൻെറ അനീതികൾ മുഴുവൻ കയ്യുംകെട്ടി നോക്കി നിൽക്കണമെന്ന് അത് പഠിപ്പിക്കുന്നില്ല. തങ്ങൾക്ക് ശരിയല്ലെന്ന് തോന്നിയ ഭരണാധികാരികളുടെ ചെയ്തികളെ സാധാരണക്കാർ നേരിട്ട് തന്നെ ചോദ്യം ചെയ്ത എത്രയോ സംഭവങ്ങൾ ഇസ്‌ലാമിക ചരിത്രത്തിലുണ്ട്. 'അക്രമിയായ ഭരണാധികാരിയുടെ മുന്നിൽ സത്യം തുറന്ന് പറയുന്നതാണ് ഏറ്റവും വലിയ ജിഹാദ്' എന്നായിരുന്നു ആ സമൂഹം പഠിപ്പിക്കപ്പെട്ടിരുന്നത്.

1, 2, ബുഖാരി



ഇതാണ് ഇസ്‌ലാം. സർവ്വശക്തനായ സ്രഷ്ടാവിനുള്ള സമ്പൂർണ്ണ സമർപ്പണം. വ്യക്തിയുടെ പരിവർത്തനത്തിലൂടെ സമൂഹത്തിൽ വിപ്ലവമുണ്ടാക്കുന്ന മഹത്തായ ദർശനം. അതിൻെറ ആചാരങ്ങൾ ലക്ഷ്യത്തിൻെറ പ്രയോഗിക മാർഗ്ഗമത്രെ. അഞ്ചുനേരത്തെ നമസ്ക്കാരം വ്യക്തിയെ തെറ്റുകളിൽനിന്ന് മുക്തമാക്കുന്നു. സക്കാത്ത് അവനെ വിനയാന്വിതനും അധ്വാനശീലനുമാക്കുന്നു. നോമ്പ് അവനിൽ ആത്മസമർപ്പണത്തിനുള്ള സന്നദ്ധത വളർത്തുന്നു. ഹജ്ജ്, അവനിൽ ദൈവിക മാർഗ്ഗത്തിൽ പ്രയത്നിക്കുവാനുള്ള ആവേശമുണ്ടാക്കുന്നു. ആ വ്യക്തി കുടുംബത്തിലെത്തുമ്പോൾ കുടുംബവും സമൂഹത്തിലെത്തുമ്പോൾ സമൂഹവും രാഷ്ട്രത്തിലെത്തുമ്പോൾ രാഷ്ട്രവും പരിവർത്തിതമാകുന്നു. പിശാചിൻെറ കരങ്ങളിൽ നിന്ന് അവ മുക്തമാവുന്നു. അവ വിമോചിതമാവുന്നു- അവ യഥാർത്ഥ മാനവികതയിലെത്തിച്ചേരുന്നു.

മാനവൻെറ മോചനത്തിൻെറ മാർഗ്ഗം ഒന്നേയുള്ളൂ, ഇസ്‌ലാം

1. ബുഖാരി, മസ്‌ലിം.

**കൂടുതലറിയാൻ:**


ഡയറക്ടർ
നിച്ച് ഓഫ് ട്രൂത്ത്
കലാഭവൻ റോഡ്
കൊച്ചിൻ - 682 018
ഫോൺ: 0484 - 3267810, 2352421
ഫാക്സ്: 0484 - 380746
Website: www.nicheoftruth.org
E-mail: islam@nicheoftruth.org